
അധികാരം ജനങ്ങളിലേയ്ക്ക്



കിഴുവിലം ഗ്രാമ പഞ്ചായത്ത്

സമഗ്രവികസനരേഖ



ഒമ്പതാം പദ്ധതി ജനകീയ പദ്ധതി



സമഗ്രവികസനരേഖ

കിഴുവിലം ഗ്രാമ പഞ്ചായത്ത്

1996 ഡിസംബർ 31



മാന്യരേ,


ഈ നാടിന്റെ വികസനത്തിന്റെ ചരിത്രത്തിൽ ഇന്നുവരെ ഉണ്ടായിട്ടുള്ളതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ഘട്ടത്തിലാണ് നാം പങ്കാളികളായിരിക്കുന്നത്. രാഷ്ട്രപിതാവ് വിഭാവനം ചെയ്ത ഈ മഹത്ത് പ്രസ്ഥാനത്തിന് പൂർണ്ണത ലഭിക്കുവാൻ സ്വാതന്ത്ര്യം ലഭിച്ച് അരനൂറ്റാണ്ട് കാത്തിരിക്കേണ്ടിവന്നു. ഗുണഭോക്താക്കൾ തന്നെ അവർക്ക് വേണ്ട വികസന പരിപാടികൾ ചിട്ടപ്പെടുത്തുന്ന ഈ വ്യത്യസ്തമായ പദ്ധതിയിൽ മുഴുകിയിരിക്കുകയാണ് നമ്മുടെ നാട്.

ഈ നാടിന്റെ ആസൂത്രണ പ്രസ്ഥാനം യാഥാർത്ഥ്യമാകുമ്പോൾ സമഗ്രവികസനമെന്ന നമ്മുടെ ലക്ഷ്യം കൈവരിക്കുകയും. വികസന പാതയിലൂടെ നാം ഏറെ മുന്നോട്ടു പോകുകയും ചെയ്യും. ഇതൊരു യാത്രയാണ് ; ഇതിന്റെ ആദ്യപടിയായ ഗ്രാമസഭയിൽ ഒട്ടേറെ വികസന സമസ്യകൾ നാം ചർച്ചചെയ്തുകഴിഞ്ഞു. വികസന സെമിനാറും വിവിധ പദ്ധതികൾ രൂപപ്പെടുത്തുകയുമാണ് അടുത്ത പടവ്. നാളുകൾക്കകം ഈ പദ്ധതിയുടെ ഗുണം ജനങ്ങളിലെത്തിതുടങ്ങുമെന്നാണ് നമ്മുടെ പ്രതീക്ഷ.


ഈ നന്മക്കായി സംസ്ഥാന സർക്കാരും, ആസൂത്രണബോർഡും സംയുക്തമായി നടപ്പിലാക്കുന്ന ഈ മഹായജ്ഞത്തിൽ പങ്കാളികളായിരിക്കുന്ന നിങ്ങളോരോരുത്തർക്കും അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുകയാണ്. ഈ വികസന പ്രക്രിയ പരിപൂർണ്ണതയിലെത്തിക്കുവാൻ പ്രയത്നിക്കുന്ന മുഴുവൻ റിസോഴ്സ് പേഴ്സൺമാരെയും, വിശിഷ്ട വ്യക്തികളെയും ഉദ്യോഗസ്ഥാനുദ്യോഗസ്ഥരെയും, രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക പ്രവർത്തകരെയും പഞ്ചായത്ത് ഭരണ സമിതിക്കുള്ള കൃതജ്ഞത അറിയിക്കട്ടെ,

സ്നേഹാദരങ്ങളോടെ,


ജി. വേണുഗോപാലൻ നായർ
പ്രസിഡന്റ്, കിഴുവിലം ഗ്രാമപഞ്ചായത്ത്


12
ആറ്റിങ്ങൽ മുനിസിപ്പാലിറ്റി
10
1
പുരവൂർ പാലം
വാമനപുരം നദി
2
ഇരട്ടക്കല്ലുങ്ക്
മാടൻ തറ
11
NH - 47
3
6
9
വലിയകട
രാങ്കവീഡി
ട്രിച്ചിനാ
പള്ളിമുക്ക്
തയ്ക്കാവ് റോഡ്
8
ചിറയിൻകീഴ്-കോരാണി റോഡ്
4
5
7
മാടൻ കൊവിൽ
അഴൂർപഞ്ചായത്ത്


പഞ്ചായത്ത് ഭരണ സമിതി




പി. അസീസ്
വൈസ്പ്രസിഡൻറ്



ജി. വേണുഗോപാലൻ നായർ
പ്രസിഡൻറ്




മനോജ് ബി. ഇടമന
സ്റ്റാന്റിഗ് കമ്മിറ്റി ചെയർമാൻ



കുഞ്ഞുശങ്കരൻ




സുമംഗലശശിധരൻ




അൻസാർ. എ.




അംബിക




വിശ്വനാഥൻ നായർ. എൻ.



ശ്രീകണഠൻ നായർ . ആർ.




പ്രഭാകരക്കുറുപ്പ്. ഡി.



ശോഭന കുമാരി



ജഗദമ്മ



വികസന റിപ്പോർട്ടിനുപിന്നിൽ പ്രവർത്തിച്ച കോർഗ്രൂപ്പ്

മണിശങ്കർ, രാമചന്ദ്രൻ നായർ, പൃഥ്വിരാജ്, വിജുകുമാർ.വി.എസ്., എം. തൗഫീഖ്, അൻവർ, എം. ഷൗക്കി, സുജയ്ശങ്കർ, ദീപ. എസ്., സജിത്കുമാർ, സുനിൽ, ലത.റ്റി. നായർ, ശ്രീലേഖ, എൻ.എസ്. അനിൽ, റഈസ്, ജുമൈല, സുചി.ബി, വിജയരാജ്, യാസിർ. റ്റി, സഫീർ, പ്രിജികുമാർ, പ്രിജി, മണികണ്ഠൻ നായർ, അനിൽകുമാർ, രാജേന്ദ്രൻ നായർ, ഉദയകുമാർ,ഗോപാലകൃഷ്ണൻ, ബാബു.സി, പ്രസന്ന, ഗീതാകുമാരി, ആർ.കെ. ശശിധരൻ, ഗോപി, ഓമന, സി.വി. രാജശേഖരൻ നായർ,

ചരിത്രപഠനം

ചിറയിൻകീഴ് സലാം, മുത്തുസ്വാമി പിള്ള, കെ. സോമൻ, തൗഫീഖ്, പൃഥ്വിരാജ്,

സമഗ്രറിപ്പോർട്ട് (എഡിറ്റേഴ്സ്)

മണിശങ്കർ, വിജുകുമാർ. വി.എസ്, പൃഥ്വിരാജ്, അൻവർ

മാർഗ്ഗനിർദ്ദേശം : വി.എസ്. കണ്ണൻ (സംസ്ഥാന റിസോഴ്സ് പേഴ്സൺ)

കവർ ഡിസൈനിംഗ് : എസ്. വിശ്വനാഥൻ , സ്ക്രീൻ, പുളിമൂട്, ചിറയിൻകീഴ്

Printed at : Saritha Printers, Chirayinkeezhu.

Typeset & Layout : Screen DTP Center, Pulimoodu, Chirayinkeezhu.

ഉള്ളടക്കം

1. ആമുഖം
2. പഞ്ചായത്ത്, പൊതുവിവരണം
3. ചരിത്രം
4. ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി
5. സാമൂഹിക സാമ്പത്തിക മേഖലകൾ

5-1. കൃഷി, ജലസേചനം
5-2. മൃഗസംരക്ഷണം, മത്സ്യബന്ധനം
5-3. വ്യവസായം
5-4. വിദ്യാഭ്യാസം
5-5. കുടിവെള്ളം, പൊതുജനാരോഗ്യം
5-6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
5-7. ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം
5-8. സംസ്കാരം
5-9. വനിതാക്ഷേമം
5-10. സഹകരണമേഖല
5-11. പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം
5-12. വിഭവസമാഹരണം

ആമുഖം

നാടിന്റെ വികസന പദ്ധതികൾ തീർത്തും കേന്ദ്രീകൃതമായി ആസൂത്രണം ചെയ്യുന്നതുകാരണം ഓരോ പ്രദേശത്തെയും ജനങ്ങളുടെ യഥാർത്ഥ ആവശ്യങ്ങൾ പലപ്പോഴും അവഗണിക്കപ്പെട്ടു. പദ്ധതികളുടെ ആസൂത്രണത്തിലും, നടത്തിപ്പിലും ജനപങ്കാളിത്തമില്ലായ്മയാണ് ജനങ്ങളിൽ അസംതൃപ്തി വളർത്തുന്ന ഈ പ്രശ്നത്തിന് കാരണമെന്നതിരിച്ചറിവാണ് ജനകീയാസൂത്രണ പ്രസ്ഥാനം രൂപം കൊള്ളുന്നതിന് പ്രേരണയായത്.

1997 ഏപ്രിൽ 1 ന് ആരംഭിക്കുന്ന 9-ാം പഞ്ചവത്സര പദ്ധതിയുടെ സംസ്ഥാന വിഹിതത്തിന്റെ 35-40% വരുന്ന തുക പഞ്ചായത്തുകൾക്ക് നൽകുമെന്നും 9-ാം പദ്ധതി ജനകീയ പദ്ധതിയായി നടപ്പാക്കുമെന്നും സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചു. അതിനെ തുടർന്നാണ് സംസ്ഥാന സർക്കാറും ആസൂത്രണബോർഡും ചേർന്ന് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം നൽകിയത്. ജനകീയ ചർച്ചയുടെ അടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിക്കുകയും മുൻഗണനകൾ നിശ്ചയിക്കുകയുംചെയ്യുക, പദ്ധതി രൂപീകരണത്തിലും, നടത്തിപ്പിലുമുള്ള എല്ലാഘട്ടങ്ങളിലും ജനപങ്കാളിത്തം ഉറപ്പാക്കുക, പ്രദേശിക സ്വയംഭരണ സമിതികളെ ജനപങ്കാളിത്തത്തോടെ ശക്തിപ്പെടുത്തുക തുടങ്ങിയ പ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങൽ വികസനത്തെക്കുറിച്ച് ഒരു പുതിയ കാഴ്ചപ്പാട് വളർത്താൻ സഹായകമായി എന്നതിൽ സംശയമില്ല. അധികാരവും ആസൂത്രണവും മുകളിൽ നിന്ന് കീഴോട്ടൊഴുകുന്ന പതിവ് രീതിയിൽ നിന്ന് വ്യത്യസ്തമായി അടിത്തട്ടിൽ നിന്ന് മേൽത്തട്ടിലേക്ക് ദിശമാറ്റം നൽകപ്പെട്ട ആസൂത്രണ തന്ത്രം ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ പ്രാവർത്തികമാകുന്നു.

1996 സെപ്റ്റംബർ 15 ന് ബ്ലോക്കോഫീസിൽ വച്ചുനടന്ന ഒന്നാം ഘട്ട പരിശീലന പരിപാടിയോട്കൂടി കിഴുവിലത്തെ ജനകീയ ആസൂത്രണ പരിപാടിക്ക് തുടക്കം കുറിച്ചു. പിന്നീട് ഒരു മാസം ഗ്രാമസഭകളുടെ സംഘാടനമായിരുന്നു. സെപ്റ്റംബർ 22-ാം തീയതി 7-ാം വാർഡിൽ വിശേഷാൽ ഗ്രാമസഭകളുടെ ഉത്ഘാടനം നടന്നു. ഗ്രാമസഭകളിൽ ശരാശരി 225 പേർ പങ്കെടുത്തിരുന്നു. 40%മാണ് സ്ത്രീ പങ്കാളിത്തം. വിവിധ വികസന തുറകൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ഗ്രാമസഭകളിൽ വിശദമായ ചർച്ച നടക്കുകയും ക്രിയാത്മകമായ ഒട്ടേറെ നിർദ്ദേശങ്ങൾ ഉയർന്നുവരുകയുംചെയ്തു.

ഗ്രാമസഭകൾ സംഘടിപ്പിക്കുന്നതിനിടയിൽ തന്നെ പഞ്ചായത്തിനുള്ളിലും പുറത്തുമുള്ള വിവിധ സർക്കാർ ഓഫീസുകളിൽനിന്നും മറ്റു സ്ഥാപനങ്ങളിൽ നിന്നും വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ ദ്വിതീയ വിവരങ്ങളുടെ ശേഖരണം ആരംഭിച്ചിരുന്നു. അതോടൊപ്പം ഗ്രാമസഭാറിപ്പോർട്ടുകളുടെ ക്രോഡീകരണം, പഠനം, പ്രായോഗിക നിർദ്ദേശങ്ങളെകുറിച്ചുള്ള വിലയിരുത്തലുകൾ, ഗ്രാമത്തിന്റെ ചരിത്രത്തെകുറിച്ചുള്ള അന്വേഷണം, ഭൂപ്രകൃതി പഠനം,എന്നിങ്ങനെ തിരക്കുപിടിച്ചതായിരുന്നു ഒരു മാസം. ഒരു കൂട്ടം നിസ്വാർത്ഥ പ്രവർത്തകരുടെ പരിശ്രമ ഫലമായി തയ്യാറായ വികസന രേഖ പഞ്ചയാത്ത് സമിതി വിശദമായി ചർച്ചചെയ്ത് അംഗീകരിച്ചു.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രഥമ ഉത്പന്നമാണ് ഈ വികസന രേഖ. ഇത് കഴിയുന്നത്ര കുറ്റമറ്റ ഒന്നാക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. ഈ വികസനരേഖയെ ആസ്പദമാക്കിയാണ് പഞ്ചായത്ത് സെമിനാറിൽ വിവിധ വികസന തുറകൾ ചർച്ചചെയ്യപ്പെടുക. അത്തരം ചർച്ചകളിലൂടെ പദ്ധതി നിർദ്ദേശങ്ങൾ ഉയർന്നുവരികയും അന്നുതന്നെ രൂപം കൊള്ളുന്ന കർമ്മസമിതികൾ അവയെ കുറ്റമറ്റ പ്രോജക്റ്റുകളാക്കുകയും ചെയ്യും. ഈ പ്രവർത്തനങ്ങൾക്കെല്ലാം അതിരില്ലാത്ത ജനപങ്കാളിത്തം ആവശ്യമാണ്. ഓരോ ഗ്രാമ പഞ്ചായത്തിനും അർത്ഥപൂർണ്ണതയുള്ള സ്വയം ഭരണ സ്ഥാപനങ്ങളായി മാറാൻ വേണ്ട അടിസ്ഥാന ഘടകം ഗ്രാമവാസികളുടെ ഒത്തൊരുമയോട് കൂടിയ പ്രവർത്തനങ്ങളായിരിക്കും. അത്തരത്തിലുള്ള സംഘശക്തികൊണ്ടേ നേട്ടങ്ങൾ കൈവരിക്കാനാകു,എന്നതിന് മൂർത്തമായ ദൃഷ്ടാന്തമാണ് ഈ വികസന രേഖ. ഇതിൽ ഉൾക്കൊള്ളുന്ന വികസന സ്വപ്നങ്ങൾ നാളെയുടെ യാഥാർത്ഥ്യങ്ങളാക്കി മാറ്റാൻ നമുക്ക് പ്രയത്നിക്കാം.

കിഴുവിലം ഗ്രാമപഞ്ചായത്ത് പൊതുവിവരണം

1. പഞ്ചായത്തിന്റെ പേര്	- കിഴുവിലം
2. ഉൾപ്പെടുന്ന വില്ലേജുകൾ	- കുന്നുമ്മൂർ, കിഴുവിലം, ആറ്റിങ്ങൽ
3. ജില്ല	- തിരുവനന്തപുരം
4 താലൂക്ക്	- ചിറയിൻകീഴ്
5 ഫർക്ക	- വർക്കല
6. ബ്ലോക്ക് പഞ്ചായത്ത്	- ചിറയിൻകീഴ്
7. അസംബ്ലി മണ്ഡലം	- ആറ്റിങ്ങൽ
8. പാർലമെന്റ് മണ്ഡലം	- ചിറയിൻകീഴ്
9. വിസ്തീർണ്ണം	- 14.74 ച.കി.മീ.
10 അതിരുകൾ	വടക്ക്- [illegible] പഞ്ചായത്ത്, കടയ്ക്കാവൂർ പഞ്ചായത്ത്, മുദാക്കൽ പഞ്ചായത്ത്, പടിഞ്ഞാറ്- ചിറയിൻകീഴ് പഞ്ചായത്ത്
11. ജനസംഖ്യ	- 29913
12. വാർഡുകൾ	- 12
13. പ്രസിഡന്റിന്റെ പേര്	- ജി. വേണുഗോപാലൻ നായർ

പഞ്ചായത്ത് സമിതി അംഗങ്ങൾ


വാർഡുനമ്പർ	നിയോജകമണ്ഡലം	പ്രതിനിധി
1	പുരവൂർ	കുഞ്ഞുശങ്കരൻ
2	പനയറവിളാകം	ജി. വേണുഗോപാലൻ നായർ
3	അടിക്കലം(പട്ടികജാതി സംവരണം)	മനോജ് ബി. ഇടമന
4	കുന്നുമ്മൂർ (വനിതാസംവരണം)	സുമംഗല ശശിധരൻ
5	കണ്ടുകുഴി	പി. ജസീസ്
6	കാട്ടുമുറാക്കൽ	എ. [illegible]
7	മുടപുരം (വനിതാസംവരണം)	അംബിക
8	കിഴുവിലം	എൻ. വിശ്വനാഥൻ നായർ
9	കുറക്കട	ആർ. ശ്രീകണ്ഠൻ നായർ
10	പറയത്തുകോണം	ഡി. പ്രഭാകരക്കുറുപ്പ്
11	അങ്ങൂർ(വനിതാസംവരണം)	റ്റി. ശോഭനകുമാരി
12	കാട്ടുംപുറം (പട്ടികജാതി വനിതസംവരണം)	ജഗദമ്മ

കിഴുവിലം പഞ്ചായത്ത് രൂപീകൃതമായ വർഷം	- 20-09-1951(നമ്പർ-L3/7/9755/50
പഞ്ചായത്ത് ജീവനക്കാർ	- 12
പഞ്ചായത്ത് പരിരക്ഷിക്കുന്ന [illegible]ാഡുകൾ	- 86.12 കിലോമീറ്റർ

മെറ്റൽ ചെയ്ത റോഡുകൾ	- 18.14 കിലോമീറ്റർ
മറ്റുറോഡുകൾ	- 53.48 കിലോമീറ്റർ
റോഡുകൾക്ക് വേണ്ടിവരുന്ന ചിലവ്	- 4,74,489 രൂപ
പഞ്ചായത്ത് പരിരക്ഷിക്കുന്ന വൈദ്യുതിവിളക്കുകൾ	- 1039
വൈദ്യുതിക്ക് വേണ്ടിവരുന്ന ചിലവ്	- 1,87,6681 രൂപ
പഞ്ചായത്ത് കിണറുകൾ	- 31
പഞ്ചായത്ത് കുളങ്ങൾ	- 15
പഞ്ചായത്ത് പ്രദേശത്തെ പൊതു ടാപ്പുകൾ	- 261
വൈദ്യുതീകരിച്ച വീടുകൾ	- 4000
ഗ്യാസ് കണക്ഷൻ ലഭിച്ച വീടുകൾ	- 1200
പുകയില്ലാത്ത അടുപ്പുകൾ	- 70
ഗോബർ ഗ്യാസ് പ്ലാൻറുള്ള വീടുകൾ	- 20
പഞ്ചായത്ത് പ്രദേശത്തെ റേഷൻ കാർഡുകൾ	- 4984
റേഷൻ കടകൾ	- 15
റേഷൻ കാർഡ് ഉപഭോക്താക്കളുടെ എണ്ണം	- 28326
പഞ്ചായത്ത് സംരക്ഷിക്കുന്ന ജലസേചന പ്രദേശം	- 3935 ഏക്കർ 87 സെന്റ്
വിവിധ തരം ഗ്രാൻറുകൾ	- 547457 രൂപ
വീട്ടുകരം	- 271167 രൂപ
തൊഴിൽക്കരം	- 57340
ഭരണ ചെലവ്	- 619848
കുടിവെള്ള ചെലവ്	- 6817രൂപ
പെൻഷൻ ചെലവ്	- 23912രൂപ
പഞ്ചായത്ത് സംരക്ഷിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ	- 23 എണ്ണം
ചെലവ്	- 39350 രൂപ

പഞ്ചായത്തിലെ സ്ഥാപനങ്ങൾ

സർക്കാർ ഓഫീസുകൾ	- 10
സർക്കാർ സ്കൂളുകൾ	- 6
സ്വകാര്യസ്കൂളുകൾ	- 1
സർക്കാർ ആശുപത്രികൾ	- 3
സ്വകാര്യ ആശുപത്രികൾ	- 1
സഹകരണസ്ഥാപനങ്ങൾ	- 7



ചരിത്രം

അതിവേഗം മുന്നോട്ട് ഓടികൊണ്ടിരിക്കുന്ന കാലചക്രത്തിന്റെ വഴിപ്പാടുകളിൽ ചവിട്ടി പിന്നോട്ട് നടക്കുമ്പോൾ നമ്മുടെ തന്നെ പൈതൃകത്തിന്റെ വൈവിദ്ധ്യമാർന്ന മുഖമാണ് നമുക്ക് ദർശിക്കാൻ കഴിയുന്നത്. പൊയ്പോയ കാലത്തിന്റെ ലാഭനഷ്ടങ്ങൾ രൂപപ്പെടുത്തുന്ന നമ്മുടെ സംസ്കാരത്തിന്റെ പുറം രേഖ തേടിയുള്ള ഈ യാത്രയിൽ നമ്മൾ കണ്ടുമുട്ടുന്ന പലമുഖങ്ങളും അപരിചിതങ്ങളാണ്. അന്വേഷണോൽസുകത അന്യമായതാണത്ര കാരണം.

വിശ്വവിഖ്യാത കലാകാരനായ പത്മഭൂഷൻ പ്രേം നസീറിന്റെയും (അബ്ദുൽ ഖാദർ) തനതു നാടക കലയുടെ ഉപാസകനായിരുന്ന പ്രൊ. ജി. ശങ്കരപ്പിള്ളയുടെയും ഗ്രാമമാണ് കിഴുവിലം. കിഴക്കറ്റം ഉയർന്നും ക്രമേണ താഴ്ചയിലേയ്ക്ക് ചരിഞ്ഞിറങ്ങി പടിഞ്ഞാറൻ റെയിൽവേ ലൈനിൽ ചെന്നവസാനിക്കുന്ന രീതിയിലാണ് കിഴുവിലത്തിന്റെ കിടപ്പ്. കിഴുവിലം, കൂന്തള്ളൂർ, ആറ്റിങ്ങൽ വില്ലേജുകളിലായി സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്ത് 1996- ലെ കനേഷുമാരി കണക്കനുസരിച്ച് 29913 പേർ നിവസിക്കുന്നു. ഹിന്ദുമത വിശ്വാസികളും, ഇസ്ലാം മതവിശ്വാസികളും ഇടതൂർന്ന് കഴിയുന്ന ഇവിടെ അപൂർവ്വം ചില ക്രിസ്ത്യാനി മത വിശ്വാസികളും ഉണ്ട്. കൃഷിയിലും പരമ്പരാഗത കുടിൽ, ചെറുകിട വ്യവസായത്തിലും മറ്റ് കൈതൊഴിലുകളിലും ആഴത്തിൽ അടിവേരുള്ള ഈ ഗ്രാമീണ ജനതയുടെ ചരിത്ര പശ്ചാത്തലം തേടിയിറങ്ങുന്നത് ദുഷ്കരമാണെങ്കിലും രസാവഹമാണ്.

രണ്ട് നൂറ്റാണ്ടുമുൻപ്

പഞ്ചായത്തിന്റെ ചരിത്രം തേടിയുള്ള യാത്രയിൽ അപൂർവ്വം ചില ലിഖിതരേഖകളെ ലഭ്യമായിട്ടുള്ളു. അത്തരത്തിൽ കിട്ടിയതാണ് കേരളാ ഗസറ്റിയേഴ്സിലെ ചിറയിൻകീഴ് താലൂക്കിനെ കുറിച്ചുള്ള വിവരണം . ഇംഗ്ളീഷുകാരുടെ അസിസ്റ്റന്റെ സർവ്വേ ജനറൽ വകുപ്പിലെ ലഫ്റ്റനൻറ് ആയിരുന്ന ബി.എസ്. വാർഡ് നടത്തിയ കേരള സർവ്വേയുടെ ഭാഗമായി 1820 ൽ പൂർത്തിയാക്കിയ ഈ വിവരണത്തിൽ ചിറയിൻകീഴിൽ ഉൾപ്പെട്ട ഏഴു ആദിഗ്രാമങ്ങളിൽ രണ്ടാമത്തേതാണ് കൂന്തള്ളൂർ. ഈ രേഖയിലെ ദശജാതടേബിളിൽ കൂന്തള്ളൂരിനെ കുറിച്ചുള്ള വിവരങ്ങൾ പട്ടികപ്പെടുത്തിയിട്ടുണ്ട് അതനുസരിച്ച് മൊത്തം ജനസംഖ്യ 2184, മൊത്തം പുരയിടങ്ങളുടെ എണ്ണം 1516, മൊത്തം വീടുകളുടെ എണ്ണം

682, മൊത്തം മത സ്ഥാപനങ്ങളുടെ എണ്ണം 46, പൊതുസ്ഥാപനമായി ഒരെണ്ണം മാത്രമേ യുള്ളൂ. ആറ് നെൽപാടങ്ങളും 1331 നാൽ ക്കാലികളുമാണ് ഈ പഞ്ചായിത്തിലുണ്ടായി രുന്നത്. മറ്റ് ആദിഗ്രാമങ്ങളായ ഇടയ്ക്കോട് ആറ്റിങ്ങൽ, ചിറയിൻകീഴ്, കടയ്ക്കാവൂർ, എന്നിവയാണ് കൂന്തള്ളൂരിന്റെ അതിർത്തി യായി സർവ്വേചെയ്തിട്ടുള്ളത്. എന്നത്കൊണ്ട് ഇന്നത്തെ കിഴുവിലം കൂടി ഉൾപ്പെട്ടതാണ് ഈ പ്രദേശം എന്നുമാനിക്കാം. മാർത്താണ്ഡവർമ്മ മഹാരാജാവ് തന്റെ വീരോജ്ജ്വലമായ പോരാ ട്ടത്തിനിടയിൽ കവണശ്ശേരി മഠത്തിൽ ഒളി വിൽ പാർത്തിരുന്നതായി ഐതിഹ്യം ഉണ്ട്. എട്ടുവീട്ടിൽ പിള്ളമാരുമായും പോറ്റിമാരു മായും കിഴുവിലത്തിന്റെ ചരിത്രം കെട്ട് പിണ ഞ്ഞ്കിടക്കുന്നു.

അമ്പതുവർഷം മുമ്പ്

1890-ൽ ആണ് ശങ്കരനാരായണപുരം അഥവാ ചങ്കാണം പാലം നിർമ്മിച്ചത്. ഇന്നത്തെ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങ ളായ കൂന്തള്ളൂർ സ്കൂളും പറയത്തുകോണം സ്കൂളും രൂപമെടുത്തിട്ട് നൂറ് വർഷം പിന്നി ട്ടുകഴിഞ്ഞു. കാലവർഷത്തെ ആശ്രയിച്ച് കൈ തോടുകൾ വെട്ടിയും വെള്ളം തേവിയും, നാടൻ വിത്തുകൾ വിതച്ചും നെൽകൃഷി ചെയ്യുന്ന കർഷകരും, ചുരുക്കമായിരുന്ന ഭൂ ഉടമകളുംതമ്മിൽ ആത്മാർത്ഥമായ സ്നേ ഹവും വിശ്വാസവും കാത്തുസൂക്ഷിച്ചിരു ന്നു.കൈത്തറി, കയർ, കൊപ്ര തുടങ്ങിയ വ്യവസായങ്ങൾ സാർവ്വത്രികമായിരുന്നു. ഇതി ലേർപ്പെട്ടിരുന്നവരുടെ ജീവിതത്തിന് ഒരു പ്രത്യേക താളക്രമം ഉണ്ടായിരുന്നു. കുട്ട, വട്ടി , മൺപാത്രനിർമ്മാണം, മരപ്പണി, കൊല്ലപ്പണി തുടങ്ങിയ കൈതൊഴിൽ ചെയ്തിരുന്നവർ മറ്റു ള്ളവരുമായി ആരോഗ്യകരമായ ഒരു ആദാന പ്രദാന സമ്പ്രദായം നിലനിർത്തിയിരുന്നു. താഴ്ന്ന പടിയിലുള്ള ജീവിതനിലവാരത്തിനി ടയിലും കുളം തീണ്ടാതാരിക്കുവാനും, കാവു കളിൽ തിരിവെട്ടം കത്തിക്കാതിരിക്കാനും സ്വന്തം ദൈവങ്ങൾക്ക് നിവേദ്യം നൽകാതി രിക്കാനും ഇവർക്കുകഴിഞ്ഞിരുന്നില്ല. ഈ മണ്ണുമുഴുക്കെ ശ്രീ പണ്ഡാരം വകയായിരുന്നു. എന്നതിന് സൂചനകൾ ഉണ്ട് .പറയത്തുകോ ണം, അണ്ടൂർ, മുടപുരം, കൂന്തള്ളൂർ, തുടങ്ങി യ സ്ഥലങ്ങളിൽ കുടിപ്പള്ളിക്കൂടങ്ങൾ ഉണ്ടാക്കുകയും അധ:കൃതർ ഒഴികെയുള്ള എല്ലാ ജാതി മതസ്ഥരും കുട്ടികളെ വിദ്യ ആഭ്യ സിപ്പിക്കുകയും ചെയ്തിരുന്നു. വളഞ്ഞും പുളഞ്ഞും പോകുന്ന ഒറ്റയടിപാതകളായി രുന്നു യാത്രാശരണം.ചരക്കുകയറ്റാൻ തല ചുമടിറക്കുവാൻ ചുമടുതാങ്ങികൾ രാജഭരണ കാലത്ത് സ്ഥാപിച്ച ചുമടുതാങ്ങിയെ അനു സ്മരിച്ചുകൊണ്ട് ചുമടുതാങ്ങി എന്നൊരു സ്ഥലം പോലും നമ്മുടെ ഗ്രാമത്തിൽ നിലനി ൽക്കുന്നു. പ്രമാണിമാർക്ക് സഞ്ചരിക്കുവാൻ വില്ലുവണ്ടികൾ ഉണ്ടായിരുന്നു. ശ്രീനാരായണ ഗുരുവും ധർമ്മ പ്രചരണ സംഘങ്ങളുംആറ്റി ങ്ങൽ നിന്ന് കാൽനടയായി പൊരിയൂരിലൂടെ (പുരവൂർ) പുളിമൂട്ടിലെത്തിഅരക്കലാമ്പിന്റെ വെളിച്ചത്തിൽ സഞ്ചരിച്ചു, സഭവിളയിൽ എത്തിയിരുന്ന കാര്യം ഓർമ്മിക്കുന്നവർ ഇന്നു മുണ്ട്. സ്വന്തം വിളഭൂമിയിൽ നിന്ന് ലഭിച്ചിരുന്ന ഉല്പന്നങ്ങൾ കൊണ്ടുള്ള വിവാഹസദ്യയും ആൾക്കൂട്ടം കുറഞ്ഞ വിവാഹാഘോഷങ്ങളും , തിരുവോണവും, തിരുവാതിരയും, തൃക്കാർ ത്തികയും, മതപരിവേഷപ്രാധാന്യത്തോടെ കൊണ്ടാടുമ്പോൾ ഓത്തുപഠനവും പള്ളിയി ൽപോക്കും നേർച്ച നടത്തലും ആചാരപ്ര കാരം തന്നെ നിർവ്വഹിച്ചിരുന്നു.രാത്രികാലങ്ങ ളിൽ മാത്രം നടന്നിരുന്ന ബൈത്തുകൾ ചൊല്ലികൊണ്ടുള്ള മുസ്ലിം വിവാഹാചാര ങ്ങൾ ഓർമ്മിക്കുവാൻ കഴിവുള്ളവർ തുലോം വിരളമായികൊണ്ടിരിക്കുന്നു.

നാടൻ പാട്ടുകളുടെ ധാരാളിത്തവും നമുക്കുണ്ട്. വിവാഹാഘോഷവുമായി ബന്ധ

പ്പെട്ടും നാട്ടിലെ രസകരമായ സംഭവങ്ങളുമായി ബന്ധപ്പെടുത്തിയും ഒട്ടനവധി നാടൻ പാട്ടുകളും, രസികൻമാരായ നാടൻ പാട്ടുകാരും നമ്മുടെ ഗ്രാമത്തിലുണ്ടായിരുന്നു.

മഹാദേവർ ക്ഷേത്രം (ഇരട്ടകലുങ്ങ്), തെങ്ങുംവിള (മുടപുരം)തെന്നൂർകോണം (കിഴുവിലം), കുരിശിയോട് (മാമം), തുടങ്ങിയ ക്ഷേത്രങ്ങളുടെയും, കാട്ടുമുറാക്കൽ പള്ളിയുടെയും ഉൽപത്തിയെകുറിച്ച് ദുരൂഹതകൾ നിറഞ്ഞ ഒരുപാട് കഥകൾ ബാക്കി നിൽക്കുന്നു.ഏകാന്തത നിറഞ്ഞ കുന്നിൻ മുകളിലെ ബുദ്ധ വിഹാരകേന്ദ്രങ്ങളോട് സാമ്യമുള്ളതാണത്രെ മഹാദേവർ ക്ഷേത്രം. ശാർക്കര ദേവീ ക്ഷേത്രവുമായി ബന്ധപ്പെട്ട് കിടക്കുന്നതാണ് തെങ്ങും വിള ക്ഷേത്രചരിത്രം എന്ന് പഴമക്കാർ പറയുന്നു. ശിവനേയും, കൃഷ്ണനേയും ഒരുമിച്ചാരാധിക്കുന്ന കേരളത്തിലെ അപൂർവ്വം ചില ക്ഷേത്രങ്ങളിൽ ഒന്നാണ് എന്ന ഖ്യാതി മുടപുരം ശിവകൃഷ്ണ ക്ഷേത്രത്തിനുണ്ട്. ജല ദുർഗ്ഗയെ പ്രതിഷ്ഠിച്ചിരിക്കുന്ന സവിശേഷതയാണ് തെന്നൂർകോണം ക്ഷേത്രത്തിനുള്ളത്. ഇന്നും കാവുകൾ കാത്തുസൂക്ഷിക്കുന്ന പഴക്കമേറിയ ക്ഷേത്രങ്ങളിലൊന്നാണ് കുരിശിയോട്. അപൂർവ്വമായികാണുന്ന നേർച്ചതൂക്കമെന്ന ആചാരം, തെങ്ങുവിള, മാമം നട തുടങ്ങിയ ക്ഷേത്രങ്ങളിൽ നടന്നു വരുന്നു. 46 മത സ്ഥാപനങ്ങൾ ഉണ്ടെന്നുള്ള വാർഡ് സായിപ്പിന്റെ കണ്ടെത്തലും, എല്ലാ ക്ഷേത്രങ്ങളിലും ഉത്സവങ്ങൾ നിലനിന്നിരുന്നതും കിഴുവിലത്തിന്റെ സാംസ്കാരിക അന്തരീക്ഷത്തിന് മാറ്റ് കൂട്ടുന്നു.

അര നൂറ്റാണ്ട് മുൻപ് കിഴുവിലത്തിന്റെ സാംസകാരിക ചരിത്രത്തിൽ ചന്ദ്രക്കല പോലെ ഉദിച്ചുയർന്ന ആരാധനാലയമായ കാട്ടുമുറാക്കൽ പള്ളി ശില്പഭംഗികൊണ്ട് കേരളത്തിലെ മുഴുവൻ ശ്രദ്ധയും പിടിച്ചുപറ്റിയതാണ്. തിരുവനന്തപുരം സ്വദേശിയും പ്രമുഖശിൽപിയുമായ ശ്രീ ഗോപാലകൃഷ്ണനാണ് ഇതിന്റെ രചനാ പ്രവർത്തനത്തിന്റെ പിന്നിൽ പ്രവർത്തിച്ചത്. ഇൻഡോ-പേർഷ്യൻ, ഇൻഡോ തനതു-നവീന ശില്പ മാതൃകകളുടെ സംയോജിത രൂപമായിട്ടാണ് പള്ളി നിർമ്മിച്ചിരിക്കുന്നത് എന്നാണ് മനസിലാക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ഈയിടെ "The Week " എന്ന ഇംഗ്ളീഷ് വാരികയിൽ ശില്പ ഭംഗി കൊണ്ട് കവിത തുളുമ്പുന്ന ഈ പള്ളിയുടെ ചരിത്രവും, ചിത്രവും വളരെ വിശദമായി പ്രതിപാദിച്ചത് ഭാരതമൊട്ടുക്ക് പ്രശസ്തി നേടികൊടുത്തിട്ടുണ്ട്.

കിഴുവിലം പഞ്ചായത്തിന്റെ പടിഞ്ഞാറ്റത്ത് പൊതു സ്ഥലത്ത് കബറടി എന്ന പേരിൽ സ്ഥിതിചെയ്യുന്ന ഖബർ ഹിന്ദുമുസ്ലിം മത സൗഹാർദ്ദത്തിന്റെ മൂർത്തമായ ഉദാഹരണമാണ്. പൊതുവേ മതസൗഹാർദ്ദത്തിന്റെയും, മാനവികതയുടെയും കേളീരംഗമാണ് നമ്മുടെ ഈ കൊച്ചു ഗ്രാമം.

മാമം പട്ടാളംപാലം, കാട്ടുമുറാക്കൽ കല്ലു പാലം, ഇടക്കോടിനെയും, കിഴുവിലത്തേയും തമ്മിൽ വേർതിരിക്കുന്ന പഴയ രാജപാത തുടങ്ങി ഒട്ടനവധി നിർമ്മിതികളും ഈ കാലഘട്ടത്തിൽ ഉണ്ടായതായും ചുണ്ടിക്കാണിക്കപ്പെടുന്നു.

അമ്പതു വർഷങ്ങൾക്കിപ്പുറം

1940-കളും തുടർന്നുള്ള പതിറ്റാണ്ടുകളും കേരള ചരിത്രത്തിൽ ആവേശോജ്ജ്വലമായ സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുള്ളതായി കാണാം. അതിന്റെ അലകൾ ഈ ഗ്രാമത്തിലും ഉണ്ടാകാതിരിക്കാൻ തരമില്ലല്ലോ. ക്ഷേത്ര പ്രവേശന വിളംബരം, സ്വാതന്ത്ര്യ സമരം, അയിത്തോച്ചാടനം, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വളർച്ച, സാംസ്കാരിക രംഗത്തെ നവോത്ഥാനം എന്നിവയുടെയൊക്കെ ആന്തോളനങ്ങൾ ഏറ്റക്കുറച്ചിലുകളോടെ ഇവിടെയും ഉണ്ടായി. തീണ്ടലും,

തൊടീലുമുണ്ടായിരുന്ന താഴ്ന്ന ജാതിയിൽപ്പെട്ട ചില യുവാക്കൾ, സ്വാതന്ത്ര്യസമരപ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന ശ്രീ. റ്റി.കെ. വാസുദേവനെപോലുള്ള പ്രാദേശിക നേതാക്കളുടെ സഹായത്തോടെ ഒരു മുന്നേറ്റം തന്നെ നടത്തുകയുണ്ടായി.വില്ലേജു ബെഞ്ച് മജിസ്ട്രേട്ടു കോടതിയിൽ ജൂറിമാരിൽ ഒരാളായിരുന്ന ശ്രീ. വി. കൃഷ്ണൻ (ഈ കോടതി ഇന്ന് നിലവിലില്ല) ആണ് മുൻനിരയിൽ നിന്ന് പോരാടിയവരിൽ പ്രമുഖൻ. ചിരട്ടയിലോ, പൊട്ടിയ ഗ്ളാസിലോ മാത്രമെ ചായക്കടയിൽ നിന്ന് താഴ്ന്ന ജാതിക്കാർക്ക് ചായ നൽകിയിരുന്നുള്ളൂ. മറ്റുള്ള ജാതിക്കാർക്കൊപ്പം നല്ല ഗ്ളാസിൽ ചായ നൽകണമെന്നുള്ള ആവശ്യം കച്ചവടക്കാർ വിസമ്മതിക്കുകയും അതിനെതിരെ പ്രക്ഷോഭം ആരംഭിക്കുകയും ചെയ്തു. തുടർന്ന് കച്ചവടക്കാരെ അറസ്റ്റ് ചെയ്യുകയും ശിക്ഷിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ എല്ലാവർക്കും നല്ല ഗ്ളാസിൽ ചായ ലഭിക്കുകയും ചെയ്ത സംഭവം നമ്മുടെ ചരിത്രത്തിലുണ്ട്. ഭൂരിപക്ഷം ഭൂ ഉടമകളും, ജൻമികളും രാജഭരണത്തെയും സർ സി.പി.യുടെ സ്വതന്ത്ര തിരുവിതാംകൂർ എന്ന ആശയത്തെയും പിൻതാങ്ങുകയും ചെയ്യുന്നവരായിരുന്നു. സ്വാതന്ത്ര്യ സമരത്തിൽ നേരിട്ടുപങ്കെടുത്തവരുടെ എണ്ണം ഇവിടെ വിരളമാണെന്നാണ് അറിയുവാൻ കഴിഞ്ഞിട്ടുള്ളത്. അതെസമയം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവുമായി ബന്ധപ്പെടുകയും അതിന്റെ പ്രത്യയശാസ്തങ്ങൾ പ്രചരിപ്പിക്കുകയും ചെയ്ത പ്രാദേശിക നേതാക്കളും ഗ്രൂപ്പുകളും ഉണ്ടായിരുന്നു. ആദർശധീരൻമാരായ ഒട്ടേറെ യുവാക്കൾ പ്രസ്ഥാനത്തിനു വേണ്ടി ഒളിഞ്ഞും, തെളിഞ്ഞും പ്രവർത്തിക്കുകയും സമൂഹത്തിൽ ബലവത്തായ ഒരടിത്തറ പണിതുയർത്തുകയും ചെയ്തു. കുടിയൊഴിപ്പിക്കൽ പോലുള്ള കിരാത നടപടികൾക്കെതിരെ പ്രതികരിക്കുകയും ജനങ്ങളെ സംഘടിപ്പിച്ച് അവകാശങ്ങൾ നേടി എടുക്കുകയും ചെയ്തിട്ടുണ്ട്. കാർഷിക മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ന്യായമായ വേതനം ലഭിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നടത്തിയ സീഡ് ഫാം സമരം ഇത്തരത്തിൽ സ്മരിക്കേണ്ടതാണ്. ഭൂപരിഷ്കരണവുമായി ബന്ധപ്പെട്ട് ചില കാതലായ മാറ്റങ്ങൾക്ക് ഈ പഞ്ചായത്ത് സാക്ഷ്യം വഹിച്ചു. ഭൂ രഹിതർക്ക് ഭൂമി നേടിക്കൊടുത്ത, ചരിത്രത്തിലെ ഈ സുവർണ്ണ ഏട് ഇന്നും ധന്യതയോടെ ഈ ഗ്രാമത്തിലെ സാധാരണക്കാർ ഓർക്കുന്നു. നമ്മുടെ ഗ്രാമത്തിലെനൂറുകണക്കിന് കുടികിടപ്പുകാർക്ക് ഒരു തുണ്ടു ഭൂമിയുടെ ഉടമകളാകുവാൻ കഴിഞ്ഞിട്ടുണ്ട്.

സാംസ്കാരിക രംഗത്ത് വമ്പിച്ച ചലനങ്ങൾ സൃഷ്ടിക്കുവാൻ നമ്മുടെ ഈ കൊച്ചു ഗ്രാമത്തിന് കഴിഞ്ഞിട്ടുണ്ട്. ജാതി മത ഭേദമന്യേ യുവാക്കൾ ഒത്തുചേരുകയും ഓണം കേറാമൂലകളിൽ പോലും ഗ്രന്ഥശാലകൾ വായന ശാലകൾ , ആർട്ട്സ് ക്ളബുകൾ എന്നിവ തുറന്ന് പ്രവർത്തിപ്പിക്കുകയുംചെയതു. പ്രൊഫസർ ജി. ശങ്കരപ്പിള്ളയുടെ ഗ്രാമീണ കലാസമിതിയെ കൂട്ടത്തിൽ എടുത്തുപറയേണ്ടതാണ്. സാംസ്കാരിക രംഗത്തെ അതികായൻമാരെ പങ്കെടുപ്പിച്ചുകൊണ്ട് പ്രഭാഷണങ്ങളും ചർച്ചകളും നടത്തുകയും പുരോഗമനപരമായ നാടകങ്ങൾ അവതരിപ്പിക്കുകയും ചെയ്ത് ഈ സമിതി ഗ്രാമത്തെ പ്രബുദ്ധമാക്കി. ഇതിന്റെ ഫലമായി ജാതിമത ഉച്ചനീചത്വങ്ങളും, സാമ്പത്തിക അസമത്വങ്ങളും ചോദ്യംചെയ്യപ്പെടുകയുണ്ടായി. നവീന ആശയങ്ങളുടെ ചിന്തകൾ സമൂഹത്തിലേയ്ക്ക് ഇരമ്പികയറുകയും, അതിന്റെ മാറ്റങ്ങൾ എങ്ങും ദൃശ്യമാകുകയും ചെയ്തു. ആദ്യകാലങ്ങളിൽ സ്ഥാപിക്കപ്പെട്ട സാംസ്കാരിക നിലയങ്ങളാണ് മുടപുരത്തെ എം.പി.എ.സി, കൂന്തള്ളൂരിലെ ദേശീയ ഗ്രന്ഥശാല, കൈരളി വായനശാല, പുരവൂരിലെ യുവജന സമാജം, തുടങ്ങിയവ.

അഖിലലോക പ്രശസ്തനും മലയാള ചലചിത്രവേദിയിലെ നിത്യഹരിത നായകനുമായ പത്മഭൂഷൻ പ്രേംനസീർ ഈ ഗ്രാമത്തിന്റെ പതമില്ലാത്ത മണ്ണിൽ ചുവടുവച്ച് പഠിച്ച ആളാണെന്ന് ഓർക്കട്ടെ. അദ്ദേഹം ചെയ്ത നിരവധി സാമൂഹ്യ പ്രവർത്തനങ്ങൾ ഈ ഗ്രാമത്തോടുള്ള പ്രതിബദ്ധത എടുത്തു കാട്ടുന്നു. നാടക പ്രതിഭയായ പ്രൊ : ജി. ശങ്കരപ്പിള്ളയുടെ പല തനതു സൃഷ്ടികളുടെയും അടിവേരുകൾ നമ്മുടെ ഗ്രാമത്തിന്റെ നാടൻ സംസ്കാരത്തിലാണ് ചെന്ന് നിൽക്കുന്നത് എന്ന വസ്തുത നമുക്കഭിമാനത്തിന് വകനൽകുന്നു. സിനിമാ സാഹിത്യരംഗങ്ങളിൽ തങ്ങളുടെ അനുഗ്രഹകലാനൈപുണ്യം സംഭാവന ചെയ്ത യശശരീരനായ പ്രേം നവാസ് പ്രശസ്ത ആർട്ടിസ്റ്റായ ചിറയിൻകീഴ് ശ്രീകണ്ഠൻ നായർ എന്നിവരും നമ്മുടെ കൊച്ചു ഗ്രാമത്തിന്റെ സൃഷ്ടികളാണ്.

അരനൂറ്റാണ്ടിന് ഇപ്പുറമുള്ള കാലയളവിൽ വിദ്യാഭ്യാസം സാർവ്വത്രികവും, സർവ്വ സാധാരണവുമായി തീർന്നു.ശ്രീനാരായണ ഗുരു സ്വാമിയുടെ പ്രബോധനങ്ങളും, കുമാരനാശാന്റെ കവിതകളുംപിന്നോക്കക്കാർക്ക് നവോൻമേഷവും അഭ്യുന്നതിയും നൽകി. കുടിപ്പള്ളിക്കൂടങ്ങൾ പലതും സർക്കാർ ഏറ്റെടുത്ത് അപ് ഗ്രേഡ് ചെയ്തു. കിടാരക്കുഴി അഹമ്മദ് പിള്ള ലബ്ബ സ്ഥാപിച്ച കൊടിക്കകത്തു മുസ്ലിം സ്കൂൾ ആണ് ഇന്ന് തലയുയർത്തി നിൽക്കുന്ന പ്രേം നസീർ മെമ്മോറിയൽ ഗവ:ഹൈസ് സ്കൂൾ. വയോജന വിദ്യാഭ്യാസ രംഗത്തും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഉണ്ടായി.കുലത്തൊഴിലുകളിലും പരമ്പരാഗത തൊഴിലുകളിലും ഏർപ്പെട്ടിരുന്ന നാട്ടുകാർ അവരുടെ സന്തതികളെ വിദ്യാഭ്യാസം ചെയ്യിക്കുവാനും അതിലൂടെ സർക്കാർ ഉദ്യോഗങ്ങൾ കരസ്ഥമാക്കാനും പ്രേരിപ്പിച്ചു.

പരമ്പരാഗത കൃഷി സമ്പ്രദായങ്ങൾക്ക് ക്രമേണ മാറ്റം വന്നു.ജൈവവളങ്ങൾക്ക് പകരം രാസവളങ്ങളും,കീടനാശിനികളും ഉപയോഗിച്ചുതുടങ്ങി.അത്യുല്പാദന ശേഷിയുള്ള സങ്കരയിനംവിത്തുകൾ ഉപയോഗിച്ചുള്ള കൃഷിരീതികൾ വന്നു. അതോടെ കാർഷിക മേഖലയിൽ ഒരു കുതിച്ചുകയറ്റം ഉണ്ടായി.

കാലക്രമേണ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെട്ടു തുടങ്ങി.നടവഴികൾ ഇടവഴികളു, തുടർന്ന് പെരുവഴികളുമായി. മെറ്റലുകളിട്ടു വാഹനങ്ങൾക്ക് പോകാവുന്ന മട്ടിലായി. കാളവണ്ടികൾക്കൊപ്പം ലോറികളും, ബസ്സുകളും ഓടിത്തുടങ്ങി. ആറുകളിൽ നടപ്പാലങ്ങൾ ഉണ്ടായി. നാടിന്റെ മുഖഛായ മാറ്റികൊണ്ട് നാഷണൽ എക്സ്റ്റൻഷൻ ആഫീസ്, പഞ്ചായത്താഫീസ്,ചാവടിക്കുപകരം വില്ലേജാഫീസുകൾ തുടങ്ങിയ സ്ഥാപനങ്ങൾ ഉണ്ടായി. കാട്ടുമുറാക്കൽ പാലം, ബ്ളോക്കാഫീസ്, പബ്ളിക് മാർക്കറ്റ് എന്നിവയ്ക്കെല്ലാം സ്ഥലം വിട്ടു കൊടുത്തത് കിഴുവിലം പഞ്ചായത്ത് മെമ്പർ ആയിരുന്ന യശശ്ശരീരനായ കൊടിക്കകം ഇബ്രാഹിം വക്കീലായിരുന്നു എന്നുള്ളത് പ്രത്യേകം സ്മരിക്കുന്നു.

1952- ലാണ് ആദ്യ പഞ്ചായത്തു കമ്മിറ്റി നിലവിൽ വരുന്നത്. ആദ്യപ്രസിഡന്റ് യശശ്ശരീരനായ ശ്രീ. ഗോപാലൻ ശാസ്ത്രികളായിരുന്നു. 16 വർഷക്കാലം ഇദ്ദേഹം പ്രസിഡന്റായി സേവനം അനുഷ്ടിച്ചു. 1972 മുതൽ 86 വരെ ശ്രീ. എസ്. വാസുദേവൻ പ്രസിഡന്റ് സ്ഥാനം അലങ്കരിച്ചു.അതിനുശേഷം ഇപ്പോഴത്തെ പ്രസിഡന്റായ ജി. വേണുഗോപാലൻ നായർ പ്രസിഡന്റായി തുടർച്ചയായി രണ്ടാം തവണയും തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. 1989-മുതൽ ഡച്ചു-ഡാനീഷ് ഗവ:കളുടെ സാമ്പത്തിക സഹായത്തോടുകൂടി ആരംഭിച്ച സോഷ്യോഎക്കണോമിക് യൂണിറ്റിന്റെ പ്രവർത്തനം ശുദ്ധജലവിതരണത്തിലും ശുചിത്വത്തിലും പഞ്ചായത്തിനെ ഏറെ മുന്നോക്കം കൊണ്ടുവന്നു. ഈ രംഗത്ത് കിഴുവിലം പഞ്ചായത്ത് ഒരു മികച്ച മാതൃക

കിഴുവിലം പഞ്ചായത്ത് ഒരു മികച്ച മാതൃക യാണെന്ന് അതിന്റെ സംഘാടകർ പ്രഖ്യാപി ക്കുകയുണ്ടായി. 1993 ൽ ആണ് കിഴുവിലം സ്വാശ്രയ പഞ്ചായത്തായി അംഗീകരിച്ചത്. വികസന രംഗത്ത് ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിയ പഞ്ചായത്തെന്ന് പരക്കെ വിശേ ഷിപ്പിച്ചിട്ടുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്.

1952 ൽ 7 വാർഡുകളുണ്ടായിരുന്ന നമ്മുടെ പഞ്ചായത്ത് പിന്നീട് 9 ഉം 11 ഉം 1995 ൽ 12 ഉം ആയി വാർഡുകളുടെ എണ്ണം കൂടിയിരിക്കുകയാണ്. ഇതിന്റെ ഫലമായി കൂടുതൽ വികസന പ്രവർത്തനങ്ങൾ വികേ ന്ദ്രീകരിച്ച് നടപ്പിലാക്കുവാൻ നമുക്ക് കഴിഞ്ഞി ട്ടുണ്ട്. മൂന്ന് വനിതാ സംവരണ വാർഡുക ളും, ഒരു ഹരിജൻ വനിതാ സംവരണ വാർ ഡും, മറ്റൊരു ഹരിജൻ സംവരണ വാർഡും പഞ്ചായത്തിലിപ്പോൾ നിലവിലുണ്ട്.വനിതക ളേയും പിന്നോക്കവിഭാഗങ്ങളേയുംഭരണ സംവി ധാനത്തിന്റെ മുൻനിരയിൽ എത്തിക്കുവാൻ ഇതുമൂലം കഴിഞ്ഞിരിക്കുന്നു.


ഉപസംഹരിക്കും മുമ്പ്

വിദ്യാഭ്യാസം സാർവ്വത്രികമായത തോടെ കായികാദ്ധ്വാനം കൂടുതൽ വേണ്ടിവ രുന്ന കൃഷി പരമ്പരാഗത കുടിൽ വ്യവസായ മേഖലകളിൽ പണിയെടുക്കുവാൻ ജനങ്ങ ൾക്ക് താല്പര്യമില്ലാതായി. വിദൂര പൂർവ്വദേ ശങ്ങളിലേക്കുള്ള കവാടങ്ങൾ തുറക്കപ്പെട്ടതും , സർക്കാർ ഉദ്യോഗങ്ങൾക്ക് കൂടുതൽ മാന്യത കല്പിക്കപ്പെട്ടതും പാരമ്പര്യതൊഴിലുകൾ കൈവിടുവാൻ പ്രധാനകാരണമായി.വരുമാന വർദ്ധനവിനും സാമ്പത്തിക നേട്ടത്തിനും വേണ്ടിയുള്ള തൊഴിലുകൾക്ക് വേണ്ടി പരക്കം പാഞ്ഞുതുടങ്ങി. റബർ പോലുള്ള നാണ്യവി ളകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള കൃഷിസമ്പ്രദായങ്ങൾ തുടങ്ങി. ആഗോള വത് കരണത്തിന്റെയും തുറന്ന കമ്പോളത്തി ന്റെയും വരവോടെ നാടൻ കൃഷികൾ ഒരു സംസ്കാരമായികൊണ്ടു നടന്ന (അഗ്രി-കൾ ച്ചർ) നാട്ടുകാർ അതുപേക്ഷിച്ച് അല്ലെങ്കിൽ അവഗണിച്ച് കൃഷിയെ ഒരു ബിസിനസ് ആയി കാണുവാനിടയായി. (അഗ്രി-ബിസിനസ്സ്). ലാഭനഷ്ടങ്ങളുടെ കണക്കുകൂട്ടി ലാഭത്തിന്റെ കള്ളി പെരുപ്പിച്ച് വയലേലകൾ നികഴ്ത്ത പ്പെട്ടു. അലസതമൂലം കര കൃഷിയിലും പിന്നോട്ട് പോയി. തെങ്ങും, കശുവണ്ടിയും അവഗണനയുടെ, നാശത്തിന്റെ വക്കിലാണ്. ഗൾഫ് പണത്തിന്റെ ഒഴുക്ക് ഉപഭോഗ സംസ് കാരം എന്നിവ പുതിയ ജീവിത രീതികൾക്ക് അടിസ്ഥാനമിട്ടു.നവഗൃഹനിർമ്മാണ രീതി നമ്മുടെ കാലാവസ്ഥക്കൊ, ഭൂപ്രകൃതിക്കോ ചേർന്നതല്ല എന്ന് നമുക്ക് ഇനിയും മനസ്സി ലായിട്ടില്ല. ഒരു വാസസ്ഥലം എന്നതിലുപരി സമൂഹത്തിൽ മാന്യതയുടെ പരിച്ഛേദമായി മണിമാളികകൾ മാറിയിരിക്കുന്നു. അതിന്ന കത്തെ അലങ്കാരങ്ങളാകട്ടെ ഒരു പുതിയ സംസ്കാരത്തിന്റെ ദൈന്യത പേറിയ ചൂണ്ടു പലകയായി നിൽക്കുന്നു. നമ്മളറിയാതെ നമ്മൾ നവീനവൽക്കരിക്കപ്പെടുകയാണ്. ചട്ടപ്പടി വികസന മാതൃകകളിൽ തൃപ്തി അടയുന്ന സമൂഹമാണ് നമുക്കുചുറ്റുമുള്ളത്.

ഇടക്കാലത്തായി കാണുന്ന സ്ഥിതി ഇതാണെങ്കിലും നമുക്ക് കൂട്ടായ്മയുടെ സമ്പന്നമായ ഒരു പഴയ കാലമുണ്ട്. കൈ ക്കോട്ടും തൊപ്പിക്കുടയുമായി വയലേലകളിൽ ഒരേതുവൽ പക്ഷികളെ പോലെ കാർഷിക വൃത്തി നടത്തിയ, നാടൻ മുണ്ടും തോർത്തും ധരിച്ച പുരുഷൻമാരും, പുളിയിലക്കര പുടവ ധരിച്ച സ്ത്രീകളും ആഘോഷവേളകളിൽ പങ്കെടുത്ത, ഹർഷോന്മാദത്തോടെ പൊയ് പ്പോയ കാലം. നാലുകെട്ടുകളും, പടിപ്പുരകളും തലയുയർത്തി നിൽക്കുന്നത് ഇന്നും ഗൃഹാ തുരത്വത്തിന്റെ നാടൻപാട്ടായി നമുക്ക് ഓർ മ്മവരുന്നു. മെതിയടികളും നഗ്നപാദങ്ങളും ചരിത്രത്തിന്റെ ഏടുകളിലേയ്ക്ക് നടന്നുകയ

റിയ പാതകൾ നമുക്ക് ഇന്നും സുപരിചിതങ്ങളെ പോലെ അനുഭവപ്പെടുന്നു. അദ്ധ്വാനമാണ് ആഹ്ളാദം എന്ന ഗ്രാമീണ ജനതയുടെ നാട്ടറിവ് നമുക്ക് ഏറ്റുപാടേണ്ടിയിരിക്കുന്നു. ഹാഫ്ളാരിയും കഴിഞ്ഞ് ഉത്തരേന്ത്യൻ ചുരുദാറിലെത്തിനിൽക്കുന്ന നമ്മുടെ പെൺകുട്ടികളുടെ വസ്ത്രധാരണവും റെഡിമെയ്ഡ് ജീൻസുകളിൽ ആകൃഷ്ടരായിരിക്കുന്ന നമ്മുടെ ആൺകുട്ടികളും എല്ലാം കാലത്തിന്റെ നവീനഘട്ടങ്ങളുടെ അലങ്കാരങ്ങൾ ധരിച്ചിരിക്കുന്നവരാണ്. കേരളത്തിൽ കാണുന്ന പൊതു പ്രവണതയായ ഫാഷൻ ഭാവങ്ങൾ ഇവർ ഉൾകൊണ്ടിരിക്കുന്നു എന്നുമാത്രം. നമ്മുടെ അദ്ധ്വാനത്തിന്റെ, ആഘോഷത്തിന്റെ, സമത്വത്തിന്റെ,സൗഹാർദ്ദത്തിന്റ ചരിത്രം നമ്മെ ആവേശഭരിതരാക്കുന്നു.

മനസിലും മണ്ണിലും മാറ്റത്തിന്റെ ശംഖുനാദത്തിനായി കാതോർക്കുകയാണ് ഈ കൊച്ചു ഗ്രാമം. വാർഡ് സായിപ്പിന്റെ കണ്ടെത്തലുകളിൽ നിന്ന് എത്രയോ മാറിപ്പോയ ഈ ഗ്രാമം അതിന്റെ തനതു സൗഭാഗ്യങ്ങൾ തിരികെ കൊണ്ടുവരുവാൻ കൊതിക്കുകയാണ്. ചരിത്രം താണ്ടി വർത്തമാനത്തിൽ എത്തി നിൽക്കുന്ന നാം ഭാവിയെക്കുറിച്ചുള്ള ശുഭാപ്തി വിശ്വാസങ്ങളുമായി വികസന പാതയിലൂടെ ആദ്യചുവട് വയ്ക്കുന്നു.



അഖിലലോക പ്രശസ്തനും മലയാള ചലചിത്രവേദിയിലെ നിത്യഹരിത നായകനുമായ പത്മഭൂഷൻ പ്രേംനസീർ ഈ ഗ്രാമത്തിന്റെ പതമില്ലാത്ത മണ്ണിൽ ചുവടുവച്ച് പഠിച്ച ആളാണെന്ന് ഓർക്കട്ടെ. അദ്ദേഹം ചെയ്ത നിരവധി സാമൂഹ്യ പ്രവർത്തനങ്ങൾ ഈ ഗ്രാമത്തോടുള്ള പ്രതിബദ്ധത എടുത്തു കാട്ടുന്നു. നാടക പ്രതിഭയായ പ്രൊ : ജി. ശങ്കരപ്പിള്ളയുടെ പല തനതു സൃഷ്ടികളുടെയും അടിവേരുകൾ നമ്മുടെ ഗ്രാമത്തിന്റെ നാടൻ സംസ്കാരത്തിലാണ് ചെന്ന് നിൽക്കുന്നത് എന്ന വസ്തുത നമുക്കഭിമാനത്തിന് വകനൽകുന്നു. സിനിമാ സാഹിത്യരംഗങ്ങളിൽ തങ്ങളുടെ അനുഗ്രഹകലാനൈപുണ്യം സംഭാവന ചെയ്ത യശശരീരനായ പ്രേം നവാസ് പ്രശസ്ത ആർട്ടിസ്റ്റായ ചിറയിൻകീഴ് ശ്രീകണ്ഠൻ നായർ എന്നിവരും നമ്മുടെ കൊച്ചു ഗ്രാമത്തിന്റെ സൃഷ്ടികളാണ്.

അരനൂറ്റാണ്ടിന് ഇപ്പുറമുള്ള കാലയളവിൽ വിദ്യാഭ്യാസം സാർവ്വത്രികവും, സർവ്വ സാധാരണവുമായി തീർന്നു. ശ്രീനാരായണ ഗുരു സ്വാമിയുടെ പ്രബോധനങ്ങളും, കുമാരനാശാന്റെ കവിതകളും പിന്നോക്കക്കാർക്ക് നവോൻമേഷവും അഭ്യുന്നതിയും നൽകി. കുടിപ്പള്ളിക്കൂടങ്ങൾ പലതും സർക്കാർ ഏറ്റെടുത്ത് അപ് ഗ്രേഡ് ചെയ്തു. കിടാരക്കുഴി അഹമ്മദ് പിള്ള ലബ്ബ സ്ഥാപിച്ച കൊടിക്കകത്തു മുസ്ലിം സ്കൂൾ ആണ് ഇന്ന് തലയുയർത്തി നിൽക്കുന്ന പ്രേം നസീർ മെമ്മോറിയൽ ഗവ:ഹൈസ് സ്കൂൾ. വയോജന വിദ്യാഭ്യാസ രംഗത്തും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഉണ്ടായി. കുലത്തൊഴിലുകളിലും പരമ്പരാഗത തൊഴിലുകളിലും ഏർപ്പെട്ടിരുന്ന നാട്ടുകാർ അവരുടെ സന്തതികളെ വിദ്യാഭ്യാസം ചെയ്യിക്കുവാനും അതിലൂടെ സർക്കാർ ഉദ്യോഗങ്ങൾ കരസ്ഥമാക്കാനും പ്രേരിപ്പിച്ചു.

പരമ്പരാഗത കൃഷി സമ്പ്രദായങ്ങൾക്ക് ക്രമേണ മാറ്റം വന്നു. ജൈവവളങ്ങൾക്ക് പകരം രാസവളങ്ങളും, കീടനാശിനികളും ഉപയോഗിച്ചുതുടങ്ങി. അത്യുല്പാദന ശേഷിയുള്ള സങ്കരയിനംവിത്തുകൾ ഉപയോഗിച്ചുള്ള കൃഷിരീതികൾ വന്നു. അതോടെ കാർഷിക മേഖലയിൽ ഒരു കുതിച്ചുകയറ്റം ഉണ്ടായി.

കാലക്രമേണ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെട്ടു തുടങ്ങി. നടവഴികൾ ഇടവഴികളു, തുടർന്ന് പെരുവഴികളുമായി. മെറ്റലുകളിട്ടു വാഹനങ്ങൾക്ക് പോകാവുന്ന മട്ടിലായി. കാളവണ്ടികൾക്കൊപ്പം ലോറികളും, ബസ്സുകളും ഓടിത്തുടങ്ങി. ആറുകളിൽ നടപ്പാലങ്ങൾ ഉണ്ടായി. നാടിന്റെ മുഖഛായ മാറ്റികൊണ്ട് നാഷണൽ എക്സ്റ്റൻഷൻ ആഫീസ്, പഞ്ചായത്താഫീസ്, ചാവടിക്കുപകരം വില്ലേജാഫീസുകൾ തുടങ്ങിയ സ്ഥാപനങ്ങൾ ഉണ്ടായി. കാട്ടുമുറാക്കൽ പാലം, ബ്ളോക്കാഫീസ്, പബ്ളിക് മാർക്കറ്റ് എന്നിവയ്ക്കെല്ലാം .സ്ഥലം വിട്ടു കൊടുത്തത് കിഴുവിലം പഞ്ചായത്ത് മെമ്പർ ആയിരുന്ന യശശ്ശരീരനായ കൊടിക്കകം ഇബ്രാഹിം വക്കീലായിരുന്നു എന്നുള്ളത് പ്രത്യേകം സ്മരിക്കുന്നു.

1952- ലാണ് ആദ്യ പഞ്ചായത്തു കമ്മിറ്റി നിലവിൽ വരുന്നത്. ആദ്യപ്രസിഡന്റ് യശശ്ശരീരനായ ശ്രീ. ഗോപാലൻ ശാസ്ത്രികളായിരുന്നു. 16 വർഷക്കാലം ഇദ്ദേഹം പ്രസിഡന്റായി സേവനം അനുഷ്ടിച്ചു. 1972 മുതൽ 86 വരെ ശ്രീ. എസ്. വാസുദേവൻ പ്രസിഡന്റ് സ്ഥാനം അലങ്കരിച്ചു. അതിനുശേഷം ഇപ്പോഴത്തെ പ്രസിഡന്റായ ജി. വേണുഗോപാലൻ നായർ പ്രസിഡന്റായി തുടർച്ചയായി രണ്ടാം തവണയും തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. 1989- മുതൽ ഡച്ചു-ഡാനീഷ് ഗവ:കളുടെ സാമ്പത്തിക സഹായത്തോടുകൂടി ആരംഭിച്ച സോഷ്യോഎക്കണോമിക് യൂണിറ്റിന്റെ പ്രവർത്തനം ശുദ്ധജലവിതരണത്തിലും ശുചിത്വത്തിലും പഞ്ചായത്തിനെ ഏറെ മുന്നോക്കം കൊണ്ടുവന്നു. ഈ രംഗത്ത് കിഴുവിലം പഞ്ചായത്ത് ഒരു മികച്ച മാതൃക

കിഴുവിലം പഞ്ചായത്ത് ഒരു മികച്ച മാതൃക യാണെന്ന് അതിന്റെ സംഘാടകർ പ്രഖ്യാപി ക്കുകയുണ്ടായി. 1993 ൽ ആണ് കിഴുവിലം സ്വാശ്രയ പഞ്ചായത്തായി അംഗീകരിച്ചത്. വികസന രംഗത്ത് ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിയ പഞ്ചായത്തെന്ന് പരക്കെ വിശേ ഷിപ്പിച്ചിട്ടുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്.

1952 ൽ 7 വാർഡുകളുണ്ടായിരുന്ന നമ്മുടെ പഞ്ചായത്ത് പിന്നീട് 9 ഉം 11 ഉം 1995 ൽ 12 ഉം ആയി വാർഡുകളുടെ എണ്ണം കൂടിയിരിക്കുകയാണ്. ഇതിന്റെ ഫലമായി കൂടുതൽ വികസന പ്രവർത്തനങ്ങൾ വികേ ന്ദ്രീകരിച്ച് നടപ്പിലാക്കുവാൻ നമുക്ക് കഴിഞ്ഞി ട്ടുണ്ട്. മൂന്ന് വനിതാ സംവരണ വാർഡുക ളും, ഒരു ഹരിജൻ വനിതാ സംവരണ വാർ ഡും, മറ്റൊരു ഹരിജൻ സംവരണ വാർഡും പഞ്ചായത്തിലിപ്പോൾ നിലവിലുണ്ട്.വനിതക ളേയും പിന്നോക്കവിഭാഗങ്ങളേയുംഭരണ സംവി ധാനത്തിന്റെ മുൻനിരയിൽ എത്തിക്കുവാൻ ഇതുമൂലം കഴിഞ്ഞിരിക്കുന്നു.


ഉപസംഹരിക്കും മുമ്പ്

വിദ്യാഭ്യാസം സാർവ്വത്രികമായത തോടെ കായികാദ്ധ്വാനം കൂടുതൽ വേണ്ടിവ രുന്ന കൃഷി പരമ്പരാഗത കുടിൽ വ്യവസായ മേഖലകളിൽ പണിയെടുക്കുവാൻ ജനങ്ങ ൾക്ക് താല്പര്യമില്ലാതായി. വിദൂര പൂർവ്വദേ ശങ്ങളിലേക്കുള്ള കവാടങ്ങൾ തുറക്കപ്പെട്ടതും , സർക്കാർ ഉദ്യോഗങ്ങൾക്ക് കൂടുതൽ മാന്യത കല്പിക്കപ്പെട്ടതും പാരമ്പര്യതൊഴിലുകൾ കൈവിടുവാൻ പ്രധാനകാരണമായി.വരുമാന വർദ്ധനവിനും സാമ്പത്തിക നേട്ടത്തിനും വേണ്ടിയുള്ള തൊഴിലുകൾക്ക് വേണ്ടി പരക്കം പാഞ്ഞുതുടങ്ങി. റബർ പോലുള്ള നാണ്യവി ളകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള കൃഷിസമ്പ്രദായങ്ങൾ തുടങ്ങി. ആഗോള വത് കരണത്തിന്റെയും തുറന്ന കമ്പോളത്തി ന്റെയും വരവോടെ നാടൻ കൃഷികൾ ഒരു സംസ്കാരമായികൊണ്ടു നടന്ന (അഗ്രി-കൾ ച്ചർ) നാട്ടുകാർ അതുപേക്ഷിച്ച് അല്ലെങ്കിൽ അവഗണിച്ച് കൃഷിയെ ഒരു ബിസിനസ് ആയി കാണുവാനിടയായി. (അഗ്രി-ബിസിനസ്സ്). ലാഭനഷ്ടങ്ങളുടെ കണക്കുകൂട്ടി ലാഭത്തിന്റെ കള്ളി പെരുപ്പിച്ച് വയലേലകൾ നികഴ്ത്ത പ്പെട്ടു. അലസതമൂലം കര കൃഷിയിലും പിന്നോട്ട് പോയി. തെങ്ങും, കശുവണ്ടിയും അവഗണനയൂടെ, നാശത്തിന്റെ വക്കിലാണ്. ഗൾഫ് പണത്തിന്റെ ഒഴുക്ക് ഉപഭോഗ സംസ് കാരം എന്നിവ പുതിയ ജീവിത രീതികൾക്ക് അടിസ്ഥാനമിട്ടു.നവഗൃഹനിർമ്മാണ രീതി നമ്മുടെ കാലാവസ്ഥക്കൊ, ഭൂപ്രകൃതിക്കോ ചേർന്നതല്ല എന്ന് നമുക്ക് ഇനിയും മനസ്സി ലായിട്ടില്ല. ഒരു വാസസ്ഥലം എന്നതിലുപരി സമൂഹത്തിൽ മാന്യതയുടെ പരിച്ഛേദമായി മണിമാളികകൾ മാറിയിരിക്കുന്നു. അതിന്ന കത്തെ അലങ്കാരങ്ങളാകട്ടെ ഒരു പുതിയ സംസ്കാരത്തിന്റെ ദൈന്യത പേറിയ ചൂണ്ടു പലകയായി നിൽക്കുന്നു. നമ്മളറിയാതെ നമ്മൾ നവീനവൽക്കരിക്കപ്പെടുകയാണ്. ചട്ടപ്പടി വികസന മാതൃകകളിൽ തൃപ്തി ആടയുന്ന സമൂഹമാണ് നമുക്കുചുറ്റുമുള്ളത്.

ഇടക്കാലത്തായി കാണുന്ന സ്ഥിതി ഇതാണെങ്കിലും നമുക്ക് കൂട്ടായ്മയുടെ സമ്പന്നമായ ഒരു പഴയ കാലമുണ്ട്. കൈ ക്കോട്ടും തൊപ്പിക്കുടയുമായി വയലേലകളിൽ ഒരേതുവൽ പക്ഷികളെ പോലെ കാർഷിക വൃത്തി നടത്തിയ, നാടൻ മുണ്ടും തോർത്തും ധരിച്ച പുരുഷൻമാരും, പുളിയിലക്കര പുടവ ധരിച്ച സ്ത്രീകളും ആഘോഷവേളകളിൽ പങ്കെടുത്ത, ഹർഷോന്മാദത്തോടെ പൊയ് പ്പോയ കാലം. നാലുകെട്ടുകളും, പടിപ്പുരകളും തലയുയർത്തി നിൽക്കുന്നത് ഇന്നും ഗൃഹാ തുരത്വത്തിന്റെ നാടൻപാട്ടായി നമുക്ക് ഓർ മ്മവരുന്നു. മെതിയടികളും നഗ്നപാദങ്ങളും ചരിത്രത്തിന്റെ ഏടുകളിലേയ്ക്ക് നടന്നുകയ

റിയ പാതകൾ നമുക്ക് ഇന്നും സുപരിചിതങ്ങളെ പോലെ അനുഭവപ്പെടുന്നു. അദ്ധ്വാനമാണ് ആഹ്ളാദം എന്ന ഗ്രാമീണ ജനതയുടെ നാട്ടറിവ് നമുക്ക് ഏറ്റുപാടേണ്ടിയിരിക്കുന്നു. ഹാഫ്ളാരിയും കഴിഞ്ഞ് ഉത്തരേന്ത്യൻ ചുരുദാറിലെത്തിനിൽക്കുന്ന നമ്മുടെ പെൺകുട്ടികളുടെ വസ്ത്രധാരണവും റെഡിമെയ്ഡ് ജീൻസുകളിൽ ആകൃഷ്ടരായിരിക്കുന്ന നമ്മുടെ ആൺകുട്ടികളും എല്ലാം കാലത്തിന്റെ നവീനഘട്ടങ്ങളുടെ അലങ്കാരങ്ങൾ ധരിച്ചിരിക്കുന്നവരാണ്. കേരളത്തിൽ കാണുന്ന പൊതു പ്രവണതയായ ഫാഷൻ ഭാവങ്ങൾ ഇവർ ഉൾകൊണ്ടിരിക്കുന്നു എന്നുമാത്രം. നമ്മുടെ അദ്ധ്വാനത്തിന്റെ, ആഘോഷത്തിന്റെ, സമത്വത്തിന്റെ,സൗഹാർദ്ദത്തിന്റ ചരിത്രം നമ്മെ ആവേശഭരിതരാക്കുന്നു.

മനസിലും മണ്ണിലും മാറ്റത്തിന്റെ ശംഖുനാദത്തിനായി കാതോർക്കുകയാണ് ഈ കൊച്ചു ഗ്രാമം. വാർഡ് സായിപ്പിന്റെ കണ്ടെത്തലുകളിൽ നിന്ന് എത്രയോ മാറിപ്പോയ ഈ ഗ്രാമം അതിന്റെ തനതു സൗഭാഗ്യങ്ങൾ തിരികെ കൊണ്ടുവരുവാൻ കൊതിക്കുകയാണ്. ചരിത്രം താണ്ടി വർത്തമാനത്തിൽ എത്തി നിൽക്കുന്ന നാം ഭാവിയെക്കുറിച്ചുള്ള ശുഭാപ്തി വിശ്വാസങ്ങളുമായി വികസന പാതയിലൂടെ ആദ്യചുവട് വയ്ക്കുന്നു.



ഭൂപ്രകൃതിയും വിഭവങ്ങളും

കിഴക്ക് കുന്നുകളും, താഴ്വരകളും, മദ്ധ്യഭാഗത്ത് സമതലവും പടിഞ്ഞാറ് ഭാഗത്ത് ഇടകലർന്ന ഭൂപ്രകൃതിയുമാണ് നമ്മുടെ പഞ്ചായത്തിന്, ചരുവ് പ്രദേശങ്ങളും താഴ്ന്ന പ്രദേശങ്ങളും പഞ്ചായത്തിലൊട്ടാകെ ദൃശ്യമാണ്. കിഴക്ക് കുന്നുകളിൽ നിന്ന് താഴ്ന്നു വരുന്ന ഭൂമി പടിഞ്ഞാറ് പഞ്ചായത്ത് അതിർത്തിയിലെത്തുമ്പോൾ സമുദ്രനിരപ്പിൽ നിന്ന് അല്പമാത്രമായ ഉയരത്തിലാണ്.

1. ഉയർന്ന പ്രദേശങ്ങൾ

ഉയർന്ന പ്രദേശങ്ങളുടെ പട്ടികയിൽ വരുന്നത് അണ്ടൂർ, നൈനാംകോണം മേഖലയാണ്. പഞ്ചായത്തിലെ ഏറ്റവും ഉയർന്ന സ്ഥലങ്ങളെന്നും കണക്കാക്കുന്നത് 11-ാം വാർഡിലെ പാലമലയും 8-ാം വാർഡിലെ വാട്ടർടാങ്ക് മേഖലയുമാണ്. മൊത്തം വിസ്തൃതിയുടെ 20% വരും ഉയർന്ന പ്രദേശങ്ങൾ. ഈ പ്രദേശങ്ങളിൽ റബ്ബർ, പറിങ്കുമാവ്, മരച്ചീനി, എന്നിവ കൃഷിചെയ്യുന്നുണ്ട്. ജലലഭ്യത വളരെ കുറവാണ്.

2. ചരിവ് പ്രദേശങ്ങൾ

ചരിവ് പ്രദേശങ്ങൾ പഞ്ചായത്തിലെ മിക്കവാർഡുകളിലും കാണപ്പെടുന്ന പമ്മം കോട്,പുത്തൻവിള, അരികത്തുവാർ, കാട്ടുംമ്പുറം തുടങ്ങിയ മേഖലകളിൽ രണ്ട് വശങ്ങളിലേക്കും ചരിവ് കാണപ്പെടുന്നുണ്ട്. ചരിവ് പ്രദേശങ്ങളിൽ റബ്ബർ, പറിങ്കുമാവ്, മരച്ചീനി എന്നിവ കൃഷിചെയ്യുന്നുണ്ട്.ഇവിടങ്ങളിൽ നീരുറവകൾ കുറവാണ്. ജലലഭ്യതയും കുറവുതന്നെ. അതുകൊണ്ട് മഴയെ മാത്രം ആശ്രയിച്ചാണ് കൃഷി നടക്കുന്നത്. ചരിഞ്ഞ പ്രദേശങ്ങളിൽ വെള്ളം ഒഴുകിപ്പോകുവാൻ നിയതമായ സംവിധാനങ്ങൾ ഇല്ല എന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ഏതാണ്ട് 20% വരും ഈ ഭൂവിഭാഗം.

3. താഴ്വരകൾ

അണ്ടൂർ ഏല, ചിയാവൂർകോണം തുടങ്ങിയ സ്ഥലങ്ങളാണ് താഴ്വരയായി പട്ടികപ്പെടുത്താവുന്നത്. രണ്ട് വശവും കുന്നുകളാൽ ചുറ്റപ്പെട്ട പ്രദേശങ്ങളാണ് ഇവ. എറ്റവും പ്രധാനപ്പെട്ട സവിശേഷത കൃഷിക്ക് പറ്റിയ മേഖലയാണ് എന്നതാണ്. മാത്രമല്ല താഴ്വരകളിൽ നീരുറവകൾ ഉണ്ട് എന്നത് മറ്റൊരു വസ്തുതയാണ്. താഴ്വര പ്രദേശങ്ങളിൽ ആവാസം കുറവാണ്. അണ്ടൂർ ഏലാക്ക് തെക്ക് കിഴക്കായി നീർമറി പ്രദേശവും ഉണ്ട്. പഞ്ചായത്തിന്റെ 10 %വരുന്ന പ്രദേശങ്ങളാണ് താഴ്വര പ്രദേശങ്ങൾ എന്ന് പറയാവുന്നവ

4. സമതലങ്ങൾ

പഞ്ചായത്തിന്റെ വിസ്തൃതിയിൽ 50%വരുന്നത് സമതലങ്ങളാണ്. 8-ാം വാർഡിൽ നിന്നാരംഭിച്ച് 3-ാം വാർഡിൽ അവസാനിക്കുന്ന നീളമേറിയ ഭൂവിഭാഗമാണ് ഇത്. നെല്ലും തെങ്ങുമാണ് ഈ പ്രദേശത്തെ പ്രധാന വിളകൾ. സമതല പ്രദേശത്ത് ചെളിമണ്ണും, മണൽകലർന്ന മണ്ണും കാണപ്പെടുന്നു.ജലലഭ്യത ഫെബ്രുവരി മുതൽ മേയ് വരെ പൊതുവെ കുറവാണ്. എന്നാൽ പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശത്ത് സ്ഥിതി വിഭിന്നമാണ്. 1,2,3 വാർഡുകൾ വെള്ളപ്പൊക്കം അനുഭവപ്പെടുന്നവയാണ്. സമതലങ്ങളിലെ ഭൂപ്രകൃതിക്ക് മാറ്റം വരുത്തികൊണ്ടിരിക്കുന്ന സ്ഥിതിയാണുള്ളത്. വയലുകൾ നികത്തുന്ന രീതിതന്നെ ഉദാഹരണം.

5. മണ്ണ്

ചരൽ മണ്ണ്, ചെമ്മണ്ണ്, ചെങ്കല്ല്, ചെളിമണ്ണ് തുടങ്ങിയ ഇനം മൺ തരങ്ങളാണ് പഞ്ചായത്തിൽ ഇടവിട്ട് കാണുന്നത്. ചരിവുകളിൽ ചരൽ മണ്ണും , സമതലങ്ങളിൽ ചെളിമണ്ണും കാണപ്പെടുന്നു. മണൽകലർന്ന മണ്ണും ചിലയിടങ്ങളിൽ കാണപ്പെടുന്നുണ്ട്. ഏറ്റവും വളക്കൂറുള്ള മണ്ണ് കാണപ്പെടുന്നത് സമതലപ്രദേശങ്ങളിലാണ്.

6. ജലലഭ്യത

മഴയെ ആശ്രയിച്ചാണ് മിക്കവാറും എല്ലാ കൃഷികളും ചെയ്യുന്നത്. സമതലങ്ങളിലും താഴ്വരകളിലും നീരുറവകൾ കാണപ്പെടുന്നുണ്ട്. കുന്നിൻ പ്രദേശങ്ങൾ, ചരിവ് പ്രദേശങ്ങൾ എന്നിവിടങ്ങളിൽ വർഷത്തിൽ ആറ് മാസവും ജലക്ഷാമം രൂക്ഷമാണ്. സമതലങ്ങളിൽ ഇത് നാലുമാസമായി ചുരുങ്ങുന്നു. മാമം ആറ് ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂടി കടന്നുപോകുന്നുണ്ട്. ചിലയിടങ്ങലിൽ കൈവഴികൾ മാമം ആറിൽ വന്നുചേരുന്നു. ഈ ആറിൽ നിന്നും കൃഷിക്കാവശ്യമായ ജലംലഭിക്കുന്നു. മണലൂറ്റ് ജലവിതാനം താഴ്ത്തുന്നുണ്ട്. കവണശേരി, ചങ്കാണം, ആട്ടറകോണം തുടങ്ങിയ അണകൾ മാമം ആറിൽ വളരെ മുമ്പേ തീർത്തിട്ടുണ്ട്. പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും കുളങ്ങൾ ഉണ്ട്. എന്നാൽ വേനൽക്കാലത്ത് പലതും വറ്റുന്ന സ്ഥിതിയാണുള്ളത്. പഞ്ചായത്തിലെ ഭൂഗർഭ ജലവിതാനം താഴ്ന്നുകൊണ്ടിരിക്കുന്നതായി നിരീക്ഷിക്കപ്പെടുന്നു.

7. ജൈവശേഖരം

വ്യത്യസ്തങ്ങളായ ജൈവസമ്പത്ത് കൊണ്ട് സമ്പന്നമാണ് ഈ പഞ്ചായത്ത്. കുന്നുകളിൽ വിവിധ വൃക്ഷങ്ങൾ തിങ്ങിവളരുന്നുണ്ട്. പറങ്കിമാവ്, റബ്ബറിന് വഴിമാറികൊടുക്കുന്ന സ്ഥിതിയാണുള്ളത്. പുരാതനകാലം മുതൽ കാവുകൾ കൊണ്ട് സമ്പന്നമാണ് ഈ പ്രദേശം അവയിൽ ചിലതെല്ലാം ഇന്ന് ശേഷിക്കുന്നുണ്ട്. ഈ കാവുകൾ നിലനിർത്തേണ്ടത് അനിവാര്യമാണ്. കാടുകളിൽ മാത്രം വളരുന്ന ചിലകുറ്റിചെടികൾ കാവുകളോടനുബന്ധിച്ച് വളരുന്നുണ്ട്. വീര്യമേറിയ പല പച്ച മരുന്നുകളും ചിലസ്ഥലങ്ങളിൽ അവഷേഷിക്കുന്നുണ്ട്. അവയെ വേർതിരിക്കാനൊ , സംരക്ഷിക്കാനോ യാതൊരു തരത്തിലുള്ള പ്രവർത്തനവും നടക്കുന്നില്ല.

8. പരിസ്ഥിതി രംഗം

പരിസ്ഥിതിക്ക് ഭീഷണിയാകുന്ന ഒട്ടനവധി സംഗതികൾ നമ്മുടെ പ്രദേശത്തുണ്ട്. പാടങ്ങൾ നികത്തുന്നതുവഴി ഭൂപ്രകൃതി ആകെ തകിടം മറിയുകയാണ്. സമതല പ്രദേശങ്ങളിൽ നെല്ല് നല്ലരീതിയിൽ വിളയിച്ചിരുന്നുവെങ്കിൽ ഇന്ന് ആ വിള പ്രതിസന്ധിയെ അഭിമുഖീകുകയാണ്. പാടം നികത്തുന്നത് വരൾച്ചക്കും, വെള്ളപ്പൊക്കത്തിനും കാരണമാകുന്നു.നമ്മുടെ പ്രധാനവിളകളായിരുന്ന നാളീകേരവും, കശുവണ്ടിയും നമുക്കന്യമാകുന്നു.

പഠന പര്യടന റിപ്പോർട്ട് - 28-11-96 8 AM to 4PM
പാലമല (11-ാം വാർഡ്) to വൈദ്യന്റെ മുക്ക് (3-ാംവാർഡ്)



സമതലം	സമതലം	ഉയർന്ന പ്രദേശം	സമതലം	സമതലം	അല്പം ഉയർന്ന പ്രദേശം	നിരപ്പായ ഭൂമി
മണൽ കലർന്ന ചെമ്മണ്ണ്	ചെളിമണ്ണ്	ചെങ്കല്ല്	മണൽ	മണൽ	ചരൽ കലർന്ന ചെമ്മണ്ണ്	ചരൽ മണ്ണ്
തെങ്ങ് നെല്ല് വാഴ	നെല്ല് കരകളിൽ തെങ്ങ്	തെങ്ങ്	തെങ്ങ് നെല്ല്	തെങ്ങ് നെല്ല്	തെങ്ങ്	തെങ്ങ്
തോടുകൾ ഉണ്ട്	തോടുകൾ ഉണ്ട്	ജലലഭ്യത ഉണ്ട് മാമം ആറ്	ജലലഭ്യത ഉണ്ട്	ഓര് ആണ് ജലലഭ്യത ഉണ്ട്	ജലലഭ്യത കുറവാണ്	ജലലഭ്യതകുറവാണ്
ഇരു കരകളിലും കുടുതലാണ്	കുറവാണ്	കുടുത ലാണ്	കുടുത ലാണ്	കുടുത ലാണ്	കുടുത ലാണ്	കുടുതലാണ്
ഏലാനിക ത്തൽ	ഏലാനിക ത്തൽ	മണ്ണിടി ച്ചിൽ	വെള്ള പ്പൊക്കം	വെള്ള പ്പൊക്കം		

ജനപ്രകൃതി

1991 ലെ സെൻസസ്കണക്കുകൾ പ്രകാരം കിഴുവിലം പഞ്ചായത്തിലെ ജനസംഖ്യ 29314 ആയിരുന്നു. അതിൽ പുരുഷൻമാർ 13661 ഉം സ്ത്രീകൾ 15653 മാണ്. പുരുഷൻമാരെ അപേക്ഷിച്ച് 1992 സ്ത്രീകൾ കൂടുതലാണ്. ആകെ വീടുകൾ 5737 ആയിരുന്നു ഉണ്ടായിരുന്നത്. ആതായത് വീടൊന്നിന് ശരാശരി 5.11 ആളുകൾ വീതമുണ്ട്. ആറുവയസിന് താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം 3975 ആണ്. അതിൽ ആൺകുട്ടികൾ 1998 ഉം, പെൺകുട്ടികൾ 1977 ഉം ആണ്. ആൺകുട്ടികളുടെ കാര്യത്തിൽ നേരിയ വർദ്ധനവുകാണുന്നത് ശ്രദ്ധേയമാണ്. പട്ടികജാതി ജനസംഖ്യ 5803 ആണ്. അതിൽ 2732 പുരുഷൻമാരും 3071 സ്ത്രീകളുമാണ്. ആകെ ജനങ്ങളിൽ 22465 പേർ സാക്ഷരരാണ്. ഇതിൽ 10955 പേർ പുരുഷൻമാരും 11510 പേർ സ്ത്രീകളുമാണ് 76.64 ആണ് സാക്ഷരതാ നിരക്ക്. അതിൽ പുരുഷ സാക്ഷരത 80.2ഉം, സ്ത്രീസാക്ഷരതാനിരക്ക് 73.5ഉം ആണ്. 1991 ലെ സെൻസസ് വിവരങ്ങൾ വാർഡുതലത്തിൽ പട്ടികയായി കൊടുത്തിരിക്കുന്നു. അന്ന് 11 വാർഡുകൾ മാത്രമെ പഞ്ചായത്തിനുണ്ടായിരുന്നുള്ളു.

വിദ്യാഭ്യാസ രംഗത്ത് സാമാന്യം മെച്ചപ്പെട്ട നിലയാണ് പഞ്ചായത്തിനുള്ളത്. ജനസംഖ്യയുടെ നല്ലൊരുപങ്കും വിദ്യാഭ്യാസം നേടുന്നുണ്ടെങ്കിലും പഠനനിലവാരത്തിൽ പിന്നോക്കമാണ്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയാണ് ഇവിടത്തെ സുപ്രധാനമായൊരു പ്രശ്നം. ആകെ ജനങ്ങളിൽ 19612 പേർ തൊഴിൽ രഹിതരാണ്. ഇതിൽ 7203 പുരുഷൻമാരും 12409 പേർ സ്ത്രീകളുമാണ്. ആകെ തൊഴിലില്ലായ്മ നിരക്ക് 67 ശതമാനവും, പുരുഷൻമാരുടേത് [illegible] ശതമാനവും സ്ത്രീകളുടേത് 79.28 ശതമാനവുമാണ്. സ്ത്രീകൾ നേരിടുന്നത് അതിരൂക്ഷമായ തൊഴിൽ രാഹിത്യമാണെന്ന് എടുത്തുപറയേണ്ടതുണ്ട്.

കാർഷികരംഗം ആദായകരമല്ലാതായതോടെ ജനങ്ങൾ മറ്റ് തൊഴിൽ വിഭാഗങ്ങളിലേക്ക് ചേക്കേറിയിരിക്കുന്നു. ഇതെതുടർന്ന് വർദ്ധിച്ച് വരുന്ന ഒരു വിഭാഗമാണ് നിർമ്മാണ തൊഴിലാളികൾ ഉപജീവനം തേടി ഗൾഫിലേക്ക് പോയവരുടെ എണ്ണവും നമ്മുടെ പഞ്ചായത്തിൽ വളരെ കൂടുതലാണ്. ഗൾഫ് രാജ്യങ്ങളിലുള്ളവരുടെ വാർഡുതിരിച്ചുള്ള പട്ടിക നൽകിയിട്ടുണ്ട്. ഗൾഫിൽ നിന്ന് മടങ്ങിയെത്തുന്നവരുടെ എണ്ണവും വർദ്ധിച്ചുവരുകയാണ്. ഇപ്പോഴുള്ള തൊഴിലില്ലായ്മയുടെ രൂക്ഷത അതോടെ ഒന്നുകൂടി വർദ്ധിക്കും. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനുന്നൽ നൽകികൊണ്ട് സ്വയംതൊഴിൽ സംരംഭങ്ങൾക്കുള്ള അവസരങ്ങൾ വർദ്ധിപ്പിച്ചും അദ്ധ്വാനത്തിന് മാന്യത കൽപിക്കപ്പെടുന്ന സംസ്കാരം വളർത്തിയെടുത്തും കൊണ്ടേ നമുക്കീ പ്രതിസന്ധിയെ മുറിച്ച് കടക്കാൻ കഴിയൂ.


ഗൾഫിലുള്ളവരുടെ എണ്ണം

വാർഡ്	എണ്ണം	വാർഡ്	എണ്ണം
1	84	7	184
2	65	8	100
3	145	9	92
4	195	10	110
5	69	11	135
6	99	12	53

ജനസംഖ്യാവിവരങ്ങൾ

(അവലംബം :1991 സെൻസസ്) വാർഡുകൾ 11 (1991)

വാർഡ്	വീടുകൾ	ആകെ ജനസംഖ്യ			ജനസംഖ്യ (6വയസ്സിനിടയിൽ)			പട്ടികജാതിക്കാർ			സാക്ഷരർ			തൊഴിൽ രഹിതർ		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	368	835	958	1793	100	119	219	71	70	141	706	714	1420	469	844	1313
2	421	1039	1230	2269	141	142	283	397	475	872	873	945	1818	523	1011	1534
3	442	1099	1266	2365	164	151	315	347	379	726	848	892	1740	568	1034	1602
4	473	1182	1392	2574	147	168	315	126	126	252	1004	1122	2126	657	1154	1811
5	778	1879	2202	4081	311	306	617	335	418	753	1402	1486	2888	1111	1903	3014
6	637	1486	1710	3196	230	235	465	29	30	59	1157	1140	2297	737	1186	1923
7	437	976	1119	2095	154	138	292	302	357	659	770	883	1653	471	768	1239
8	566	1274	1513	2787	218	220	438	174	202	376	982	1047	2029	684	1282	1966
9	701	1746	1859	3605	201	218	419	548	586	1134	1472	1451	2923	827	1382	2209
10	468	1064	1221	2285	153	132	285	235	263	498	861	907	1768	565	811	1376
11	446	1081	1183	2264	179	148	327	168	165	333	880	923	1803	591	1034	1425



കൃഷി, ജലസേചനം

കിഴുവിലം ഒരു പരമ്പരാഗത കാർഷിക ഗ്രാമമാണെന്ന് ചരിത്രരേഖകൾ പറയുന്നു. രാജഭരണകാലത്ത് കരമൊഴിവായി ഭൂമി ലഭിച്ചിരുന്ന ഉന്നത ജാതിക്കാരായ ഭൂവുടമകൾ തദ്ദേശവാസികളായ കർഷകർക്ക് പാട്ടത്തിനു നൽകിയാണ് കൃഷി നടത്തിയിരുന്നത്. അക്കാലത്ത് ഭൂവുടമകളും കർഷകരും തമ്മിൽ നല്ല ബന്ധമാണുണ്ടായിരുന്നത്. നെല്ല്, തെങ്ങ്, മരച്ചീനി മുതലായവയായിരുന്നു ഗ്രാമത്തിലെ പ്രധാന കാർഷിക വിളകൾ. ഇവ കൂടാതെ കിഴക്കൻ പ്രദേശങ്ങളിൽ കശുമാവ് , പയർ, ഉഴുന്ന്, വാഴ, എള്ള്, പച്ചക്കറികൾ കിഴങ്ങു വർഗ്ഗങ്ങൾ എന്നിവയും കൃഷി ചെയ്തിരുന്നു.

സ്വാതന്ത്ര്യ പ്രാപ്തിയോടടുത്ത കാല ഘട്ടങ്ങളിൽ വൻകിട ഭൂവുടമകളിൽ അധികം പേരും സാധാരണക്കാർക്ക് ഭൂമി വിൽക്കാനാരംഭിച്ചു. 1957 ൽ ഉണ്ടായ ഭൂപരിഷ്കരണ നിയമത്തിന്റെ ഫലമായി ഗ്രാമത്തിലെ കൃഷിയിടങ്ങളധികവും ചെറിയ തുണ്ടു ഭൂമികളായി മാറി. എഴുപതുകളിലുണ്ടായ നാളികേര വിലവർദ്ധനവ് നെൽപാടങ്ങൾ നികത്തി തെങ്ങു വച്ചു പിടിപ്പിക്കാൻ കർഷകരെ പ്രേരിപ്പിച്ചു. ഒരുപ്പു കൃഷി ചെയ്തിരുന്ന നെൽപ്പാടങ്ങൾ ഏറെയും തെങ്ങിൻ തോപ്പുകളായി മാറി. പാടം നികത്തി പാത നിർമ്മിക്കുന്ന പതിവും വ്യാപകമായി. കെട്ടിട നിർമ്മാണത്തിനു വേണ്ടിയും ധാരാളം നെല്പാടങ്ങൾ നികത്തപ്പെട്ടു. ഈ ഘട്ടത്തിൽ തന്നെ മരച്ചീനി കൃഷിയുടെ വ്യാപ്തിയും നന്നേ കുറഞ്ഞു. വിസ്തൃതി കുറഞ്ഞു വരുന്ന നെല്പാടങ്ങളും, രോഗബാധമൂലം പ്രതിസന്ധിയിലാണ്ടെ തെങ്ങു കൃഷിയും, കിഴക്കൻ മേഖലയിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന നാണ്യവിളയായ റബ്ബർ കൃഷിയും ഇടകലർന്നതാണ് ഗ്രാമത്തിന്റെ ഇന്നത്തെ കാർഷിക ചിത്രം.

കേരളത്തിലെ പതിമൂന്നു കാർഷിക മേഖലകളിൽ തെക്കൻ ഇടനാട് മേഖലയിലാണ് (സതേൺ മിഡ്‌ലാന്റ്) കിഴുവിലം സ്ഥിതി ചെയ്യുന്നത്. ഏകദേശം 1500 മി.മീ. മഴ വർഷം തോറും ലഭിക്കുന്നുണ്ട്. ഇടവപ്പാതി (ജൂൺ- ജൂലൈ) യിലാണ് മഴയുടെ ഭൂരിഭാഗവും ലഭിക്കുന്നത്. വേനൽക്കാലത്ത് ജല ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നുണ്ട്. ഗ്രാമത്തിന്റെ അധികഭാഗവും ചരിഞ്ഞ പ്രദേശങ്ങളാണ്. പൊതുവേ ഫലപുഷ്ടിയുള്ള മണ്ണാണിവിടെ കാണപ്പെടുന്നത്. ഉയർന്ന പ്രദേശങ്ങളിൽ ചരൽ കലർന്ന ചെമ്മണ്ണും, താഴ്ന്ന പ്രദേശങ്ങളിൽ പശിമരാശി മണ്ണ്, ചെമ്മണ്ണ്, മണൽ ചേർന്ന മണ്ണ്, കളിമണ്ണ് ഇവ ഇടകലർന്നും കാണപ്പെടുന്നു.

ഗ്രാമത്തിലെ 80 ശതമാനത്തിലധികം കുടുംബങ്ങളും കർഷക കുടുംബങ്ങൾ ആണെ

ങ്കിലും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമി യുള്ള ചെറുകിട കർഷകരാണ് ബഹുഭൂരിപ ക്ഷവും. ആളോഹരി കൃഷി ഭൂമി സംസ്ഥാന ത്തിന്റേത് 0.07 ഹെക്ടർ ആയിരിക്കുമ്പോൾ പഞ്ചായത്തിന്റേത് 0.05 ഹെക്ടർ ആണ്. ഭൂവുടമസ്ഥതയെക്കുറിച്ചുള്ള വിവരം പട്ടിക യായി കൊടുത്തിരിക്കുന്നു.(പട്ടിക-1)

കർഷകരിൽ ഭൂരിഭാഗവും ചെറുകിടക്കാ രായതു കൊണ്ടുതന്നെ കൃഷിയെ പ്രധാന മായും ആശ്രയിക്കാതെ മറ്റ് വരുമാനമാർഗ്ഗ ങ്ങൾ തേടുന്നു. ഇത് സ്വാഭാവികമായും കൃഷി യെയും അതിന്റെ ഉല്പാദനത്തെയും ബാധി ക്കുന്നു. മറ്റ് സ്ഥിരമായ ജോലിയുള്ളവരാകട്ടെ സ്വന്തമായി കൃഷി ചെയ്യുന്നതിന് താല്പര്യം കാണിക്കുന്നുമില്ല. പഞ്ചായത്തിൽ പൊതുവെ നെല്ലിനും തെങ്ങിനുമാണ് പ്രാധാന്യമെങ്കിലും കിഴക്കൻ പ്രദേശങ്ങളിൽ വാഴ, കുരുമുളക്, പച്ചക്കറി മുതലായവ പരിമിതമായ തോതിൽ കൃഷി ചെയ്യുന്നുണ്ട്. പഞ്ചായത്തിന്റെ ഒമ്പത്, പതിനൊന്ന് വാർഡുകളിൽ വ്യാവസായികാ ടിസ്ഥാനത്തിലല്ലെങ്കിലും കശുമാവ് കൃഷി ചെയ്യുന്നുണ്ട്.

കൃഷിച്ചെലവ് കൂടിയതും (ഉദാ : വിത്ത്, വളം, കീടനാശിനി ഇവയുടെ വില വർദ്ധന വ്), വർദ്ധിച്ച കൂലിനിരക്കും, കർഷകത്തൊ ഴിലാളികളെ കിട്ടാനില്ലാത്ത അവസ്ഥയും കാരണം നിലം നികത്തി തെങ്ങ് വച്ച് പിടിപ്പി ക്കുന്നതാണ് നല്ലതെന്ന തോന്നൽ കൃഷിക്കാ രിൽ ഉളവായിട്ടുണ്ട്.

പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശവും കൃഷിക്ക് ഉപയുക്തമാക്കപ്പെട്ടിട്ടുണ്ട്. നെൽ കൃഷി ചെയ്യാൻ മാത്രമുള്ള ഭൂമി 285 ഹെക് ടർ ഉള്ളപ്പോൾ തെങ്ങും മറ്റു വിളകളും കൃഷി ചെയ്യപ്പെടുന്നത് വീടുകളും മറ്റു നിർമ്മാണ ങ്ങളും കഴിച്ചുള്ള പറമ്പുകളിലാണ്. കൃഷിക്കു അനുയോജ്യമായി തരിശു ഭൂമി പഞ്ചായത്തിൽ ഇല്ലെന്നു തന്നെ പറയാം. കൃഷി ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ പട്ടികയായി കൊടു ത്തിരിക്കുന്നു. (പട്ടിക-2-3)

ഭൂവുടമകളും കർഷകത്തൊഴിലാളി കളും തമ്മിൽ നല്ല ബന്ധം പുലർത്തിയിരു ന്നതും കാർഷിക മേഖലയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നതും ആയ മികവുറ്റൊരു കർഷക സമൂഹം ഇവിടെ ഉണ്ടായിരുന്നു. ഭൂപരിഷ്കരണം നടപ്പിലായതോടെ ജന്മി കുടിയാൻ ബന്ധങ്ങൾ ഈ ഗ്രാമത്തിൽ ഏതാണ്ട് പൂർണ്ണമായും ഇല്ലാതാവുകയും കൃഷിഭൂമിയുടെ ഭൂരിഭാഗവും തുണ്ട് വത്ക രിക്കപ്പെടുകയും ചെയ്ത് ഉല്പാദനക്ഷമതയെ കാര്യമായി ബാധിച്ചു എന്നു കരുതുന്നവ രുണ്ട്. വിദ്യാഭ്യാസം നേടിയ പുതിയ തല മുറ കൃഷിയെ മാന്യമായ ഒരു തൊഴിലായി കണക്കാക്കുന്നില്ല. ഗൾഫ് പണത്തിന്റെ സ്വാ ധീനവും കൃഷിയുടെ മാന്യത കുറയുന്നതിനും കാർഷിക മേഖലയെ അവഗണിക്കുന്നതിനു മുള്ള പ്രധാനപ്പെട്ട ഒരു കാരണമാണ്.

പരമ്പരാഗതമായി കർഷകരായിരുന്ന വർ പുതിയ തൊഴിൽ മേഖലകൾ തേടിപ്പോ യിരിക്കുന്നു. കൃഷിപ്പണിയിൽ മുൻപരിചയ മുള്ളവർ കുറഞ്ഞു വരുകയാണ്. പുതുതായി ഈ രംഗത്തു വരുന്നവർക്കു മാർഗ നിർ ദ്ദേശം നൽകാനുള്ള അനുഭവജ്ഞാനം ഉള്ളവർ തുലോം കുറവാണ്. കാർഷിക പരി ചരണത്തിനുള്ള ബുദ്ധിമുട്ടും, അധ്വാനിച്ച് ആദായം കൊയ്യാനുള്ള മടിയും കൃഷിപ്പ ണിയോടുള്ള താല്പര്യം കുറച്ചു കൊണ്ടു വരുന്നു. മാറി വന്ന കാർഷിക ബന്ധങ്ങ ളുടെ ഫലമായി ഇന്ന് ഒരു കൃഷിയിടത്തിലും സ്ഥിരമായ കർഷകത്തൊഴിലാളികളില്ല. മണ്ണ് കണ്ടറിഞ്ഞ് കൃഷി ചെയ്യാൻ ഇക്കാരണ ത്താൽ കർഷകർക്കു കഴിയാതെ പോവുന്നു. ഇത് ഉല്പാദനക്ഷമതയെ ഗണ്യമായി സ്വാധീ നിക്കുകയും ചെയ്യുന്നു.

നെല്പാടങ്ങൾ ഈ അടുത്ത കാല

ത്തായി നെൽകൃഷിക്കായി മാത്രം ഉപയോഗിക്കുന്ന പ്രവണതയാണ് കണ്ടു വരുന്നത്. മുൻകാലങ്ങളിൽ പയർ, ഉഴുന്ന്, മരച്ചീനി തുടങ്ങിയ ഇടവിളകൾ ഫലപ്രദമായി പാടങ്ങളിൽ കൃഷി ചെയ്തിരുന്നു. ഇപ്രകാരം ഇടവിള കൃഷി നടക്കുന്ന നെല്പാടങ്ങൾ ഇന്നു വളരെക്കുറവാണ്. മിക്കവാറും നെല്പാടങ്ങളിലെല്ലാം ഇരുപ്പൂ കൃഷിയാണ് നടക്കുന്നത്. ജലദൗർലഭ്യത്തിന്റെ രൂക്ഷത മൂലം ആറാം വാർഡിലെ ചില പ്രദേശങ്ങളിൽ ഒരുപ്പൂ കൃഷിയെ നടക്കാറുള്ളൂ എന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

കൂടുതൽ പരിചരണം ആവശ്യമില്ലെന്ന ധാരണയിലാണ് കർഷകർ കൂടുതലും തെങ്ങു കൃഷി വ്യാപിപ്പിക്കുന്നതിൽ ശ്രദ്ധവച്ചത്. എന്നാൽ തെങ്ങുകളെ ബാധിക്കുന്ന വിവിധ രോഗങ്ങൾ നാളികേരകൃഷിയെ ഒരു പ്രതിസന്ധിയിൽ എത്തിച്ചിരിക്കുന്നു. തെങ്ങിന്റെ ഇടവിളയായി മുൻകാലങ്ങളിൽ ചേന, ചേമ്പ്, കാച്ചിൽ തുടങ്ങിയ കിഴങ്ങു വർഗ്ഗങ്ങൾ വ്യാപകമായി ഉണ്ടായിരുന്നു. അവയുടെ വ്യാപ്തിയും ഇക്കാലത്തു തീർത്തും കുറഞ്ഞു വരുകയാണ്. നാളികേരത്തിന് അടിക്കടിയുണ്ടാവുന്ന വിലയിടിവും കർഷകരെ നിരാശയിലാഴ്ത്തുന്നുണ്ട്. ഇക്കാരണത്താൽ ഗ്രാമത്തിന്റെ കിഴക്കൻ മേഖലയിൽ റബ്ബർ കൃഷി വ്യാപകമാകുന്നതായാണ് കാണുന്നത്. ചുരുക്കം ചില പുരയിടങ്ങളിൽ മാത്രമാണ് കുറച്ചെങ്കിലും വാഴയും കുരുമുളകും കൃഷിചെയ്യുന്നത്.

ഉല്പാദനക്ഷമത

മുഖ്യവിളകളായ നെല്ലിന്റെയും തെങ്ങിന്റെയും ഉല്പാദനക്ഷമത നമ്മുടെ പഞ്ചായത്തിൽ സംസ്ഥാന ശരാശരിയേക്കാൾ കുറവായാണ് കാണുന്നത്. നെല്പാടങ്ങൾ നികത്തപ്പെടുന്നതു വ്യാപകമാണെന്നു മുമ്പു സൂചിപ്പിച്ചുവല്ലോ. നിലം നികത്തപ്പെടുന്നത് ചുറ്റുമുള്ള നിലങ്ങളെ മുഴുവൻ ബാധിക്കും എന്നതാണ് വാസ്തവം. നിലം നികത്തി തെങ്ങു വയ്ക്കുകയാണെങ്കിൽ അവിടം ചോലയായി മാറി നെൽകൃഷിക്കു ദോഷം ചെയ്യും. നിലം നികത്തി രൂപപ്പെടുത്തുന്ന പുരയിടം ചുറ്റുപാടുള്ള പാടങ്ങളിലെ ഈർപ്പം മുഴുവൻ ആഗിരണം ചെയ്യുകയും ചെയ്യും. ഇത് നെല്ലിന്റെ വളർച്ചയെ ബാധിക്കുകയും ഉല്പാദനം കുറയുകയും ചെയ്യുന്നു.

തെങ്ങിന്റെ ഉല്പാദനക്ഷമത കുറഞ്ഞു വരുന്നതിന്റെ പ്രധാന കാരണം അശാസ്ത്രീയമായ കൃഷി സമ്പ്രദായമാണ്. ശാസ്ത്രീയാടിസ്ഥാനത്തിലാണെങ്കിൽ ഏക്കറിന് എഴുപത് തെങ്ങാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഇവിടെ 100 - 125 തെങ്ങുവരെ ഒരേക്കറിൽ കണ്ടു വരുന്നു. വീടിനും മറ്റു സൗകര്യങ്ങൾക്കും ഉള്ള സ്ഥലം ഒഴിവാക്കിയിട്ടാണ് ഇത്രയധികം തെങ്ങു നട്ടിരിക്കുന്നത്. അവ കൂടി പരിഗണിച്ചാൽ എണ്ണം ഇതിലും കൂടുതലായിരിക്കും. ജലസേചനത്തിലുള്ള അപാകതകളും ഉല്പാദനത്തെ ബാധിക്കുന്നുണ്ട്. പഞ്ചായത്തിൽ പറമ്പു ജലസേചനം പൊതുവേ വ്യാപകമല്ല. ഏകദേശം നൂറോളം കുടുംബങ്ങൾ മാത്രമേ ഇത്തരത്തിൽ ജലസേചനം നടത്തുന്നുള്ളൂ. നെല്പാടം നികത്തി ധാരാളം തെങ്ങു വച്ചിട്ടുണ്ടെങ്കിലും നീർക്കെട്ടു മൂലം അവയും പുഷ്ടിയോടുകൂടിയല്ല വളരുന്നത്. പഞ്ചായത്തിലെ തെങ്ങുകളിൽ അഞ്ചു ശതമാനവും ഏതെങ്കിലും രോഗബാധയുള്ളവയാണെന്ന് കൃഷിഭവൻ വിവരങ്ങൾ വ്യക്തമാക്കുന്നു.പട്ടിക -4 കാണുക.

പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ ഒന്ന്, രണ്ട്, മൂന്ന്, നാല് വാർഡുകളിൽ കാറ്റു വീഴ്ച വ്യാപകമായി കണ്ടു വരുന്നു. തെങ്ങിനെ ബാധിക്കുന്ന മറ്റു പ്രധാന രോഗങ്ങളായ ഓലമഞ്ഞളിപ്പ്, മണ്ട ചീയൽ, ചെന്നീരൊലിപ്പ് എന്നിവ വർദ്ധിച്ച തോതിലല്ലെങ്കിലും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങ

ളിൽ കണ്ടു വരുന്നുണ്ട്.

മാറി വന്ന സാമൂഹിക, സാമ്പത്തിക ബന്ധങ്ങളുടെ ഫലമായി കാർഷിക മേഖലയിലുണ്ടായ മാറ്റം കാർഷിക ബന്ധങ്ങളെയും സ്വാധീനിച്ചു. ആധുനിക വിദ്യാഭ്യാസം സാർവ്വത്രികമായതോടുകൂടി കാർഷിക കുടുംബങ്ങളിലെ യുവതലമുറ കാർഷിക വൃത്തിയിൽ നിന്ന് പിന്മാറി. മാത്രമല്ല കർഷകത്തൊഴിലാളികളിൽ ഭൂരിഭാഗവും കൂടുതൽ സാമ്പത്തിക നേട്ടമുള്ള നിർമ്മാണ ജോലികളിലേയ്ക്ക് മാറി. അതുകൊണ്ട് തന്നെ കർഷകത്തൊഴിലാളികൾക്ക് വർദ്ധിച്ച കൂലി നൽകേണ്ടതായി വരുന്നു. ഇത് ഉല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നു. വിവിധ കാർഷിക വൃത്തികൾക്കുള്ള കൂലിനിരക്ക് പട്ടിക-5ൽ കൊടുത്തിരിക്കുന്നു.

ഇവിടെ മണ്ണൊലിപ്പ് ഒരു പ്രധാന പ്രശ്നമല്ലെങ്കിലും നിലവിലുള്ള സ്ഥിതി മാറ്റമില്ലാതെ തുടരുന്ന പക്ഷം മണ്ണൊലിപ്പിന്റെ തോത് ഗണ്യമായി വർദ്ധിക്കാനിടയുണ്ട്. പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിലാകാം ഇതിന്റെ രൂക്ഷത അനുഭവപ്പെടുക. പുരയിടങ്ങളിൽ തെങ്ങ് കൃഷി മാത്രമായി ഒതുക്കി നിർത്തിയപ്പോൾ മുമ്പുണ്ടാകാതിരുന്ന മണ്ണൊലിപ്പ് കിഴക്കൻ പ്രദേശങ്ങളിൽ വളരെ കുറഞ്ഞ തോതിലാണെങ്കിലും ഇന്ന് കണ്ടു വരുന്നു.

പഞ്ചായത്തിലെ മുഴുവൻ കൃഷിയിടങ്ങൾക്കും വേണ്ട ജലം ലഭ്യമാക്കുന്നതിനുവേണ്ട ജലസേചന സൗകര്യങ്ങൾ പഞ്ചായത്തിലുടനീളമുണ്ട്. എന്നാൽ അവയുടെ ഇന്നത്തെ ശോചനീയാവസ്ഥയെക്കുറിച്ച് പറയുമ്പോൾ തന്നെ നിലവിലുള്ള കാർഷികമേഖലയുടെ മുരടിപ്പിന്റെ പ്രധാന കാരണം കണ്ടെത്താവുന്നതാണ്. നിലവിലുള്ള തോടുകളുടെയും കുളങ്ങളെയും കുറിച്ചുള്ള വിവരം പട്ടിക-6 ൽ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിന്റെ വിവിധ കൃഷിയിടങ്ങളിൽ ധാരാളം തോടുകളും കുളങ്ങളും നിലവിലുണ്ട്. ഈ കുളങ്ങളും തോടുകളും മുൻകാലങ്ങളിൽ കുടിയാന്മാരുടെ സഹായത്തോടെ ജന്മിമാരാണ് സംരക്ഷിച്ചിരുന്നത്. എന്നാൽ മാറി വന്ന കാർഷിക ബന്ധങ്ങളുടെ ഫലമായി ഈ പൊതു ജലസ്രോതസ്സുകൾ സമൂഹത്തിന്റെ സ്വത്തായി മാറുകയും ഇവ സംരക്ഷണമില്ലാത്തതു കൊണ്ടു തന്നെ തോടുകളുടെയും കുളങ്ങളുടെയും വശങ്ങളിടിഞ്ഞ് കാടും പടലും പിടിച്ച് ഉപയോഗയോഗ്യമല്ലാത്തവയായി മാറി ഇത്തരത്തിൽ തോടുകളുടെ ഒഴുക്ക് തടസ്സപ്പെട്ടതിനാൽ ചില സ്ഥലങ്ങളിലെങ്കിലും നീർക്കെട്ട് ഉണ്ടായിട്ടുണ്ട്. നിലവിലുള്ള തോടുകളുടെ വിവിധ ഭാഗങ്ങളിൽ ക്രോസ്ബാർ സംവിധാനങ്ങൾ നിലവിലുണ്ടെങ്കിലും ഇവ കാലാകാലം സംരക്ഷിക്കാത്തതു മൂലം ഉപയോഗ ശൂന്യമായി തീർന്നിരിക്കുന്നു. കുളങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രാധാന്യമർഹിക്കുന്നവയാണ് എന്നാൽ അവക്ക് ശരിയാംവിധം സംരക്ഷണം കിട്ടുന്നില്ല. പ്രത്യേക കാർഷിക വികസന പദ്ധതിയുടെ ഭാഗമായി പറയത്തുകോണം കുളത്തിൽ നടത്തിയ നിർമ്മാണങ്ങൾ തകർന്ന് കിടക്കുന്നത് ഒരുദാഹരണമാണ്. പഞ്ചായത്തിൽ നടപ്പാക്കിയതും, നടപ്പാക്കാനുദ്ദേശിക്കുന്നതുമായ വിവിധ ജലസേചന പദ്ധതികളുടെ വിവരങ്ങൾ പട്ടിക -7ലും 8ലുമായി കൊടുത്തിരിക്കുന്നു.

നിലവിലുള്ള പല കുളങ്ങളോട് അനുബന്ധിച്ചും പമ്പ് ഹൗസുകളുണ്ടെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്ന് തന്നെ പറയാം. പമ്പുകളില്ലാത്ത പമ്പു ഹൗസുകളും, ഉപയോഗശൂന്യമായ പമ്പു ഹൗസുകളുമാണ് ഇപ്പോൾ നിലവിലുള്ളത്. ഇതിനനുബന്ധിച്ച തോടുകൾ ഇന്ന് അപ്രത്യക്ഷമായിരിക്കുന്ന സ്ഥലങ്ങളും പഞ്ചായത്തിലുണ്ട്. ഇത്തരത്തിലുള്ള കാര്യക്ഷമമല്ലാത്ത ജലസേചന സൗക

ര്യങ്ങൾ കാർഷിക മേഖലയുടെ ഉല്പാദനത്ത കർച്ചയ്ക്ക് കാരണമായിട്ടുണ്ട്. പ്രത്യേകിച്ചും നെൽകൃഷിയുടെ കാര്യത്തിൽ അണ്ടൂർ ഏലാക്ക് തെക്ക് കിഴക്ക് ഭാഗം രണ്ട്വശവും കുന്നുകളാൽ ചുറ്റപ്പെട്ടതും, താഴ്വരകളിൽ നീരുറവകൾ ഉള്ളതുമാണ് ഇവിടത്തെ ജലലഭ്യതയെ ശരിയാം വണ്ണം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. നീർത്തട വികസന പദ്ധതിയിൽ ഈ പ്രദേശത്തെ ഉൾപ്പെടുത്തണമെന്ന അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്.നമ്മുടെ ഭൂഗർഭ ജലസമ്പത്ത് അനുദിനം കുറഞ്ഞുവരുകയാണ്. ജല ദൗർലഭ്യം രൂക്ഷമാകുന്നതിനുള്ള മുഖ്യകാരണവും അതുതന്നെ.

പരമ്പരാഗതമായ ജൈവ കൃഷി സമ്പ്രദായം ഇവിടുത്തെ കർഷകർ ഇന്ന് പാടെ ഉപേക്ഷിച്ച നിലയിലാണ്. നിലം കൃഷിയ്ക്കും, കര കൃഷിയ്ക്കും ഇന്ന് വർദ്ധിച്ച തോതിൽ രാസവളവും, രാസകീടനാശിനികളുമാണ് കർഷകർ ഉപയോഗിച്ചു വരുന്നത്. അമിതമായ രാസവള പ്രയോഗം മണ്ണിന്റെ ഫലപുഷ്ടി നഷ്ടപ്പെടുന്നതിന് കാരണമാകുന്നു. ജൈവ വളങ്ങളും, ജൈവ കീടനാശിനികളും ഇന്ന് ഒട്ടും തന്നെ ഉപയോഗിക്കുന്നില്ല. ജൈവ കീടനാശിനികളുടെ പ്രാധാന്യത്തെക്കുറിച്ച് കർഷകർക്ക് പരിമിതമായ അറിവേ ഉള്ളൂ. അതു കൊണ്ടു തന്നെ കർഷകർ രാസകീടനാശിനികളെ ആശ്രയിക്കുന്നു. മുൻകാലങ്ങളിൽ പച്ചിലവളം, ചാണകം, ചാരം മുതലായ ജൈവവളങ്ങൾ വർദ്ധിച്ച തോതിലുപയോഗിച്ചിരുന്നു. എന്നാൽ ഇന്ന് പച്ചിലവളങ്ങൾക്ക് ആവശ്യമായ ചെടികൾ സംരക്ഷിക്കപ്പെടുന്നില്ല. അതു കൊണ്ട് തന്നെ പച്ചില വളങ്ങൾ ഇന്ന് കർഷകർക്ക് ലഭ്യമല്ല. ചാണകത്തിന്റെ വർദ്ധിച്ച വില കർഷകർക്ക് താങ്ങാവുന്നതിലുമപ്പുറമാണ്. ചാരമെന്ന പേരു പോലും ഇന്ന് കേൾക്കാനില്ല.

ഈ പഞ്ചായത്തിലാകെയുള്ള വളം വിതരണ കേന്ദ്രം സഹകരണമേഖലയിലാണ്. മറ്റ് വളം വില്പന കേന്ദ്രങ്ങളൊന്നും തന്നെ പഞ്ചായത്തിലില്ല. നിലവിലുള്ള രാസവളങ്ങളുടെ വില കർഷകർക്ക് താങ്ങാവുന്നതിലധികമാണ്. വളത്തിനുള്ള സബ്സിഡി നിരക്ക് വളരെക്കുറവും അശാസ്ത്രീയവുമാണെന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

കൃഷിഭവന്റെ പ്രവർത്തനവും അത്ര കണ്ട് ആശാസ്യമല്ല. ശാസ്ത്രീയമായ ആധുനിക കൃഷി സമ്പ്രദായങ്ങളെക്കുറിച്ച് കർഷകർക്കിടയിൽ ബോധവൽക്കരണം നടത്തുന്നില്ല. കർഷകർക്കാവശ്യമായ ആധുനിക യന്ത്രോപകരണങ്ങൾ സബ്സിഡി നിരക്കിൽ കൃഷി ഭവനിലൂടെ വിതരണം ചെയ്യുന്നില്ല. കാലാകാലങ്ങളിൽ മണ്ണു പരിശോധന നടത്തി അതിന്റെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തുന്നതിനെക്കുറിച്ച് നിർദ്ദേശങ്ങൾ നൽകാൻ കൃഷിഭവന് കഴിയുന്നില്ല. മേൽപ്പറഞ്ഞ കാര്യങ്ങൾ ഉല്പാദനക്ഷമത കുറയുന്നതിന്റെ കാരണങ്ങളാണ്. കൃഷി ഭവൻ വഴിയുള്ള ആനുകൂല്യങ്ങളുടെ ലഭ്യത ഒരു പിടിയാളുകളിലായി ഒതുങ്ങുന്നു. ഈ സാഹചര്യത്തിൽ കൃഷിഭവന്റെ പ്രവർത്തനംശാസ്ത്രീയമായി പുനഃസംവിധാനം ചെയ്യേണ്ടത് അത്യാവശ്യമാണ്.

കാർഷിക രംഗത്ത് പരിചയവും വൈദ്ധ്യവും ഉള്ള തൊഴിലാളികളെ കിട്ടാനില്ലാത്ത അവസ്ഥയുണ്ടെങ്കിലും ഈ രംഗത്ത് യന്ത്രോപകരണങ്ങളുടെ ഉപയോഗം ആനുപാതികമായി വർദ്ധിച്ചിട്ടില്ല. നിലവിലുള്ള ഒന്നോ രണ്ടോ പാടശേഖര കമ്മിറ്റിയുടെ കീഴിൽ മാത്രമേ യന്ത്രോപകരണങ്ങളുള്ളൂ.പട്ടിക-9 കാണുക.

പൊതുവേ ഫലപുഷ്ടമായ മണ്ണുള്ള, ഉല്പാദനക്ഷമതയിൽ കാര്യമായ വർദ്ധനവ് കൈവരിക്കുന്നതിന് സാധ്യതയുള്ളതും ജല സേചന സൗകര്യമുള്ളതും നെൽകൃഷിയ്ക്ക്

അനുകൂലമായ പരിതസ്ഥിതി നിലനിൽക്കുന്നതുമായ ഒരു ഗ്രാമമാണ് കിഴുവിലം. കൂട്ടായ്മയിലൂടെ കൃഷിച്ചെലവ് കുറയ്ക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യം വച്ചു കൊണ്ടുള്ള കൂട്ട് കൃഷി സമ്പ്രദായം നടപ്പിലാക്കുന്നതിനുവേണ്ടി ഒമ്പത് പാടശേഖര സമിതികൾ വലിയയേല, പുരവൂർ, അണ്ടൂർ, കവണശ്ശേരി, കമുകറ, നാരാങ്ങൽ, വലിയചിറ. കിഴുവിലം , പമ്മംകോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഒരു കേര വികസന സമിതിയും നിലവിലുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ കാർഷികോന്നമനത്തിനെ ലക്ഷ്യം വെച്ചു കൊണ്ടാണോ പ്രവർത്തിക്കുന്നതെന്ന് വിലയിരുത്തേണ്ടതുണ്ട്.

ഗ്രാമവാസികൾ ഭൂരിഭാഗവും കൃഷിക്കാരാണെങ്കിലും കൃഷി നെല്ലിലും, തെങ്ങിലുമായി ഒതുങ്ങി നിൽക്കുന്നു. പച്ചക്കറി കൃഷിയോട് താല്പര്യമുള്ള കർഷകർ അതിന് അനുകൂല സാഹചര്യങ്ങൾ നിലവിലുണ്ടെങ്കിലും ഉല്പന്നങ്ങൾക്ക് വിപണന സാദ്ധ്യതകൾ ഇല്ലാത്തതു കൊണ്ടാകാം ഈ രംഗത്തേയ്ക്ക് കടന്നു വരാൻ അറച്ചു നിൽക്കുന്നത്. അർഹിക്കുന്ന പ്രോത്സാഹനവും വിപണന സൗകര്യവുമുണ്ടെങ്കിൽ പച്ചക്കറി കൃഷി ലാഭകരമായി ചെയ്യാൻ കഴിയുമെന്നാണ് ഗ്രാമസഭയിലുയർന്നു വന്ന അഭിപ്രായം.

ഗ്രാമനിവാസികൾ പൊതുവേ പുഷ്പങ്ങളോട് താല്പര്യമുള്ളവരാണെങ്കിലും, കയറ്റുമതിയ്ക്ക് സാധ്യതയുള്ള അലങ്കാര പുഷ്പങ്ങളെക്കുറിച്ചും അവയുടെ ഉല്പാദന വിപണനത്തെ കുറിച്ചുമുള്ള സാങ്കേതിക പരിജ്ഞാനമില്ലാത്തവരാണ്. എന്നാൽ വ്യാവസായികാടിസ്ഥാനത്തിൽ അവ ഉല്പാദിപ്പിക്കാൻ തയ്യാറുള്ള യുവ കർഷകരിവിടുണ്ട്. അവർക്ക് അർഹമായ പ്രോത്സാഹനമോ, വിദഗ്ധോപദേശമോ, സാങ്കേതിക സഹായങ്ങളോ ലഭിച്ചിട്ടില്ല. ഇവ ലഭിക്കുന്ന പക്ഷം ഇവിടെ വിജയകരമായി പുഷ്പകൃഷി വ്യാപിപ്പിക്കാൻ കഴിയും.

പഞ്ചായത്തിലെ കാർഷിക മേഖലയിലെ മുരടിപ്പിനെക്കുറിച്ച് അന്വേഷിയ്ക്കുമ്പോൾ കണ്ടെത്തിയ ചില പ്രധാന കാരണങ്ങൾ ഇവയാണ്.

1. ജലസേചന സംവിധാനങ്ങളിലുള്ളഅപാകതകളും അവയെ വേണ്ട വിധത്തിൽസംരക്ഷിയ്ക്കാത്തത് മൂലം ഉണ്ടായിട്ടുള്ള മറ്റ് പ്രശ്നങ്ങളും
2. അശാസ്ത്രീയമായ കൃഷി രീതികൾ
3. വളം, കീടനാശിനികൾ
എന്നിവയുടെവർദ്ധിച്ച വില
4. തൊഴിലാളികളെ കിട്ടാനില്ല.
5. വർദ്ധിച്ച കൂലി
6. ജൈവവളവും കീടനാശിനികളും ഉപയോഗിക്കുന്നില്ല.
7. ഉല്പന്നങ്ങളുടെ വിലക്കുറവ്
8. കൃഷി ഭവനിൽ നിന്നും ആവശ്യമായ സഹായം കിട്ടുന്നില്ല.
9. മണ്ണ് പരിശോധിച്ച് അനുയോജ്യമായ വള പ്രയോഗമില്ല.
10. അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ സംരക്ഷിയ്ക്കപ്പെടുന്നില്ല
11. താഴ്ന്ന പ്രദേശങ്ങളിൽ (1,2,3,4,5വാർഡുകളിൽ) ഉപ്പ് വെള്ളം കയറുന്നു.
12. വ്യാപകമായി പാടങ്ങൾ നികത്തുന്നു.

ഗ്രാമസഭകളിൽ ഉയർന്ന് വന്ന നിർദേശങ്ങളുടേയും കിട്ടിയ വിവരങ്ങളുടേയും അടിസ്ഥാനത്തിൽ കാർഷിക രംഗത്ത് പരിഗണിക്കേണ്ട ചില സാധ്യതകൾ

1. നിലവിലുള്ള ജലസേചന രംഗത്തെ പോരായ്മകൾ പരിഹരിച്ച് കാര്യക്ഷമമാക്കുക. ഭൂഗർഭജലം പരിരക്ഷിക്കുന്നുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുകയും ബോധവത്കരണം നൽകുകയും ചെയ്യുക.
2. കിണറും പമ്പ് സെറ്റും സ്ഥാപിയ്ക്കുന്നതിന് കുറഞ്ഞ് പലിശ നിരക്കിൽ സബ്സിഡിയോട് കൂടി വായ്പ കർഷകർക്ക് ലഭ്യമാക്കുക.

3, 1,2,3,4,5 വാർഡുകളിൽ ഉപ്പ് വെള്ളം കയറുന്നത് മൂലം കൃഷി നാശം ഉണ്ടാകുന്നത് തടയുക.

3, 1,2,3,4 വാർഡുകളിൽ വെള്ളപ്പൊക്കം ഉണ്ടാകുന്നത് മൂലവും കൃഷി നാശം ഉണ്ടാകുന്നത് തടയുക.

4. അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ കൃഷി ഭവൻ വഴി ലഭ്യമാക്കുക. ഒരു ഏലായിൽ ഒരിനം വിത്ത് മാത്രം വിതയ്ക്കുക.

5. ജൈവവളത്തെക്കുറിച്ചും കീടനാശിനിയെക്കുറിച്ചും ബോധവൽക്കരണം നടത്തുക.

6. കുട്ടുകൃഷി സമ്പ്രദായം ശക്തമാക്കുക.

7. വളത്തിന്റെയും കീടനാശിനികളുടേയും സബ്സിഡി നിരക്ക് ഉയർത്തുകയും ശാസ്ത്രീയമാക്കുകയും ചെയ്യുക.

8. സമഗ്ര പച്ചക്കറി വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക

9. കാർഷികോല്പന്നങ്ങൾക്ക് വിപണന കേന്ദ്രങ്ങൾ ആരംഭിയ്ക്കുക.

10. കൃഷി ഭവന്റെ പ്രവർത്തനം പുനഃസംഘടിപ്പിക്കുക

11. കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുക

12. രോഗം ബാധിച്ച തെങ്ങുകൾ മുറിച്ച് മാറ്റുന്നതിനുള്ള ധനസഹായം മുൻകൂറായി നൽകുക.

13. കേര കർഷക സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

14. കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുക.

15. കാർഷിക വിളകളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ആരംഭിയ്ക്കുക.

പട്ടിക - 1

വില്ലേജിന്റെ പേര്	ഉടമസ്ഥരുടെ എണ്ണം (സെന്റ് അടിസ്ഥാനത്തിൽ)							
	1-10	10-25	25-50	50-100	1-2 ഏക്കർ	2-5 ഏക്കർ	5ഏക്കറിനുമുകളിൽ	ആകെ
കുന്നത്തൂർ	3143	2070	1160	239	107	27	4	6750
കിഴുവിലം	3800	3600	2900	2050	1200	830	20	14400

നിലം 285 ഹെക്ടർ

പുരയിടം 1485.07 ഹെക്ടർ

പുറമ്പോക്ക് -

കൃഷിയോഗ്യമായ തരിശ് -

കൃഷിയോഗ്യമല്ലാത്ത തരിശ് 25.ഹെക്ടർ

ആകെ 1795.07

പട്ടിക - 2

കൃഷി ഭൂമി സംബന്ധിച്ച വിവരങ്ങൾ

ഇനം	വിസ്തീർണ്ണം

പട്ടിക - 3

ഓരോ വിളയുടെയും വിസ്തീർണ്ണം

വിള	വിസ്തീർണ്ണം
നെല്ല്	285 H
പയർ	60 H

തെങ്ങ്	885 H
മരച്ചീനി	180 H
കുരുമുളക്	25 H
കശുമാവ്	32 H
റബ്ബർ	35 H
കവുങ്ങ്	15 H
വാഴ	-
പ്ലാവ്	-

പട്ടിക - 5

കൂലി നിരക്ക്

പ്രവൃത്തി	പു	സ്ത്രീ
കിളയ്ക്കുന്നതിന് (ഉച്ചവരെ)	85	-
നിലമൊരുക്കൽ (ഉഴവ്) 14 സെന്റിന്)	300	-
നടീൽ	-	60
കളയെടുപ്പ്	-	60

കൊയ്ത്ത് മൊത്ത നെല്ലിന്റെ

പട്ടിക 6

നിലവിലുള്ള ജലസേചന സൗകര്യങ്ങൾ

കുളങ്ങൾ	ജലസേചന പൊതു കിണറുകൾ	തോടുകൾ	ചീർപ്പുകൾ	കുഴൽ കിണർ
18	0	14	18*	0

*ചീർപ്പുകൾ ഉപയോഗയോഗ്യമായവ ഒന്നോ , രണ്ടോമാത്രം

പണിപൂർത്തിയായതോ, നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതികൾ

പട്ടിക -7

നമ്പർ	പ്രവൃത്തിയുടെ പേര്	ആരംഭിച്ച വർഷം	പൂർത്തിയായവർഷം	എസ്റ്റിമേറ്റ് തുക	ആയക്കെട്ട് വിസ്തീർണ്ണം
1.	Construction of side wall, Ramp etc, up to at Mamam thodu in KadavakkarakunnuHarijan Colony	1993	1993	Rs. 2.90 L	10 HA
2.	Protective works on the left bank of maman river near Kauthallor HS	1993	1993	Rs. 1.97 L	8. HA
3.	Inpts to Naduthodu and Karavaram Kaithodu in Valiyela	1993	1994	Rs. 8.0 L	50.HA
4.	PM special Reparis to Attarakonam, cross bar	1991	1991	Rs. 1.40 L	7 HA
5.	FD clossing breaches and protection works on the right bank of Mamam river and upstream of Kavaraseri dam	1994	1994	0.40 L	15 HA
6.	Urgent protection work to maman Kamukaramozhi	1993	1993	Rs. 2.0L	10 HA
7.	Repairs to protective works to Kaduvayil Elathodu at Velloorkonam temple up to Kadampattu konam	1994	1994	Rs. 1.98 L	8 H
8.	PM further improvements to right side reaching kal of Kamavasseri dam	1992	1992	Rs. 1.86 L	8 H
9.	Impts to left bank of Maman river downstream of puravoor bridge	1995	1995	Rs. 1.57 L	7.HA
10.	MI class II impts to charamola cathodu	1993	1993	Rs. 1.93	8.41 A
11.	Repairs to the spelling upstream side of Irappupulam dam in mamam river.	1993	1993	Rs. 15 0 L	7 HA
12.	Repairs to the cross bar at Valiyela Maduthodu	1992	1993	1.65 L	8.HA

തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

പട്ടിക-4

വാർഡ്	തെങ്ങ് കൃഷി വിസ്തീർണ്ണം	തെങ്ങ് എണ്ണം			തെങ്ങ് എണ്ണം					
		കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	റൂട്ട് വിൽറ്റ്	ലീഫ് റോട്ട്	ബഡ് റൂട്ട്	സെറ്റം ബ്ളീഡിംഗ്	മറ്റുള്ളവ	ആകെ
1	73	5616	12718	18334	820	124	59	4	2	1009
2	53	4476	8948	13424	1429	41	87	4	-	1561
3	79	5851	18082	23933	1698	4	2	1	-	1705
4	69	3291	14077	17368	216	26	144	41	-	397
5	70	5318	12039	17357	238	8	234	160	46	686
6	68	5723	11285	17008	32	5	35	30	-	102
7	73	8277	10068	18345	206	-	-	2	-	208
8	65	8251	8067	16318	237	174	17	4	-	432
9	62	7231	8286	15517	150	2	23	-	-	175
10	80	9330	12990	22320	352	228	234	176	-	990
11	63	7050	8817	15867	440	-	9	-	-	458
12	70	6724	10809	17533	274	50	27	13	2	366

നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ജലസേചന പദ്ധതികൾ


ക്രമ നമ്പർ	പദ്ധതിയുടെ പേര്	ആയക്കെട്ട് വിസ്തീർണ്ണം	എസ്റ്റിമേറ്റ് തയ്യാക്കിയിട്ടുണ്ടെങ്കിൽ അടങ്കൽ തുക
1.	Impts: to Kavanasseri dam	10 HA	2 lakhs
2.	Rising of Bund upstream and downstream of Sakaranam dam	8 HA	1.80 L
3.	Repairs of M.I. structure protecting the side bunds and leading kal of Mamom river of Pauthalakottu vathukal	8 HA	1.96 L
4.	Spl: Repairs of Main slare of Sakaranam dam	10 HA	1.94 L
5.	Impts: to Melekonam tank (Under investigation)		
	6. Const : Two Nos of bed level cross bars and repairs to existing cross bars in kizhuvilamElathodu	10 HA	1.90L
7.	Rectification works to the existing sluice and protective works to provanchura Ela thodu	5HA	0.39 L
8.	Rectification of damages to the side bad of mamam river u/s and d/s of spill way west of churamoola	5 HA	0.4 L
9.	Repairs to Erappapalam dam and left bank leadingkal	8 HA	1.95 L
10.	Construction of check dam of Mamom palam near kattuthiela thodu (under investigation)		
11.	Repairs to Attarakonam cross bar	8 HA	2.00L

പട്ടിക 9

കാർഷികോപകരണങ്ങൾ

ഉഴവുപകരണങ്ങൾ			മരുന്നുതളി ഉപകരണങ്ങൾ			മറ്റുള്ളവ		
ട്രാക്ടർ	ട്രില്ലർ	നാടൻ കലപ്പ	റോക്ക്സ്പ്രേയർ	നാപ്സ്റ്റാക്ക്	മറ്റുള്ളവ	മെതിയന്ത്രം	തെങ്ങുകയറ്റ യന്ത്രം	ഷോർട്ടബിൾ പമ്പ്സെറ്റുകൾ
0	6	22	1	2	0	1	2	0

അവലംബം : ദ്വിതീയവിവരശേഖരണം



പൊതുജനാരോഗ്യം കുടിവെള്ളം

രണ്ടായിരമാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന ലോകാരോഗ്യസംഘടനയുടെ മുദ്രാവാക്യം സാധിത പ്രായമാകണമെങ്കിൽ നാം ഇനിയും ഏറെ മുന്നോട്ട് പോകേണ്ടിയിരിക്കുന്നു. ഒരു പ്രദേശത്തിന്റെ ആരോഗ്യപരമായ സുസ്ഥിതിക്ക് വായുവും, വെള്ളവും ശുദ്ധമായിരിക്കേണ്ടത് അനിവാര്യമാണ്. ആരോഗ്യരംഗത്ത് ഇൻഡ്യയിലെ മറ്റേത് സംസ്ഥാനത്തെക്കാളും ഉയർന്ന നിലവാരമാണ് കേരളത്തിനുള്ളത്. ആരോഗ്യരംഗത്ത് കേരളത്തിനുള്ള അഭിമാനാർഹമായ നിലയിൽ നിന്ന് വ്യത്യസ്തമല്ലെങ്കിലും ചികിൽസാസൗകര്യങ്ങളുടെ കാര്യത്തിൽ അങ്ങേയറ്റം ശോചനീയമാണ് കിഴുവിലം പഞ്ചായത്തിന്റെ സ്ഥിതി. പഞ്ചായത്ത് രാജ് നിയമം നിലവിൽവന്ന ശേഷം ആരോഗ്യവകുപ്പിൽ നിന്ന് പദ്ധതിവിഹിതമായോ, പദ്ധത്യേതരവിഹിതമായോ ഒരു തുകയും കിഴുവിലം പഞ്ചായത്തിനനുവദിച്ചിട്ടില്ല.

കിഴുവിലം പഞ്ചായത്തിൽ പ്രാഥമിക ആരോഗ്യകേന്ദ്രം ഇല്ല. വക്കം PHC യുടെ പ്രവർത്തന പരിധിയിൽ ആണ് കിഴുവിലം പഞ്ചായത്തിനെയും ഉൾപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്തിന് ഒരു മിനി PHC അനുവദിച്ചിട്ടുണ്ടെങ്കിലും ഇതുവരെ മേൽ നടപടികൾ ആരംഭിച്ചിട്ടില്ല. കിഴുവിലം, മുടപുരം, കൂന്തള്ളൂർ എന്നിവിടങ്ങളിലായി മൂന്ന് സബ്സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഉച്ചയ്ക്ക് ശേഷം രണ്ട് മുതൽ നാല് വരെയാണ് ഇവയുടെ പ്രവർത്തന സമയം. കുട്ടികൾക്ക് പ്രതിരോധകുത്തിവെയ്പ്പും, ഗർഭിണികൾക്ക് പ്രതിവാര പരിശോധനയുംഏർപ്പെടുത്തേണ്ടതാണെങ്കിലും ശോചനീയാവസ്ഥയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതുമൂലം ഈ സബ്സെന്ററുകളിൽ ഇവയൊന്നും ശരിയാം വണ്ണം നടക്കുന്നില്ല. ഒരു സബ്സെന്റർ കിഴുവിലം വാർഡിൽ സ്ഥാപിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്.

ഇരുപത് കിടക്കകളുള്ള സർക്കാർ ആയൂർവേദാശുപത്രിയും, ഒരു ഹോമിയോ ഡിസ്പൻസറിയുമാണ് പഞ്ചായത്തിലെ പ്രധാനപ്പെട്ട ആരോഗ്യ സ്ഥാപനങ്ങൾ. വാതവും, ത്വക്ക് സംബന്ധമായ രോഗങ്ങളും ഉള്ളവരാണ് ആയൂർവേദാശുപത്രിയിൽ ചികിൽസക്ക് എത്തുന്നവരിൽ അധികവും. പനി, ചുമ തുടങ്ങിയ സാധാരണ രോഗങ്ങൾക്ക് ചികിത്സ തേടിയാണ് ഗ്രാമ നിവാസികൾ ഹോമിയോ ഡിസ്പെൻസറിയിൽ എത്താറുള്ളത്. വിഷചികിത്സക്കുവേണ്ടിയും ഹോമിയോ ഡിസ്പൻസറിയിൽ എത്തുന്നവ

രുണ്ട്. ആയുർവേദാശുപത്രിയിൽ മൂന്ന് ഡോക്ടർമാരും ഹോമിയോ ഡിസ്പെൻസറിയിൽ ഒരു ഡോക്ടറുമാണുള്ളത്.

രണ്ട് സ്ഥാപനങ്ങളിലെയും സൗകര്യങ്ങൽ വളരെ പരിമിതമാണ്. ആയുർവേദാശുപത്രി സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എങ്കിലും പല ഭാഗങ്ങളും ചോർന്നൊലിക്കുന്നു. കക്കൂസുകളുടെ സ്ഥിതി വളരെ ശോചനീയമാണ്. കുടിവെള്ളം, വൈദ്യുതി ഇവയുടെ വിതരണത്തിനുള്ള സംവിധാനങ്ങൾ അറ്റകുറ്റപണികൾ ഇല്ലാത്തത്മൂലം പാടേ താറുമാറായികിടക്കുന്നു. പ്രതിദിനം നൂറ്റി അമ്പതോളം രോഗികളാണ് ഇവിടെ ചികിത്സക്ക് എത്തുന്നത്. അത്യാവശ്യം മരുന്നുകൾ പോലും ആവശ്യക്കാർക്ക് നൽകാൻ തികയാറില്ല.

പഞ്ചായത്താഫീസിന് സമീപം സ്വന്തമായുള്ള കെട്ടിടത്തിലാണ് ഹോമിയോ ഡിസ്പെൻസറി പ്രവർത്തിക്കുന്നത്. നാല് ജീവനക്കാരുള്ള ഈ ഡിസ്പെൻസറിയുടെ ചുറ്റുപാടും കാടും പടലും പിടിച്ച് ഒരു ഡിസ്പെൻസറിക്ക് അനുയോജ്യമല്ലാത്ത രീതിയിൽ വൃത്തിഹീനമായ കിടക്കുന്നു. സ്ഥാപനത്തിന് ചുറ്റുമതിൽ ഇല്ലാത്തതിനാൽ ഉള്ള പ്രശ്നങ്ങൾ നിരവധിയാണ്. ഡിസ്പെൻസറിയിൽ എത്തുന്ന രോഗികൾക്ക് സൗകര്യപ്രദമായി നിൽക്കുന്നതിനുള്ള യാതൊരു സൗകര്യവും ഇല്ല. ശുദ്ധജലം ലഭ്യമല്ലാത്തതാണ് മറ്റൊരു വലിയ പ്രശ്നം.

അലോപ്പതി, ആയുർവേദം, മേഖലകളിലായി ഓരോ സ്വകാര്യആശുപത്രികളും, ഒരു സ്വകാര്യ ഹോമിയോ ഡിസ്പെൻസറിയും പ്രവർത്തിക്കുന്നുണ്ട്. ചിറയിൻകീഴിൽ സ്ഥിതി ചെയ്യുന്ന താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെയാണ് ഗ്രാമനിവാസികൾ പ്രധാനമായും ആശ്രയിക്കുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജിലും, ആറ്റിങ്ങലിലും, തിരുവനന്തപുരത്തും മുള്ള സ്വകാര്യ ആശുപത്രികളിലും ചികിൽസക്കായി പോകുന്നവരുടെ എണ്ണം കൂടി വരുന്നു .പാരമ്പര്യമുള്ള ആയുർവേദവൈദ്യൻമാർ പലരും മുൻകാലങ്ങളിൽ ഗ്രാമത്തിലുണ്ടായിരുന്നു. വിരലിലെണ്ണാവുന്നവരെ അവശേഷിച്ചിട്ടുള്ളു.

പഞ്ചായത്തിന്റെ ഒന്നാം വാർഡിൽ സഹകരണ മേഖലയിൽപ്പെട്ട, കിഴുവിലം പഞ്ചായത്ത് സഹകരണ ഡിസ്പെൻസറി സൊസൈറ്റി 1982 വരെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു. ആരോഗ്യമേഖലയിലെ തൊഴിലില്ലായ്മ പരിഹരിക്കുകയായിരുന്നു ലക്ഷ്യമെങ്കിലും സമീപ പ്രദേശങ്ങളിലെ ജനങ്ങൾക്ക് രോഗചികിത്സാരംഗത്ത് ഈ സ്ഥാപനം വളരെ പ്രയോജനപ്പെട്ടിരുന്നു. കാലക്രമത്തിൽ പ്രവർത്തനം നിലച്ച് പോയ ഈ സ്ഥാപനത്തിന് സ്വന്തമായി കെട്ടിടവും, സ്ഥലവുമുണ്ട്.ഈ സ്ഥാപനത്തിന്റെ പ്രവർത്തനം കഴിയുന്നത്ര ജനകീയ പങ്കാളിത്തത്തോടെ പുനരാരംഭിക്കണമെന്ന് ഗ്രാമസഭയിൽ നിന്ന് ആവശ്യം ഉയർന്നിട്ടുണ്ട്.

ആരോഗ്യമേഖലയിലെ സൂചികകൾ അനുസരിച്ച് നോക്കുമ്പോൾ കിഴുവിലം പഞ്ചായത്തിന്റെ നില അഭിമാനകരമാണ്. പഞ്ചായത്തിലെ മരണ നിരക്ക് സംസ്ഥാനത്തിന്റെ കൂടി മരണ നിരക്കായ 5.9 നെക്കാൾ കുറഞ്ഞ് 4,5 ൽ നിൽക്കുന്നു. കേരളത്തിലെ ശിശുമരണ നിരക്ക് 16 ആയിരിക്കുമ്പോൾ പഞ്ചായത്തിൽ വളരെ കുറഞ്ഞ് 10 ൽ നിൽക്കുന്നു. മാതൃമരണങ്ങൾ അത്യപൂർവ്വമായി മാത്രമേ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളൂ. പഞ്ചായത്തിലെ ശരാശരി ജനന നിരക്ക് സംസ്ഥാന ശരാശരിയായ 17,ന് തുല്യമാണ്. (പട്ടിക 5.1)

കുട്ടികൾക്ക് പ്രധിരോധകുത്തിവെയ്പ്പ് എടുക്കുന്നതിലും, കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിലും ശ്രദ്ധിക്കുന്നവരാണ് ഗ്രാമത്തിലെ ദമ്പതിമാർ. പ്രാഥമികാ

രോഗ്യകേന്ദ്രത്തിൽ നിന്ന് കിട്ടിയ വിവരം അനുസരിച്ച് ഒരു വയസ്സിന് താഴെ പ്രായമുള്ള 454 കുട്ടികളിൽ 85 പേർ മാത്രമെ പ്രതിരോധകുത്തിവെയ്പ് നടത്തിയിട്ടുള്ളൂ. സ്വകാര്യ ആശുപത്രികളിലും, ചിറയിൻകീഴ് താലൂക്ക് ആശുപത്രികളിലുമായി മുഴുവൻ കുട്ടികളും പ്രതിരോധകുത്തിവെയ്പ് എടുത്തിട്ടുണ്ടാകും എന്നാണ് ഗ്രാമ സഭ റിപ്പോർട്ട് സൂചിപ്പിക്കുന്നത്. രണ്ട് കുട്ടികൾ ഉള്ള മിക്ക ദമ്പതിമാരും സ്ഥിരമായ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുള്ളവരാണ്. പൊതുവെ സ്ത്രീകളാണ് സ്ഥിരമായ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നത്. രണ്ട് കുട്ടികൾ ഉള്ള 2130 അമ്മമാരിൽ 2027 പേരും സ്ഥിരമായ കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ചവരാണ്.പട്ടികകാണുക. (5.2)

ഔദ്യോഗിക രേഖകൾ പ്രകാരം പഞ്ചായത്തിലെ അംഗവൈകല്യമുള്ളവരുടെ എണ്ണം 32 ആണ്. ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത് പഞ്ചായത്തിൽ ഒട്ടാകെയുള്ള വികലാംഗരുടെ എണ്ണം 100 ൽ അധികം വരും എന്നാണ് ഇവർക്ക് വേണ്ടി വ്യക്തിപരമായ പ്രവർത്തനങ്ങൾ അല്ലാതെ ഔദ്യോഗിക തലത്തിലോ സന്നദ്ധസംഘടനകൾ വഴിയോ ആശാവഹമായ പുനരധിവാസ പ്രവർത്തനങ്ങൾ ഒന്നും നടക്കുന്നില്ല.

പഞ്ചായത്തിൽ സ്ഥിരമായുള്ള പകർച്ച വ്യാധികൾ ഒന്നും തന്നെ വ്യാപകമായി ഇല്ലെങ്കിലും പനി, വയറിളക്കം ചിക്കൻ പോക്സ്, മലമ്പനി, വൈറൽഫീവർ, വയറുകടി, ന്യൂമോണിയ തുടങ്ങിയ രോഗങ്ങൾ ഇടയ്ക്കിടെ ഉണ്ടാകാറുള്ളതായി ഗ്രാമസഭാറിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. കുഷ്ഠം, ക്ഷയം എന്നിവ വളരെ അപൂർവ്വമാണ്. രക്തസമ്മർദ്ദം, പ്രമേഹം, ഹൃദോഗം എന്നിവയുള്ള വരുടെ എണ്ണം നാൾ ക്ക് നാൾ വർദ്ധിച്ചുവരുന്നതായി കാണുന്നു. നാട്ടിൽ നിന്ന് തുടച്ച് മാറ്റി എന്ന് കരുതിയിരുന്ന മലമ്പനിയുടെ തിരിച്ച് വരവാണ് വലിയൊരു പ്രശ്നം. നടപ്പ് വർഷം തന്നെ പത്ത് പേർക്ക് മലമ്പനി ബാധയുണ്ടായതായി കണക്കുകൾ സൂചിപ്പിക്കുന്നു. പട്ടിക കാണുക (5.3) 40 വയസിന് മുകളിൽ പ്രായമുള്ളവരുടെ ഇടയിൽ തിമിര ബാധ വർദ്ധിച്ച് വരുന്നതും ശ്രദ്ധിക്കപ്പെടുന്നുണ്ട്.

പുരുഷൻമാരേക്കാൾ സ്ത്രീകളിലാണ് രോഗാതുരത കൂടുതലായി കാണപ്പെടുന്നത്.അടുക്കളയിലെ അശാസ്ത്രീയമായ പ്രവർത്തന രീതികൾ, വ്യായാമത്തിന്റെ അഭാവം അലസത, ചെറുപ്രായത്തിലുള്ള വിവാഹം തുടങ്ങിയവയാണ് സ്ത്രീകളിലെ വർദ്ധിച്ച് വരുന്ന രോഗാതുരതക്കുള്ള കാരണം. ഇടത്തരം കുടുംബങ്ങളിലെ സ്ത്രീകളിൽ വാത സംബന്ധമായ അസുഖങ്ങൾ വർദ്ധിച്ച് വരുന്നു. 18 വയസിന് മുമ്പ്തന്നെ വിവാഹിതരാകുന്ന സ്ത്രീകളുടെ എണ്ണം വളരെ കുറവല്ല. 15 വയസ്സിനും 19 വയസ്സിനുമിടയിലുള്ള വിവാഹിതകളുടെ എണ്ണം 230 ആണ്. പട്ടിക കാണുക. (5.4)

അംഗൻ വാടികളിൽ നിന്ന് ലഭിച്ച വിവരം അനുസരിച്ച് ഗുരുതരമായ പോഷണ കുറവ് അനുഭവപ്പെടുന്ന കുട്ടികൾ ഒന്നും തന്നെ പഞ്ചായത്തിലില്ല. ഒന്നാം വാർഡിലെ ലക്ഷം വീട് കോളനിയിലും രണ്ടാം വാർഡിലെ ഹരിജൻ കോളനിയിലും മിതമായ നിരക്കിൽ പോഷണകുറവ് അനുഭവപ്പെടുന്ന കുട്ടികൾ കുറച്ച് ഉണ്ട്. ആരോഗ്യ പരിപാലനരംഗത്ത് അംഗൻവാടികളുടെ പ്രവർത്തനം പൊതുവെ തൃപ്തികരമല്ലെന്നാണ് ഗ്രാമസഭകളിൽ ഉയർന്ന അഭിപ്രായം.സ്ക്കൂളിൽ ഇപ്പോൾ നിലവിലുള്ള ഉച്ചക്കഞ്ഞി സമ്പ്രദായം കുട്ടികളുടെ ആരോഗ്യപോഷണത്തിന് പര്യാപ്തമല്ല.

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ അനധികൃതമായി സ്ഥാപിക്കപ്പെട്ടതും യാ

തൊരു സജ്ജീകരണവും ഇല്ലാത്തതുമായ അറവ് ശാലകൾ ഉണ്ട്. ഇവയ്ക്ക് ഒന്നിനും പഞ്ചായത്തിൽ നിന്ന് ലൈസൻസ് നൽകിയിട്ടില്ല. ഇവയിൽ നിന്ന് ഉപേക്ഷിക്കപ്പെടുന്ന ചീഞ്ഞ മാംസവും, മറ്റ് മാലിന്യങ്ങളും വമ്പിച്ച പരിസ്ഥിതി പ്രശ്നങ്ങളാണുണ്ടാക്കുന്നത്. പാലകുന്നിൽ ദേശീയ ഗ്രന്ഥശാലക്ക് പിന്നിലുള്ള പാഴ്കുളം വിവിധ അറവ് ശാലക്കാരുടെയും ഹോട്ടൽ ഉടമകളുടെയും മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള ഇടമായി മാറുകയും പ്രസ്തുത പ്രദേശത്തെ ദുർഗന്ധപൂരിതമാക്കുകയും ചെയ്തിരിക്കുന്നു. ഇതിനെതിരെ നടപടി ഒന്നും ഉണ്ടായിട്ടില്ല എന്ന് പരാതി ഉണ്ടായിട്ടുണ്ട്. അശാസ്ത്രീയമായി നിർമ്മിച്ചിരിക്കുന്ന ഓടകളും ഹോട്ടലുകളിലെ മറ്റ് മാലിന്യങ്ങൾ സ്ഥിരമായി കെട്ടികിടക്കുന്നതുമാണ് കൊതുക് പെരുകുന്നതിനുള്ള പ്രധാന കാരണം. ഓട ശുചിയാക്കാൻ ആരും എത്താത്തതുമൂലം വെള്ളം കെട്ടിനിന്ന് കൊതുക് പെരുകുന്നതിന് ഇടയാകുന്നു. അലഞ്ഞ് തിരിയുന്ന നായ്ക്കളും പൊതുജനാരോഗ്യ പ്രശ്നമാണ്.

കിഴുവിലം പഞ്ചായത്തിലെ 50% വീടുകളിലും കക്കുസ് ഇല്ലെന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. പഞ്ചായത്തിലെ മിക്ക പട്ടിക ജാതി കോളനികളിലും, ലക്ഷം വീട് കോളനികളിലും പൊതു കക്കൂസ് വേണമെന്ന ആവശ്യം ഉയർന്ന് വന്നിട്ടുണ്ട്. മൂന്നാം വാർഡിലെ പനയറവിളാകം ലക്ഷം വീട് കോളനിയിൽ മഴക്കാലത്ത് കക്കൂസുകളിൽ വെള്ളം കയറുകയും അത് പൊതു കിണറ്റിൽ എത്തുന്നതുമൂലം പരിസ്ഥിതി പ്രശ്നം ഉണ്ടാകുകയും ചെയ്യുന്നു. ഇതിന് പരിഹാരമായി ഒരു കമ്മ്യൂണിറ്റി സെപ്റ്റിക് ടാങ്ക് നിർമ്മിക്കണമെന്ന ആവശ്യം ഉയർന്ന് വന്നിട്ടുണ്ട്.

ഗ്രാമവാസികൾ കുടിവെള്ളത്തിന് മുഖ്യമായും കിണറുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിലെ പട്ടിക ജാതി ലക്ഷം വീട് കോളനികളിലെ വീടുകൾ ഒഴികെയുള്ള മിക്ക വീടുകളിലും കിണറുകൾ ഉണ്ട്. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും എത്തിയിട്ടുള്ള ഒരു ശുദ്ധജല വിതരണ ശ്രൃംഖല സ്ഥാപിതമായിട്ടുണ്ട്. 400 ഓളം വീടുകളിൽ വാട്ടർ കണക്ഷൻ ഉണ്ട്. പഞ്ചായത്തിലൊട്ടാകെ 261 പൊതു ടാപ്പുകളും 31 പൊതു കിണറുകളും ഉണ്ട്.

മുകളിൽ സൂചിപ്പിച്ച കാര്യങ്ങൾ വെച്ച് നോക്കുമ്പോൾ ശുദ്ധജല ലഭ്യതയുടെ കാര്യത്തിൽ സംതൃപ്തമാണ് പഞ്ചായത്തിന്റെ അവസ്ഥ എന്ന് തോന്നാമെങ്കിലും യഥാർത്ഥ സ്ഥിതി വളരെ പരിതാപകരമാണ്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. അപൂർവ്വം കിണറുകൾ ഒഴികെ എല്ലാം വേനൽകാലത്തിന്റെ തുടക്കത്തിൽ തന്നെ വറ്റുന്നു. അവശേഷിക്കുന്ന കിണറുകളിൽ വെള്ളം എടുക്കുന്നതിന് വേണ്ടി ജനങ്ങൾക്ക് ദീർഘദൂരം യാത്ര ചെയ്യേണ്ടി വരുന്നു. പൊതു കിണറുകൾ മിക്കവയും വൃത്തി ഹീനമായി കിടക്കുകയാണ്. പൊതു കുളങ്ങളുടെ അവസ്ഥയും വ്യത്യസ്ഥമല്ല. പൊതു കുളങ്ങളെയും പൊതു കിണറുകളെയും കുറിച്ചുള്ള വിവരം പട്ടിക 5.7 ൽ കെടുത്തിരിക്കുന്നു.

വലിയകുന്നിലുള്ള പ്രധാന വാട്ടർടാങ്കിൽ നിന്നും ബ്ളോക്ക് ജംഗ്ഷനിലുള്ള ടാങ്കിൽ എത്തുന്ന വെള്ളം ഉയർന്ന പ്രദേശമായ നൈനാംകോണത്തെ വാട്ടർ ടാങ്കിലേക്ക് എത്തിച്ചിട്ടാണ് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വെള്ളം പമ്പ് ചെയ്യുന്നത്. ഇങ്ങനെ വിതരണം ചെയ്യുന്ന വെള്ളം മിക്ക വാർഡുകളിലെയും ഉയർന്ന പ്രദേശങ്ങളിൽ എത്തുന്നില്ല എന്ന പരാതിയുണ്ട്. ജലവിതരണ ശൃംഖല എല്ലാ വാർഡുകളിലും എത്തുന്നുണ്ടെങ്കിലും പല വാർഡുകളിലേയും ജന

സാന്ദ്രതയുള്ള പ്രദേശങ്ങളിൽ എല്ലാം എത്തിയിട്ടില്ല. ജലവിതരണം നടത്തുന്നതിന് യാതൊരു സമയ നിഷ്ഠയും ഇല്ലെന്നും ശുദ്ധീകരണം ശരിയായ വിധത്തിൽ നടക്കുന്നില്ലെന്നും വ്യാപകമായ പരാതിയുണ്ട്. പലസ്ഥലങ്ങളിലും പൊതു ടാപ്പുകൾ ദുരുപയോഗം ചെയ്യുന്നതായി ഗ്രാമസഭാംഗങ്ങൾ തന്നെ സമ്മതിക്കുകയുണ്ടായി. പഞ്ചായത്ത് വരുമാന നഷ്ടം ഒഴുവാക്കുന്നതിന് വേണ്ടി വാഹനങ്ങൾ കഴുകുന്നതിനും മറ്റുമായി ദുരുപയോഗം ചെയ്യപ്പെട്ട ചില ടാപ്പുകൾ അടയ്ക്കാൻ നിർബന്ധിതമായി ടാപ്പുകൾ തകരാറിലായി കുടിവെള്ളം മുഴുവൻ ദിവസങ്ങളോളം നഷ്ടപ്പെടുന്ന സംഭവങ്ങളും ഉണ്ട്. കുടിവെള്ള ക്ഷാമത്തെ കുറിച്ചും, പരിസര ശുചിത്വത്തെ കുറിച്ചും ഗ്രാമ സഭകളിൽ ഉയർന്ന് വന്ന നിർദ്ദേശങ്ങൾ പട്ടികയായി കൊടുത്തിരിക്കുന്നു. (പട്ടിക 5.5, 5.6)

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം ഇല്ല.

2. കിഴക്കൻ പ്രദേശങ്ങളിൽ ഉള്ളവർക്ക് ചികിത്സക്കായി വളരെ ദൂരം യാത്ര ചെയ്യേണ്ടിവരുന്നു.

3. PHC സബ്സെന്ററുകൾക്ക് പ്രവർത്തിക്കാൻ വേണ്ട ഭൗതിക സാഹചര്യങ്ങൾ ഇല്ല.

4. ആരോഗ്യ പ്രവർത്തകരുടെയും, അംഗൻവാടികളുടെയും പ്രവർത്തനം തൃപ്തികരമല്ല.

5. ധാരാളം വീടുകളിൽ കക്കൂസ് ഇല്ല.

6. 9-ാം വാർഡിലെ കശുവണ്ടി ഫാക്ടറി ജല മലിനീകരണവും, അന്തരീക്ഷ മലിനീകരണവും ഉണ്ടാക്കുന്നു.

7. കൊതുക് ശല്യം രൂക്ഷമായി അനുഭവപ്പെടുന്നു.

8. പൊതുകുളങ്ങൾ, പൊതുകിണറുകൾ വൃത്തിഹീനമാണ്.

9. പൊതു ടാപ്പുകൾ അപര്യാപ്തമാണ്.

10. പലയിടത്തും പൊതു ടാപ്പുകൾ ദുരുപയോഗം ചെയ്യുന്നു.

11. പഞ്ചായത്തിൽ അറവ് ശാലയില്ല.

12. അലഞ്ഞ് തിരിയുന്ന നായ്ക്കളുടെ എണ്ണം പെരുകിവരുന്നു.

13. പഞ്ചായത്തിലെ മിക്ക വാർഡുകളിലും ചപ്പ്, ചവറ്,തുടങ്ങിയ മാലിന്യങ്ങൾ അടിഞ്ഞ് കൂടുന്നു.

14.12-ാം വാർഡിൽ മുനിസിപ്പൽ ചന്തയുടെ അവശിഷ്ടം ഈ പ്രദേശം കൂടുതൽ മലിനപ്പെടുത്തുകയും പകർച്ചവ്യാധികൾ ഉണ്ടാക്കുകയും ചെയ്യുന്നു.

സാധ്യതകൾ

1. പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശത്ത് സ്വന്തമായുള്ള സ്ഥലത്ത് 15 കിടക്കകൾ ഉള്ള ഒരു പ്രാഥമികാരോഗ്യകേന്ദ്രം സ്ഥാപിക്കുക.

2. നിലവിലുള്ള മൂന്ന് സബ്സെന്ററുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക.

3. പൊതുകിണറുകളും, കുളങ്ങളും അടിയന്തിരമായി ശുചീകരിക്കുക.

4. കോളനികളിൽ പൊതുകിണറുകളും, പൊതു കക്കൂസുകളും കൂടുതലായി സ്ഥാപിക്കുക.

5. ശുദ്ധജലവിതരണം എത്തിയിട്ടില്ലാത്ത മേഖലകളിലെല്ലാം ഉടനെ എത്തിക്കുക.

6. വാർഡുകളിലെ പ്രധാന കേന്ദ്രങ്ങളിലെല്ലാം വേസ്റ്റ് ടാങ്കുകൾ നിർമ്മിക്കുക.

7. പനയറവിളാകം ലക്ഷം വീട് കോളനിയിൽ കമ്മ്യൂണിറ്റി സെപ്റ്റിക് ടാങ്ക് നിർമ്മിക്കുക.

8. ആധുനിക സൗകര്യങ്ങളോട് കൂടിയ അറവ് ശാല സ്ഥാപിക്കുക.

9. സമൂഹത്തിന്റെ എല്ലാ തട്ടിലുമുള്ള ജനങ്ങൾക്ക് ഫലപ്രദമായ ചികിത്സ ലഭിക്കുന്നതിന് ജനുപങ്കാളിത്തത്തോടെ ഹെൽത്ത് സൊസൈറ്റി സ്ഥാപിക്കുക. പ്രസ്തുത സൊസൈറ്റിക്ക് പഞ്ചായത്ത് തലത്തിൽ ഫണ്ടും ഗ്രാന്റും അനുവദിക്കുക.

10. ഹെൽത്ത് ഇൻഷ്വറൻസ് നടപ്പിലാക്കുക.


11. പേപ്പട്ടി നിർമ്മാർജ്ജനത്തിനുംശുചീകരണത്തിനും പഞ്ചായത്ത് തലത്തിൽ സ്ഥിരം ജീവനക്കാരെ നിയമിക്കുക.

12. കൊതുക് ശല്യം പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുക.

13. കശുവണ്ടി ഫാക്ടറിയുടെ മലിനീകരണ നിയന്ത്രണത്തിന് ശാസ്ത്രീയമായ സംവിധാനങ്ങൾ ഏർപ്പെടുത്തുക.

14. പരിസര ശുചിത്വം, പൊതുജനാരോഗ്യം, തുടങ്ങിയ മേഖലകളിൽ ബോധവൽക്കരണം നടത്തുക.

15. വിവിധ പ്രദേശങ്ങളിൽ പ്രതിമാസ മെഡിക്കൽ ക്യാമ്പ് നടത്തുക.





പട്ടിക 5.1

പേര്	കേരളം	കിഴുവിലം പഞ്ചായത്ത്
പൊതുമരണ നിരക്ക്	5.9	4.5
ശിശുമരണ നിരക്ക്	16	10
ജനന നിരക്ക്	17	17

അവലംബം : ദ്വിതീയവിവര ശേഖരണം

കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാരുടെ വിവരം

പട്ടിക 5.2

നമ്പർ	ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണം	അമ്മമാരുടെ എണ്ണം (ജീവിച്ചിരിക്കുന്ന കുട്ടികളെ അടിസ്ഥാനമാക്കി)	കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ചവർ
1	1	545	171
2	2	2130	2027
3	2-ൽകൂടുതൽ	1207	1139

അവലംബം : ദ്വിതീയവിവര ശേഖരണം

മലമ്പനിയെ കുറിച്ചുള്ള വിവരങ്ങൾ

പട്ടിക 5.3

നമ്പർ	വർഷം	രോഗബാധിതരുടെ എണ്ണം
1	92-93	4
2	93-94	12
3	94-95	7
4	95-96	4
5	96-97	10

അവലംബം : ദ്വിതീയവിവര ശേഖരണം

നമ്പർ	സ്ത്രീകളുടെ പ്രായക്രമം	എണ്ണം
1	15 - 19	230
2	20 - 24	1202
3	25 - 29	1054
4	30 - 34	742
5	35 - 39	581
6	40 - 44	489

കുടിവെള്ള പ്രശ്നം- ഗ്രാമ സഭയിൽ ഉയർന്ന നിർദ്ദേശങ്ങൾ

പട്ടിക 5-5

വാർഡ്	ആവശ്യങ്ങൾ
1	എല്ലാ ഭാഗത്തും കുടിവെള്ളം എത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക ലക്ഷം വീട് കോളനിയുടെ പടിഞ്ഞാറ് ഭാഗത്ത് കൂടുതൽ ടാപ്പുകൾ സ്ഥാപിക്കുക. ഒറ്റക്കലുങ്കിൽ പുതിയ ടാപ്പ് സ്ഥാപിക്കുക. ലക്ഷം വീട് കോളനിമുതൽ അണ്ടൂർകോണം വരെ പൈപ്പ് ഇടുക കളത്തറ ഭാഗത്ത് പൊതു ടാപ്പ് വേണം
2	തോട്ടവാരം, കാവുവിള കോളനി, പൂളയിൽകുന്ന് എന്നിവിടങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കണം വാർഡിലുടനീളം കൂടുതൽ പൊതു ടാപ്പുകൾ വേണം
3	വാർഡിൽ എല്ലാ ഭാഗത്തും കുടിവെള്ള ക്ഷാമം ഉണ്ട്. പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം. കൂടുതൽ പൊതു ടാപ്പുകൾ വേണം. കുന്നിൽ ഭാഗത്ത് പൊതു കിണർവേണം.
4	എല്ലാഭാഗത്തും കുടിവെള്ള ക്ഷാമം ഉണ്ട്. പരിഹരിക്കാൻ നടപടി സ്വീകരിക്കണം. 20 വീടുകൾക്ക് 1 എന്ന തോതിൽ പൊതു ടാപ്പുകൾ വേണം
5	പൊയ്കവിള, കൊറട്ടുവിളാകം, വലിയചിറ എന്നിവിടങ്ങളിലെ ജല ക്ഷാമം പരിഹരിക്കണം. സഹകരണ ബാങ്കിന് സമീപം ടാപ്പ് വേണം. ചൂമട് താഞ്ചി-കണ്ടുകൃഷി റോഡിൽ ടാപ്പുകൾ സ്ഥാപിക്കണം
6	ഉയർന്ന പ്രദേശമായ 6-ാം വാർഡിൽ എല്ലായിടത്തും കുടിവെള്ള ക്ഷാമമുണ്ട്. പരിഹരിക്കാൻ നടപടികൾ സ്വീകരിക്കണം. കുന്നുവാരം ജംഗ്ഷനിൽ പഞ്ചായത്ത് കിണറോ, കുഴൽകിണറോ വേണം.
7	മുഴുവൻ പ്രദേശത്തും കുടിവെള്ള ക്ഷാമമുണ്ട് പരിഹരിക്കണം. ഈച്ചരൻ വിളയിൽ പൊതു കിണർ സ്ഥാപിക്കണം. പൈപ്പ്ലൈൻ എത്തിയിട്ടില്ലാത്ത സ്ഥലങ്ങളിൽ എത്തിക്കുക.
8	തെന്നൂർകോണം, നൈനാൻകോണം, പമ്മൻകോട് എന്നിവിടങ്ങളിലെ രൂക്ഷമായ ജലക്ഷാമം പരിഹരിക്കണം, പൊതു കിണറുകൾ സ്ഥാപിക്കണം. വാർഡിന്റെ എല്ലാ ഭാഗത്തും പൈപ്പുലൈൻ എത്തിക്കണം.
9	എല്ലാ ഭാഗത്തും അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുക. വാർഡിന്റെ എല്ലാ ഭാഗത്തും പൈപ്പ് ലൈൻ എത്തിക്കണം.
10	വാർഡിൽ എല്ലാ ഭാഗത്തും കുടിവെള്ള ക്ഷാമം ഉണ്ട്. അടിയന്തിരമായി പരിഹരിക്കണം. പറയത്തുകോണം കോളനി, കടുവാക്കരകുന്ന് കോളനി, മഠത്തിൽ എന്നിവിടങ്ങളിൽ ജന പങ്കാളിത്തത്തോടെ പൊതുകിണർ സ്ഥാപിക്കണം. പൈപ്പ് ലൈൻ ഇല്ലാത്ത സ്ഥലങ്ങളിൽ ഉടനെ എത്തിക്കണം.

11	ആക്കോട്ടുവിള, മാമം പാലം അരികത്തുവാർ, എന്നിവിടങ്ങളിലെ രൂക്ഷമായ ജലക്ഷാമം പരിഹരിക്കണം. പൊതുജന പങ്കാളിത്തത്തോടെ കുഴൽകിണർ സ്ഥാപിക്കണം
12	എല്ലാഭാഗത്തും അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുക. വാർഡിലുള്ള കുഴൽകിണർ പ്രവർത്തന സജ്ജമാക്കുക. എല്ലാ ഭാഗത്തും പൈപ്പ്ലൈൻ എത്തിക്കുക

പരിസരശുചിത്വം.

ഗ്രാമ സഭകളിൽ നിന്നുയർന്ന നിർദ്ദേശങ്ങൾ

പട്ടിക 5-6

വാർഡ്	നിർദ്ദേശങ്ങൾ
1	മലിന ജലവും ചപ്പുചവറുകളും ലക്ഷം വീടു കോളനിയിൽ അടിഞ്ഞുകിടക്കുന്നു ലക്ഷം വീട് കോളനി മുതൽ ഇരട്ടകലിങ്ക് വരെ ഓട നിർമ്മിക്കുക
2	ഒറ്റപ്ലാംമുക്ക്- വാഴവിള റോഡിൽ വീടുകളിൽ നിന്നൊഴുകുന്ന മലിന ജലം വഴിയിൽ കെട്ടികിടക്കുന്നു. നടപടി സ്വീകരിക്കുക.
3	പനയറവിളാകം ലക്ഷം വീട് കോളനി പൊതുകിണർ ശുദ്ധീകരിക്കണം, ഓടകെട്ടി റെയിൽവേയുടെ ഓടയുമായി ബന്ധിപ്പിക്കണം. പനയറവിളാകം കോളനിയിൽ കമ്മ്യൂണിറ്റിസെപ്റ്റിക് ടാങ്ക് വേണം
4	പുളിമൂട് മുതൽ ഇരട്ടകലിങ്ക് വരെ ഓടകെട്ടി സംരക്ഷിക്കുക. കാട്ടുമുറാക്കൽ, കുഞ്ചാലുംമൂട് പ്രദേശത്തെ അനധികൃത ഇറച്ചിവെട്ട് അവസാനിപ്പിക്കുക, ദേശീയ ഗ്രന്ഥശാലക്ക് പിന്നിലുള്ള കുളം അടിയന്തിരമായി മലിനീകരണ മുക്തമാക്കുക.
5	വലിയചിറയിൽ പൊതു കക്കൂസ് സ്ഥാപിക്കുക. വലിയ ചിറയിൽ ചപ്പുചവറുകൾ കൂടികിടന്നു പരിസ്ഥിതി പ്രശ്നമാകുന്നത് പരിഹരിക്കുക.
7	നവഗ്രഹക്ഷേത്രത്തിന് സമീപമുള്ള കുളവും, കണ്ടുകൃഷികുളവും വൃത്തിയാക്കുക. ഈച്ചരൻവിള ഭാഗത്ത് പൊതുകക്കൂസ് വേണം
8	കോളനി പ്രദേശങ്ങളിൽ മലിനീകരണം കൂടുതലാണ്. ബോധവൽക്കരണം നടത്തുക
9	അംബേദ്കർ ഗ്രാമത്തിലെ പൊതു കിണർ വൃത്തിയാക്കുക. നൈനാംകോണം പാമ്പാട്ടു റോഡിലുള്ള പൊതുകിണർ എല്ലാവർക്കും

	ഉപയോഗിക്ക ാനുള്ള നടപടി സ്വീകരിക്കുക. അംബേദ്കർ ഗ്രാമത്തിലുള്ള കുളം ജനങ്ങൾക്കും കന്നുകാലികൾക്കും പ്രത്യേകം പ്രത്യേകം ഉപയോഗിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുക. കശുവണ്ടി ഫാക്ടറിയിലെ കറ പൊതുവഴിയിലൂടെ തോട്ടിലെത്തുന്നതൊഴിവാക്കുക
10	കാട്ടിൽകുന്ന് കോളനിയിലെ പൊതുകിണർ വൃത്തിയാക്കുക
12	കടമ്പാട്ടുകോണം കുളം വൃത്തിയാക്കുക. കൊച്ചുവേളാർക്കുടി ഭാഗത്തെ പരിസരമലിനീകരണം ഒഴിവാക്കാൻ നടപടി സ്വീകരിക്കുക

സംസ്ഥാന മാതൃകയായ
കിഴുവിലം സോഷ്യോ ഇക്കണോമിക് യൂണിറ്റ്

ജനങ്ങളുടെ ആരോഗ്യം, ജീവിതനിലവാരം, തുടങ്ങിയവ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി നെതർലാന്റ്, ഡെൻമാർക്ക് എന്നിരാജ്യങ്ങളുടെ സഹായത്തോടുകൂടി നടപ്പിലാക്കിയ പദ്ധതിയാണ് സോഷ്യോ ഇക്കണോമിക് യൂണിറ്റ്. കേരളാ വാട്ടർ അതോറിറ്റി സംസ്ഥാന വ്യാപകമായി സംഘടിപ്പിച്ച ഈ പദ്ധതിയിലേക്ക് കിഴുവിലം പഞ്ചായത്തിനെയും തെരഞ്ഞെടുത്തിരുന്നു. തുടർന്ന് 90 കളുടെ ആദ്യപാദത്തിൽ ജനപങ്കാളിത്തത്തോടെ കിഴുവിലത്തിന്റെ സാമൂഹ്യ സാമ്പത്തിക രംഗത്ത് നവോത്ഥാനം സൃഷ്ടിച്ച് ഈ പദ്ധതി നടപ്പിലാക്കുകയുണ്ടായി. സംസ്ഥാന തലത്തിൽ തന്നെ ജന ശ്രദ്ധ ആകർഷിച്ചതിനെ തുടർന്ന് ഈ പദ്ധതിക്ക് കിഴുവിലം ഒരു മാതൃകയാണെന്ന് അതിന്റെ സംഘാടകർ പ്രഖ്യാപിക്കുകയുണ്ടായി. പ്രമുഖ ദിനപത്രങ്ങൾ ആരോഗ്യരംഗത്തെ ഈ മാതൃകയെ ബന്ധപ്പെടുത്തി റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു. ഇനിയും ഈ പരിപാടി തുടരുകയാണെങ്കിൽ 2000 മാണ്ടോട് കൂടി എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം ഉറപ്പായും നമുക്ക് കൈവരിക്കാനാകും.

യൂണിറ്റ് നടത്തിയ പ്രവർത്തനങ്ങൾ

1. ശുദ്ധജലം വിതരണം ചെയ്യുന്നതിനും, മെച്ചമായി ഉപയോഗിക്കുന്നതിനും പരിപാടികൾ സംഘടിപ്പിച്ചു.

2. ശുചിത്വ ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടർച്ചയായി നടത്തി.

3. ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് ഗുണഭോക്താക്കളെ സംഘടിപ്പിച്ച് വാർഡ് വാട്ടർ കമ്മിറ്റികൾ യാഥാർത്ഥ്യമാക്കി.

4. പതിനഞ്ച് മുതൽ നാൽപത് വരെ കുടുംബങ്ങൾക്ക് ഒരു പൊതു ടാപ്പ് എന്ന ലക്ഷ്യം കൈവരിക്കാൻ ശ്രമിച്ചു.

5. ഒരു പൊതു ടാപ്പിൽ നിന്ന് വെള്ളം എടുക്കാൻ പരമാവധി 200-250 മീറ്ററിനകമേ ഒരാൾക്ക് നടക്കേണ്ടി വരാവൂ എന്ന് തീരുമാനിച്ചു.

6. ടാപ്പ് പരിപാലക കമ്മിറ്റികൾ രൂപീകരിക്കുകയും സ്ത്രീകൾക്ക് പ്രാതിനിത്യം നൽകുകയും ചെയ്തു.

7. കിണറ്റിലെ ജലം ശുദ്ധമായി സംരക്ഷിക്കുന്നതിൽ വേണ്ടത്ര നിക്ഷ്കർഷ പുലർത്തി.

8. ഒരു വീടിന് ഒരു കക്കൂസ് എന്ന ലക്ഷ്യത്തോട്കൂടി ഗുണഭോക്താവിന്റെ സഹകരണത്തോട് കൂടി ലോകോസ്റ്റ് സാനിറ്റേഷൻ യൂണിറ്റ് നടപ്പിലാക്കി.

9. പാപപ്പെട്ടവർക്ക് ഈ പദ്ധതിയുടെ ഉപയോഗം ലഭിക്കുവാൻ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനും 8 മാനദണ്ഡങ്ങൾ നടപ്പിലാക്കി.

10. ആരോഗ്യ വിദ്യാഭ്യാസ ക്ളാസുകൾ നടപ്പിലാക്കി.


പഞ്ചായത്തിലെ പൊതു കിണറുകളേയും കുളങ്ങളേയും
സംബന്ധിച്ച വിവരങ്ങൾ.

പട്ടിക 5.7

പഞ്ചായത്തിലെ കുളങ്ങൾ	**15**
പൊതുകിണർ	**31**
പൊതുടാപ്പുകൾ	**261**

അവലംബം : ദ്വിതീയവിവര ശേഖരണം

ഗതാഗതം



നിമ്നോന്നതമായി കിടക്കുന്ന ഗ്രാമമാണ് കിഴുവിലം എന്നത് കൊണ്ട് നേർരേഖയിലുള്ള പാതകൾ ഇവിടെ ഏറെ കുറവാണ്. മാമം ആറിന്റെ കൈവഴികളിൽ പാലങ്ങൾ നിർമ്മിച്ചതോടെയാണ് നമ്മുടെ ഗതാഗത സംവിധാനത്തിൽ കാതലായ മാറ്റങ്ങൾ വന്നത്. ചെറുവഴികൾ വികസിപ്പിച്ച് ഗതാഗത യോഗ്യമാക്കിയതോടെ നമ്മുടെ പഞ്ചായത്തിലേക്ക് വികസനം മെല്ലെമെല്ലെ കടന്ന് വന്നു. മിക്കവാറുംഎല്ലാ റോഡുകളും നാട്ടുകാർമുന്നിട്ടിറങ്ങിയാണ് വികസിപ്പിച്ചത്. ഉദാരമനസ്ക്കരായ ഒട്ടനവധി പേർ ഇതിനുവേണ്ടി ഭൂമി ദാനം ചെയ്തിട്ടുണ്ട് എന്നത് ഈ അവസരത്തിൽ സ്മരിക്കേണ്ടതുണ്ട്. കാളവണ്ടികളും , വില്ല് വണ്ടികളും മോട്ടാർ വാഹനങ്ങൾക്ക് വഴിമാറികൊടുക്കുകയും തുടർന്ന് നടപ്പാലങ്ങളും ചുമടുതാങ്ങികളും സ്മാരകങ്ങൾ മാത്രമാകുകയും ചെയ്തു എന്നതാണ്. പിന്നിലേക്ക് നേക്കുമ്പോൾ നമുക്ക് കാണുവാൻ കഴിയുന്നത്. ഇടവഴികളിൽ മെറ്റൽ ടാറിംഗ് നടത്തിയ ആദ്യത്തെ വഴിയാണ് കുന്തള്ളൂർ ഹൈസ്ക്കൂളിലേക്കുള്ള ഇടറോഡ്.

കിഴുവിലം പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയെ സ്പർശിച്ചുകൊണ്ട് നാഷണൽ ഹൈവേ 47 ഉം, പടിഞ്ഞാറൻ അതിരിനെ തൊട്ടുരുമ്മികൊണ്ട് കേരള തലസ്ഥാനത്തേയ്ക്കുള്ള തീവണ്ടിപ്പാതയും കടന്നു പോകുന്നു. നാഷണൽ ഹൈവേയ്ക്കപ്പുറത്തേയ്ക്കും തീവണ്ടിപ്പാത കടന്നും പഞ്ചായത്തിന്റെ തായപ്രദേശങ്ങളുണ്ട്. N.H.ഉം തീവണ്ടി പാതയും ഒരു കിലോമീറ്ററോളം പഞ്ചായത്തിലൂടെ കടന്നുപോകുന്നു. തിരുവനന്തപുരം നഗരത്തിലേയ്ക്ക് 30 കിലോമീറ്ററേ ദൂരമുള്ളൂ. തിരുവനന്തപുരം, കൊല്ലം ഭാഗങ്ങളിലേയ്ക്ക് യാത്ര പോകുന്നവർ ചിറയിൻകീഴ്, ആറ്റിങ്ങൽ റോഡിലൂടെ യാത്ര ചെയ്ത് ആറ്റിങ്ങലിൽ എത്തിയാണ് വേണ്ട സ്ഥലങ്ങളിലേക്ക് യാത്ര പോകാറ്. നാഷണൽ ഹൈവേ പേരിന് സ്പർശിക്കുന്നുവെന്നല്ലാതെ പഞ്ചായത്തിന് വലിയ പ്രയോജനം ഒന്നു മില്ലാത്ത അവസ്ഥയാണുള്ളത്.

തിരക്കുപിടിച്ച ചിറയിൻകീഴ്, ആറ്റിങ്ങൽ റോഡാണ് ഗ്രാമവാസികൾ ഏറെയും ആശ്രയിക്കുന്നത്.ഇത് പാലകുന്നുമുതൽ, ചെറുവള്ളിമുക്ക് വരെയാണ്. നാലാം വാർഡിലൂടെയും ഒന്നാം വാർഡിലൂടെയും കടന്നു പോകുന്നു. ഈ പ്രധാന പാതയിൽ എത്താൻ പഞ്ചായത്ത് നിവാസികൾക്ക് പ്രധാനാശ്രയം ചിറയിൻകീഴ്, കോരാണി റോഡാണ്.ഇവ രണ്ടും കൂട്ടി 11 കി.മി. ദൂരം പഞ്ചായത്തിലൂടെ കടന്നുപോകുന്നു.

ആറ്റിങ്ങൽ ഭാഗത്തേക്ക് നൂറുകണക്കിന് ബസ്സുകൾ ഉള്ളപ്പോൾ കോരാണി റൂട്ടിലേക്ക് വിരലിലെണ്ണാവുന്ന ബസ്സുകൾ മാത്രമാണുള്ളത്. ഉള്ളവ തന്നെ പലപ്പോഴും സർവ്വീസ് മുടക്കാറുമുണ്ട്. ഈ റൂട്ടിൽ പത്തോളം സമാന്തര സർവ്വീസുകൾ തുടർച്ചയായി സർവ്വീസ് നടത്തുന്നുണ്ട്. അവ ബസ് സമയങ്ങളിൽ പോലും സർവ്വീസ് നടത്തുന്നതു കാരണമാണ് ബസുകൾ യാത്ര പലപ്പോഴും റദ്ദാക്കുന്നത്.

ഈ ഭാഗത്തെ യാത്രാ ക്ളേശം പരിഹരിക്കുവാൻ സമാന്തര സർവ്വീസ് സഹായകമാണെങ്കിലും അവയെ കുറിച്ചുള്ള പ്രധാന പരാതി യാതൊരു തത്വദീക്ഷയുമില്ലാതെ

യാത്രക്കാരെ കുത്തി നിറക്കുന്നു എന്നതാണ്. വളരെയധികം യാത്രക്കാരെ കയറ്റി മത്സര ഓട്ടം നടത്തുന്ന കാരണം അപകടങ്ങൾ പലപ്രാവശ്യം ഉണ്ടായിട്ടുണ്ട്. റോഡിന്റെ സ്ഥിതിയും ഒട്ടും മെച്ചമല്ല. വീതി വളരെ കുറവാണ്. റോഡിന്റെ അരിക് തറനിരപ്പിലേക്ക് ചരിച്ച് ടാർ ചെയ്യപ്പെടാത്ത ധാരാളം ഭാഗങ്ങൾ ഉണ്ട്. ഇത് പലപ്പോഴും അപകടങ്ങൾക്ക് കാരണമാകുന്നു. മൂടപുര ത്തിനും, എസ്.എൻ. ജംഗ്ഷനും ഇടയ്ക്കുള്ള ഭാഗത്ത് മഴക്കാലമായാൽ പലേടത്തും വർ ദ്ധിച്ച തോതിൽ വെള്ളം കെട്ടികിടക്കാറുണ്ട്. ഏതെങ്കിലും പ്രദേശത്ത് ടാറിളകി കുഴികൾ ഉണ്ടായിതുടങ്ങിയാൽ ഉടൻ അവ നന്നാക്കി വലിയ കുഴികൾ ഉണ്ടാകുന്നതൊഴിവാക്കാൻ അധികൃതർ ശ്രദ്ധിക്കാറില്ല.

മേൽപറഞ്ഞ രണ്ട് പ്രധാന റോഡുകൾ കഴിഞ്ഞാൽ ധാരാളം ഗ്രാമീണ റോഡുകൾ കൊണ്ട് സമ്പന്നമാണ് നമ്മുടെ ഗ്രാമം. പഞ്ചാ യത്തിലൂടെ ആകെ 98 കി.മി. റോഡുകൾ ഉള്ളതിൽ 86.12 കി.മി.ന്റേയും സംരക്ഷണ ചുമതല പഞ്ചായത്തിനും തന്നെയാണ്. (പഞ്ചായത്തിലെ റോഡുകളുടെ ദൈർ ഘ്യത്തെ കുറിച്ചുള്ള വിവരം പട്ടികയായി കൊടുത്തിട്ടുണ്ട്.) 95-96 ൽ റോഡ് സംരക്ഷണാർത്ഥം 474489 രൂപ പഞ്ചായത്തിന് ചെലവായിട്ടുണ്ട്.

കിഴുവിലം വില്ലേജിന്റെ ഹൃദയ ഭാഗത്ത് കൂടി കടന്നുപോകുന്ന PWD റോഡാണ് പട്ടം താണുപിള്ള റോഡ്. ആയുർവേദാശുപത്രി ജംഗ്ഷൻ മുതൽ ചെറുവള്ളിമുക്കുവരെ നീളുന്ന റോഡാണ്. ഇതിൽ ആയുർവേദാശു പത്രി മുതൽ ശാന്തി നഗർ വരെ ബസ് സർ വ്വീസ് ഉണ്ട്. എന്നാൽ പട്ടം താണുപിള്ള പാലം തുറന്നാൽ മാത്രമെ ഈ റോഡുകൊണ്ടുള്ള പൂർണ്ണ ഉപയോഗം ഉണ്ടാകു. ഏറെ ഗതാഗത സാദ്ധ്യതയുള്ള ഈ റോഡ് കിഴുവിലം വില്ലേജിൽ നിന്നും ആറ്റിങ്ങലേക്കുള്ള എളുപ്പവഴിയാണ്.

ഗ്രാമ സഭകളിൽ ഏറ്റവും അധികം പേർ ചർച്ചയിൽ പങ്കെടുത്ത വിഷയം ഗതാഗത മാണ് എന്നതു തന്നെ റോഡുകളുടെ അവസ്ഥ തൃപ്തികരമല്ല എന്നു വ്യക്തമാകുന്നു. പഞ്ചാ യത്തു റോഡുകളിൽ ടാറിട്ട റോഡ് 11 കി.മി.യും മെറ്റൽ റോഡ് 4 കി.മി.യും ആണ്. ബാക്കിയുള്ള പാതകൾ മുഴുവൻ ടാർ ചെയ്യ ണമെന്ന ആവശ്യം എല്ലാ ഗ്രാമ സഭകളിലും ഉയർന്നുവന്നിട്ടുണ്ട്. സ്വന്തം വീട്ടുമുറ്റത്തുകൂടി പോകുന്ന വീതിയുള്ളതും ടാർചെയ്തതുമായ പാത വികസനത്തിന്റെ സൂപ്രധാന പ്രതീക മായി ഓരോ വ്യക്തിയും കാണുന്നു. അപ്ര സക്തങ്ങളായ ഒറ്റയടിപ്പാതകൾ പോലും ടാർ ചെയ്യണമെന്ന ആവശ്യം സൂചിപ്പിക്കുന്നതാണ്.

പഞ്ചായത്ത് റോഡുകളെ കുറിച്ച് വ്യാ പകമായ പരാതികൾ ഗ്രാമ സഭകളിൽ ഉന്നയി ക്കപ്പെട്ടു. കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി കൾ നടത്തുന്നില്ല എന്നതാണ് ഏറ്റവും പ്രധാനം. വർഷകാലത്തിന്റെ ആരംഭത്തിൽ തന്നെ മിക്കറോഡുകളും സഞ്ചാരയോഗ്യമ ല്ലാതായി തീരുന്നു.

വിവിധ വകുപ്പുകൾ കാലാകാലങ്ങളിൽ റോഡുകൾ വക്കുകൾ കുഴിച്ച് പൈപ്പിടുന്ന പ്രക്രീയ സ്ഥിരമായി നടന്നുവരുന്നു. ഇപ്ര കാരം ചെയ്യുന്നവർ തങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് മണ്ണ് മാറ്റിയിടുന്നതുമൂലം ടാറിട്ട റോഡുകൾ പോലും ചെളികുണ്ടായി മാറുന്ന പ്രവണതയാണുള്ളത്. വെള്ളപൊക്ക സാദ്ധ്യ തയുള്ള ചിലഭാഗങ്ങളിൽ റോഡിൽ കലുങ്കു കൾ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ റോഡിൽ കലു ങ്കുകെട്ടാത്തതുകാരണം തങ്ങളുടെ പ്രദേശ ങ്ങളിൽ വെള്ളം കയറുന്നു എന്ന് പരാതിപ്പെ ടുന്നവർ ഇനിയുംഏറെയുണ്ട്.

വളരെ വീതി കുറഞ്ഞ പാതകളുടെ വീതികൂട്ടാൻ ചില പ്രദേശങ്ങളിലെ ശ്രമങ്ങൾ കൂട്ടായി ശ്രമിച്ച് വിജയം കണ്ടിട്ടുണ്ട്. പലപ്ര

ദേശങ്ങളിലും ജനങ്ങൾ അത്തരം പ്രവർത്തനങ്ങൾക്ക് സന്നദ്ധരുമാണ്. റോഡിന് വീതി കൂട്ടാനെന്ന വ്യജേന തങ്ങളുടെ പ്രദേശം കൈയ്യെറി എന്ന മട്ടിലുള്ള പരാതികളും ഗ്രാമ സഭകളിൽ ഉയർന്നുവന്നിട്ടുണ്ട്.

പഞ്ചായത്തു സമിതിക്ക് മുമ്പാകെയും, ഗ്രാമ സഭകളിലെല്ലാം റോഡ് വീതി കൂട്ടുക, പുതിയ റോഡുകൾ നിർമ്മിക്കുക, ടാർ ചെയ്യുക, എന്നിങ്ങനെയുള്ള നൂറുകണക്കിന് ആവശ്യങ്ങൾ ഉയർന്നുവരാറുണ്ടെങ്കിലും പഞ്ചായത്തുറോഡുകളുടെ പൊതുവായതും ശാസ്ത്രീയവുമായ ഒരു വികസന പദ്ധതിക്ക് ഇനിയും രൂപം നൽകാൻ കഴിഞ്ഞിട്ടില്ല. ഗ്രാമ സഭകളിലെ വികസന ചർച്ചകൾക്കിടയിൽ പ്രശ്ന പരിഹാരത്തിന് ഏറ്റവും അധികം ജന പങ്കാളിത്തം ഉറപ്പ് നൽകപ്പെട്ടത് ഗതാഗത ത്തിന്റെ കാര്യത്തിലാണ്. പുതുതായി നിർമ്മിക്കേണ്ട പാതകളുടെയും അവയുടെ സ്വഭാവത്തിന്റെയും(ടാർ, മെറ്റൽ, മൺറോഡ്, തുടങ്ങിയവ) യും മുൻഗണനാക്രമത്തിൽ നിശ്ചയിക്കുന്നതിന് ബഹുജനങ്ങളുടെ സമന്വയത്തിലൂന്നിയ സഹകരണം അനിവാര്യമാണു താനും.

നമ്മുടെ പഞ്ചായത്തിൽ വാഹനങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്നു എന്നാണ് മനസിലാക്കാൻ കഴിഞ്ഞത്.ടൂവീലറുകളും, കാറുകളും നമ്മുടെ ഗ്രാമത്തിന്റെ എല്ലാ ഭാഗങ്ങളിലും ഉണ്ട്. ആട്ടോറിക്ഷകളുടെ എണ്ണം വളരെ വേഗത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പുതുതായി രൂപം കൊള്ളുന്ന വർക്ഷോപ്പുകൾ നമ്മുടെ പഞ്ചായത്തിൽ ഏറെയുണ്ട്.

സാധ്യതകൾ

- കോരാണി ഭാഗത്തേക്ക് യാത്രാക്ളേശം വർദ്ധിക്കുന്നു. ബസുകളുടെയും സമാന്തര സർവ്വീസുകളുടെയും സമയം ക്ളിപ്തപ്പെടുത്തുകയും കൂടുതൽ ബസുകൾ ആരംഭിക്കുകയും ചെയ്യുക.

- രണ്ട് മൂന്ന് വാർഡുകളിൽ ഒറ്റ റോഡുകളും ടാർ ചെയ്തിട്ടില്ല എന്ന പരാതിയുണ്ട്. റോഡുകൾ പുതുതായി നിർമ്മിക്കുന്നതിനും വീതി കൂട്ടുന്നതിനും, ടാർചെയ്യുന്നതിനുമെല്ലാം അഭിപ്രായ സമന്വയത്തിലൂടെ മുൻഗണന നിശ്ചയിക്കുവാൻ കഴിയും വിധത്തിലുള്ള സമിതികൾ പഞ്ചായത്ത്, വാർഡ് തലങ്ങളിൽ രൂപീകരിക്കുക.

- റോഡുകൾ നിർമ്മിക്കുന്നതിനും, പഞ്ചായത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സന്നദ്ധതയോടെ സഹായവും മേൽനോട്ടവും വഹിക്കാൻ കഴിവുള്ള വാർഡുതല സന്നദ്ധ സംഘങ്ങൾ രൂപീകരിക്കുക.

- കോൺട്രാക്ട് പണികളിലെ അഴിമതികൾ തടയാൻ ഗ്രാമസഭാ സമിതികൾ രൂപീകരിക്കുക. അവയുടെ അവകാശങ്ങൾ നിർണ്ണയിക്കുക.

- ബ്ളോക്ക് ജംഗ്ഷൻ, കൂന്തള്ളൂർ എന്നിവിടങ്ങളിൽ സ്റ്റാൻറുകൾ സ്ഥാപിക്കുക.

- യാത്രക്കാർ ഏറെയുള്ള ജംഗ്ഷനുകളിൽ വെയിറ്റിംഗ് ഷെഡുകൾ സ്ഥാപിക്കുക.

- KSRTC സർവ്വീസുകൾ പ്രധാന റോഡുകളിൽ കൂടുതലായി ഏർപ്പെടുത്തുക.

- ഗ്രാമീണ റോഡുകളെ ബന്ധിപ്പിച്ച് റോഡ്-നെറ്റ് വർക്ക് എന്ന ആശയം പ്രാവർത്തികമാക്കുക

- ഗ്രാമ സഭകളിൽ വിവിധ വാർഡുകളിലെ റോഡുകളെ കുറിച്ചുയർന്നുവന്ന നിർദ്ദേശങ്ങൾ പട്ടികയായി കൊടുക്കുന്നു.

വാർഡ്	പാതയുടെ പേര്	നിർദ്ദേശം
1	ഇരട്ടക്കലുങ്ക്- കളത്തറ	റോഡുവെട്ടി ടാർ ചെയ്യുക
	വാർഡ് 1-വാർഡ് 6- അപ്രോച്ച് റോഡ്	റോഡു നന്നാക്കി വീതി കൂട്ടുക
	പുരവൂർ പാലം- വലിയ ഏലാ റോഡ്	ടാർചെയ്യുക
	കല്ല്യാണിക്കവിള- ലക്ഷംവീട്	
	കോളനി റോഡ്	ടാർ ചെയ്യുക
	പുരവൂർ U.P.S.റോഡ്	ടാർചെയ്യുക, മേലേകോണം ചിറ
		അയ്യരുമഠം ക്ഷേത്രവുമായുള്ള
		റോഡിൽ ബന്ധിപ്പിക്കുക
	പുരവൂർ-കുട്ടിപ്പറമ്പ്-കല്യാണിക്കവിള	പുതിയ റോഡുണ്ടാക്കണം
		റോഡിലേക്ക് സ്ലാബ് വാർത്ത് കെട്ടണം
	പുരവൂർ- പാങ്ങമലകുന്ന് റോഡ്	സൈഡ് കെട്ടി മെറ്റലിട്ട്
		സഞ്ചാരയോഗ്യമാക്കണം
2	പുരവൂർ പാലം- കുന്നക്കരിപ്പ് റോഡ്	ടാർ ചെയ്യുക
	വാഴവിള- കണ്ണത്തുവിളാകം-കബറടി-	
	അടീക്കലം-സ്രാമ്പി-ചോറണ്ടിപ്പാത	ടാർചെയ്യുക
	തേവറത്തിടവഴി	വീതികൂട്ടി ടാർ ചെയ്യുക
	കുക്കുറുമ്പിൽ ഇടവഴി	വീതി കൂട്ടി ടാർചെയ്യുക
	പാലക്കുന്ന്- വയലരികം രാജപാത	വീതി കൂട്ടി ടാർചെയ്യുക
3	അടീക്കലം റോഡ്	വീതി കൂട്ടി ടാർചെയ്യുക
	അടീക്കലം- പുത്തൻവീട് റോഡ്	വീതി കൂട്ടി ടാർചെയ്യുക
	ഒറ്റപ്ലാംമുക്ക്-സീഡുഫാം റോഡ്	ടാർചെയ്യുക
	കുറയ്ക്കര മാടൻനട- താമരകുളം-	
	പുളിത്തറ റോഡ്	ടാർ ചെയ്യുക
	തിട്ടയിൻമുക്ക്- നാലുതട്ടുവിള റോഡ്	ഓട കെട്ടി ടാർ ചെയ്യുക
	പടനിലം- വൈദ്യന്റെമുക്ക് റോഡ്	സൈഡ് വാൾ, ഓടകെട്ടുക, ബാക്കി
		ഭാഗം ടാർചെയ്യുക
	വാഴവിള-പാലകുന്ന് റോഡ്	ടാർചെയ്യുക
	താമരക്കുളം- മാടൻ നട റോഡ്	ഓടകെട്ടി മെറ്റലിംഗ് നടത്തി
		ടാർചെയ്യുക
	തുളവിള-അടിക്കലം റോഡ്	ടാർചെയ്യുക
	വൈദ്യന്റെ മുക്ക് - പുത്തൻമഠം റോഡ്	ടാർചെയ്യുക
	കുന്നിൽ-വൈദ്യന്റെ മുക്ക് റോഡ്	മെറ്റലിംഗ് നടത്തി ടാർചെയ്യുക
	ഒറ്റപ്ലാംമുക്ക്-പനയറലക്ഷം വിട് റോഡ്	മെറ്റലിംഗ് നടത്തി ടാർചെയ്യുക
	മംഗ്ലാവുമുക്ക്-റെയിൽവേ ഇടവഴി-	


	ശങ്കരപ്പിള്ള വായനശാലമുക്ക്-	
	നാലുകൂട്ടുവിള ജംഗ്ഷൻ പാത	ടാർചെയ്യുക
	പട്ടത്തുമുക്ക്-വാഴവിളകടവ്	ടാർചെയ്യുക
	കവറടി- വലിയ ഏലാ-	
	തുലവിളമുക്ക് പാത	ടാർചെയ്യുക
	കൂട്ടിൽമുക്ക്-ഇലത്തിക്കോട്ട് പാത	ടാർചെയ്യുക
	കോഴിയോട്ട്-അനുമാന്നൂർ പാത	ഗതാഗതയോഗ്യമാക്കുക
	പനയറവിളാകം-ലക്ഷംവീട് റോഡ്	ഗതാഗതയോഗ്യമാക്കുക
	ശങ്കുമുതലാളി സ്മാരകം-കുന്നിൽ	
	മാടൻനടറോഡ്	ഗതാഗതയോഗ്യമാക്കുക
4	കുഞ്ചാലുംമൂട്-ഇരട്ടക്കലുങ്ക് റോഡ്	ടാർചെയ്യുക
	മഹാദേവർക്ഷേത്രം- കാട്ടുമുറാക്കൽ	
	കല്ലുപാലം പാത	ടാർചെയ്യുക
	കുന്തൂർ L.P.S. വഴി- കോളറ ഇടവഴി	മെറ്റലിട്ട് ടാർചെയ്യുക
	മുളമൂട്ടിൽ ഇടവഴി	വീതികൂട്ടുക
	പറമ്പിൽ ഇടവഴി	വീതികൂട്ടി ടാർചെയ്യുക
	തോപ്പിൽ ഇടവഴി	ടാർചെയ്യുക
	മേലാക്കുടി-കളിയിൽ കടവ്	വീതി കൂട്ടി ടാർചെയ്യുക
	കമ്മാളകുന്ന്-പണിക്കന്റെ വീട്ടു ഇടവഴി	വീതികൂട്ടുക
	കിഴക്കേമൂല- ആറ്റുവരമ്പിൽ പാത	തമ്മിൽ ബന്ധിപ്പിക്കുക
	കുഞ്ചാലുമൂട്-കൊറ്റുവിളാകം പാത	ടാർചെയ്യുക
	കുഞ്ചാലുമൂട്-കിഴക്കേമൂലപാത	മെറ്റലിംഗ് & ടാറിംഗ്
	മുള്ളുകാട്-ചങ്കാണം	പുതിയ റോഡ് വെട്ടി സൈഡ് വാൾകെട്ടി ടാർ ചെയ്യുക
	കുഞ്ചാലുംമൂട്-കൊറ്റുവിളാകം പാത	ഓടകെട്ടുക
5	കൊറ്റുവിളാകം-ആറ്റുവരമ്പിൽത്തിട്ട	പുതിയ പാലം നിർമ്മിച്ച് വാഹന ഗതാഗതസൗകര്യം ഉണ്ടാക്കുക
	മായന്റെ വിള- കുന്നുവിളപ്പാത	മെറ്റലിട്ട് ടാർചെയ്യുക
	അക്കരവിള-വട്ടവിളപ്പാത	വികസിപ്പിച്ച് മെറ്റലിട്ട് ടാർചെയ്യുക
	ചുമടുതാങ്ങി-തട്ടാരഴികത്തു പാത	സിമന്റ് കോൺക്രീറ്റ് ചെയ്യുക
	മൂർത്തിനട-പൊയ്കവിളപാത	ഗതാഗതയോഗ്യമാക്കുക
	കാട്ടുമുറാക്കൽ-N.E.S.ബ്ളോക്ക് റോഡ്	ഓടകെട്ടി റീടാർചെയ്യുക
	കാട്ടുമുറാക്കൽ-കല്ലുകെട്ടി	റോഡുപണിയുക
	ചുമടുതാങ്ങി-കണ്ടുകൃഷി	റോഡുപണിയുക
	ചുമടുതാങ്ങി- ചിറമൂല	റോഡുപണിയുക, സൈഡുവാൾ കലുങ്ക് കെട്ടിടാർചെയ്യുക
	ശിവകൃഷ്ണപുരം-ചുമടുതാങ്ങി-	


	കണ്ടുകൃഷി	ഗതാഗതയോഗ്യമാക്കുക
	ചുമടുതാങ്ങി-കല്ലുകെട്ടി പാത	ഗതാഗതയോഗ്യമാക്കുക
	പള്ളിമുക്ക് - ഡീസന്റ്മുക്ക് പാത	ഗതാഗതയോഗ്യമാക്കുക
	ഗ്യാസ്ജംഗഷൻ-ആറ്റുവരമ്പിൽതിട്ട	ഗതാഗതയോഗ്യമാക്കുക
	കാട്ടുമുറാക്കൽ- ചിറമൂല റോഡ്	ടാർചെയ്യുക
	ചുമടുതാങ്ങി-മുടപുരം റോഡ്	ഓടകെട്ടി പുനരുദ്ധരിച്ച് ടാർചെയ്യുക
	ചിറമൂല-ഗ്യാസ് ജംഗ്ഷൻ പാത	ടാർചെയ്യുക
	മുടപുരം-ശിവകൃഷ്ണപുരം റോഡ്	ഓടകെട്ടി റീ ടാർചെയ്യുക
6	ഡീസന്റ് മുക്ക്-പൊടിയൻകാട്-പൊയ്കവിള റോഡ്	പാതകൾ തമ്മിൽ ബന്ധിപ്പിക്കുക
	ഡീസന്റ് മുക്ക്- തിരുച്ചിറ-കാടയിൽകോണം തയ്ക്കാവ്	പാതകൾ തമ്മിൽ ബന്ധിപ്പിക്കുക
	അപ്പോളോ കോളനി-കുന്നിക്കടപാത	സൈഡ്വാൾകെട്ടി, മെയിന്റനൻസ് ചെയ്ത് ടാർചെയ്യുക
	കുന്നിക്കട- പറമ്പിൽകുന്നുവാരം റോഡ്	സൈഡ് വാൾകെട്ടി ടാർചെയ്യുക
	കുന്നുവാരം-പിഞ്ചച്ചിറ റോഡ്	ടാർചെയ്യുക, സൈഡ്വാൾകെട്ടുക
	കോട്ടുകോണം ലക്ഷം വീട് പാത	ടാർചെയ്യുക, സൈഡ്വാൾകെട്ടുക
	ചങ്കാണം പാലം	വീതികൂട്ടി ഗതാഗതയോഗ്യമാക്കുക സമീപറോഡ് ടാർചെയ്യുക
	ചങ്കാണം-തയ്ക്കാവുമുക്ക് പാത	ടാർചെയ്യുക
	പൂമംഗലത്തുറോഡ്	ടാർചെയ്യുക
	പൊയ്കവിള ക്ഷേത്രം റോഡ്	ടാർചെയ്യുക
	കുഞ്ചുവീട്-ഡീസന്റ് മുക്ക് പാത	പത്താം വാർഡുമായി ബന്ധിപ്പിച്ച് സഞ്ചാരയോഗ്യമാക്കുക
7	നവഗ്രഹക്ഷേത്രം-പുളിയറകോണം ഏലാപ്പാത	സഞ്ചാരയോഗ്യമാക്കുക
	നവഗ്രഹക്ഷേത്രം-ടാഗോർ ജംഗ്ഷൻ	നടപ്പാത കെട്ടുക
	വട്ടരതലക്കൽ-തൊടിയിൻവാതിൽക്കൽ	സഞ്ചാരയോഗ്യമാക്കുക
	ശിവകൃഷ്ണപുരം-കണ്ടുകൃഷി പാത	പണിപൂർത്തിയാക്കുക
	മുടപുരം - തെങ്ങുവിള റോഡ്	ടാർചെയ്യുക
	തെങ്ങുവിള-തോട്ടിൽ പാലം	ഗതാഗതയോഗ്യമാക്കുക
	എസ്റ്റേറ്റ് റോഡ്	അറ്റകുറ്റപണി തീർത്ത് ടാർചെയ്യുക
	ശിവകൃഷ്ണപുരം-കുളം റോഡ്	ഗതാഗതയോഗ്യമാക്കുക
	ഈശ്വരൻവിള- പുളയറകോണം റോഡ്	തോട്ടത്തിൽ റോഡുമായി ബന്ധിപ്പിച്ച് ടാർചെയ്യുക
	കോരാണി-ചിറയിൻകീഴ് റോഡ്	അറ്റകുറ്റപണി പൂർത്തിയാക്കുക.

8		ശാന്തി ജംഗ്ഷൻ-കണിയാൻ
	വിളാകം പാത	ടാർചെയ്യുക
	തെന്നൂർകോണം-മൂലേവിളാകം-	
	പുല്ലുകാട് പാത	ടാർചെയ്യുക
	കാവടിക്കുളം- അംഗൻവാടി-	
	പമ്മൻകോട് പാത	ടാർചെയ്യുക
	തെന്നൂർകോണം കോളനി ക്ഷേത്രം-	
	വിളയിൽ പടിഞ്ഞാറ്-ബ്ളാംബൂക്കോണം	
	പാത	ടാർചെയ്യുക
	പുത്തൻവീട്- ആയൂർവേദാശുപത്രിപാത	റോഡുനിർമ്മിച്ച് ടാർചെയ്യുക
	അംഗൻവാടി- ആയൂർവേദാശുപത്രി പാത	തമ്മിൽ ബന്ധിപ്പിക്കുക
	നൈനാംകോണം-പുത്തൻവിള-	
	ബ്ലാംബുകോണം	റോഡുപണിയുക
	തെന്നൂർകോണം- മൂലവിളാകം-	
	നൈനാംകോണം-അംഗൻവാടി	പാതകൾതമ്മിൽ ബന്ധിപ്പിക്കുക
	പമ്മൻകോട്-ഹരിജൻകോളനി	റോഡുണ്ടാക്കുക
9	നൈനാംകോണം-പാമ്പാട്ട്-വരയത്ത്	പുതിയ റോഡ് പണിയുക
	അംബേദ്കർ ഗ്രാമം-കശുവണ്ടി	
	ഫാക്ടറി-നെട്ടാണിക്കോണം-	
	പുകയിലത്തോപ്പ് പാത	പുതിയ റോഡ് പണിയുക
	നൈനാംകോണം-മാടൻകാവ് റോഡ്	പുതിയ റോഡ് വേണം,
		ഗതാഗതയോഗ്യമാക്കണം
	വാറുവിള കുളത്തിലേക്കുള്ള വഴി	പുതിയ റോഡുവേണം
	പോളാകോളനി ഏലാ-അരികത്തുവാർ	പുതിയ റോഡുവേണം
	പാവയിൽകട-പറയത്തുകോണം	പുതിയ റോഡുവേണം
	ചിറ-പോസ്റ്റാഫീസ്-സ്കൂൾ	പുതിയ റോഡുവേണം
	നൈനാംകോണം-അണ്ടൂർ-കുറക്കട	പുതിയ റോഡുവേണം
	നൈനാംകോണം-പാമ്പാട്ടു റോഡ്	ഗതാഗതയോഗ്യമാക്കണം
	കരിപ്ലാംവിള (മാമം നട)-പോളയിൽ	
	കോളനി റോഡ്	ടാർചെയ്യണം
	കൊച്ചാലുംമൂട്-അംബേദ്കർഗ്രാമം പാത	ടാർചെയ്യണം
	കൊച്ചാലുംമൂട്-മുരിയക്കോട് റോഡ്	ടാർചെയ്യണം
	നൈനാംകോണം-അണ്ടൂർ-റോഡ് 11-ാം	
	വാർഡിൽ നിന്നും 18-ാം മൈൽ	
	അണ്ടൂർ റോഡും	ബന്ധിച്ച് ഗതാഗതയോഗ്യമാക്കുക
10	കടുവാക്കരകുന്ന്- പോളത്തുറോഡ്	റോഡു വികസിപ്പിക്കണം
	കാടയംകോണം-ആറാം വാർഡ് റോഡ്	റോഡ് വികസിപ്പിക്കുക

	പറയത്തുകോണം- കുളത്തിൻകര റോഡ്	റോഡ് വികസിപ്പിക്കുക
	കണവശ്ശേരി മഠം റോഡ്	റോഡ് വികസിപ്പിക്കുക
	അച്ചനാട്-കീപ്പറക്കോട്-നൊടുവാകോണം നടപ്പാത	വികസിപ്പിക്കുക
	എരപ്പുപാലം-കുഴിമൺകാവ് ക്ഷേത്രം റോഡ്	വികസിപ്പിച്ച് ടാർചെയ്യുക
	കാടയംകോണം-കിളിത്തട്ട് റോഡ്	ടാർചെയ്യണം
	പാവൂർകോണം-മുണ്ടപ്പള്ളി റോഡ്	ടാർചെയ്യുക
	കവണശ്ശേരി മഠം-പാവൂർകോണം ഏലാറോഡ്	വികസിപ്പിച്ച് ടാർചെയ്യുക
	കവണശ്ശേരി മഠം - കാട്ടുപുറം റോഡ്	ഏലാനികത്തിയ ഭാഗം രണ്ട് വശത്തും പാറകെട്ടി, മണ്ണിട്ട്, ടാർചെയ്യുക
	പാവൂർകോണം-പോസ്റ്റാഫീസ് റോഡ്	ടാർചെയ്യുക
	പറയത്തുകോണം UPS റോഡ്	ടാർചെയ്യുക
	പാവൂർകോണം- കാട്ടിൽകോളനി	പുതിയ റോഡ്വെട്ടുക
	പുരക്കോട്ട് കോണം റോഡ്	വികസിപ്പിച്ച് ടാർചെയ്യുക
11	പാലമൂട് -LPS റോഡ്	പുതിയ റോഡുണ്ടാക്കുക
	മാമം പാലം-അണ്ടൂർ-ചരുവിള കോളനി	പുതിയ റോഡുണ്ടാക്കുക
	ക്ഷേത്രം-നൈനാംകോണം	പുതിയ റോഡുണ്ടാക്കണം
	പാലമൂട്-പാറക്കാട്-വിളയിൽ-ചിയാവൂർകോണം റോഡ്	പുതിയ റോഡുണ്ടാക്കണം
	മാമം പാലം-ക്ഷേത്രം റോഡ്	ഉയർത്തി ടാർചെയ്യണം
	പഴയ NH	ഗതാഗതയോഗ്യമാക്കണം
12	കാക്കോട്ട്കോണം റോഡ്	കുറച്ച് ഭാഗം (150 മീ.) ടാർചെയ്യണം.
	തെങ്ങിലഴികം-കോക്കോട്ടുകോണം-ആശാരിവിളാകം റോഡുകൾ	മൂന്നും ബന്ധിപ്പിച്ച് ഗതാഗതയോഗ്യമാക്കണം
	വാവരുവിള-കടുവയിൽ റോഡ്	ഗതാഗതയോഗ്യമാക്കണം
	കാരക്കമൂല റോഡ്	ഗതാഗതയോഗ്യമാക്കണം
	രാമച്ചം വിള റോഡ്	ഗതാഗതയോഗ്യമാക്കണം
	GVRMസ്കൂൾ-കിഴുവിലം ഏലാറോഡ്	ഗതാഗതയോഗ്യമാക്കണം
	തെങ്ങിലഴികം റോഡ്	സൈഡ്വാൾകെട്ടി മെറ്റലിട്ട് ടാർചെയ്യുക
ഓടകെട്ടി,	കൊക്കോട്ടുകോണം റോഡ്	സൈഡ്വാൾകെട്ടി, ടാർചെയ്യുക

പെരുമാമഠം റോഡ	ടാർചെയ്യുക
ആശാരിവിളാകം റോഡ്	ടാർചെയ്യുക
വെള്ളൂർകോണം റോഡ്	വയലിന്റെ സൈഡ് വാൾകെട്ടി ഓടവെട്ടി, ടാർചെയ്യുക
ഉമാഹാൾ റോഡ്	ടാർചെയ്യുക
വാവറവിള റോഡ്	സ്ളാബിടുക






പട്ടിക R-1

റോഡിന്റെ സ്വഭാവം							
			ടാർ				
കച്ച	പക്ക	മെറ്റൽ	പഞ്ചായത്ത്	PWD	NH	മറ്റുള്ളവ	ആകെ
18km	53km	4km	11km	11km	1km	----	98km

അവലംബം-ദ്വിതീയ വിവര ശേഖരണം.



ഊർജ്ജം

സമഗ്രവികസനത്തിന് ഊർജ്ജലഭ്യതയും, വിതരണവും അടിസ്ഥാനഘടകമായിരിക്കുന്ന ഒരു കാലഘട്ടമാണ്. ഈ രംഗത്ത് സംസ്ഥാനം നേരിടുന്ന വെല്ലുവിളികൾ കണക്കിലെടുക്കുമ്പോൾ പ്രദേശികമായിട്ടുള്ള ഊർജ്ജാസൂത്രണത്തിന് പ്രസക്തിയേറുകയാണ്. വൻകിടപദ്ധതികൾ നടപ്പിലാക്കിയതിലുള്ള വൈകല്യവും, പ്രസരണ നഷ്ടവും അമിതോപഭോഗവും അതിലുപരി വൈദ്യുതി മാനേജ്മെന്റിലെ പേരായ്മകളും ഈ പ്രതിസന്ധിക്ക് ആക്കം കൂട്ടുന്ന ശക്തികളായി മാറുകയാണ്.

ഈ പഞ്ചായത്തിന്റെ വൈദ്യുതി സംബന്ധിച്ച രൂപരേഖ പരിശോധിക്കുമ്പോൾ ഒരു ശരാശരി നിലവാരം പുലർത്തുന്ന സ്ഥിതിയാണുള്ളത്. എന്നാൽ ഉപഭോക്താക്കളാകുവാൻ സാധ്യതയുള്ളവരുടെ എണ്ണം കണക്കിലെടുക്കുമ്പോൾ നിലവാരം തുലോം പിന്നിലാണ്. 4000-ളം വൈദ്യുതീകരിച്ച വീടുകളും, 1600-ളം വൈദ്യുതീകരിച്ച കടകളുമാണ് പഞ്ചായത്തിലുള്ളത്. വൈദ്യുതീകരിക്കാൻ 2200 -ളം വീടുകളും, കടകളും ശേഷിക്കുന്നുണ്ട്. എന്നാൽ വിവിധ വിഭാഗങ്ങളിലായി 300-ളം അപേക്ഷകൾ വൈദ്യുതി കണക്ഷനുവേണ്ടി കാത്തിരിക്കുന്നതോടൊപ്പം അപേക്ഷിക്കാത്ത 1900-ളം പേർ ഈ പഞ്ചായത്തിലുണ്ട് എന്നതും പ്രത്യേകം പ്രാധാന്യമർഹിക്കുന്നു.

വോൾട്ടേജ് ക്ഷാമം പഞ്ചായത്തിൽ ആകെ തന്നെയുള്ള ഒരു പ്രശ്നമാണ്. ഉപഭോക്താക്കളുടെ എണ്ണത്തിനാനുപാതികമായി ഉത്പാദനം നടക്കുന്നില്ല എന്ന യാഥാർത്ഥ്യം നിലനിൽക്കുന്നു. പാരമ്പര്യേതര ഊർജ്ജസ്രോതസുകളെ കുറിച്ചുള്ള ബോധവൽക്കരണം പഞ്ചായത്തിൽ ഫലപ്രദമായി നടത്തുവാൻ കഴിഞ്ഞിട്ടില്ലാ. ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പുകയില്ലാത്ത അടുപ്പിന്റെ സവിശേഷതയും, ഊർജ്ജ ലഭ്യതയിലുള്ള ഗുണമേന്മയും വേണ്ടവിധം ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ലാ എന്നതും പ്രശ്നങ്ങളായി നിലനിൽക്കുന്നു. ഏതാണ്ട് 70-ളം വീടുകളിൽ മാത്രമെ പരിഷത്ത് അടുപ്പ് അഥവാ പുകയില്ലാത്ത അടുപ്പ്-സ്ഥാപിച്ചിട്ടുള്ളൂ എന്നതും 50-ളം പേർ മാത്രമെ അടുപ്പിനുള്ള അപേക്ഷകരായി നിലവിലുള്ളൂ എന്നതും ഈ മേഖലയിലെ ബോധവൽക്കരണത്തിന്റെ കുറവ് വിളിച്ചറിയിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ രൂക്ഷമായികൊണ്ടിരിക്കുന്ന വിറക് ക്ഷാമം

ബഹുഭൂരിപക്ഷം സ്ത്രീകളും പുകയ്ക്കുള്ളിൽ ശ്വാസം മുട്ടേണ്ടിവരുന്ന ശോചനീയമായ സഹചര്യം ഇവയെ നേരിടുന്നതിനുള്ള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ അന്വേഷണ ഫലമാണ് പരിഷത്ത് അടുപ്പ്.ഇന്നത്തെ കാല ഘട്ടത്തിൽ ഇതിന് വളരെയേറെ പ്രസക്തിയുണ്ട്. നമ്മുടെ ഗ്രാമത്തിൽ 70ശതമാനത്തോളം വീടുകളിൽ വിറകാണുപയോഗിക്കുന്നത്.വിറകിന്റെ വാർഷിക വളർച്ചാ നിരക്കിനെക്കാൾ കൂടിയ തോതിലുള്ള ഉപഭോഗം വിറക് ക്ഷാമം രൂക്ഷമാക്കുകയും തൻമൂലം കുടുംബ ബഡ്ജറ്റിൽ വിറകിന്റെ വില കൂടുകയും ചെയ്യുന്നു. വിറകിന്റെ കാര്യത്തിലുള്ള ഈ പ്രതിസന്ധി തരണം ചെയ്യാൻ ഉപഭോഗം കൂടുതൽ കാര്യക്ഷമമാക്കിയേ മതിയാകൂ.

ഇന്ന് നിലവിലുള്ള നാടൻ അടുപ്പുകൾക്ക് 10-12%വരെ ദക്ഷതയുള്ളപ്പോൾ പരിഷത്ത് അടുപ്പിന് 24-30%വരെ ദക്ഷത ലഭിക്കുന്നു. ഇതിന്റെ അർത്ഥം നാടൻ അടുപ്പിൽ ഉപയോഗിക്കുന്ന വിറകിന്റെ $^{2}/_{5}$ ഭാഗം വിറക് മതി പരിഷത്ത് അടുപ്പിന്, അടുപ്പിൽ നിന്ന് പുറത്ത് വരുന്ന പുക സ്ഥിരം ശ്വസിക്കേണ്ടി വരുന്നത്കൊണ്ട് പുകയിലടങ്ങിയ കാർബൺമോണോക്സൈഡ്, ബെൻസോആൽസാപൈറിൻ മുതലായവ വീട്ടമ്മയുടെ ശ്വാസകോശങ്ങളിലേക്ക് കടന്നുചെന്ന് ശ്വാസകോശരോഗങ്ങൾക്കും, വിളർച്ച തുടങ്ങിയ രോഗങ്ങൾക്കും കാരണമാകുന്നു. പരിഷത്തടുപ്പിൽ വിറക് കത്തുമ്പോൾ ഉണ്ടാകുന്ന പുക പൈപ്പ് വഴി വീടിന് പുറത്തേക്ക് പോകുന്നു. പഴഞ്ചൻ രീതിയിലുള്ള അടുപ്പുകളുടെ ഉപയോഗം സ്ത്രീകളിൽ ഉണ്ടാക്കുന്ന ആരോഗ്യത്തകർച്ച, വീടിനകത്തെ വൃത്തികേട്, വിറകിന്റെ ക്ഷാമം ഇവ ഇല്ലായ്മ ചെയ്യുന്നതിന് ഈ അടുപ്പുകൾ സ്ഥാപിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

1200-ളം വീടുകളിൽ ഗ്യാസ് കണക്ഷൻ ലഭിച്ചിട്ടുണ്ട് എന്നതും, അത്രത്തോളം തന്നെ പുതിയ കണക്ഷൻ ലഭിക്കുന്നതിനായി കാത്തിരിക്കുന്നു എന്നതും ഈ പഞ്ചായത്തിന്റെ പ്രത്യേകതയാണ്. ഗോബർ ഗ്യാസ് പ്ലാന്റുള്ള 20-ളം വീടുകൾ ഉള്ളതായി മനസിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഗോബർ ഗ്യാസിന്റെ സവിശേഷത ജനങ്ങളുടെ ഇടയിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടില്ല.

പുകയില്ലാത്ത അടുപ്പിന്റെയും ഗോബർ ഗ്യാസിന്റെയും ഗുണമേന്മയും സാമ്പത്തിക ലാഭവും ബോധവത്ക്കരണത്തിലൂടെ ജനങ്ങളെ ആകർഷിച്ച് വേണ്ടവിധം ഉപയോഗപ്പെടുത്തിയാൽ ഇന്ധനത്തിന് വേണ്ടി വൈദ്യുതി ഉപയോഗിക്കുന്നത് കുറെയെങ്കിലും ഒഴിവാക്കുവാൻ കഴിയും. വൈദ്യുതി മേഖലയിലുള്ള അമിതമായ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തികൊണ്ട് റേഷനിംഗ് സമ്പ്രദായം ആവിഷ്കരിക്കുക. വൈദ്യുതി ഉപയോഗിക്കേണ്ടതും, ലാഭപ്പെടുത്തേണ്ടതുമായ കാര്യങ്ങളെ കുറിച്ച് ഉപഭോക്താക്കളെ ബോധവത്കരിച്ചാൽ അശ്രദ്ധമൂലം പാഴായി പോകുന്ന ഊർജ്ജം ഉപയോഗപ്പെടുത്തുവാൻ കഴിയും. പഞ്ചായത്തിലെ വീടുകൾ എല്ലാം തന്നെ വൈദ്യുതീകരിക്കാനുള്ള തീവ്രയജ്ഞ പരിപാടി ആവിഷ്കരിക്കുകയും ഉൾപ്രദേശങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്യുക. സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുതി ചാർജ്ജായി പ്രതിമാസം 15000-ൽ അധികം രൂപ പഞ്ചായത്ത് ചെലവഴിക്കുന്നുവെങ്കിലും അതുകൊണ്ട് പ്രയോജനം പൂർണ്ണമായും ജനങ്ങൾക്ക് ലഭിക്കുന്നില്ല. 1039 സ്ട്രീറ്റ് ലൈറ്റുകളാണ് പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ളത് ഇതിൽ സിംഹഭാഗം ബൾബുകളും പ്രകാശിക്കുന്നില്ല എന്നതാണ് വസ്തുത 7 മെർക്കുറി വേപ്പർ ലാമ്പുകൾ മാത്രമെ പഞ്ചായത്തിലുള്ളൂ. സോഡിയം വേപ്പർ ഒന്നുംതന്നെയില്ല. വൈദ്യുതി ബോർഡിന്റെ അനാസ്ഥമൂലമാണ് സ്ട്രീറ്റ് ലൈറ്റുകൾക്ക് കാര്യക്ഷമതയില്ലായ്മ

ഉണ്ടാകുന്നത്. പഞ്ചായത്തിന്റെ പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്നതിന് 18 ട്രാൻസ്ഫോർമറുകളാണ് സ്ഥാപിച്ചിട്ടുള്ളത് . നമ്മുടെ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ട്രാൻസ്ഫോർമറുകളുടെ എണ്ണം പട്ടികയായി കൊടുത്തിരിക്കുന്നു. മാത്രമല്ല മുടപുരം ഓവർസീയർ ഓഫീസിന്റെ പരിധിയിൽ വരുന്നതും അവനവൻചേരി സെക്ഷന്റെ പരിധിയിൽ വരുന്നതുമായ മറ്റ് നാല് ട്രാൻസ്ഫോർമറുകളിൽ നിന്നും വൈദ്യുതി ഈ പഞ്ചായത്തിൽ എത്തുന്നുണ്ട്. എന്നാൽ ഇത്രയെറെ ട്രാൻസ്ഫോർമറുകൾ ഉണ്ടായിട്ടും വോൾട്ടേജ് ക്ഷാമത്തിനും വൈദ്യുതി ദൗർലഭ്യത്തിനും പരിഹാരമായിട്ടില്ല. ഇതു തന്നെ ട്രൻസ്ഫോർമറുകളുടെ ശേഷിക്കുറവ് ചൂണ്ടികാണിക്കുന്നു,

9 ഹരിജൻ കോളനികളും നാലു ലക്ഷം വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ട്. 200- ളം ഹരിജൻ കുടുംബങ്ങൾക്കാണ് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ളത്. ഇതിൽ 50% പേർക്കും സൗജന്യനിരക്കിലാണ് വൈദ്യുതി ലഭിച്ചിട്ടുള്ളത്. പാവയിൽകട, തെറ്റിവിള, മാടൻകാവ്, ചരുവിള തുടങ്ങിയ പിന്നോക്ക മേഖലകളിൽ ഇപ്പോഴും വൈദ്യുതി എത്തിയിട്ടില്ല എന്നത് സാരമായ പ്രശ്നമാണ്.

സ്വയം മീറ്റർ റീഡിംഗ് നടത്തുന്നത് വൈദ്യുതി ദുർവ്യയവും, മോഷണവും നടത്തുന്നത് ഒഴിവാക്കുവാൻ സഹായകരമായിരിക്കും. വൈദ്യുതി ബോർഡിന്റെ വിവിധ തരത്തിലുള്ള അനാസ്ഥക്കും , അശ്രദ്ധക്കും പരിഹാരമായി പഞ്ചായത്ത് തലത്തിൽ ജനകീയ സമിതികൾ രൂപീകരിക്കുന്നത് പ്രയോജനകരമായിരിക്കും. വാർഡുതലത്തിൽ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ സ്ട്രീറ്റ് ലൈറ്റ് സംരക്ഷണാർത്ഥം ഒരു പരിപാലന സമിതി ഉണ്ടായാൽ ഉപയോഗശൂന്യമായ ലൈറ്റുകൾക്ക് നൽകുന്ന വൈദ്യുതി ചാർജ്ജ് ലാഭിക്കുവാനും പൊതുവായ ഒരു മേൽനോട്ടം ഉണ്ടാകുവാനും ഉപകരിക്കും. മുടപുരം ഓവർസീയർ ഓഫീസ് അപ്ഗ്രഡ് ചെയ്തു ഒരു സെക്ഷൻ ഓഫീസാക്കി ഉയർത്തുന്നത് പൊതു ജനോപകാരപ്രദമായിരിക്കും. സൗരോർജ്ജ വിളക്കുകൾ വ്യാപകമായിരിക്കുന്നത് കണക്കിലെടുത്തുകൊണ്ട് പ്രധാന കേന്ദ്രങ്ങളിൽ അവ സ്ഥാപിച്ച് ഊർജ്ജവും തുടർചെലവുകളും ലാഭിക്കുവാനും ജനങ്ങൾക്ക് സൗകര്യപ്രദമാക്കുവാനും കഴിയും. പഞ്ചായത്ത് പ്രദേശത്തുള്ള പുറംപോക്കു ഭൂമികളിൽ വൃക്ഷങ്ങൾ വച്ച് പിടിപ്പിച്ച് കൊണ്ട് വിറകിന്റെ ലഭ്യത കൂടുതൽ ഉറപ്പുവരുത്തിയാൽ അത് പ്രകൃതി സഹജകമായ ഊർജ്ജ ഉറവിടം കണ്ടെത്തലായിതീരും.

നമ്മുടെ ഗ്രാമത്തിൽ മണ്ണെണ്ണ ഉപയോഗിക്കുന്ന കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ച് വരുന്നതായി ഗ്രാമസഭാറിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. പഞ്ചായത്തിലുള്ള 15 പൊതുവിതരണകേന്ദ്രത്തിൽ കൂടി 313 പെർമിറ്റ് വഴി 28004 ലിറ്റർ മണ്ണെണ്ണയും, കാർഡ് വഴി 133969 ലിറ്റർ മണ്ണെണ്ണയും വിതരണം നടത്തുന്നു. പക്ഷേ പലപ്പോഴും മണ്ണെണ്ണ കിട്ടുവാനുള്ള കാലതാമസം ജനങ്ങൾ ചൂണ്ടിക്കാണിക്കുന്നു.

ചിറയിൻകീഴ് സെക്ഷൻ, മുടപുരം ഓവർസീയർ ഓഫീസ്, അവനവൻചേരി സെക്ഷൻ തുടങ്ങിയ മൂന്ന് ഓഫീസുകളുമായി ബന്ധപ്പെടുത്തിയാണ് വൈദ്യുതി ബോർഡ് ഇവിടെ പ്രവർത്തിക്കുന്നത്. അവനവൻചേരി സെക്ഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കിഴുവിലം പഞ്ചായത്ത് 11,12 വാർഡുകളും 1 മുതൽ 4 വരെയുള്ള വാർഡുകളും ഉൾപ്പെടുത്തി മുടപുരത്തുള്ള ഓവർസീയർ ഓഫീസ് സെക്ഷൻ ഓഫീസാക്കി അപ്ഗ്രഡ് ചെയ്തുകൊണ്ട് പഞ്ചായത്തിന്റെ പ്രവർത്തന പരിധി ഈ സെക്ഷനിൽ മാത്രം ഉൾപ്പെടുത്തി പ്രവർത്തനം നടത്തിയാൽ പഞ്ചായത്തിലും ഉപഭോക്താക്കൾക്കും ഏറെ

സൗകര്യപ്രദമായിരിക്കും. അതുപോലെ തന്നെ ഓരോ മൂന്നു മാസവും കൂടുമ്പോൾ ഉപഭോക്താക്കളുടെ ഒരു യോഗം കൂടി ജന സമ്പർക്കപരിപാടിയായി നടപ്പിലാക്കിയാൽ ഇന്നു കണ്ടുവരാറുള്ള പരാതികൾക്കും മറ്റും ഏറെ പരിഹാരം കണ്ടുപിടിക്കുവാനും കഴിയും.

ഊർജ്ജരംഗത്ത് ഒരു പടി മുന്നേറിയെങ്കിൽ മാത്രമെ വ്യാവസായിക-കാർഷിക മേഖലകളിലും ഒരു പടി മുന്നേറുവാൻ കഴിയൂ എന്ന തിരിച്ചറിവ് വൈദ്യുതി മാനേജുമെന്റിനും ഉപഭോക്താവിനും ഇനിയെങ്കിലും ഉണ്ടായേതീരു എന്നതാണ് ഈ മേഖലയിലെ അടിക്കുറിപ്പ്. ചിറയിൻകീഴ് ഭാഗത്തെ വാഹനങ്ങൾക്ക് ഏക ആശ്രയമായ പെട്രോൾ ബങ്ക് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

* പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.


*അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാൻ താമസം നേരിടുന്നു.

* വോൾട്ടേജ് ക്ഷാമം വർദ്ധിച്ച് വരുന്നു.

* ഊർജ്ജരംഗത്തെ വിവിധ പ്രശ്നങ്ങളെ കുറിച്ച് ജനങ്ങൾ ബോധവാൻമാരല്ല

* ഇനിയും വൈദ്യുതീകരിച്ചിട്ടില്ലാത്ത കോളനികൾ വൈദ്യുതീകരിക്കുക

* പുകയില്ലാത്ത അടുപ്പുകളുടെയും ഗോബർ ഗ്യാസ് പ്ളാൻറുകളുടെയും പ്രചരണത്തിന് സന്നദ്ധ സംഘടനകളുടെ സഹായത്തോടെ നടപടികൾ സ്വീകരിക്കുക.





തെരുവ് വിളക്കുകളെ സംബന്ധിച്ച വിവരങ്ങൾ

പട്ടിക E-1

	വിളക്കുകളുടെ എണ്ണം				ആകെ
	വേപ്പർ ലാമ്പ്	ഫ്ലൂ ട്യൂബ്	ബൾബ്	മറ്റുള്ളവ	
1	2	3	4	5	6
കിഴുവിലം	15	175	849	-	1039

അവലംബം : ദ്വിതീയ വിവരശേഖരണം

പട്ടിക E-2

പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകളുടെ പേരുകൾ

1	നൈനാംകോണം	10	തോട്ടവാരം
2	പറയത്ത്കോണം	11	കൂന്തള്ളൂർ
3	കല്ലുപാലം	12	വലിയവിള
4	ഡീസന്റ് മുക്ക്	13	മുടപുരം
5	കുന്നിൻകട	14	തെങ്ങുംവിള
6	കാട്ടുമുറാക്കൽ	15	54-ാം ബ്ളോക്ക്
7	കൊഴുവിളാകം	16	വെള്ളൂർകോണം
8	പുളിമൂട് (പെട്രോൾ പമ്പ്)	17	അണ്ടൂർകാവ്
9	പുരവൂർ	18	പാലകുന്ന്

അവലംബം : ദ്വിതീയ വിവരശേഖരണം

നിലവിലുള്ള വൈദ്യുതി ഉപഭോക്താക്കൾ

(ചിറയിൻകീഴ് മേജർസെക്ഷനിൽ നിന്ന് ലഭിച്ച വിവരം)

പട്ടിക E-3

ഇനം	ഉപഭോക്താക്കളുടെ എണ്ണം
ഗാർഹികം	3863
വ്യാപാരം	692
വ്യാവസായികം	46
കാർഷികം	86
ആകെ	4687

അവലംബം : ദ്വിതീയ വിവരശേഖരണം

ലക്ഷം വീട് കോളനികളിൽ വൈദ്യുതി കണക്ഷൻ ലഭിച്ച വീടുകളുടെ എണ്ണം

പട്ടിക E-4

വാർഡ് നമ്പർ	ലക്ഷം വീട് കോളനികൾ	വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ (എണ്ണം)
II	പനയറവിളാകം	23
VIII	തെന്നൂർകോണം	26
X	പനയത്തുകോണം	19
	കൊയ്ത്തൂർകോണം	12
	കുഴിയറമൂല	20

അവലംബം : ദ്വിതീയ വിവരശേഖരണം

വാർഡ് നമ്പർ	ഹരിജൻ കോളനിയുടെ പേര്	വൈദ്യുതി കണക്ഷൻ ലഭിച്ചകുടുംബങ്ങൾ (എണ്ണം)	സൗജന്യ സ്ളാബിൽ വൈദ്യുതി ഉപയോഗിക്കുന്നവരുടെ എണ്ണം	പണം നൽകി വൈദ്യുതി കണക്ഷൻ ലഭിക്കുന്ന കുടുംബങ്ങൾഎണ്ണം
IX	ഡോ.അംബേദ്കർ ഗ്രാമം	36	18	18
IX	അണ്ടൂർ ഹരിജൻ	5	-	5
VI	അപ്പോളോ (കുഴിച്ചിറ)	23	10	13
III	കുന്നിൽ	14	8	6
IX	പോളയിൽ	16	9	7
II	വലിയ ഏല	28	10	18
VIII	പമ്മംകോട്	19	9	10
X	കടുവാകര	14	8	6
XII	കാട്ടുംമ്പുറം	100	18	82


അവലംബം : ദ്വിതീയ വിവരശേഖരണം

മണ്ണെണ്ണ വിതരണത്തെ പറ്റിയുള്ള വിവരങ്ങൾ
(1995-96)

നമ്പർ	പെർമിറ്റുകളുടെ എണ്ണം	പെർമിറ്റുവഴി വിതരണം ചെയ്യുന്ന ലിറ്റർ	കാർഡ് വഴി വിതരണം ചെയ്യുന്ന ലിറ്റർ	ഏ.ആർ.ഡി. നമ്പർ
1	20	24	1562	61
2	58	743	1449	55
3	24	3792	10752	52
4	-	1200	7200	54
5	4	50	512	347
6	12	1710	9000	57
7	31	4320	8520	56
8	13	2268	7440	58
9	10	111	7470	64
10	18	2892	18024	60
11	20	2335	9827	359
12	28	4326	8629	51
13	8	1200	17868	62
14	12	2022	17916	63
15	55	1011	7800	69
ആകെ	313	28004	133969	

അവലംബം : ദ്വിതീയ വിവരശേഖരണം

മാർക്കറ്റ്



ക്രയ വിക്രയങ്ങളുടെ പൂർത്തീകരണത്തിന് വിപണി അത്യന്താപേക്ഷിത ഘടകമാണ്. കാർഷിക മേഖലയിൽ ഉൾപ്പെടുന്ന നമ്മുടെ പഞ്ചായത്തിൽ വിപണന സൗകര്യം തുലോം കുറവാണ്. വിസ്തൃതമേറിയ 12 വാർഡുകളിലുമായി ഒരേഒരു മാർക്കറ്റാണുള്ളത്- പഞ്ചായത്താഫീസ് ജംഗ്ഷനിലെ പൊതുമാർക്കറ്റ് - പഞ്ചായത്തിലെ നൈനാംകോണം, കാട്ടുംപുറം എന്നിവിടങ്ങളിൽ പ്രവർത്തിച്ചിരുന്ന മറ്റ് രണ്ട് ചന്തകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.


പഞ്ചായത്തു വക പൊതു മാർക്കറ്റ് ഈയിടെ വിവിധ തര നവീകരണ പ്രവർത്തനങ്ങൾ നടത്തി സൗകര്യപ്രദമാക്കിയിട്ടുണ്ട്. എന്നിരുന്നാൽ തന്നെയും സ്ഥല പരിമിധിമൂലം കച്ചവടക്കർ ചന്തക്കു പുറത്തുവച്ചും വിപണനം നടത്തുന്ന സ്ഥിതിയാണ് ഉള്ളത്.മാത്രമല്ല കച്ചവടക്കരുടെയും ഉപഭോക്താക്കളുടെയും സൗകര്യാർത്ഥം നിയമാനുസൃതം സ്ഥാപിക്കേണ്ട് നോട്ടീസ് ബോർഡ് സ്ഥാപിച്ചിട്ടില്ല എന്നതും ബുദ്ധിമുട്ടുണ്ടാക്കുന്ന ഒന്നാണ്. ഈ ചന്തയോടനുബന്ധിച്ച് ഒരു ഷോപ്പിംഗ് കോപ്ളക്സും നിലവിലുണ്ട്.എന്നാൽ സ്ലാട്ടർ ഹൗസിന്റെ അപര്യാപ്തത ഇറച്ചി വ്യാപാരത്തെ പ്രതികൂലമായി ബാധിക്കുന്നു. നിലവിലുള്ള ചന്തയിലെ നിത്യോപയോഗസാധനങ്ങളുടെ ദൗർലഭ്യവും, വന്നെത്താനുള്ള ബുദ്ധിമുട്ടും കാരണം സമീപ പഞ്ചായത്തുകളിലെ ചന്തകളെയാണ് കൂടുതലായി ആശ്രയീക്കുന്നത്. നിലവിലുള്ള മാർക്കറ്റിൽ നിന്നും 52000 രൂപയാണ് വാർഷിക വരുമാനമായി ലഭിക്കുന്നത്. കാട്ടുമുറാക്കലിന് സമീപം ഒരു ചന്ത ഇപ്പോൾ രൂപംകൊണ്ടിട്ടുണ്ട്. പ്രസിദ്ധമായ മാമം കാള ചന്ത നമ്മുടെ പഞ്ചായത്തുമായി ഏറെ ബന്ധപ്പെട്ടുകിടക്കുന്നു. വളരെയേറെ ദൂരത്തുനിന്നുപോലും കന്നുകാലി കച്ചവടത്തിനായി ആളുകൾ ഇവിടെ വരുന്നുണ്ട്. നമ്മുടെ ഗ്രാമത്തിലെ കന്നുകാലി കച്ചവടക്കാർ പ്രധാനമായും ആശ്രയിക്കുന്നത് ഈ ചന്തയെ തന്നെയാണ്. ഇപ്പോൾ ഈ ചന്ത ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ ഭാഗമാണ്.

മുൻപ് ഉണ്ടായിരുന്ന നൈനാൻകുന്നിലെയും, കാട്ടുപുറത്തെയും പൊതു ചന്തകൾ പുന:സ്ഥാപിക്കേണ്ടത് അനിവാര്യമായ ഒന്നാണ്. കൂടാതെ മറ്റ് സാധ്യതയുള്ള പുരവൂർ, കൂന്തള്ളൂർ തുടങ്ങിയ സ്ഥലങ്ങളിലും പൊതു ചന്തകൾ ആരംഭിക്കേണ്ടതാണ്. സൂപ്പർ മാർക്കറ്റുകളുടെ ഈ കാലഘട്ടത്തിൽ പഞ്ചായത്തിലുള്ള പുറംപോക്കു ഭൂമികളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് ഒരു പുതിയ വിപണന ശൃംഘല ഉണ്ടാക്കിയെടുത്താൽ പഞ്ചായത്തിന് ഒരു വരുമാന മാർഗ്ഗവും പ്രദേശിക വികസനവും ത്വരിതപ്പെടുത്താം. എല്ലാ വാർഡുകളിലും ആഴ്ച ചന്തകൾ തുടങ്ങാനുള്ള ഗ്രാമ സഭാ നിർദ്ദേശങ്ങൾക്ക് സജീവ പ്രാധാന്യം നൽകേണ്ടതാണ്.വിപണിയെക്കുറിച്ചുള്ള ഒരു വിദഗ്ദ്ധ സംഘത്തിന്റെ പഠനം പഞ്ചായത്തിന്റെ വിവിധ തരത്തിലുള്ള വിഭവങ്ങളുടെ ലഭ്യതയെ കണ്ടെത്താൻ കഴിയും. വിപണന രംഗത്ത് സഹകരണ മേഖലക്ക് പല പങ്കുകളും

വഹിക്കാൻ കഴിയുമെന്നുള്ള യാഥാർത്ഥ്യത്തിനുമകുടോദാഹരണമാണ് സഹകരണമാവേലി സ്റ്റോർ. വിപണനം കാർഷിക മേഖലയ്ക്ക് അടിസ്ഥാനഘടകമായതിനാൽ കാർഷികവിളകൾക്ക് വേണ്ടി മാത്രമുള്ള വിപണന സൗകര്യം അത്യന്താപേഷിതമാണ്. നാളീകേര സംസ്കരണ വിപണനകേന്ദ്രം തുടങ്ങിയാൽ ഉത്പന്നത്തിനുള്ള ന്യായവിലയും, ആവശ്യമനുസരിച്ചും, സമയബന്ധിതമായും, വിപണനം നടത്തുവാനുള്ള സൗകര്യം ഉണ്ടാക്കുവാൻ കഴിയും.

ഗ്രാമ സഭാ റിപ്പോർട്ടുകൾ പരിശോധിക്കുമ്പോൾ മറ്റൊരു കാര്യം അവലോകനം അർഹിക്കുന്നു. നമ്മുടെ ഭൂപ്രകൃതി അനുസരിച്ച് പൊതുചന്തകളിലേക്ക് നടന്നെത്താനുള്ള ബുദ്ധിമുട്ട് ചൂണ്ടികാണിച്ചിട്ടുണ്ട്. ഇത് പരിഹരിക്കുവാൻ ഒരു നിർദ്ദേശം സജീവമായി ഗ്രാമസഭാംഗങ്ങൾ ഉന്നയിച്ചിട്ടുമുണ്ട് - മൊബൈയിൽ മാർക്കറ്റ്. മറ്റ് പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇത് നടപ്പിൽ വരുത്തുവാൻ ശ്രമിച്ചിട്ടുണ്ട്. വിവിധ വാർഡുകളിൽ ആഴ്ചയിലൊരു ദിവസമെങ്കിലും വാഹന മാർക്കറ്റ് എത്തിച്ചേർന്നാൽ അത് അനുഗ്രഹമായിരിക്കും.

നിത്യോപയോഗ സാധനങ്ങളുടെ വില പിടിച്ചുനിർത്തുക എന്നതാണ് വിപണിയുമായി ബന്ധപ്പെട്ട ഒരു പ്രധാനകാര്യം. പഞ്ചായത്തിൽ പതിനഞ്ച് പൊതുവിതരണ കേന്ദ്രങ്ങൾ ഉണ്ടെങ്കിലും ഇനിയും ഇത്തരത്തിലുള്ള കേന്ദ്രങ്ങൾ ആവശ്യമാണ്. മാർക്കറ്റിംഗ് സൊസൈറ്റികൾ ഒരു പ്രായോഗിക നിർദ്ദേശമാണ്. ഓണം പോലുള്ള ഉത്സവ-ആഘോഷസമയങ്ങളിലാണ് സാധാരണ വിലവർദ്ധനവ് ഉണ്ടാകുന്നത്.ഈ സമയത്ത് പച്ചക്കറിയടക്കമുള്ള നിത്യോപയോഗ സാധന വിപണിയിലേക്ക് നേരിട്ടിറങ്ങാൻ പഞ്ചായത്തു തലത്തിൽ ഒരു സംവിധാനം ഉണ്ടായാൽ അത് ഫലപ്രദമായിരിക്കും.



മാർക്കറ്റുകളെ സംബന്ധിച്ച വിവരങ്ങൾ

ചന്തകളുടെ എണ്ണം			വണ്ടിതാവളങ്ങൾ		അറവുശാലകൾ	
പഞ്ചായത്തു വക	സ്വകാര്യം	ആകെ ചെലവ്	എണ്ണം	വരുമാനം	എണ്ണം	വരുമാനം
1	2	3	4	5	6	7
1	-	Rs. 52,000/=	-	-	-	-



വിഭവസമാഹരണം

വിവിധ തരത്തിലുള്ള വിഭവസമാഹരണം വഴി സമ്പത്തുൽപാദിപ്പിച്ചെങ്കിൽ മാത്രമെ വികസന പാതയിൽ പഞ്ചായത്തിന് മുന്നേറാൻ കഴിയുകയുള്ളൂ. ആ ലക്ഷ്യം കൈവരിക്കുവാൻ നമ്മുടെ വിഭവങ്ങൾ എന്ത് എന്ന് അന്വേഷിക്കുമ്പോൾ പ്രധാനമായും മൂന്ന് തരം വിഭവങ്ങളാണ് ലഭ്യമുള്ളത് എന്ന് മനസ്സിലാക്കുവാൻ കഴിയും.ദാരിദ്ര്യത്തിന്റെ തൊഴിൽ രാഹിത്യത്തിന്റെയും പ്രശ്നങ്ങൾ പരിഹരിക്കുവാൻ നമുക്ക് ഇനിയും കഴിഞ്ഞിട്ടില്ല. ഇങ്ങനെയൊക്കെയാണെങ്കിലും 9-ാം പദ്ധതിയിലൂടെ കൈവരുന്ന പദ്ധതി വിഹിതവും, നമ്മുടെ മേൽനോട്ടത്തിലുള്ള ശാസ്ത്രീയ ആസൂത്രണവും, ആത്മാർപ്പണവും കൂടിചേർന്നാൽ അത് പുരോഗതിയിലേക്കുള്ള കുതിച്ച് കയറ്റമായിരിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

1. പഞ്ചായത്ത് റവന്യൂ വരുമാനം

തൊഴിൽ നികുതി, കെട്ടിടനികുതി, വിനോദനികുതി തുടങ്ങിയ നികുതികളാണ് പഞ്ചായത്തിന്റെ വിഭവത്തിൽ പ്രധാന പങ്കു വഹിക്കുന്നത്. കൂടാതെ വസ്തു നികുതി, രജിസ്ട്രേഷൻ നികുതി, വാഹന നികുതി, തുടങ്ങിയവയിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ടവിഹിതവും വിഭവമായി പട്ടികപ്പെടുത്താം.. എന്നാൽ ഈ വകയിൽ കൃത്യമായി ലഭിക്കേണ്ട വിഹിതം പഞ്ചായത്തിന് ലഭിക്കുന്നില്ല. ഫലത്തിൽ ഇത്തരം വിഹിതങ്ങൾ കൂടി ലക്ഷ്യമാക്കി തയ്യാറാക്കുന്ന പദ്ധതികൾ പരാജയമായി ഭവിക്കുന്നു. ഇത്തരം വിഭവങ്ങൾ യഥേഷ്ടം ലഭിച്ചാൽ മാത്രമെ വികസന പരിപാടികൾ മുടക്കം കൂടാതെ നടത്തുവാൻ കഴിയുകയുള്ളൂ. പഞ്ചായത്ത് നേരിട്ടു പിരിക്കുന്ന തനതു നികുതികളുടെ ഘടനയും പിരിച്ചെടുക്കലും ഇത്തരത്തിൽ ഒരു വിശകലനം അർഹിക്കുന്നു. കെട്ടിട നികുതിമാത്രമാണ് കുറെയെങ്കിലും ശുഷ്കാന്തിയൊടെ പിരിച്ചെടുക്കുന്ന നികുതി. എന്നാൽ പഞ്ചായത്തിലുള്ള നൂറുകണക്കിന് ഷോപ്പുകൾ രജിസ്റ്റർ ചെയ്യാതെയും നികുതികൾ കൊടുക്കാതെയും പ്രവർത്തിക്കുന്നു എന്നുള്ള വസ്തുത ഗൗരവമായി തന്നെ കാണേണ്ടിയിരിക്കുന്നു. ഇത്തരം നികുതികൾ തത്വദീക്ഷയോടെ പിരിച്ചെടുത്താൽ പഞ്ചായത്ത് ഖജനാവിലേക്ക് നല്ലൊരു വിഭവം എത്തിച്ചേരും.പഞ്ചായത്ത് രാജ് നിയമത്തിൽ പറയുന്ന എല്ലാ നികുതികളും ഇവിടെ നടപ്പിലാക്കിയിട്ടില്ല. സാധാരണക്കാർക്ക് അധികഭാരം ഏൽപ്പിക്കാതെയും എന്നാൽ പ്രായോഗികതയുള്ളതും നിയമാനുസൃതവുമായ നികുതികൾ വഴി നല്ലൊരു വിഭവ സമാഹരണം നടത്തുവാൻ കഴിയും. താഴെപ്പറയുന്നവ വഴി നിയമാനു

സ്വത നികുതികൾ ചുമത്തി വിഭവ സമാഹരണം ഊർജ്ജിതമാക്കാം.

1. പഞ്ചായത്തിലെ കടകൾ, ഹോട്ടലുകൾ, റിപ്പയർഷോപ്പുകൾ തുടങ്ങിയവക്ക് രജിസ്ട്രേഷൻ ഫീസും തൊഴിൽ നികുതിയും ഏർപ്പെടുത്തുക.

2. ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്കുള്ള രജിസ്ട്രേഷൻ, തൊഴിൽ നികുതികൾ ഏർപ്പെടുത്തുക.

3. വിവിധ സ്ഥാപനങ്ങളിലുള്ള തൊഴിൽ ചെയ്യുന്നവരുടെ ലിസ്റ്റ് പ്രകാരം തൊഴിൽ നികുതി ഈടാക്കുക.

4. ടാക്സി, ഓട്ടോ സ്റ്റാന്റുകൾ ഉണ്ടാക്കി നികുതി ഏർപ്പെടുത്തുക.

5. പുറംപോക്ക് ഭൂമികൾ തിട്ടപ്പെടുത്തി ഷോപ്പിംഗ് കോംപ്ലക്സുകൾ സ്ഥാപിച്ചോ മാർക്കറ്റുകൾ സ്ഥാപിച്ചോ ലേലം ചെയ്ത് കൊടുത്ത് വരുമാനം ഉണ്ടാക്കുക.

6. ആംബുലൻസ് വാങ്ങി വാടകയ്ക്കു ലഭ്യമാക്കണം.

7. കമ്മ്യൂണിറ്റി ഹാളുണ്ടാക്കി വാടകയ്ക്ക് ലഭ്യമാക്കണം.

8. കേബിൾ റ്റി. വി. ശൃംഖലക്ക് നികുതി ഏർപ്പെടുത്തുക.

9. കൊട്ടാരസദൃശമായ വീടുകൾക്ക് ലക്ഷ്വറി ടാക്സ് ഏർപ്പെടുത്തുക.

10. വിവാഹരജിസ്ട്രേഷൻ നിർബന്ധമാക്കി ഫീസ് ഏർപ്പെടുത്തുക.

11. ഇംഗ്ലീഷ്മീഡിയം സ്കൂളുകൾക്ക് പ്രത്യേക നികുതി സംവിധാനം ഏർപ്പെടുത്തുക.

12. കൊപ്രാവ്യാപാരികളിൽ നിന്ന് തൊഴിൽ നികുതി ഏർപ്പെടുത്തുക

13. രണ്ട് ഏക്കറിന് മുകളിൽ റബ്ബർകൃഷിചെയ്യുന്നവർക്ക് നികുതി ഏർപ്പടുത്തുക.

14. വിദേശമലയാളികളിൽ നിന്നും, കൂടാതെ സാമ്പത്തിക ശേഷിയുള്ളവരിൽ നിന്നും കടപത്രരൂപേണയുള്ള ഫണ്ടുകൾ സ്വരൂപിക്കുക.(തൊഴിലില്ലാത്തവർക്ക് തൊഴിൽകണ്ടെത്തുന്നതിനായി ഇവ വിനിയോഗിക്കുവാൻ-വായ്പയായി- കഴിയും.)

15. വിദ്യാഭ്യാസ ആരോഗ്യ പ്രവർത്തനങ്ങൾക്കുള്ള നിധികൾ ശേഖരിക്കുക.

2. വിദേശവരുമാനം.

ഈ പഞ്ചായത്തിൽ നിന്ന് തൊഴിൽ തേടി വിദേശത്ത് എത്തിച്ചേർന്ന നൂറുകണക്കിന് വിദേശമലയാളികളുടെ സമ്പാദ്യം നമ്മുടെ വികസന മേഖലകളിലേക്ക് തിരിച്ചുവിടാവുന്ന ഒരു വിഭവമാണ്. ഇത് വേണ്ടവിധം നമ്മുടെ വികസന മേഖലയിലേക്ക് തിരിച്ചുവിടുവാൻ കഴിഞ്ഞിട്ടില്ല. ഇത്തരം വിഭവ സമാഹരണം വഴി ധാരാളം പദ്ധതികൾ നമുക്ക് ഏറ്റെടുത്ത് നടത്തുവാൻ കഴിയുന്നതാണ്. ആഡംബരപൂർണ്ണമായ കെട്ടിട നിർമ്മാണത്തിനും ഉപഭോഗവസ്തുക്കൾ അമിതമായി വാങ്ങിക്കൂട്ടുവാനുമാണ് ഇപ്പോൾ ഈ നിക്ഷേപങ്ങൾ ഉപയോഗിക്കുന്നത്. ഇത് മാറ്റിയെടുക്കുവാൻ ചില പ്രായോഗിക നടപടികൾ നാം കൈക്കൊള്ളേണ്ടതുണ്ട്. സഹകരണാടിസ്ഥാനത്തിലൊ, സ്വകാര്യരംഗത്തോ, വിദേശമലയാളികളുടെ സംരംഭങ്ങൾ ആരംഭിച്ചാൽ ഈ പണം ഇവിടെത്തന്നെ ഉപയോഗിക്കുവാൻ കഴിയും.വ്യാവസായിക എസ്റ്റേറ്റുകൾ എന്ന നിർദ്ദേശം ചർച്ചചെയ്യുമ്പോൾ വിദേശമലയാളികളുടെ സാമ്പത്തിക സഹകരണം കൂടി കണക്കിലെടുക്കേണ്ടതാണ്. ഈ വിഭവം എങ്ങിനെ സമാഹരിക്കാം എന്നുള്ള കാര്യത്തിൽ നിയതമായ ഒരു ചുവടുവയ്പ്പു കൂടി ആവശ്യമാണ്.നാഷണൽ സേവിംഗ്സ് പോലുള്ള അംഗീകൃത നിക്ഷേപസംരംഭങ്ങ

ളിൽ വിദേശമലയാളികളുടെ സജീവപങ്കാളിത്തം ഉണ്ടാക്കിയാൽ നിക്ഷേപങ്ങളുടെ നല്ലൊരു വിഹിതം പഞ്ചായത്തിന് വിഭവമായി ലഭിക്കുന്നതായിരിക്കും.

പഞ്ചായത്തിലുള്ള രണ്ട് പ്രധാന ധനകാര്യ സ്ഥാപനങ്ങളാണ് ഫെഡറൽ ബാങ്കും, കിഴുവിലം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കും. ഇവ രണ്ടിലുമായി 3800-ഓളം വിദേശനിക്ഷേപങ്ങളുള്ളതായി മനസ്സിലാകുന്നു. ഇതിൽ കഴിഞ്ഞ പത്തുവർഷത്തെ വർദ്ധനവ് 2000 ത്തോളമാണ്. എന്നാൽ ഒരു സ്ഥാപനത്തിൽ മാത്രം 6.5 കോടിയോളം രൂപയുടെ നിക്ഷേപം ഉണ്ടായിട്ടും വായ്പ നൽകിയത് 2.17 കോടി മാത്രമാണ്.പ്രാദേശിക ഉത്പാദനമേഖലയിൽ 3 ലക്ഷത്തോളം മാത്രമേ വായ്പയായി നൽകിയിട്ടുള്ളൂ. സംസ്ഥാന തലത്തിൽ നിക്ഷേപത്തിന്റെ 45% വായ്പ നൽകുന്നു എങ്കിൽ ഇവിടെ 36% മാത്രമെ വായ്പ നൽകിയിട്ടുള്ളൂ. തദ്ദേശവിദേശ നിക്ഷേപങ്ങളുടെ 70% പ്രാദേശിക തലത്തിൽ ചെറുകിട, ഇടത്തരം വ്യവസായ യൂണിറ്റുകൾക്കും, സ്വയംതൊഴിൽ സംരംഭത്തിനുവേണ്ടിയും ഉപയോഗിച്ചാൽ സാമ്പത്തിക ലഭ്യതയില്ലായ്മ എന്ന മർമ്മപ്രധാനമായ പ്രശ്നത്തിന് അറുതിവരുത്തുവാനും, അതുവഴി സംരംഭകർക്ക് പ്രചോദനവും, വികസനമേഖലയ്ക്ക് ഒരു മുതൽകൂട്ടുമായിരിക്കും.

മനുഷ്യ വിഭവം

പഞ്ചായത്തിലെ 30000-പേർ വരുന്ന ജനസംഖ്യയിൽ 65%പേരും അദ്ധ്വാനശേഷിയുള്ളവരുടെ പട്ടികയിൽപ്പെടുന്നു എന്നത് പ്രാധാന്യമേറിയ കാര്യമാണ്. മനുഷ്യാദ്ധ്വാനം എന്ന വിഭവം സമ്പന്നമാണ് എന്നതുകൊണ്ട് ജനപങ്കാളിത്തത്തോട് കൂടി ഒട്ടനവധി പദ്ധതികൾ നമുക്ക് ഏറ്റെടുത്തു ചെയ്യാവുന്നതാണ്. നിലവിലുള്ള സംവിധാനത്തിൽ ഇടത്തട്ടുകാരും കരാറുകാരും പദ്ധതികൾ ചൂഷണം ചെയ്യുന്നതു മാറ്റി അതാതു പ്രദേശത്തുള്ള ജനകീയ സമിതികളുടെ പ്രയത്നം വേണ്ടവിധം ഉപയോഗിക്കുന്നതുവഴി മനുഷ്യാദ്ധ്വാനം എന്ന വിഭവ സമാഹാരണം ലഭിക്കുന്നതോടൊപ്പം, പദ്ധതികളിൽ ഭാഗഭാക്കാകുന്നതിലുള്ള ജനങ്ങളുടെ അവകാശം സാക്ഷാത്കരിക്കപ്പെടുകയും ചെയ്യും. പഞ്ചായത്തിന്റെ വിവിധതുറകളിൽ വൈദഗ്ദ്ധ്യം നേടിയവരെ ഉപയോഗപ്പെടുത്തികൊണ്ട് പ്രാദേശിക വൈദഗ്ദ്ധ്യ സംഘം രൂപീകരിച്ചാൽ മനുഷ്യാദ്ധ്വാനം എന്ന വിഭവത്തിനുള്ള മുതൽക്കൂട്ടായിതീരുകയും ജനകീയ സമിതികൾക്ക് ക്രിയാത്മക സഹായം ആകുകമയും ചെയ്യും. മിക്കവാറും എല്ലാ ഗ്രാമസഭകളിലും ജനങ്ങൾ വികസന പദ്ധതികൾക്ക് അദ്ധ്വാനം വാഗ്ദാനം ചെയ്തിട്ടുണ്ട് എന്നത് ഒരു വലിയ സാദ്ധ്യതയായി കണക്കാക്കേണ്ടതാണ് .

പഞ്ചായത്തിന്റെ റവന്യൂ വരുമാനവും വിവിധ പദ്ധതികൾക്കായി ലഭിക്കുന്ന വരുമാനവും, നികുതിയിനത്തിൽ ലഭിക്കുന്ന വരുമാനവും ഭരണചെലവും, ക്ഷേമ പദ്ധതികൾക്കുള്ള ചെലവും കൂടി കണക്കിലെടുത്തു പരിശോധിച്ചാൽ സാമ്പത്തിക വിവര പട്ടിക സൂചിപ്പിക്കുന്നത് വരവിനെക്കാളും ചെലവേറുന്ന സ്ഥിതിയാണുള്ളതെന്നാണ്. ജനസംഖ്യാനുപാതികമായും പഞ്ചായത്തു പ്രദേശത്തിന്റെ പിന്നോക്കാവസ്ഥ കണക്കിലെടുത്തും പരിശോധിച്ചാൽ വികസന തുറ ഏറെ ഉണ്ടാകേണ്ടതാണ് എന്നും അതിനുവേണ്ടിയുള്ള വിഭവങ്ങളുടെ ഒരു ഭാഗം ഇവിടെ നിന്നുതന്നെ ശേഖരക്കൻ കഴിയുമെന്നത് ഒരു യാഥാർത്ഥ്യം മാത്രമാണ്. സുതാര്യമായ നികുതി പിരിവുണ്ടാകുകയും അതിനോട് തുറന്ന മനസ്സോടെ സഹകരിക്കുകയും ചെയ്യുന്ന ഒരവസ്ഥാവിശേഷം ഉണ്ടായാൽ മാത്രമെ സമാഹരണം എന്ന പ്രക്രീയ അർത്ഥപൂർണ്ണമാകുകയുള്ളൂ. പഞ്ചായത്തിന്റെ പണം ഉപയോഗിക്കുന്നതിൽ രണ്ടാം സ്ഥാനം

പൊതുമരാമത്ത് പണികൾക്കാണ്. പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി പരിശോധിച്ചാൽ എറ്റവും കൂടുതൽ ചെലവഴിക്കുന്നത് ഭരണ നിർവ്വഹണത്തിനാണ് എന്നും, അത് 37%വരുന്നു എന്നതും കണക്കിലെടുക്കേണ്ടതാണ്. പൊതുമരാമത്തിനായി 13%, തെരുവുവിളക്കുകൾക്കായി 11%വും വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി ബാക്കിയുള്ള 39% തുകയുമാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. 1 ഏക്കർ 90 സെന്റ് ഭൂമി ആസ്തിയുള്ള പഞ്ചായത്താഫീസ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് വളരെയധികം സ്ഥലം തരിശുഭൂമിയായികിടക്കുന്നത് മാറ്റി ഷോപ്പിംഗ് കോംപ്ളക്സോ, ഒരു സിനിമാ തീയറ്ററോ ഉണ്ടായാൽ (വിഭവശേഖരണം കടപത്രം വഴി ഗൾഫ് മലയാളികളിൽ നിന്നും സ്വരൂപിക്കാനും വരുമാനമുണ്ടായി തുടങ്ങുമ്പോൾ തിരികെ നൽകുവാനും കഴിയും) വിഭവ സമാഹരണത്തിന് ഒരു മുതൽകൂട്ടായി തീരും. ഉൽപാദന രംഗത്ത് പ്രവേശിച്ചുകൊണ്ട് വിവിധ സർക്കാർ, ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയായും ഗ്രാന്റായുംപണം സ്വരൂപിച്ച് ചെടുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതും, വിഭവ സമാഹരണത്തിനും, അതിലുപരി തൊഴിൽ മേഖലയ്ക്കും ഒരു മുതൽക്കൂട്ടായിതീരും.

പഞ്ചായത്ത് ഖജനാവ്

വിഭവസമാഹരണത്തെ കുറിച്ച് വിശദമായി ചിന്തിക്കുമ്പോൾ പഞ്ചായത്ത് ഖജനാവ് എന്ന ആശയത്തിന് വലിയ സാദ്ധ്യതയുണ്ട്. താഴെവിവരിക്കുന്ന വിവിധ പട്ടികകളിൽ നിന്ന് മനസിലാകുന്നത് പഞ്ചായത്തിൽ വിവിധതരം സാമ്പത്തിക സമാഹരണങ്ങൾ നടക്കുന്നെങ്കിലും അവയ്ക്ക് ഏകീകരണമില്ല. വിദേശത്തുനിന്നും ദേശീയ സമ്പാദ്യ പദ്ധതിയിലൂടെയും നിക്ഷേപങ്ങളിലൂടെയും കോടിക്കണക്കിന് രൂപ സമാഹരിക്കുന്നുണ്ട്. അതുപോലെ പഞ്ചായത്തിൽ ചെലവഴിക്കുന്ന തുക സംബന്ധിച്ചും ഏകീകരണം ഉണ്ടാകേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ ഒരോ പൈസയും വന്നുപോകുന്നത് എങ്ങനെയാണെന്ന് മനസിലാക്കുവാനും ഉല്പാദന-സേവന മേഖലകളിലേയ്ക്ക് അവയെ തിരിച്ചുവിടാനും വേണ്ടി പഞ്ചായത്ത് ഖജനാവ് എന്ന ആശയത്തെ ബന്ധപ്പെടുത്തുവാൻ കഴിയും.

ഇതോടൊപ്പം ഉള്ള പട്ടികയിൽ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥതി വിവരണത്തിൻറെ ഏകദേശരൂപം കൊടുത്തിരിക്കുന്നു.



കിഴുവിലം പഞ്ചായത്ത് വരവു ചെലവു പട്ടിക

പട്ടിക 12-a

വിവരം	വരവ്	ചെലവ്
കെട്ടിട നികുതി	271167	
തൊഴിൽ നികുതി	51340	
വസ്തുകൈമാറ്റ നികുതി	274621	
വെള്ളക്കര നികുതി	2005	
ചന്ത, ഷോപ്പിംഗ് കോപ്ലക്സ് ഫലവൃക്ഷ ആദായം	89486	
വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച തുക	99561	
ഗ്രാന്റു വകയിൽ ലഭിച്ച തുക	1198595	
ഭരണ നിർവ്വഹണ ചെലവ്		619848
പൊതുമരാമത്ത്		236480
വൈദ്യുതി ചാർജ്ജ്		268891
അൺടൈഡ് ഫണ്ട് ചെലവ്		269326
മറ്റുചെലവുകൾ (86000)		86000
ആർ. സി. ബി.		45000
വിദ്യാഭ്യാസം		6810
ഡ്രെയ്നേജ്		2180

അവലംബം : ദ്വിതീയവിവര ശേഖരണം

പൊതു സാമ്പത്തിക നില

പട്ടിക 12-b

	പൊതു കണക്ക്	മൂലധന കണക്ക്	കടംസംബന്ധിച്ച കണക്ക്
1	2	3	4
ചെലവ്	Rs. 8,81040.30	Rs. 2,89,490/=	----
ചെലവ്	Rs.11,49,701/=	Rs.2,69,326/=	Rs.7,930,53.18

അവലംബം : ദ്വിതീയവിവര ശേഖരണം

ചെലവ് സംബന്ധിച്ച വിവരങ്ങൾ

പട്ടിക 12-c

ഇനം	തുക
1	2
1. ഭരണം	Rs. 6,19,848/=
2. പൊതുമരാമത്ത്	Rs. 2,36,480/=
3. വിദ്യാഭ്യാസം	Rs. 6,816/=
4. ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	Rs. 2,180/=
5. തെരുവുവിളക്കുകൾ കത്തിക്കുന്നത്	Rs. 1,87,668/=
6. മറ്റുള്ളവ	Rs. 5,98,784/=
ആകെ	Rs. 16,51,776/=

അവലംബം : ദ്വിതീയവിവര ശേഖരണം

സ്ഥാവരസ്വത്തുക്കൾ സംബന്ധിച്ചുള്ള വിവരങ്ങൾ

പട്ടിക 12-d

വക വിവരം	വില്ലേജിന്റെ പേര്	വിസ്തീർണ്ണം	മതിപ്പ് വില
1	2	3	4
1. പഞ്ചായത്താഫീസ് സ്ഥിതിചെയ്യുന്ന സ്ഥലം	കിഴുവിലം	1 ഏക്കർ 90 സെന്റ്	Rs.19,00,000/=
2. ചന്ത	കിഴുവിലം	20 സെൻറ്	Rs.3,00,000/=
3. ചന്തയ്ക്ക് വാങ്ങിയ സ്ഥലം	കിഴുവിലം	20 സെന്റ്	Rs.80,000/=

അവലംബം : ദ്വിതീയവിവര ശേഖരണം

ലേലവരുമാനം സംബന്ധിച്ച വിവരം

പട്ടിക 12-e

ചന്ത	സ്റ്റാൾ	ചവറ്	പട്ട മരങ്ങൾ	ഫല വൃക്ഷങ്ങൾ	ഷോപ്പിംഗ് കോപ്ലക്സ് കടകൾ	മറ്റുള്ളവ	ആകെ
1	2	3	4	5	6	7	8
Rs. 52000/=	-	Rs. 90 /=	-	Rs. 21160/=	Rs. 16236/=	-	Rs. 89486/=

അവലംബം : ദ്വിതീയവിവര ശേഖരണം

നബാ-രജിസ്ട്രാർ കമ്പനികൾ നിന്നുള്ള പണമായത് വിഹിതം

പട്ടിക 12-f

	കാർട്ടർലീ		Rs.
UPTO	30-06-91	-	73771-07
	30-09-91	-	83683-84
	31-12-91	-	111487-014
	31-03-92	-	127217-44
	30-06-92	-	123874-82
	30-09-92	-	111522-84
	31-12-92	-	116536-77
	31-03-93	-	140814.90
	30-06-93	-	182267.42
	30-09-93	-	163708.84
	31-12-93	-	120280.00
	31-03-94	-	115268.98
	30-06-94	-	116225.40
	30-09-94	-	104792.01
	31-12-94	-	220520.14
	31-03-95	-	131950.00
	30-06-95	-	160554.00
	30-09-95	-	141684.00
	31-12-95	-	157097.00
	31-03-96	-	132483.00
	30-06-96	-	157346.00
	30-09-96	-	170242.76

അവലംബം : ദ്വിതീയവിവര ശേഖരണം

ಅನುಬಂಧ I ಮುಂದುವರಿದ

ಕಾಲಾವಧಿಯಲ್ಲಿ ಸಂಸ್ಥೆಯ ಸಂಪೂರ್ಣ ಸಂಪತ್ತಿನ ಸಮತೋಲನ ಪತ್ರ

ಪಟ್ಟಿಕೆ 12-ಜ (ಪುನರ್‌ಪ್ರಸ್ತುತಪಡಿಸಿದೆ)

93 94	Rs.
1) ಅಪಸ ಅಪಆಸ್ತಿ	90600
2) ಮಾಷಣಾಥ ಆಮಸಿಅಠಾದ ಮಠಕ್ತಿಸಾಪಿಅಠ	295600
3) ಖಾಠಿಖ ಶ್ರಾಠಿಷಂ ಮಠಿಂ	6535000
4) ಕ್ತಿಮ್ಲಾಗ ಸಿಷಂಾದ ಸಿಷಂ	6364000
5) ರಿಷಂಸಾರ ಅಪಆಸ್ತಿ	6966620
ಖಖಾಠಾಂ	20251820

94-95	Rs.
1) ಅಪಸ ಅಪಆಸ್ತಿ	116000
2) ಮಾಷಣಾಥ ಆಮಸಿಅಠಾದ ಮಠಕ್ತಿಸಾಪಿಅಠ	825100
3) ಖಾಠಿಖ ಶ್ರಾಠಿಷಂ ಮಠಿಂ	8535500
4) ಕ್ತಿಮ್ಲಾಗ ಸಿಷಂಾದ ಸಿಷಂ	9437320
5) ಶ್ರಾಠಾಂ ಸಿಷಂಾದ ಸಿಷಂ	7837000
ಖಖಾಠಾಂ	26750920

95-96	Rs.
1) ಅಪಸ ಅಪಆಸ್ತಿ	186500
2) ಮಾಷಣಾಥ ಆಮಸಿಅಠಾದ ಮಠಕ್ತಿಸಾಪಿಅಠ	1792400
3) ಖಾಠಿಖ ಶ್ರಾಠಿಷಂ ಮಠಿಂ'	10042000
4) ಕ್ತಿಮ್ಲಾಗ ಸಿಷಂಾದ ಸಿಷಂ	11866100
5) ರಿಷಂಸಾರ ಅಪಆಸ್ತಿ	12850940
6) ಶ್ರಾಠಾಂ ಸಿಷಂಾದ ಸಿಷಂ	631600
ಖಖಾಠಾಂ	37369540

ಮೂಲಾಧಾರ : ಪ್ರಶ್ನೆಯಲ್ಲಿರುವ ಅವಧಿಗಳ ಲೆಕ್ಕಪರಿಶೋಧಿತ ಖಾತೆಗಳು

ഗ്രാമീണ വികസന പദ്ധതികൾ, സർവ്വേയുടെ ഗ്രാമീണ ചരിത്രം

പട്ടിക 12-h

VRM	MI	VTC	അടിസ്ഥാന നികുതി		Spl. Grant	JRY		അങ്കണവാടി ഫണ്ട്	ആകെ
			25%	75%					
Rs.	Rs.	Rs.	Rs.	Rs.	Rs.	Rs.		Rs.	
1	2	3	4	5	6	7		8	9
Rs. 29336/-	Rs. 39350/=	Rs.133076/=	Rs. 150000/=	Rs. 213523/=	1988-ൽ ആണ് അവസാനമായി കിട്ടിയത് Rs. 25000/=	Rs. 333820/=		Rs. 274490/=	Rs. 1198595/=

അവലംബം : ത്രിതീയവിവര ശേഖരണം

ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ
പഞ്ചായത്ത് ഓഫീസിൽ രജിസ്റ്റർ ചെയ്ത കടകളുടെ വിവരം

പട്ടിക 12-i

വാർഡ്	സ്ഥാപനങ്ങളുടെ എണ്ണം					ആകെ ഫീസ്
	വ്യവസായം വ്യാപാരം	ഹോട്ടലുകൾ	സാധാരണ കടകൾ	മറ്റുള്ളവ	ആകെ	രൂ.
1	2	3	4	5	14	7
1	4	-	5	3	12	530/=
2	6	1	4	1	12	1450/=
3	6	-	4	-	10	845/=
4	16	3	14	15	48	3250/=
5	3	1	10	6	20	750/=
6	-	-	1	-	1	30/=
7	7	1	14	9	31	1365/=
8	4	-	10	3	17	965/=
9	5	-	4	1	10	895/=
10	2	1	1	-	4	210/=
11	2	-	4	-	6	455/=
12	2	-	3	-	5	250/=
	57	7	74	-	176	10995/=

അവലംബം : ദ്വിതീയവിവര ശേഖരണം

ഏറ്റെടുത്ത JRY പണികളുടെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 12-j

പണിയുടെ വിവരം	ജനറൽ		SC/ST	
	എസ്റ്റിമേറ്റ് തുക രു.	നൽകിയത് രു.	എസ്റ്റിമേറ്റ് തുക രു.	നൽകിയത് രു.
1	2	3	4	5
1. വൈദ്യുതീകരണം -44 വീടുകൾ	-	-	17600.00	15150.00
2. വൈദ്യുതീകരണം -114 വീടുകൾ	-	-	57000.00	42500.00
3. വീട് നിർമ്മാണം - 3 വീടുകൾ	-	-	48400.00	42900.00
4. വീട് നിർമ്മാണം - 13 വീടുകൾ	-	-	157300.00	101500.00
5. കക്കൂസ് - 22-എണ്ണം	-	-	26400.00	21600.00
6. ഈച്ചരം വിള റോഡ് ടാറിംഗ്	65000.00	38000.00	-	-
7. ഈച്ചരം വിള റോഡ് ടാറിംഗ്രണ്ടാം ഭാഗം	20000.00	-	-	-
8. വലിയ ഏലാ റോഡ് പുനരുദ്ധാരണം	15000.00	-	-	-
9. തയ്ക്കാവ് റോഡ്	15000.00	-	-	-
10. പൂവിളകുന്ന് റോഡ് പുനരുദ്ധാരണം	10000.00	-	-	-
11.സ്രാമ്പിനട-അയന്തി കടവ് റോഡ് മെറ്റലിംഗ്, ടാറിംഗ്	105000.00	60000.00	-	-
12. കൊച്ചാലുംമൂട് റോഡ് പുനരുദ്ധാരണം	25000.00	22452.00	-	-
13. കുന്നുവിള റോഡ് പുനരുദ്ധാരണം	15000.00	-	-	-

സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ (എണ്ണം)

പട്ടിക 12-k

വിദ്യാഭ്യാസം	ആരോഗ്യം	ചെറുകിട വ്യവസായം	വൻകിട വ്യവസായം	കച്ചവടം/വ്യാപാരം	മറ്റുള്ളവ
1	2	3	4	5	6
9	6	1	-	216	-

അവലംബം : ദ്വിതീയവിവര ശേഖരണം

കിഴുവിലം പഞ്ചായത്ത്
ബാങ്കുകളും വാർഡുകളും
(ബ്ലോക്ക് റിപ്പോർട്ടിംഗ്)

പട്ടിക 12-1

വാർഡ്	ബാങ്ക്
1	സൗത്ത് ഇന്ത്യൻ ബാങ്ക്, ആറ്റിങ്ങൾ
2, 3, 4	ഇന്ത്യൻ ഓവർസീസ് ബാങ്ക്, ശാർക്കര, ചിറയിൻകീഴ്
5, 6	ഫെഡറൽ ബാങ്ക്, കിഴുവിലം
8,10	ഫെഡറൽ ബാങ്ക്, കിഴുവിലം
7, 11	ഇന്ത്യൻ ബാങ്ക്, ആറ്റിങ്ങൽ
9, 12	സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ആറ്റിങ്ങൽ

* വിവിധ വാർഡുകളിലെ സ്വയം തൊഴിൽ സംരംഭകർക്ക് മൂലധനം വായ്പയായി ലഭിക്കുന്നത് ഈ പട്ടികയിൽ നിന്നുള്ള ബാങ്കുകളിൽ നിന്നാണ് *

അവലംബം : ദ്വിതീയവിവര ശേഖരണം

കീഴുവിലം പഞ്ചായത്ത് തൊഴിൽ നികുതി

പട്ടിക 12-m

നമ്പർ	സ്ഥാപനത്തിന്റെ പേര്	ജീവനക്കാരുടെ എണ്ണം	അർദ്ധവാർഷിക തൊഴിൽ നികുതി
1.	പഞ്ചായത്ത് ഓഫീസ്	12	Rs. 1125/=
2.	ഗവ: എൽ. പി. എസ്. കൂന്തള്ളൂർ	29	Rs. 1855/=
3.	മൃഗാശുപത്രി	5	Rs. 730/=
4.	എസ്. സി. ബാങ്ക്, കിഴുവിലം	15	Rs. 1575/=
5.	ജി.വി.ആർ.എം.യു.പി.എസ്. കിഴുവിലം	21	Rs. 3625/=
6.	കൃഷിഭവൻ	5	Rs. 675/=
7.	ഗവ: ഹോമിയോ ഡിസ്പെൻസറി	3	Rs. 310/=
8.	കൈത്തറി സൊസൈറ്റി	3	Rs. 140/=
9.	പി.എച്ച്.സി, വക്കം	5	Rs. 525/=
10.	ഗവ: യു. പി. എസ്. കിഴുവിലം	15	Rs. 1930/=
11.	ഗവ: എൽ. പി. എസ്. അണ്ടൂർ	8	Rs. 1530/=
12.	ബ്ലോക്ക് ഓഫീസ്	17	Rs. 2500/=
13	സീഡ് ഫാം	4	Rs. 700/=
14.	എസ്.വി.യു.പി.എസ്. പുരവൂർ	13	Rs. 1455/=
15.	ഗവ: ആയുർവേദ ആശുപത്രി	11	Rs. 1885/=
16.	പാൽസൊസൈറ്റി ,പറയത്തുകോണം	3	Rs. 95/=
17.	ഗവ: എച്ച് . എസ്. കൂന്തള്ളൂർ	67	Rs. 12075/=
18.	വില്ലേജ് ഓഫീസ്	5	Rs. 495/=
19.	പോസ്റ്റ് ഓഫീസ് ,പറയത്തുകോണം	2	Rs. 90/=
20.	പോസ്റ്റ് ഓഫീസ് ,കുറക്കട	2	Rs. 75/=
21	പോസ്റ്റ് ഓഫീസ് ,കൂന്തള്ളൂർ	1	Rs. 45/=
22.	പോസ്റ്റ് ഓഫീസ് ,മുടപുരം	4	Rs. 165/=
23.	ഇല:ഓവർസീയർ ഓഫീസ്, മുടപുരം	3	Rs. 260/=
24	ഫെഡൽ ബാങ്ക്, കിഴുവിലം	12	Rs. 3895/=
25.	ഗവ:യു.പി.എസ്. മുടപുരം	17	Rs. 1930/=
26.	കയർ വർക്കേഴ്സ് വെൽഫെയർ ബോർഡ്	8	Rs. 300/=
27.	ഐ.സി.ഡി.പി. സബ്സെന്റർ, പറയത്തുകോണം	1	Rs. 100/=
		ആകെ	51340/=

അവലംബം : ദ്വിതീയവിവര ശേഖരണം

വാർഷിക വിവരം

പട്ടിക 12-ന

വരവിന്റെ വിവരം		തുക	ചെലവിന്റെ വിവരം	രൂപ
ആകെ വരവ്	- 1068		കാലിത്തീറ്റ, പുല്ലുകൃഷി	
വരവ് തുക		21779000	പാലുൽപ്പന്നങ്ങൾ-ലോൺ	2285000
ഗുണിതഫല വിഭാഗം	- 312		സ്ഥിരം ചെലവ്	386000
ഗുണിതഫല വരുമാനം		9687000	വാഹനങ്ങൾ	4590000
വിദേശത്തുനിന്നുള്ള വരവ്	-	36000000	വിള്ള വായ്പ	2000000
വിദേശത്തുനിന്നുള്ള വരവ്			കാർഷിക വായ്പ	1233000
വിനിമയത്തിലുള്ള		32600000	മറ്റു ജി. സി. പി.	265000
ആകെ നിക്ഷേപം		65000000	വിദേശത്ത് പോകാൻ വായ്പ	12000
നിക്ഷേപങ്ങൾ	- 6700		പ്രദേശിക ഗ്രാമീണ ബാങ്ക് വായ്പ -	
10 വർഷത്തിന് അധികമായവ	- 1800		3 വർഷത്തിനുതാഴെ	
ആകെ വിദേശ നിക്ഷേപകർ	- 1850			
10 വർഷത്തെ വിദേശ				
അന്യരാജ്യങ്ങളുടെ വർഷം	-1300			

അവലംബം : ദ്വിതീയവിവര ശേഖരണം

JRY പദ്ധതി സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയുള്ള ആക്ഷൻ പ്ലാൻ

പട്ടിക 12-ാ

പണിയുടെ പേര്	ജനറൽ സെക്ടർ തുക രൂപ	SC/ST വിഭാഗം തുക രൂപ	ആകെ തുക രൂപ
1	2	3	4
1. വൈദ്യുതി കരണം- 50 വീട്	-	25000.00	25000.00
2. കാട്ടുംപുറം മൂർത്തി നട റോഡ് ഡ്രെയിനേജ്	25000.00	-	25000.00
3. പനയറ വിളാകം ഫുട്ട് പാത്ത് നിർമ്മാണം	20000.00	-	20000.00
4. പോളയിൽ ഫുട്ട് പാത്ത്	14500.00	-	14500.00

അവലംബം : ദ്വിതീയവിവര ശേഖരണം

പട്ടിക 12-p


പണിയുടെ സ്വഭാവം	എസ്റ്റിമേറ്റ് തുക	യഥാർത്ഥ ചെലവ്		
		ഗ്രാൻറ് തുക	പഞ്ചാ: ഫണ്ട്	ആകെ
1	2	3	4	5
റോഡ് :				
1. ഒറ്റപ്ലാംമുക്ക് - അയന്തി കടവ് ടാറിംഗ്	45000	43148	-	43148
2. വലിയ ഏലാ റോഡ് ടാറിംഗ്	116190	111314		
3. റോഡ് മെയിന്റനൻസ്	85000	58794		
തോട് : ഇല്ല				
കെട്ടിടം : പഞ്ചായത്താഫീസ് റിപ്പയറിംഗ്	45000			
നടപ്പാലം : ഇല്ല				
മറ്റുള്ളവ :				
1. ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ	15000	15000	-	15000
2. ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ				

അവലംബം : ദ്വിതീയവിവര ശേഖരണം


പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റുവകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

പട്ടിക 12-q

വകുപ്പ്	തുക		ആകെ
	പദ്ധതി വിഹിതം	പദ്ധതിയേതര വിഹിതം	
1	2	3	4
മൃഗസംരക്ഷണം	Rs. 1500 /-	-	Rs. 1500 /-
ആരോഗ്യം	-	-	-
കൃഷി	Rs. 41470 /-	-	Rs. 41470 /-
PWD	Rs. 53591 /-	-	Rs. 53591 /-
ഹരിജന ക്ഷേമം	Rs. 3000 /-	-	Rs. 3000 /-
മറ്റുള്ളവ	-	-	-
ആകെ	Rs. 99561 /-	-	Rs. 99561 /-



സംസ്കാരം



കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തിന്റെ തനിമകളെല്ലാം ദർശിക്കാവുന്ന ഒരു പരിച്ഛേദമാണ് കിഴുവിലം ഗ്രാമം. നാടിന്റെ പഴയ കാർഷിക പാരമ്പര്യത്തിൽ അധിഷ്ഠിതമായ ആചാരനുഷ്ഠാനങ്ങളും ക്ഷേത്രോൽസവങ്ങളുമെല്ലാം കാലപ്രവാഹത്തിനിടയിൽ വന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് കൊണ്ട് ഇന്നും നിലനിൽക്കുന്നു. വിവിധ ജാതി മതസ്ഥരുടെ സൗഹാർദ്ദപൂർണ്ണമായ ജീവിതത്തിന് ശതാബ്ദങ്ങൾ പഴക്കമുള്ള നമ്മുടെ സാംസ്കാരിക പൈതൃകം അടിസ്ഥാനമായി വർത്തിക്കുന്നു.

ഹിന്ദുക്കളും മുസ്ലിങ്ങളും ആണ് പഞ്ചായത്തിൽ അധിവസിക്കുന്ന പ്രധാന മതവിഭാഗം. ഹിന്ദുമതത്തിൽ പ്പെട്ട വ്യത്യസ്ത ജാതിക്കാരെല്ലാം ഈ ഗ്രാമത്തിൽ ഇടകലർന്ന് താമസിക്കുന്നു. ക്രിസ്ത്യൻ കുടുംബങ്ങൾ വിരലിലെണ്ണാവുന്നവ മാത്രമാണിവിടെയുള്ളത്. ചെറുതും വലുതുമായ ധാരാളം ക്ഷേത്രങ്ങളും, മുസ്ലിം പള്ളിയും ഇവിടെയുണ്ടെങ്കിലും ക്രൈസ്തവരുടെ ആരാധനാലയം ഒന്നുമില്ല.

ക്ഷേത്രോൽസവങ്ങളും, കാർഷികവൃത്തിയുമായും രാജഭരണവുമായും ബന്ധപ്പെട്ട മറ്റ് ആഘോഷങ്ങളും മുന്നോട്ട് നയിച്ച നമ്മുടെ സാംസ്കാരിക രംഗത്തെ സജീവമാക്കിയത് ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ കേരളത്തിലാകെമാനം അലയടിച്ച പരിവർത്തന പ്രവർത്തനങ്ങളായിരുന്നു. ശ്രീനാരായണ ഗുരുവിന്റെ പ്രബോധനങ്ങൾ പിന്നോക്ക ജനവിഭാഗങ്ങൾക്കിടയിൽ ഒരു നവോന്മേഷം ഉളവാക്കി. കുമാരനാശാൻ കവിതകളുടെ ആന്തരിക ഗൗരവം ഉൾക്കൊള്ളാൻ തക്കവണ്ണമുള്ള വിദ്യാഭ്യാസപുരോഗതി സമൂഹം ആർജ്ജിച്ച് തുടങ്ങിയിരുന്നു. ദേശീയ പ്രസ്ഥാനവും തിരുവിതാംകൂറിലെ ഉത്തരവാദിത്ത ഭരണ പ്രക്ഷോഭവും, അയിത്തോച്ചാടന പ്രവർത്തനങ്ങളും, രാഷ്ട്രീയ രംഗത്തുണ്ടാക്കിയ ഉണർവ് സാംസ്കാരിക മേഖലയിലും പുതിയ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

സ്വാതന്ത്ര്യ ലബ്ധിക്ക് മുമ്പ് തന്നെ ഗ്രാമത്തിന്റെ പല പ്രദേശങ്ങളിലും വിജ്ഞാനദാഹികളായ യുവാക്കൾ ഒരുമിച്ച് കൂടി സാംസ്കാരിക ചർച്ചകളിൽ ഏർപ്പെട്ടിരുന്നു. ചിറയിൻകീഴിലുള്ള വിശാലമായ ശാർക്കര പറമ്പിലെ സായാഹ്ന സദസുകളിൽ ശ്രദ്ധേയരായിരുന്ന പലരും നമ്മുടെ ഗ്രാമത്തിന്റെ സംഭാവനകളായിരുന്നു. വിശ്വവിഖ്യാതനായ ശ്രീ. പ്രേം നസീറും, നാടകാചാര്യൻ ശ്രീ. ജി. ശങ്കരപ്പിള്ളയും അവരിൽ ചിലർമാത്രം.

ഈ കാലഘട്ടത്തിൽ തന്നെ പ്രബുദ്ധരായ കുറെ ചെറുപ്പക്കാർ ചേർന്ന് നിരക്ഷരരായ കർഷകതൊഴിലാളികൾക്ക് വയോജന വിദ്യാഭ്യാസം നൽന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. ദാരിദ്ര്യം അനുഭവിക്കുകയും, തുട

ർച്ചയായി ദരിദ്രവത്ക്കരിക്കപ്പെടുകയും ചെയ്യുന്ന കർഷക സമൂഹം പുത്തൻ അറിവുകൾ നേടേണ്ടത് സാമൂഹ്യമാറ്റത്തിന് ആവശ്യമാണെന്ന ബോധം അവർക്കുണ്ടായിരുന്നു. സംഗീതനാടകങ്ങളുടെ അതിപ്രസരത്തിന് ശേഷം സാമൂഹ്യമാറ്റത്തിന് നാടകങ്ങളെ ഉപയുക്തമാക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങളും അക്കാലത്ത് നടന്നിരുന്നു. മലയാള സിനിമ അതിന്റെ ആരംഭഘട്ടത്തിലായിരുന്നെങ്കിലും ആ കലാരൂപം ജനതയെ വേഗത്തിൽ ആകർഷിക്കുകതന്നെചെയ്തു. വയലാർ രാമവർമ്മ ആദ്യമായി ചലചിത്ര ഗാന രചന നടത്തിയ കൂടപ്പിറപ്പ് എന്ന ചിത്രത്തിന്റെ വാതിൽപ്പുറ ചിത്രീകരണം കാട്ടുമുറാക്കലും പരിസരത്തും നടന്നതോർക്കുന്നവർ ധാരാളമുണ്ട്. മലയാളത്തിലെ ആദ്യകാല വാതിൽപ്പുറ ചിത്രീകരണങ്ങളിലൊന്നായിരുന്നു അത്. ഇക്കാലത്ത് തന്നെ ധാരാളം ചെറു നാടകവേദികൾ പ്രാദേശിക കലാകാരൻമാരുടെ നേതൃത്വത്തിൽ രൂപം കൊള്ളുകയുംചെയ്തിരുന്നു.

ഗ്രന്ഥശാലാ പ്രസ്ഥാനം കേരളത്തിൽ വേരുപിടിച്ച് തുടങ്ങിയ കാലമായിരുന്നു അത്. തങ്ങളുടെ പ്രദേശത്തിന്റെ സാംസ്കാരികമായ അഭ്യുന്നതിക്ക് ഗ്രന്ഥശാലകൾ ആവശ്യമാണെന്ന ബോധം വിദ്യാസമ്പന്നരായ യുവാക്കൾക്കുണ്ടായി. സ്ഥിരമായി ആസ്ഥാനമില്ലാതെ പ്രാദേശികമായി പ്രവർത്തിച്ചിരുന്ന ക്ളബ്ബുകൾ സ്വന്തമായി ആസ്ഥാനമുണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയുണ്ടായി. ഇതിന്റെ ഫലമായി രൂപംകൊണ്ടവയാണ് കൂന്തള്ളൂരിലെ ദേശീയ ഗ്രന്ഥശാല, മുടപുരം എം.പി.എ.സി, പുളിമൂട്ടിലെ കൈരളി വായനശാല തുടങ്ങിയവ.

വിദ്യാഭ്യാസം സാർവ്വത്രികമായതോടെ ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിൽ ധാരാളം വായനശാലകളും ഗ്രന്ഥശാലകളും രൂപീകൃതമാവാൻ തുടങ്ങി. അവ കൂടാതെ വിവിധ പൗരസമിതികളും, കലാകായിക ക്ളബ്ബുകളും നിലവിൽവന്നു. കാലാകാലങ്ങളിൽ രൂപീകൃതമായ ഇത്തരം സ്ഥാപനങ്ങൾ ഓരോ പ്രദേശത്തെയും ജനങ്ങൾകാട്ടുന്ന താല്പര്യത്തിന്റെ ഏറ്റക്കുറച്ചിലിനനുസരിച്ച് വളരുകയും തളരുകയും ചെയ്തിട്ടുണ്ട്.

ഏഴ് ഗ്രന്ഥശാലകൾ ഉൾപ്പെടെ 25-ഓളം ക്ളബ്ബുകൾ ഇപ്പോൾ പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്നു. അവയെക്കുറിച്ചുള്ള വിവരങ്ങൾ പട്ടികയായി കൊടുത്തിരിക്കുന്നു.

നമ്പർ	വാർഡ്	ക്ളബ്ബിന്റെ പേര്	പ്രവർത്തനം
1	1	എണസ്റ്റോ ആർട്ട്സ് & സ്പോർട്ട്സ് ക്ളബ്ബ്	വാർഷികാഘോഷം
2		പഞ്ചായത്ത് സാംസ്കാരികനിലയം	വായനശാല പ്രവർത്തിക്കുന്നു, ലൈബ്രറി പ്രവർത്തനം ആരംഭിച്ചിട്ടില്ല, T.V.യുണ്ട്. സ്വന്തം കെട്ടിടം
3	4	ദേശീയ ഗ്രന്ഥശാല	മികച്ചരീതിയിൽ പ്രവർത്തിക്കുന്നു.
4		ആഞ്ജനേയ ആർട്ട്സ് & സ്പോർട്ട്സ് ക്ളബ്ബ്	പ്രവർത്തനം മന്ദീഭവിച്ചു, സ്വന്തം ആസ്ഥാനമില്ല
5		കൈരളി വായനശാല	പ്രവർത്തനംനിലച്ചു, ആസ്ഥാനമില്ല
6		കൊറ്റുവിളാകം പൗരസമിതി	പ്രവർത്തനം നിലച്ചിരിക്കുന്നു.
7	5	സൺറൈസ് ആർട്ട്സ് & സ്പോർട്ട്സ് ക്ളബ്ബ്	പ്രവർത്തനം മന്ദീഭവിച്ചു, ആസ്ഥാനമില്ല
8	7	നവഭാവനാ വായനശാല	വായനശാലയുണ്ട്.
9		ടാഗോർ ആർട്ട്സ് & സ്പോർട്ട്സ് ക്ളബ്ബ്	പ്രവർത്തനം നിലച്ചിരിക്കുന്നു.
10		എം.പി.എ.സി.	പഴക്കംചെന്ന വായനശാല, തൃപ്തികരമല്ലാത്ത പ്രവർത്തനം
11		വിവേകോദയം വായനശാല	തൃപ്തികരമായ പ്രവർത്തനം, സ്വന്തം കെട്ടിടം, വായനശാല റ്റി.വി.യുണ്ട്,
12		ഏ.കെ.ജി. ആർട്ട്സ് & സ്പോർട്ട്സ് ക്ളബ്ബ്	പുതിയ ക്ളബ്ബ്, ഓണാഘോഷം

13	8	ശാന്തി ആർട്ട്സ് & സ്പോർട്ട്സ് ക്ളബ്ബ്	വായനശാല,പ്രവർത്തനപുരോഗതിയിലേക്ക്, പ്രേംനസീർ സ്മാരകം, സ്വന്തം കെട്ടിടം
14		സംഘവേദി	കലാസാഹിത്യ മത്സരങ്ങൾ സാംസ്കാരിക ചർച്ചകൾ.
15		ഫ്രണ്ട്സ് ആർട്ട്സ് ക്ളബ്ബ്	28-ാം ഓണാഘോഷം
16	9	ഗാന്ധി ആർട്ട്സ് ക്ളബ്ബ്	വായനശാല
17	10	ശാന്തിനഗർ പൗരസമിതി	അമച്വർ നാടകവേദിയുണ്ട്, സമിതിക്കുള്ളിൽ കൂട്ടായ പ്രവർത്തനം, സ്വന്തമായി ആസ്ഥാനമില്ല.
18		മഹാത്മാ ക്ളബ്ബ്	ലൈബ്രറിയുണ്ട്, സ്വന്തം കെട്ടിടമില്ല
19	11	നേതാജി ആർട്ട്സ് ക്ളബ്ബ്	സിനിമാ പ്രദർശനം, ക്യാമ്പ് സംഘാടനം തുടങ്ങിയവ. വാടക കെട്ടിടത്തിൽ
20		ദേശാഭിമാനി ഗ്രന്ഥശാല	ഗ്രന്ഥശാല, തൃപ്തികരമായ പ്രവർത്തനം, വാടകകെട്ടിടം
21		രാജീവ് ഗാന്ധി കൾച്ചറൽ ഫോറം	ക്യാമ്പുകൾ, യോഗങ്ങൾ
22		അക്ഷര ലൈബ്രറി & റീഡിംഗ് റും	തൃപ്തികരമായ പ്രവർത്തനം വാടകകെട്ടിടം
23	12	കാട്ടുമ്പുറം പൗരസമിതി	വാർഷികാഘോഷം
24		നവഭാവന ആർട്ട്സ് & സ്പോർട്ട്സ് ക്ളബ്ബ്	ചെറുലൈബ്രറി, റീഡിംഗ് റും
25		ചൈതന്യ ലൈബ്രറി	ലൈബ്രറിയുണ്ട്, തൃപ്തികരമല്ലാത്ത പ്രവർത്തനം

അവലംബം : ദ്വിതീയവിവരശേഖരണം

ഗ്രന്ഥശാലകളെ കുറിച്ചുള്ള വിവരങ്ങൾ

പേര്	സ്ഥാപിച്ച വർഷം	ഗ്രേഡ്	പുസ്തകങ്ങളുടെ എണ്ണം	ശരാശരി പ്രതിമാസ വിതരണം	പത്രം	ആനുകാലികം	അംഗങ്ങൾ		
							സ്ത്രീ	പുരു	ആകെ
ദേശീയ ഗ്രന്ഥശാല	1958	B	5727	600	6	24	89	151	240
സാംസ്കാരിക നിലയം	1992	-	-	-	1	-	-	-	-
മഹാത്മ ഗ്രന്ഥശാല	1993	-	-	-	-	-	-	-	-
ചൈതന്യ	1979	F	1500	-	1	-	-	13	13
നവഭാവന	1982	-	150	60	3	-	-	30	30
ദേശാഭിമാനി	1964	F	1063	350	4	5	39	114	153
അക്ഷര	1979	F	1004	420	2	3	61	177	238

അവലംബം : ദ്വിതീയവിവരശേഖരണം

പഞ്ചായത്തു സാംസ്കാരിക കേന്ദ്രം ഉൾപ്പെടെ ഏഴുഗ്രന്ഥശാലകളാണ് പ്രവർത്തിച്ച് വരുന്നത്. കൂന്തള്ളൂരിലെ ദേശീയ ഗ്രന്ഥശാലയാണ് ഇവയിൽ എടുത്ത് പറയേണ്ട സ്ഥാപനം. 1958 ൽ സ്ഥാപിതമായ ഈ ഗ്രന്ഥശാലയിൽ 6000 ത്തോളം പുസ്തകങ്ങൾ ഉണ്ട്. ഗ്രന്ഥശാലാ സംഘം B ഗ്രേഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രധാനപ്പെട്ട ദിനപത്രങ്ങളും, 25 ഓളം ആനുകാലിക പ്രസിദ്ധീകരണങ്ങളും ഇവിടെ ലഭ്യമാണ്. ലൈബ്രറി, റീഡിംഗ് റൂം, റിക്രിയേഷൻ ക്ളബ്ബ് എന്നിവ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. ഒരു ജിംനേഷ്യം ഇവിടെ പുതുതായി ആരംഭിച്ചിട്ടുണ്ട്. ടെലിവിഷൻ റേഡിയോ തുടങ്ങിയവയുംഉണ്ട്.

40 വർഷത്തോളമായ ഗ്രന്ഥശാലാ കെട്ടിടം വളരെ ശോചനീയമായ അവസ്ഥയിലാണ്. പുസ്തകങ്ങൾ ആവശ്യത്തിന് ഫർണിച്ചർ ഇല്ലാത്തതുമൂലം നശിച്ച് പോകാൻ ഇടയാകുന്നു. സ്ഥലപരിമിതി നേരിടുന്ന ഈ സ്ഥാപനം എല്ലാ അർത്ഥത്തിലും ഏറെ വികസിക്കേണ്ടതുണ്ട്. ഗ്രന്ഥാലയത്തിന്റെ വികസനത്തിന് വേണ്ടി സ്ഥലം അനുവദിക്കണമെന്ന ആവശ്യം ഉയർന്ന് വന്നിട്ടുണ്ട്.

പുരവൂരിൽ പ്രവർത്തിച്ചിരുന്ന യുവജന സമാജം സാംസ്കാരിക കേന്ദ്രം 1992 ഓടെ പഞ്ചായത്ത് വക സ്ഥലത്തു പണികഴിപ്പിച്ച കെട്ടിടത്തിൽ പഞ്ചായത്ത് സാംസ്കാരിക കേന്ദ്രമായി പ്രവർത്തനം ആരംഭിച്ചു. ഈ സ്ഥാപനത്തിന്റെ മുന്നോട്ടുള്ള വളർച്ച വളരെ മന്ദഗതിയിലാണെന്ന് പരാതിയുണ്ട്.

10-ാം വാർഡിലെ മഹാത്മ ഗ്രന്ഥശാല സാക്ഷരതാ പ്രസ്ഥാനത്തോടനുബന്ധിച്ച് സ്ഥാപിതമായതാണ്.ഈ സ്ഥാപനത്തിന് ഇതുവരെ രജിസ്ട്രേഷനോ, ഗ്രാന്റോ കിട്ടിയിട്ടില്ല. ഒരു സ്വകാര്യ വ്യക്തിയുടെ വീട്ടിൽ പ്രവർത്തിച്ച് വരുന്ന പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായൊരു ആസ്ഥാനമുണ്ടായാൽ മാത്രമെ നേട്ടങ്ങൾ കൊയ്യാൻ സാധിക്കുകയുള്ളൂ. 11-ാം വാർഡിലെ ദേശാഭിമാനി, അക്ഷരഎന്നീ ഗ്രന്ഥശാലകൾക്കും സ്വന്തമായി ആസ്ഥാനമുണ്ടാകണമെന്ന ആവശ്യം ഉയർന്ന് വന്നിട്ടുണ്ട്. "അക്ഷര" ഫീൽഡ് പബ്ളിസിറ്റിയുടെ ജില്ലയിലെ ഒന്നാമത്തെ സ്പോൺസർ ആയിരുന്നു മുമ്പ്.

വായനാശീലമുള്ളവരായി ഗ്രന്ഥാലയങ്ങളിൽ എത്തുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നതായാണ് ഗ്രന്ഥശാലാ വിവരങ്ങൾ സൂചിപ്പിക്കുന്നത്. ടെലിവിഷന്റെയും മറ്റ് വിനോദോപാധികളുടെയും സ്വാധീനം ഈ പ്രവണതക്ക് മുഖ്യകാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. ബോധപൂർവ്വമായ പ്രവർത്തനങ്ങളിലൂടെ പുസ്തകവായന നേരിടുന്ന ഈ പ്രതിസന്ധി കുറെയൊക്കെ പരിഹരിക്കാൻ കഴിയും. ലൈബ്രേറിയൻ വനിതയായതുകൊണ്ട് ദേശീയ ഗ്രന്ഥശാലയിലെ വനിതാ അംഗങ്ങളുടെ എണ്ണം വർദ്ധിച്ച് വരുന്നത് ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്.

സ്കൂൾ വിദ്യാർത്ഥികൾക്ക് അംഗത്വഫീസിൽ ഇളവ് വരുത്തുകയും ബാലസാഹിത്യ ഗ്രന്ഥങ്ങൾക്ക് പ്രത്യേകവിഭാഗം ആരംഭിക്കുകയുംചെയ്തതോടെ ഗ്രന്ഥശാലാംഗങ്ങളായ വിദ്യാർത്ഥികളുടെ എണ്ണവും വർദ്ധിച്ചു. ഓരോരുത്തരും തങ്ങൾക്ക് താല്പര്യമുള്ള വിവരം പെട്ടന്ന് ലഭിക്കണംഎന്ന് ആഗ്രഹിക്കുന്നവരാണ്. ഗ്രന്ഥശാലകളിൽ പുസ്തകങ്ങൾ ഇനംതിരിച്ച് വച്ചാൽ മാത്രമെ വായനക്കാർക്ക് വേഗത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുകയുള്ളൂ എന്നതും ശ്രദ്ധേയമാണ്.

സാംസ്കാരിക രംഗത്തെ സജീവമാക്കുന്നതിൽ പ്രാദേശിക ക്ളബ്ബുകളും, പൗരസമിതികളും നല്ലൊരു പങ്ക് വഹിക്കുന്നുണ്ട്. ക്ള

ബ്ബുകൾ മിക്കവയും ഓണാഘോഷം നടത്താറുണ്ട്. ചില ക്ളബ്ബുകൾ 28-ാം ഓണാഘോഷവും നടത്താറുണ്ട്. തങ്ങളുടെ വാർഷികവും ആഘോഷിക്കുന്നു. നാലാം വാർഡിലുള്ള ആഞ്ജനേയ ആർട്ട്സ് & സ്പോർട്ട്സ് ക്ളബ്ബ് എല്ലാ തിരുവോണനാളിലും സാംസ്കാരിക ഘോഷയാത്ര സംഘടിപ്പിച്ചിരുന്നു. 1984 ൽ സ്ഥാപിതമായ ഈ ക്ളബ്ബ് വളർച്ചയുടെ ഒരു ഘട്ടം പിന്നിട്ടശേഷം പ്രവർത്തനം മന്ദീഭവിച്ച ഒന്നായി മാറിയിരിക്കുന്നു.

സംസ്കാര സമ്പന്നരായ ഒരു കൂട്ടം യുവാക്കൾ ചേർന്ന് കാൽനൂറ്റാണ്ട് മുമ്പ് രൂപം കൊടുത്തതായിരുന്നു പുളിമൂട്ടിലെ കൈരളി വായനശാല. ഈ സമിതി ഗ്രാമത്തിന്റെ സാംസ്കാരിക രംഗത്ത് ഒട്ടനവധി സംഭാവനകൾ നൽകിയിട്ടുണ്ട്. അതിന്റെ മുഖ്യ പ്രവർത്തകർതന്നെ ഒരു ഫിലിം സൊസൈറ്റിയും രൂപീകരിച്ചിരുന്നു. രണ്ടും കാലക്രമത്തിൽ പ്രവർത്തനം ഇല്ലാതായി. കൈരളിയെ പുനരുജ്ജീവിപ്പിക്കാൻ ഇടക്കാലത്ത് ശ്രമമുണ്ടായെങ്കിലും പൂർണ്ണമായും വിജയിച്ചില്ല.

സാംസ്കാരിക രംഗത്ത് മുൻകാലങ്ങളിൽ നൽകിയ സംഭാവനകളുടെ അടിസ്ഥാനത്തിൽ എടുത്തുപറയേണ്ട ഒന്നാണ് കാട്ടുമുറാക്കലിലെ സൺറൈസ് ആർട്ട്സ് & സ്പോർട്ട്സ് ക്ളബ്ബ്. വർഷങ്ങളോളം അവർ അഖിലകേരളാടിസ്ഥാനത്തിൽ അമച്വർനാടകമത്സരം സംഘടിപ്പിച്ചിരുന്നു. പ്രതിമാസ നാടക പരിപാടി, ഇന്റർ കോളേജിയേറ്റ് ക്വിസ് മത്സരം തുടങ്ങിയവയും പ്രശംസനീയമായ നിലയിൽ സംഘടിപ്പിച്ചിരുന്ന പ്രസ്തുത സമിതി ഇക്കാലത്ത് പ്രവർത്തനം വളരെ മന്ദീഭവിച്ച ഒന്നായിരിക്കുന്നു. സ്വന്തമായ ആസ്ഥാനമുണ്ടായാൽ ഇനിയും ഉണർന്ന് പ്രവർത്തിക്കാൻ ഈ സമിതിക്ക് കഴിയും.

മുടപുരം ജംഗ്ഷനിൽ പ്രവർത്തിക്കുന്ന ശാന്തി ആർട്ട്സ് & സ്പോർട്ട്സ് ക്ളബ്ബ് സ്ഥിരോൽസാഹികളായ സ്ഥാലവാസികളുടെ ഭഗീരഥപ്രയത്നം കൊണ്ട് വളർച്ചയിലേക്ക് മുന്നേറുകയാണ്. വർഷങ്ങൾക്ക് മുമ്പ് ശ്രീ. പ്രേം നസീർ ഈ ക്ളബ്ബിന് വേണ്ടി രണ്ട് സെൻറ് സ്ഥലം ഔദാര്യപൂർവ്വം വിട്ടുകൊടുത്തെങ്കിലും അദ്ദേഹം ജീവിച്ചിരുന്ന സമയത്ത് കെട്ടിടം പണിയാൻ സംഘാടകർക്ക് കഴിഞ്ഞിരുന്നില്ല. പ്രേം നസീർ നൽകിയ ഭൂമിയിൽ ഏതാനും മാസം മുമ്പ് അദ്ദേഹത്തിന്റെ സ്മാരകമായി ക്ളബ്ബ് കെട്ടിടം ഉത്ഘാടനം ചെയ്യുകയുണ്ടായി. നമ്മുടെ നാടിന്റെ യശസ് ഉയർത്തിയ കലാകാരന് മറ്റ് എവിടെയും സ്മാരകങ്ങൾ ഒന്നുമില്ല എന്നത് ദു:ഖകരമാണ്.

ഇപ്പോൾ നിലവിലുള്ള ക്ളബ്ബുകൾ അധികവും ഓണാഘോഷമോ, വാർഷികമോ നടത്തുന്നതിൽ മാത്രം ശ്രദ്ധചെലുത്തുന്നു എന്ന ആഹ്ളാദകരമല്ലാത്ത വസ്തുത നിലനിൽക്കുന്നത്കൊണ്ട് ഏറെ പഴക്കമില്ലാത്ത മുൻ പറഞ്ഞ അനുഭവങ്ങൾക്ക് പ്രസക്തിയുണ്ട്. ഇന്ന് സജീവമായി നിലകൊള്ളുന്ന സാംസ്കാരിക സമിതികൾ സാംസ്കാരികാഭ്യുന്നതിക്കുതകുന്ന പരിപാടികൾ നിരന്തരം നടത്തുന്നതിൽ വിമുഖരായാണ് കാണപ്പെടുന്നത്.

കിഴുവിലം പഞ്ചായത്തിലെ ഏക അമച്വർ നാടകവേദി 10-ാം വാർഡിലെ ശാന്തി നഗർ പൗരസമിതിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്ന പാസ്ക് (PASC) ആണ് 1983 ൽ സ്ഥാപിതമായ ഈ നാടകവേദി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ അമച്വർ നാടകങ്ങൾ അവതരിപ്പിച്ച് ധാരാളം പുരസ്കാരങ്ങൾ നേടി ഗ്രാമത്തിന്റെ യശസ് ഉയർത്തിപ്പിടിച്ചിട്ടുണ്ട്. പഞ്ചായത്തിന് അഭിമാനിക്കാൻ വകനൽകുന്ന ഈ സ്ഥാപനത്തിന് സ്വന്തമായ ആസ്ഥാനമോ, ചെലവുകൾ നിർവ്വഹിക്കുന്നതിനാവശ്യമായ

സാമ്പത്തിക ശേഷിയോ ഇല്ല. രണ്ടോ,മൂന്നോ സെന്റ് ഭൂമി ലഭിക്കുകയാണെങ്കിൽ പാസ്കിന് ആസ്ഥാനവും, ഒപ്പം ഒരു സാംസ്കാരിക കേന്ദ്രവും തങ്ങൾ പടുത്തുയർത്താമെന്ന് വാർഡ് നിവാസികൾ അഭിപ്രായപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തിലെ 2,3 വാർഡുകളിൽ വായനശാലകൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. ദേശീയ ഗ്രന്ഥശാല ഇവയുടെ അതിർത്തിയിലാണെങ്കിലും നാലാം വാർഡിലുള്ളവരാണ് ദേശീയ ഗ്രന്ഥശാലയുടെ സേവനം പ്രയോജനപ്പെടുത്തുന്നവരധികവും. പട്ടികജാതിക്കാർ വളരെ കൂടുതലാണെന്നത് ഈ വാർഡുകളുടെ പ്രത്യേകതയാണ്. വിദ്യാഭ്യാസത്തോടും, സാംസ്കാരിക പ്രവർത്തനങ്ങളോടും താല്പര്യം നാൾക്കുനാൾ വർദ്ധിച്ചുവരുന്നുണ്ടെങ്കിലും സർഗ്ഗാത്മക പ്രവർത്തനങ്ങൾ ഒന്നും ഈ പ്രദേശങ്ങളിൽ നടക്കുന്നില്ല. ഓണത്തിന്റെയും കൊയ്ത്തിന്റെയും ആഘോഷങ്ങൾ മാത്രം വർഷം പ്രതി പേരിനുവേണ്ടി നടത്തിവരുന്നു. ഔപചാരിക വിദ്യാഭ്യാസമില്ലാതെ തന്നെ അരനൂറ്റാണ്ട് മുമ്പുള്ള സാമൂഹ്യ മാറ്റങ്ങൾക്ക് പങ്കാളിത്തം വഹിക്കാൻ മുന്നിട്ടിറങ്ങിയ ജനവിഭാഗങ്ങളാണ് ഇന്ന് സാംസ്കാരിക പ്രവർത്തനങ്ങളിൽ പിന്നിലേക്ക് പോയിരിക്കുന്നത് എന്നതും ശ്രദ്ധേയമാണ്. 3648 രൂപ മാത്രമാണ് 94-95 കാലയളവിൽ ലൈബ്രറി ഗ്രന്ഥശാല ആവശ്യങ്ങൾക്കായി പഞ്ചായത്ത് ചെലവഴിച്ചത്.

സ്ത്രീകൾ എണ്ണത്തിൽ കൂടുതലാണെങ്കിലും വായനയുടെ കാര്യത്തിൽ അവർ വളരെ പിന്നിലാണ്. ഗ്രന്ഥശാലാംഗങ്ങളുടെ 20%ൽ താഴെ മാത്രമാണ് വനിതാഅംഗങ്ങൾ ഉള്ളത്. അവരിൽ തന്നെ കലാലയ വിദ്യാർത്ഥിനികളാണ് അധികവും. ഇവരിൽ ഉയർന്ന നിലവാരമുള്ള നോവലുകളും വിജ്ഞാനഗ്രന്ഥങ്ങളും വായിക്കുന്നവർ തുലോംകുറവാണ്. കവിതയോട് താൽപര്യമുള്ളവർ എല്ലാത്തരം വായനക്കാരിലും വളരെവളരെ കുറഞ്ഞ് വരുന്നതായാണ് കാണുന്നത്. കാസറ്റ് കവിതകൾക്ക് പ്രചാരം വർദ്ധിക്കുന്നുണ്ട്.

പത്രവായന നമ്മുടെ ജീവിതത്തിന്റെ തന്നെ ഭാഗമായിട്ടുണ്ട്. കളത്തിൽ ശ്രീധരൻ, പുരവൂർ നാസിം തുടങ്ങിയവരാണ് സ്വതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഇവിടെ പത്ര വിതരണം നടത്തിയ ഏജന്റുമാർ. അതിനുമുമ്പ് "സ്വദേശാഭിമാനി" പത്രം ചിറയിൻകീഴ് വഴി വിതരണം നടത്തിയപ്പോൾ അത് വായിച്ചിരുന്നവരിൽ ഈ പഞ്ചായത്തിലുള്ളവരും ഉൾപ്പെടും. മാതൃഭൂമിയാണ് പഞ്ചായത്തിൽ കൂടുതൽ പ്രചാരമുള്ള ദിനപത്രം. മലയാളമനോരമ, കേരളകൗമുദി, ദേശാഭിമാനി എന്നിവ അതിന് പിന്നിൽ വരുന്നു. ഇംഗ്ലീഷ് ദിനപത്രങ്ങളിൽ ഇൻഡ്യൻ എക്സ്പ്രസിനാണ് നല്ല പ്രചാരമുള്ളത്. ഹിന്ദു വരുത്തുന്ന ഏതാനും വ്യക്തികളുമുണ്ട്.ഇൻഡ്യൻ എക്സ്പ്രസും, ഒരു മലയാള ദിനപത്രവും ഒരുമിച്ച് വരുത്തുന്ന 50-ഓളം വീടുകൾ ഉണ്ട്.അടുത്ത കാലത്തായി മാധ്യമം പത്രത്തിന്റെ പ്രചാരം വർദ്ധിച്ചുവരുന്നു. ആനുകാലികങ്ങളിൽ മലയാളമനോരമ ആഴ്ചപതിപ്പ്, മംഗളം, വനിത, എന്നിവയ്ക്കാണ് കൂടുതൽ പ്രചാരമുള്ളത്. ഇവയുടെ വായനക്കാർ ഭൂരിഭാഗവും സ്ത്രീകളാണ്. കലാകൗമുദി, മാതൃഭൂമി, ആഴ്ചപതിപ്പുകൾക്കും, കേരളശബ്ദം, സിനിമ ആനുകാലികങ്ങൾക്കും സാമാന്യം നല്ല പ്രചാരമുണ്ട്.ദൈവാരികയായ ഇൻഡ്യാടുഡേയുടെ പ്രചാരവും വർദ്ധിച്ചുവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്. പ്രവർത്തനമുള്ള 12 വായന ശാലകൾ ഉണ്ടെങ്കിലും മിക്കവയിലും പത്രങ്ങൾ വരുത്തുന്നതിലുള്ള ശ്രദ്ധ ആനുകാലികങ്ങൾക്ക് കിട്ടുന്നില്ല. ദേശീയ ഗ്രന്ഥശാലയിൽ മിക്ക ആനുകാലി

കങ്ങളും ഉണ്ടെങ്കിലും റീഡിംഗ് റൂമിൽനിന്ന് അവയധികവും മോഷ്ടിക്കപ്പെടുകയും ചെയ്യുന്നു.

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ മുൻകാലത്ത് റേഡിയോ ക്യൂസ്കുകൾ ഉണ്ടായിരുന്നു. ഇപ്പോൾ അവയുടെ സ്ഥാനത്ത് റ്റി.വി. ക്യൂസ്കുകൾ വർദ്ധിച്ച് വരുന്നു. ഏതാനം മാസം മുമ്പ്വരെ 11 പൊതു റ്റി.വി. ക്യൂസ്കുകൾ പ്രവർത്തിച്ചിരുന്നു. അവയിൽ 2-ാം വാർഡിലെ റ്റി.വി. മോഷ്ടിക്കപ്പെടുകയും 3-ാം വാർഡിലേത് പ്രവർത്തനരഹിതമാകുകയും ചെയ്തിരിക്കുന്നു. 8-ാം വാർഡിൽ 1995 ൽ സ്ഥാപിതമായ റ്റി.വി. ക്യൂസ്ക് കെട്ടിടത്തിന് ഇനിയും വൈദ്യുതി ലഭിച്ചിട്ടില്ല. അതിനാൽ പ്രവർത്തനമാരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിലെ പൊതു റ്റി.വി.കളെ കുറിച്ചുള്ള വിവരം

(ഗ്രാമസഭാ റിപ്പോർട്ടിംഗ്)

വാർഡ്	പൊതു റ്റി.വി. എണ്ണം	പ്രശ്നം
1	1	-
2	1	മോഷണം പോയി
3	1	പ്രവർത്തിക്കുന്നില്ല
4	0	-
5	0	-
6	1	-
7	2	-
8	1	വൈദ്യുതി കിട്ടിയിട്ടില്ല
9	1	-
10	1	-
11	2	അണ്ടൂരിലേത് ഇടക്കാലത്ത് പ്രവർത്തിച്ചിരുന്നില്ല
12	1	-

ടെലിവിഷൻ പരിപാടികളെക്കുറിച്ച് പൊതുവെ മോശമായ അഭിപ്രായമാണ്, ഗ്രാമ സഭകളിൽ ഉയർന്ന് വന്നത്.ടെലിവിഷൻ പരിപാടികൾ വിദ്യാർത്ഥികളുടെ പഠനത്തെ വളരെയധികം പ്രതികൂലമായി ബാധിക്കുന്നതിനാൽ സന്ധ്യാവേളകളിൽ വിദ്യാഭ്യാസ പരിപാടികൾക്ക് പ്രാധാന്യം നൽകണം എന്ന് ചിലർ അഭിപ്രായപ്പെട്ടു. റ്റി.വി. സീരിയലുകളുടെ നിലവാരം വളരെ കുറവാണെന്നാണ് പൊതുവായ അഭിപ്രായം.

പരസ്യങ്ങൾ കൂടുതൽ ലഭ്യമാകുന്നതിന് വേണ്ടി വിനോദപരിപാടികൾക്ക് വർദ്ധിച്ച പ്രാധാന്യം നൽകപ്പെടുന്ന പ്രവണത വിമർശന വിധേയമായി. സിനിമ പ്രദർശിപ്പിക്കുന്നതിനിടയിൽ പരസ്യം കാട്ടുന്നത് നികുതിദായകൻ കൂടിയായ പ്രേക്ഷകന്റെ തുടർച്ചയായ ആസ്വാദന പ്രക്രിയയെ തടസം ചെയ്യുമെന്നതിനാൽ നിയമ നടപടികളിലേക്ക് കടക്കണമെന്ന അഭിപ്രായവും ഏതാനും ഗ്രാമസഭകളിൽ ഉയർന്നു വന്നു.

ടെലിവിഷൻ കാണികളിൽ ഭൂരിഭാഗവും സ്ത്രീകളാണ്. ഇത് സ്ത്രീകളുടെ വായനാശീലവും ചിന്താശേഷിയും കുറയ്ക്കുകമാത്രമെ ചെയ്യുന്നുള്ളൂ എന്നഭിപ്രായപ്പെട്ടവരുണ്ട്. വിവിധ ചാനലുകളിലൂടെ ദിവസംമുഴുവൻ. ഒഴുകി എത്തുന്ന വിനോദപരിപാടികൾ സമൂഹത്തിലാകെ അലസതയുടെ വിത്ത് വിതക്കുന്നതായാണ് അനുഭവം.

രണ്ട് വർഷം മുമ്പ് ചിറയിൻകീഴിൽ സ്ഥാപിതമായ കേബിൾ റ്റി.വി. നെറ്റുവർക്കിന്റെ പരിധിയിൽ പഞ്ചായത്തിന്റെ പടിഞ്ഞാറൻ വാർഡുകളും ഉൾപ്പെട്ടിരുന്നു. പോയ വർഷം 7-ാം വാർഡിലെ മുടപുരം ജംഗ്ഷനിലും കേബിൾ റ്റി.വി.ശൃംഖല സ്ഥാപിതമായതോടെ പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളിലും കേബിൾ റ്റി.വി.യും എത്തിക്കഴിഞ്ഞു. പഞ്ചായത്തിലെ ടെലിവിഷൻ ഉള്ള വീടുകളുടെ വാർഡ് തിരിച്ചുള്ള പട്ടിക താഴെകൊടുക്കുന്നു.

വാർഡ്	ടെലിവിഷൻ എണ്ണം
1	110
2	115
3	46
4	318
5	161
6	84
7	246
8	88
9	108
10	80
11	222
12	168

അവലംബം :- ദ്വിതീയ വിവരശേഖരണം

കിഴുവിലം പഞ്ചായത്തിൽ സിനിമാശാലകൾ ഒന്നും നിലവിലില്ല. കിഴുവിലത്ത് പ്രവർത്തിച്ചിരുന്ന പ്രതിഭാ തിയറ്റർ സാമ്പത്തിക പരാധീനതകാരണം ഏതാനും വർഷം മുമ്പ് അടച്ച് പൂട്ടുകയുണ്ടായി. ചിറയിൻകീഴ് പഞ്ചായത്തിലും ആറ്റിങ്ങലുമുള്ള സിനിമാശാലകളെയാണ് ഗ്രാമ വാസികൾ അധികവും ആശ്രയിക്കുന്നത്. സിനിമകളുടെ നിലവാരം അങ്ങേയറ്റം തരംതാണ് പോയിരിക്കുന്ന ഒരു കാലഘട്ടമാണിത്. അശ്ലീല സിനിമകളുടെ പ്രദർശനം വർദ്ധിച്ച്വരുന്നത് നമ്മുടെ സാംസ്കാരിക രംഗത്തിന് തന്നെ അപമാനകരമാണ്. കേബിൾ റ്റി.വി.യിലൂടെ പ്രദർശിപ്പിക്കപ്പെടുന്ന പലപരിപാടികളിലും അതിർകടന്ന അശ്ലീല രംഗങ്ങൾ വർദ്ധിച്ചുവരുന്നു.

നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ മഹത്തായ പ്രതീകങ്ങളാണ് ക്ഷേത്രങ്ങൾ പഞ്ചായത്തിലുടനീളം അനേകവർഷം പഴക്കമുള്ള ധാരാളം ക്ഷേത്രങ്ങൾ ഉണ്ട്. അവയിൽ പലതും നൂറ്റാണ്ട് പിന്നിട്ട ചരിത്രവുമായും അടിയുറച്ച പാരമ്പര്യവിശ്വാസങ്ങളുമായും ബന്ധപ്പെട്ട് കിടക്കുന്നു. പഞ്ചായത്തിലെ പ്രധാനക്ഷേത്രങ്ങൾ പട്ടികയായി കൊടുത്തിരിക്കുന്നു.

നമ്പർ	ക്ഷേത്രത്തിന്റെ പേര്	വാർഡ്
1	കുന്നുമല ദേവീക്ഷേത്രം	ഒന്ന്
2	കരിക്കകം മാടൻ നട	ഒന്ന്
3	അയ്യരുമഠം	ഒന്ന്
4	പാങ്കുളം മാടൻ നട	ഒന്ന്
5	എരുമക്കാവ് ക്ഷേത്രം	രണ്ട്
6	കുന്നക്കരിപ്പിൽ കാവ്	രണ്ട്
7	ഇണ്ടിളയപ്പൻ ക്ഷേത്രം	രണ്ട്
8	മാടൻ നട ക്ഷേത്രം	മൂന്ന്
9	കണ്ഠൻ ശാസ്താനട	മൂന്ന്
10	സഭവിള	നാല്
11	പറമ്പിൽ ക്ഷേത്രം	നാല്
12	കാവുവിളകാവ്	നാല്

13	മഹാഗണപതി ക്ഷേത്രം	നാല്
14	പൊയ്കവിളക്ഷേത്രം	അഞ്ച്
15	ശിവകൃഷ്ണപുരം ക്ഷേത്രം	അഞ്ച്
16	കാടുംമ്പുറം ക്ഷേത്രം	അഞ്ച്
17	കുന്നത്ത് മഹാദേവക്ഷേത്രം	ആറ്
18	ബ്രഹ്മപുരി ക്ഷേത്രം	ആറ്
19	തെങ്ങുംവിള ഭഗവതീ ക്ഷേത്രം	ഏഴ്
20	നവഗ്രഹക്ഷേത്രം	ഏഴ്
21	തെന്നൂർകോണം ഭഗവതീക്ഷേത്രം	എട്ട്
22	ഊരൂട്ടുമണ്ഡപം	എട്ട്
23	മാമം നട	ഒൻപത്
24	കുരിശിയോട് ഭഗവതീക്ഷേത്രം	ഒൻപത്
25	നൈനാംകോണം ക്ഷേത്രം	ഒൻപത്
26	നൈനാംകോണം നാഗരുകാവ്	ഒൻപത്
27	അപ്പൂപ്പൻ നട ക്ഷേത്രം	ഒൻപത്
28	മേലേവിള ഭഗവതിക്ഷേത്രം	പത്ത്
29	ഇടയാവണം ഭഗവതിക്ഷേത്രം	പത്ത്
30	കുഴിമൺകാവ് ശാസ്താക്ഷേത്രം	പത്ത്
31	പാവൂർകോണം ഭഗവതിക്ഷേത്രം	പത്ത്
32	മുളയറത്തല കാവുഭഗവതിക്ഷേത്രം	പതിനൊന്ന്
33	കിണറ്റിൻമൂലദുർഗ്ഗാദേവിക്ഷത്രം	പന്ത്രണ്ട്
34	മാമം ശിവക്ഷേത്രം	പന്ത്രണ്ട്
35	കടമ്പാട്ട്കോണം മഹാദേവക്ഷേത്രം	പന്ത്രണ്ട്
36	വെള്ളൂർക്കോണം ക്ഷേത്രം	പന്ത്രണ്ട്

ക്ഷേത്രങ്ങൽ പലതും പ്രാചീനമായ ഐതീഹ്യങ്ങൾ ഉൾക്കൊള്ളുന്നവയാണ്. എന്നാൽ അവയധികവും പുതിയ തലമുറകൾക്ക് വേറിട്ടറിയാൻ കഴിയാത്ത വിധത്തിൽ കാലപ്രവാഹത്തിൽ പെട്ട് പോയിരിക്കുന്നു. ശാർക്കര ദേവി ക്ഷേത്രത്തിലെ കാളിയൂട്ട് മഹോത്സവത്തിന് ആധുനിക തിരുവിതാംകൂറിന്റെ ശില്പിയായിരുന്ന മാർത്താണ്ഡ വർമ്മയുടെ കായംകുളം യുദ്ധവിജയവുമായി ബന്ധമുണ്ടെന്ന വസ്തുത ചരിത്ര പ്രസിദ്ധമാണ്. കാളിയൂട്ടിന്റെ മുന്നോടിയായി നടത്തുന്ന മുടിയുഴിച്ചിൽ ഇതുമായി ബന്ധപ്പെട്ട് നടത്തുന്ന സുപ്രധാനമായ ഒരു ചടങ്ങാണ്. ഭക്തജനങ്ങൾ അർപ്പിക്കുന്ന നിറപറകൾ സ്വീകരിച്ചുകൊണ്ട് വടക്കോട്ട് സഞ്ചരിക്കുന്ന മുടി അർദ്ധരാത്രിയൊടെ രണ്ടാം വാർഡിലെ കുന്നക്കരിപ്പിലാണ് ഇറക്കുക. വളരെ കാലം മുമ്പ് ഇവിടം മനോഹരമായ കാവായിരുന്നു എന്ന് പഴമക്കാർ പറയുന്നു.ഇപ്പോഴും പ്രശാന്തമായ അന്തരീക്ഷമാണ് അവിടെയുള്ളത്.

ശ്രീനാരായണ ഗുരുവിന്റെ പാദസ്പർശം കൊണ്ട് പാവനത്വം സിദ്ധിച്ച സ്ഥലമാണ് 4-ാം വാർഡിലെ സഭവിള. മനുഷ്യൻ അവനവനെ അറിയാൻ വേണ്ടി ഗുരുദേവൻ ഇവിടെ കണ്ണാടി പ്രതിഷ്ഠ നടത്തുകയുണ്ടായി. പ്രസ്തുത പ്രദേശത്തിന്റെ സാംസ്കാരിക പ്രവർത്തനങ്ങളുടെ കേന്ദ്രബിന്ദുവായിമാറാൻ സഭവിളക്കിനിയും കഴിഞ്ഞിട്ടില്ല. സമീപവാസികൾ സഭവിളയുടെ പ്രവർത്തനങ്ങളിൽ ഇടപെടാത്തതാണ് അതിനുകാരണം.

ശിവന്റെയും, കൃഷ്ണന്റെയും പ്രതിഷ്ഠകൾ പ്രത്യേകം ശ്രീകോവിലുകളിലായുള്ള കേരളത്തിലെ അപൂർവ്വം ക്ഷേത്രങ്ങളിൽ ഒന്നാണ് മുടപുരം ശിവകൃഷ്ണപുരം ക്ഷേത്രം. ഏതാനും വർഷങ്ങൾക്കകം ഈ ക്ഷേത്രം വൻപുരോഗതിയും പ്രശസ്തിയും കൈവരിച്ചിരിക്കുന്നു. മകരമാസത്തിൽ പത്തു ദിവസം നീണ്ടുനിൽക്കുന്ന ഉത്സവം എല്ലാ വർഷവും നടത്തിവരാറുണ്ട്.

തലമുറകൾ പഴക്കമുള്ള ശിവക്ഷേത്രമാണ് കുന്നത്ത് മഹാദേവർ ക്ഷേത്രം(മഹാദേവർകോവിൽ) ശിവരാത്രിമഹോത്സവമാണിവിടത്തെ പ്രധാന ഉത്സവം. കുന്നിൻ മുകളിലെ ഏകാന്തതതേടി ഈ ക്ഷേത്രത്തിൽ ദിവസവും ധാരാളം സന്ദർശകർ എത്തുന്നുണ്ട്. കുളിച്ചീറനുടുത്ത് ഏഴാഴ്ച വ്രതം നോറ്റുകൊണ്ട് ഒട്ടനവധി സ്ത്രീകൾ എത്താറുണ്ട്. തനിമയോടെ സംരക്ഷിക്കപ്പെട്ടിരിക്കുന്ന ഒരു നാഗക്കാവും ക്ഷേത്രത്തിലുണ്ട്.

മുടപുരം തെങ്ങുംവിള ഭഗവതിക്ഷേത്രവും വളരെ പ്രസിദ്ധിയുള്ളതും ഭക്തജനങ്ങളെ ഏറ്റവുമധികം ആകർഷിക്കുന്നതുമായ ആരാധനാലയമാണ്. കുംഭമാസത്തിലെ ഭരണിയോടനുബന്ധിച്ച് 10 ദിവസത്തെ ആഘോഷങ്ങളാണ് ഇവിടത്തെ പ്രധാന ഉത്സവം. കുംഭത്തിലെ അശ്വതി നാളിൽ രാത്രിയിൽ ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഉരുൾ വഴിപാടുകൾ ഈ ക്ഷേത്രത്തിലേക്ക് പ്രവഹിക്കുന്നു. ഉരുളുകൾക്ക് അകമ്പടിയായി ഫ്ളോട്ടുകളും നാടൻ കലാരൂപങ്ങളും അണിനിരക്കുന്നു. പ്രശസ്തരായ നാദസ്വരവിദ്വാൻമാരുടെ സംഗമവും അന്നേദിവസം നടക്കാറുണ്ട്. ഭരണി ദിവസം നടക്കുന്ന നേർച്ചതുക്കങ്ങൾ കാണാനായി ആയിരങ്ങൾ എത്തിച്ചേരാറുമുണ്ട്. തെങ്ങുംവിളയും മാമം നടയിലും മാത്രമാണ് നമ്മുടെ ഗ്രാമത്തിൽ നേർച്ചത്തുക്കങ്ങൾ നടക്കുന്ന ക്ഷേത്രങ്ങൾ.

അപൂർവ്വമായി മാത്രം കാണപ്പെടുന്ന ജലദുർഗ്ഗ ,പ്രതിഷ്ഠയാണ് തെന്നൂർകോണം ഭഗവതി ക്ഷേത്രത്തിലുള്ളത്. പഞ്ചായത്തിലെ ഏക ഊരൂട്ടുമണ്ഡപം കിഴുവിലത്താണ്. വടി

യേന്തിയ ആനപ്പട, കുതിരപ്പട എന്നിവചേർന്ന് ചൂട്ട് കൈയിലേന്തിയ ആൾപ്പടയോട് നടത്തുന്ന പോര് കാണുന്നതിന് വർഷം തോറും ധാരാളം ഗ്രാമീണർ ഒത്തുകൂടാറുണ്ട്.

ഇണ്ടിളയപ്പന്റെ പ്രതീകമെന്ന നിലക്ക് നായയുടെ രൂപമുണ്ടാക്കി എഴുന്നള്ളിക്കുന്ന നായ്ക്കുവെപ്പ് എന്ന ചടങ്ങ് 10-ാം വാർഡിലെ കുഴിമൺ കാവ് ശാസ്താക്ഷേത്രത്തിൽ മാത്രം നടത്തിവരുന്ന അപൂർവ്വമായ ഒരാചാരമാണ്. വെള്ളൂർകോണം ക്ഷേത്രത്തിലെ ചോതി മഹോത്സവവും കടമ്പാട്ട് കോണം മഹാവിഷ്ണുക്ഷേത്രത്തിലെ കൊടുതിയും ആ പ്രദേശത്തിന്റെ മുഴുവൻ ഉത്സവമായി എല്ലാവർഷവും മാറാറുണ്ട്

നൈനാംകോണം എന്ന പേർ കിട്ടിയത് തന്നെ അവിടെ മുമ്പ് നയനാർ എന്ന മൂർത്തിയെ ബ്രാഹ്മണർ ആരാധിച്ചിരുന്നു എന്നതുകൊണ്ടാണ്. ഈ ക്ഷേത്രം ഇന്ന് അവഗണനയുടെ വക്കിലാണ്. നയനാംകുന്നിൽ 101 തൊടിയുള്ള ഒരു കിണർ മുമ്പുണ്ടായിരുന്നു എന്നും പഴമക്കാർ പറയുന്നു. കുറക്കടയിലുള്ള അപ്പൂപ്പൻ നട ക്ഷേത്രം ഗോത്രവർഗ്ഗ സ്മൃതികൾ ഉയർത്തുന്ന ഒരു ആരാധനാകേന്ദ്രമാണ്. എന്നാൽ പ്രാചീന ശൈലിയോടൊപ്പം നവീനത കൂടി ഉൾകൊണ്ടതാണ് ഇവിടത്തെ പ്രതിഷ്ഠകൾ. വിമാന ദേവൻ എന്ന വൈവിധ്യമാർന്ന മൂർത്തിയോടൊപ്പം ചാവർ അപ്പൂപ്പനെയും ഇവിടെ പ്രതിഷ്ഠിച്ചിട്ടുണ്ട്.

കാട്ടുമുറാക്കൽ ജുമാമസ്ജിദ് ആണ് ഗ്രാമത്തിൽ തലയുയർത്തി നിൽക്കുന്ന പ്രസിദ്ധമായ മുസ്ലിം ദേവാലയം. ഈ പള്ളി ഇൻഡോ-പേർഷ്യൻ ശില്പകലക്ക് നല്ലൊരു മാതൃകയുമാണ്. പ്രസ്തുത പള്ളിക്കു കീഴിൽ 6 തയ്ക്കാവുകൾ പ്രവർത്തിക്കുന്നുണ്ട്. പള്ളിയോട് ചേർന്ന് മദ്രസ, ആഡിറ്റോറിയം തുടങ്ങിയവയുമുണ്ട്. നബിദിനവും, ബക്രീദുമെല്ലാം ജനോപകാരപ്രദമായിതന്നെ എല്ലാവർഷവും ഇവിടെ ആഘോഷിക്കപ്പെടുന്നു.

മിക്ക ക്ഷേത്രങ്ങളിലും വർഷം തോറും ഉത്സവാഘോഷങ്ങൾ നടത്താറുണ്ട്. സമീപവാസികൾ ചേർന്ന് കമ്മറ്റിക്ക് രൂപം നൽകി സംഭാവനകൾ പിരിച്ചാണ് മിക്കവാറും ഉത്സവങ്ങൾ നടത്തുക. സാധാരണ പ്രേക്ഷകന് ഇഷ്ടപ്പെടുന്ന ചേരുവകൾ എല്ലാമുള്ള പ്രൊഫഷണൽ നാടകങ്ങൾക്കാണ് ആഘോഷത്തോടനുബന്ധിച്ചുള്ള കലാപരിപാടികളിൽ ഒന്നാം സ്ഥാനം. കേരളത്തിന്റെ യശസ്സുയർത്തിയ കഥകളി, മറ്റനേകം കലകളായ ഓട്ടൻതുള്ളൽ, ചാക്യാർകൂത്ത്, പാഠകം, തുടങ്ങിയവയെല്ലാം നമ്മുടെ ക്ഷേത്രോത്സവ വേദികളിൽ നിന്നും തീർത്തും അപ്രത്യക്ഷമായിരിക്കുന്നു. മനുഷ്യമനസ്സുകളെ നന്നായി സ്വാധീനിച്ചിരുന്ന കഥാപ്രസംഗങ്ങളുടെ സ്ഥാനം ഗാനമേളകൾ കൈയടക്കിയിരിക്കുന്നു. ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ച് എവിടെയും സാംസ്കാരിക സമ്മേളനങ്ങൾ സംഘടിപ്പിക്കപ്പെടുന്നില്ല.

ഓരോവർഷവും ഉത്സവ നടത്തിപ്പിനായി വളരെ ഭീമമായൊരു തുകയാണ് സമാഹരിക്കുന്നത്. ഈ വൻ തുക മുഴവൻ പലപ്പോഴും ഉൾക്കനമില്ലാത്ത കലാരൂപങ്ങളുടെ നടത്തിപ്പിനും ബാഹ്യാഡംബരത്തിനും വേണ്ടി ധൂർത്തടിക്കപ്പെടുന്നു. നിർധനരെ സഹായിക്കുന്നതിനോ, സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്നതിനോ ക്ഷേത്ര ഭരണ സമിതികൾ താല്പര്യം കാണിക്കാറില്ല. നമ്മുടെ പൂർവ്വചരിത്രം ഇതിൽനിന്നെല്ലാം വ്യത്യസ്തമായിരുന്നല്ലോ.

ചിറയിൻകീഴ് താലൂക്കിന്റെ ദേശീയോത്സവം എന്നുതന്നെ വിശേഷിപ്പിക്കാവുന്ന ശാർക്കര ഭരണി മഹോത്സവത്തോടനുബ

ന്ധിച്ച് മീനമാസത്തിലെ അശ്വതി നാളിൽ നടക്കുന്ന ഉരുൾ വഴിപാടുകളിൽ ഈ ഗ്രാമത്തിലെ കരക്കാരും സജീവസാന്നിദ്ധ്യം അറിയിക്കാറുണ്ട്. കൂന്തള്ളൂർ കര, തിട്ടയിൽമുക്ക്, പുരവൂർ, ചെറുവള്ളി മുക്ക്, ഇരട്ടക്കലിങ്ക്, കുന്നുവാരം, എരുമക്കാവ്, ചുമടുതാങ്ങി തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് നാദസ്വരകച്ചേരിയും ഫ്ളോട്ടുകളുമായി ഉരുൾ വഴിപാട് ശാർക്കരയിലേക്ക് പ്രയാണം ചെയ്യാറുണ്ട്. ഓരോ പ്രദേശത്തും അനുബന്ധപരിപാടികളുമുണ്ടായിരിക്കും. ഈ ഉത്സവനടത്തിപ്പിന് വേണ്ടിയും വർഷംതോറും ഒരു വൻതുക ചെലവാകുന്നുണ്ട്. പൊതുവേ ഇക്കാലത്തെ ഉത്സവാഘോഷങ്ങൾ വിലയിരുത്തുമ്പോൾ ,അവ സാംസ്കാരിക മേളകൾക്കുപകരം സമ്പത്ത് ധൂർത്തടിക്കാനുള്ള കേവല വിനോദ മേളകളായി മാറുകയല്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഗൾഫ് രാജ്യങ്ങളിൽ പോയി യാതനകൾ പലതും സഹിച്ച് നേടുന്ന സമ്പത്താണ് ഇങ്ങനെ ധൂർത്തടിക്കപ്പെടുന്ന ധനത്തിന്റെ നല്ലൊരു പങ്കെന്നതും ശ്രദ്ധേയമാണ്.

പ്രമുഖ രാഷ്ട്രീയ കക്ഷികളും അവയുടെ യുവജന സംഘടനകളുമെല്ലാം പഞ്ചായത്ത് കേന്ദ്രമാക്കി പ്രവർത്തിക്കുന്നുണ്ട്.സി.പി.എം, സി.പി.ഐ, കോൺഗ്രസ്.ഐ , ബി.ജെ.പി, തുടങ്ങിയ രാഷ്ട്രീയ പാർട്ടികളും ഡി.വൈ.എഫ്.ഐ,എ.ഐ.വൈ.എഫ് , യൂത്ത്കോൺഗ്രസ് എന്നീ യുവജന സംഘടനകളും ഇവിടെയുണ്ട്. ജനാധിപത്യ മഹിളാ അസോസിയേഷൻ, മഹിളാ കോൺഗ്രസ് എന്നിവയാണ് പ്രധാനപ്പെട്ട വനിതാ സംഘടനകൾ

എല്ലാ രാഷ്ട്രീയ പാർട്ടികളും ഈ പ്രദേശത്തിന്റെ വികസനത്തിന്റെ കാര്യത്തിൽ അഭിപ്രായ വ്യത്യാസങ്ങൾ മാറ്റിവച്ച് ഒത്തുചേരാറുണ്ട്. എന്നിരുന്നാലും രാഷ്ട്രീയ പ്രവർത്തനം ഗുണപരമായി ഇനിയും വളരെ മെച്ചപ്പെടേണ്ടിയിരിക്കുന്നു. സന്നദ്ധ സംഘടനയായ ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ സജീവ സാന്നിദ്ധ്യം കിഴുവിലത്തുണ്ട്. വിദ്യാഭ്യാസം, ഊർജ്ജം, വനിത, കൃഷി തുടങ്ങിയ രംഗങ്ങളിലെല്ലാം അവരുടെ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്.

ശ്രീനാരായണ ധർമ്മ പരിപാലന യോഗം, നായർ സർവ്വീസ് സൊസൈറ്റി, കേരള പുലയർ മഹാസഭ, കേരള തണ്ടാർ മഹാ സഭ തുടങ്ങിയ സാമുദായിക സംഘടനകളും ഗ്രാമത്തിൽ പ്രവർത്തിക്കുന്നുണ്ട്. വിവിധ ജാതി മതസ്ഥർ ഇടകലർന്ന് വസിക്കുമ്പോഴും മത സൗഹാർദ്ദത്തെ ഊട്ടിയുറപ്പിക്കുന്നതല്ലാതെ ഉലച്ചിലുണ്ടാക്കുന്ന ഒരു പ്രവർത്തനവും നടന്നിട്ടില്ലെന്നത് അഭിമാനിക്കാൻ വകനൽകുന്നു.

നമ്മുടെ നാടിന്റെ സാംസ്കാരിക രംഗത്ത് തലയുയർത്തിനിന്ന പലരും ഈ ഗ്രാമത്തിൽ ജീവിച്ചിരുന്നു. മലയാള സിനിമയിലെ നിത്യഹരിത നായകനായി ഉയർന്ന പ്രേം നസീറിനെ കുറിച്ചും നാടകാചാര്യൻ ജി. ശങ്കരപ്പിള്ളയെകുറിച്ചും അദ്യമെ സൂചിപ്പിച്ചുകഴിഞ്ഞു. ഗ്രാമത്തിന്റെ ഏതു ഭാഗത്തുള്ള സാംസ്കാരിക സ്ഥാപനത്തിലും പ്രേം നസീറിന്റെ സംഭാവനയായി എന്തെങ്കിലും ഉണ്ടായിരിക്കും. കാട്ടുമുറാക്കൽ പള്ളിക്ക് പ്രവേശന കവാടം നിർമ്മിച്ച നസീർ തന്നെ ശാർക്കര ദേവീക്ഷേത്രത്തിൽ ആനയെ നടക്കിരുത്തിയതും ഓർക്കുന്നവർ ധാരാളമുണ്ട്. കൂന്തള്ളൂർ സ്കൂൾ ഹൈസ്കൂളായി ഉയർത്തുന്നതിന് അദ്ദേഹം ചെയ്ത സേവനം വിസ്മൃതിയിലാണ്ടുപോകാതിരിക്കുംവിധം സ്കൂൾ ഇന്ന് പ്രേം നസീർ മെമ്മോറിയൽ ഗവർമെന്റ് ഹൈസ്കൂൾ എന്നപേരിൽ അറിയപ്പെടുന്നു. പ്രേം നസീറിന്റെ അനുജൻ അകാലത്തിൽ അന്തരിച്ച ശ്രീ. പ്രേംനവാസും അനുഗ്രഹീതനായ ഒരു കലാകാരനായിരുന്നു അതുപോലെ തന്നെ പരേതനായ

കെ.എം. പനയത്തറയും അനുസ്മരണീയനാണ്.

സാംസ്കാരിക രംഗത്ത് വിവിധ തുറകളിൽ വ്യക്തി മുദ്ര പതിപ്പിച്ചവർ കിഴുവിലത്ത് ഇന്നുമുണ്ട്. ശ്രീ. ചിറയിൻകീഴ് സലാം, ശ്രീ. ഭാസുരചന്ദ്രൻ, ശ്രീ. മുടപുരം പുഷ്കരാക്ഷൻ, ചിറയിൻകീഴ് ബഷീർ, ചിറയിൻകീഴ് നസിം തുടങ്ങിയവർ സാഹിത്യ സാംസ്കാരിക രംഗങ്ങളിൽ ഏറെ പ്രശസ്തരാണ്. ആദ്യകാല അനുഗൃഹീത നാടക നടനായിരുന്ന ശ്രീ. കുന്തള്ളൂർ ഗോപി ഏതാനും ചലചിത്രങ്ങളിലും ശ്രദ്ധേയമായ പ്രകടനം കാഴ്ചവച്ചിട്ടുണ്ട്. 75ഓളം സിനിമകളുടെ എഡിറ്റിംഗ് നിർവ്വഹിച്ചിട്ടുള്ള പരേതനായ ശ്രീ. വി.പി.കൃഷ്ണൻ, സിനിമാ നിർമ്മാതാക്കളായ ശ്രീ. ഹസൻ, ശ്രീ. തുളസി എന്നിവരെയും എടുത്തുപറയേണ്ടതുണ്ട്. നാടൻ പാട്ടുകളുടെ രംഗത്ത് പ്രസിദ്ധനാണ് ശ്രീ. കല്ലമ്പലം ഭാസ്കരൻ. ചിത്രകലാ രംഗത്ത് കേരളമാകെ പ്രശസ്തനായ ചിറയിൻകീഴ് ശ്രീകണ്ഠൻ നായരും, പ്രസിദ്ധ ആർട്ടിസ്റ്റായ രത്നാകരനും നമ്മുടെ നാട്ടുകാരാണെന്നത് അഭിമാനത്തിന് വക നൽകുന്നു. റേഡിയോ നാടകരംഗത്തും വേദികളിലും ഒരുപോലെ വ്യക്തി മുദ്ര പതിപ്പിച്ച ശ്രീ. ചിറയിൻകീഴ് സഫി, ഗ്രന്ഥശാലാ സംഘത്തിന്റെ സജീവ പ്രവർത്തകനും സംഘാടകനും മികച്ച അദ്ധ്യാപകനുള്ള സംസ്ഥാന ബഹുമതിക്കർഹനുമായ ശ്രീ. മുത്തുസ്വാമിപിള്ള തുടങ്ങിയവരും കിഴുവിലത്തിന്റെ സംഭാവനകൾ തന്നെ.

നാം പാരമ്പര്യമായി കൈവരിച്ച സാംസ്കാരിക തനിമ കൈമോശം വരാതെ നിലനിർത്തുന്നതിന് ഈ രംഗത്ത് ഊർജ്ജസ്വലതയുള്ള പ്രവർത്തനങ്ങൾ നടക്കേണ്ടിയിരിക്കുന്നു. പ്രേം നസീറിന് അനുയോജ്യമായ ഒരു സ്മാരകം ഗ്രാമത്തിൽ ഇനിയും ഉയർന്ന് വന്നിട്ടില്ല. അദ്ദേഹത്തിന്റെ ഭവനം സർക്കാർ ഏറ്റെടുത്ത് അത് ഒരു സ്മാരക മന്ദിരവും കലാ പരിശീലന കേന്ദ്രവുമാക്കണമെന്ന അഭിപ്രായം ഗ്രാമ സഭകളിൽ ഉയർന്ന് വന്നിട്ടുണ്ട്. ജി. ശങ്കപ്പിള്ളയുടെ സ്മരണ എന്നെന്നും നിലനിർത്താൻ അദ്ദേഹത്തിന്റെ പേരിൽ ഒരു പ്രതിമാസ നാടക പരിപാടി സൺറൈസ് ക്ളബ്ബ് തുടങ്ങി വച്ചിരുന്നെങ്കിലും അതിന്റെ പ്രവർത്തനം തുടർന്ന് നടന്നിരുന്നില്ല. അദ്ദേഹത്തിനും അർത്ഥപൂർണ്ണമായ സ്മാരകം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.

ഭക്ഷണം, വസ്ത്ര ധാരണം വിവാഹാദി ചടങ്ങുകൾ തുടങ്ങിയ കാര്യങ്ങളിൽ എല്ലാം നാം മാറികൊണ്ടിരിക്കുകയാണ്. സ്വന്തം പറമ്പിൽ ഉൽപാദിപ്പിച്ചിരുന്ന നാടൻ വിഭവങ്ങളുടെ സ്ഥാനത്ത് ഫാസ്റ്റ് ഫുഡിലെ മറുനാടൻ വിഭവങ്ങൾ വന്ന് നിരക്കുന്നു. കേരളത്തനിമയുള്ള ദാവണിയും, നേര്യതു സാരിയുമെല്ലാം വേഗത്തിൽ അപ്രത്യക്ഷമാകുന്നു. വിവാഹങ്ങൾ ആഢംബരം പ്രകടിപ്പിക്കാനുള്ള സന്ദർഭങ്ങളായി മാറുന്നു. നമ്മുടെ മഹത്തായ സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കാനും ഈ രംഗത്ത് പുത്തൻ പ്രതീക്ഷകൾ വളർത്തികൊണ്ടുവരാനും നാം ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ , സാധ്യതകൾ

* രണ്ട്, മൂന്ന്, ആറ് വാർഡുകളിൽ സാംസ്കാരിക സമിതികളോ, വായനശാലകളോ പ്രവർത്തിക്കുന്നില്ല.

* പ്രശസ്തമായ നിലയിൽ പ്രവർത്തിച്ചിരുന്ന പലസമിതികളുടെയും പ്രവർത്തനം സാമൂഹ്യമായ ഇടപെടലുകൾ കുറവായതിനാൽ കുറഞ്ഞ് കുറഞ്ഞ് വരുന്നു.

* ക്ളബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹത്തിൽ സാംസ്കാരികമായ അവബോധം സൃഷ്ടിക്കാൻ പര്യാപ്തമല്ല.

* നിലവാരമുള്ള വായന വളരെ കുറഞ്ഞുവരുന്നു. വനിതകളുടെ വായനാശീലം വളർത്തു

ന്നതിനും അവരെ സാംസ്കാരിക രംഗത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും ബോധപൂർവ്വമായ ശ്രമങ്ങൾ വേണം. സഞ്ചരിക്കുന്ന ലൈബ്രറികൾ പലഗ്രാമസഭകളും നിർദ്ദേശിച്ചിട്ടുണ്ട്. വനിതകളെ വീടിനുള്ളിൽ തന്നെ വായനയുമായി ഒതുങ്ങാതെ ഈ ആശയം സഹായിക്കു എന്നും അഭിപ്രായമുണ്ട്.

* ടെലിവിഷൻ മാധ്യമം അതുകൊണ്ടർത്ഥമാക്കുന്നതിന് നേർവിപരീത ദിശയിലുള്ള സ്വാധീനമാണ് സമൂഹത്തിൽ ചെലുത്തുന്നത്. വിദ്യാർത്ഥികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു. സമൂഹത്തിൽ അലസത വളർത്തുന്നു. വിനോദപരിപാടികളുടെ നിലവാരം ഉയർത്തുകയും സമൂഹപുരോഗതിക്ക് വേണ്ടി ജനതയെ കർമ്മോൻമുഖരാക്കാൻ പ്രേരിപ്പിക്കുന്ന പുതിയ പരിപാടികൾ അവതരിപ്പിക്കുകയും വേണം ടെലിവിഷനെക്കാൾ മനുഷ്യനിൽ ചിന്താപരത വളർത്താൻ സഹായകമായ റേഡിയോ പിൻതള്ളപ്പെടുന്നു.

* അശ്ലീല സിനിമകളും, നമ്മുടെ സംസ്കാരത്തിന് നിരക്കാത്ത പരസ്യങ്ങളും സാംസ്കാരികരംഗത്തെ മൂല്യച്യുതിയുടെ ആഴം വർദ്ധിപ്പിക്കുന്നു. ഇവയ്ക്കെതിരെ കർശന നടപടികളും ബോധവൽക്കരണവും ഉണ്ടാകണം.

* അമച്വർനാടക വേദിക്കും, പഞ്ചായത്തിന്റെ യശസ് സുയർത്താൻ പര്യാപ്തമായതും ഭൗതിക സാഹചര്യങ്ങളുടെ കുറവ് നിമിത്തം ബുദ്ധിമുട്ടനുഭവിക്കുന്നതുമായ സാംസ്കാരിക സ്ഥാപനങ്ങൽക്കും സഹായം ഒന്നും ലഭ്യമാകുന്നില്ല. സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുക എന്ന നിർദ്ദേശത്തോടെ ബോധപൂർവ്വമായി ഇടപെട്ട് പ്രവർത്തനം വിലയിരുത്തി സഹായം നൽകാവുന്നതാണ്.


* ക്ഷേത്രോത്സവങ്ങൾ അധികവും അത്യധികമായ ധൂർത്തായി മാറുന്നു. ഈ പണം സമൂഹത്തിന് പ്രയോജനപ്പെടും വിധം ഉപയോഗിക്കാനുള്ള പ്രേരണ ചെലുത്തേണ്ടതാണ്.

* പ്രേം നസീറിനും. ജി. ശങ്കപ്പിള്ളക്കും ഉചിതമായ സ്മാരകങ്ങൾ ഉണ്ടാകണം.

* ആവശ്യമില്ലാത്ത ആർഭാടങ്ങൾ ഒഴിവാക്കി നമ്മുടെ സംസ്കാരത്തിന്റെ പ്രത്യേകതയായ ലാളിത്യം നിലനിർത്താൻ ബോധപൂർവ്വമായ ശ്രമങ്ങൾ ഉണ്ടാകണം.



കായിക സംസ്കാരം



കായികരംഗത്ത് കേരളത്തിന് തനതായ വ്യക്തിമുദ്രയുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പൂർണ്ണമായ ഒരു ചിത്രമല്ല മുന്നിലുള്ളത്. ആർട്ട്സ് ക്ളബ്ബുകളോട് അനുബന്ധിച്ച് സ്പോർട്ട്സ് ക്ളബ്ബ് എന്ന പേരിൽ മാത്രം ഒതുങ്ങുന്ന കായിക പ്രവർത്തനങ്ങളാണ് പ്രധാനമായും ഉള്ളത്. ചരിത്രപരമായി പറയുകയാണെങ്കിൽ കാർഷിക സംസ്കാരവുമായി ബന്ധപ്പെട്ട കായിക പ്രവർത്തനങ്ങളാണ് ഇവിടെ ഉണ്ടായിരുന്നത്.

ഭൂപ്രകൃതിയുടെ ഏറ്റക്കുറച്ചിലുകൾ മൂലം നിരപ്പാർന്ന തുറന്ന പ്രദേശങ്ങളുടെ ദൗർലഭ്യം ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. ഒരു നൂറ്റാണ്ട് മുമ്പ് വിദ്യാലയങ്ങൾ സ്ഥാപിച്ച് തുടങ്ങിയെങ്കിലും അതുമായി ബന്ധപ്പെട്ട് കളിസ്ഥലങ്ങൾ ഉണ്ടാക്കാൻ കഴിയാത്തതിന് കാരണം ഇതാണ്. നേർരേഖയിൽ വരുന്ന പാതകളോ, ഗ്രൗണ്ടുകളോ ഇല്ലാത്തത് അപര്യാപ്തതയായി തുടരുന്നു. പഞ്ചായത്തിലെ ഓപ്പൺ ആഡിറ്റോറിയവുമായി ബന്ധപ്പെട്ട് നിർമ്മിച്ച ഗ്രൗണ്ട് ഉപയോഗശൂന്യമായി കിടക്കുന്നു. നമ്മുടെ ഗ്രാമത്തിലെ സ്കൂളുകളുമായി ബന്ധപ്പെട്ട് ഒരു നല്ല ഗ്രൗണ്ട് പോലും നിലവിലില്ല.

കൂന്തള്ളൂർ പ്രേംനസീർ മെമ്മോറിയൽ ഗവ. ഹൈസ്കൂളിനെ കുറിച്ച് പറയുകയാണെങ്കിൽ കുട്ടികൾ സ്വകാര്യ തെങ്ങും പുരയിടങ്ങളാണ് കളിക്കാൻ ഉപയോഗിക്കുന്നത്. പഞ്ചായത്തിലെ സ്കൂളുകളിലെ കായിക പരിശീലനം അസ്തമനാവസ്ഥയിലാണ്.

നമ്മുടെ ഗ്രാമത്തിലെ കായിക പ്രവർത്തനങ്ങൾ ഓണാഘോഷവുമായി മാത്രം ബന്ധപ്പെട്ട് കിടക്കുന്നു. ഓട്ടം, ചാട്ടം, ബാറ്റ്മിന്റൻ, ക്രോസ്കൺട്രി, കബടി, വോളീബാൾ, ഫുട്ബാൾ തുടങ്ങിയ കളികൾ സ്ഥലപരിമിതിയുടെ ഇടയിലും നടത്താറുണ്ട്. പഞ്ചായത്തിലെ ആർട്ട്സ് & സ്പോർട്ട്സ് ക്ളബ്ബുകൾക്കൊന്നും കായിക ആഭിമുഖ്യമില്ല. കായികരംഗത്ത് മേൽനോട്ടവും പ്രോൽസാഹനവും നൽകേണ്ട ഉപരികൗൺസിലുകൾ ഈ പഞ്ചായത്തിനെ തഴഞ്ഞ മട്ടാണ്. പഞ്ചായത്ത് ചെയ്യുന്ന പ്രവർത്തനങ്ങൾ കേരളോൽസവത്തിൽ ഒതുങ്ങി നിൽക്കുകയാണ്. എല്ലാ ഭാഗത്തുമുള്ള യുവജനങ്ങളെ സംഘടിപ്പിച്ച് കൃത്യമായി ഈ പരിപാടി സംഘടിപ്പിക്കേണ്ടിയിരിക്കുന്നു.

നാടൻ പന്തുകളി, കിളികളി, വടംവലി, ഉറിയടി, തുടങ്ങി എടുത്തുകാണിക്കാവുന്ന ചില ഗ്രാമീണകേളികൾ നമുക്ക് പൈതൃകമായിട്ടുണ്ട്. കാർഷിക വൃത്തിയിൽ

നമ്മുടെ പൂർവ്വികർ തുഴുകിയിരുന്നതുകൊണ്ട് പുഴയോരത്തിന്റെയും മാനസിക ഉല്ലാസത്തിന്റെയും അന്തരീക്ഷം ഈ ഗ്രാമത്തിൽ ഉണ്ടായിരുന്നു. ഗുസ്തി, പഞ്ചഗുസ്തി, കളരി തുടങ്ങിയ അഭ്യാസമുറകൾ നമുക്ക് എടുത്തു കാണിക്കാവുന്നതായുണ്ട്. ചില പ്രസിദ്ധരായ ഗുരുക്കൻമാർ ഇവിടെ ജീവിച്ചിരുന്നതായി പഴയ തലമുറക്കാർ ഓർമ്മിക്കുന്നു. കളരിദൈവങ്ങളെ ആരാധിച്ചിരുന്നതിന് ഐതിഹ്യങ്ങളും നിലവിലുണ്ട്.

കായികാഭിരുചി വളർത്താൻ ഇടക്ക് പുതിയ ആധുനിക മുറകളുടെ പരിശീലനത്തിലൂടെ ചിലർ ശ്രമിച്ചിരുന്നു. 10ഓളം കായിക ക്ലബ്ബുകൾ നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. മുടപുരം മേഖലയിൽ തന്നെ ബ്ലോക്ക് ലെവൽ വരെയുള്ള ഒന്നിലധികം പേർ ഉണ്ട് എന്നത് ശ്രദ്ധേയമാണ്. ഒട്ടനവധി യുവാക്കൾ കരയ്ക്കേറ്റാസുകളിലേക്ക് കടന്നുവന്നുവെങ്കിലും 1993 ന് ശേഷം അവരുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്. ചിലർ ജീവനോപാധിക്കായി ഈ അടുത്ത കാലത്തായി പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. കബഡി രംഗത്ത് നിരവധി ടീമുകൾ ഇടക്കാലത്ത് ഉദയം ചെയ്തിട്ടുണ്ട്. ടൂർണമെന്റുകളും സംഘടിപ്പിച്ചിരുന്നു. എന്നാൽ തൊഴിൽ സാധ്യത തീരെ കുറഞ്ഞതായതിനാൽ ഇതിനെയിപ്പോൾ അവഗണിച്ചിരിക്കുകയാണ്. ചെസ്സ്, ക്യാരംസ്, തുടങ്ങിയവ എല്ലാ ക്ലബ്ബുകളോടനുബന്ധിച്ചും ഇപ്പോഴും നടക്കുന്നുണ്ട്. വോളിബാൾ, ബാറ്റ്മിന്റൺ എന്നീകളികളിൽ യുവാക്കൾ കൂടുതൽ ശ്രദ്ധിച്ചിരുന്നു എന്നത് എടുത്തുപറയേണ്ടതുണ്ട്. യൂത്ത് ടീം, യൂണിവേഴ്സിറ്റി ടീം, ജൂനിയർ ടീം എന്നിവയിൽ അപൂർവ്വം ചിലർ ഇടക്കിടെ എത്തിപ്പെടാനായത് ഈ മേഖലയിലെ സുപ്രധാന നേട്ടങ്ങളായി വിലയിരുത്താം.

ഗ്രാമീണതയിൽ തല്പരമായ സംപ്രേഷണം തുടങ്ങിയതിന് ശേഷമാണ് ക്രിക്കറ്റ് നമ്മുടെ നാട്ടിൻപുറങ്ങളിലേക്കും പടർന്ന് കയറിയത്. ഓരോ വാർഡിലും ശരാശരി ഒരു ടീം എന്ന രീതിയിൽ രൂപം കൊണ്ടിരുന്നു. എന്നാൽ ഗ്രൗണ്ടുകൾ ഇല്ല എന്ന പോരായ്മ ശക്തമായി തന്നെ ഇതിന്റെ വളർച്ചയെ ബാധിച്ചു. തെങ്ങിൻ തോപ്പുകളിലും പൊതുനിരത്തുകളിലും കളിക്കുന്നതിന്റെ പരിമിതി വ്യക്തമാണല്ലോ. പഞ്ചായത്ത് ഗ്രൗണ്ട് ക്രിക്കറ്റ് കളിക്ക് അനുഗുണമല്ല. ശാർക്കര ക്ഷേത്രമൈതാനിയിലും ആറ്റിങ്ങലുള്ള ശ്രീപാദം സ്റ്റേഡിയത്തിലുമാണ് നമ്മുടെ ക്രിക്കറ്റ് കളിക്കാർ [illegible] എന്നാൽ പാടം നികത്തൽ [illegible] സാധ്യതക്ക് മങ്ങലേറ്റു.

കലാപ്രവർത്തനങ്ങൾക്കൊപ്പം, കായികാദ്ധ്വാനവും ഉണ്ടെങ്കിൽ മാത്രമാണ് സന്തോഷകരമായ ജീവിതം നയിക്കുവാൻ കഴിയുമെന്നുള്ള സത്യം നാം വിസ്മരിച്ചിരിക്കുകയാണ്. ടി. വി. യിലൂടെ പടർന്ന് കയറുന്ന കളികാണുക എന്ന ജ്വരം മാത്രമെ നമുക്കുള്ളു. ഈ രംഗത്തെ പരാധീനതകൾ കണ്ടെത്തി പ്രശ്നങ്ങൾ പരിഹരിച്ച് നാം മുന്നോട്ട് പോകാൻ ശ്രമിച്ചില്ലെങ്കിൽ കായിക പ്രവർത്തനങ്ങളിൽ നാം വട്ടപൂജ്യമായി മാറും. വീഡിയോ ഗയിംസിലേക്ക് ഒഴുകിയിറങ്ങുന്ന നമ്മുടെ കുട്ടികളുടെ ബാല്യം ഭാവിക്ക് നേരെ ഉയർത്തുന്ന ഒരു ഭീഷണിയാണ്. അതിനാൽ ഈ രംഗത്ത് ഉറച്ച ചുവടുവയ്പ്പ് നടത്തണമെങ്കിൽ ഏറെ സാധ്യതയുള്ള ഒട്ടനവധി നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതുണ്ട്.

സാധ്യതകൾ, നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ കായിക പരിപോഷണത്തിന് ഉതകും വിധം ഒരു സ്റ്റേഡിയം സ്ഥാപിക്കുക

2. നിലവിലുള്ള പഞ്ചായത്ത് ഗ്രൗണ്ടിൽ

ചെറിയ ട്രാക്കുകളും, ജംമ്പിംഗ് പിറ്റുകളും സ്ഥാപിക്കുക.

3. ഖോഖോ, ബാറ്റ് മിന്റൺ, കബഡി, വോളീ ബാൾ, തുടങ്ങിയ കളികൾക്ക് ഉപയുക്തമാകുന്ന രീതിയിൽ വിവിധഭാഗങ്ങളിൽ കോർട്ടുകൾ സ്ഥാപിക്കുക.

4. പഞ്ചായത്തിലെ കുളങ്ങൾ കേന്ദ്രീകരിച്ച് നീന്തൽ ക്ളബ്ബുകൾ സ്ഥാപിക്കുക

5. പഞ്ചായത്തിലെ ആർട്ടസ് & സ്പോർട്ടസ് ക്ളബ്ബുകളെ സംഘടിപ്പിച്ച് പഞ്ചായത്തുതല മത്സരങ്ങൾ നടത്തുക.


6. സ്കൂളുകളിൽ കായിക പരിശീലനത്തിന് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുക.കായികാദ്ധ്യാപകർക്ക് പരിശീലനം നൽകുക

7. എല്ലാ സ്കൂളുകളിലും നിർബന്ധമായി സ്പോർട്ടസ് ക്ളബ്ബുകൾ സംഘടിപ്പിക്കുകയും , കായികാദ്ധ്യാപകരെ നിയമിക്കുകയും ചെയ്യുക.


8. സാധ്യതയുള്ള സ്ഥലങ്ങളിൽ യുവാക്കളെ സംഘടിപ്പിച്ച് കായിക സമിതികൾ രൂപീകരിക്കുക.

9. ഈ സമിതികൾക്ക് വേണ്ട സാമ്പത്തിക സഹായ സഹകരണങ്ങളും ഏകീകരണവും നൽകുക.

10. പഞ്ചായത്തിലെ കായിക പ്രവർത്തനങ്ങളുമായി സ്പോർട്ട്സ് കൗൺസിൽ തുടങ്ങിയ സാഥാപനങ്ങളെ ബന്ധപ്പെടുത്തുക.



മൃഗസംരക്ഷണം, മത്സ്യബന്ധനം



മറ്റ് ഏതൊരു കാർഷിക ഗ്രാമത്തെയും പോലെ കിഴുവിലത്തും കന്നുകാലിവളർത്തൽ വളരെ വ്യാപകമായി കാണുന്നു. പശുവും ആടും പഞ്ചായത്തിലെ 40%ൽ അധികം വീടുകളിൽ വളർത്തപ്പെടുന്നു. 60%ൽ അധികം വീടുകളിൽ കോഴി വളർത്തപ്പെടുന്നുണ്ട്താര തമ്യേന കുറഞ്ഞ് വരുന്നതായാണ് കാണുന്നത്. പന്നി, മുയൽ, തുടങ്ങിയ മൃഗങ്ങൾ പേരിന് വേണ്ടിയെങ്കിലും ചിലഭാഗങ്ങളിൽ വളർത്തപ്പെടുന്നുണ്ടെന്ന് ഔദ്യോഗിക രേഖകൾ സൂചിപ്പിക്കുന്നു. നെൽപ്പാടങ്ങൾ ഉഴുതുമറിക്കാൻ കാളകളെയും ചിലസ്ഥലങ്ങളിൽ പോത്തിനെയും ഉപയോഗിച്ചുവന്നു. മുമ്പ് കാലങ്ങളിൽ കാളപൂട്ട്, മരമടി, തുടങ്ങിയ മത്സരങ്ങൾ ഈ ഗ്രാമത്തിന്റെ ആവേശമായിരുന്നു. മുമ്പ് നമ്മുടെ പഞ്ചായത്തിൽ ഒരു കന്നുകാലി ചന്തയുണ്ടായിരുന്നു. കൃഷിയെപ്പോലെതന്നെ അടിയന്തിരമായി പ്രാധാന്യം നൽകേണ്ട മേഖലയാണ് മൃഗസംരക്ഷണം. എങ്കിലും നമ്മുടെ പഞ്ചായത്തിന്റെ വിസ്തൃതി, തീറ്റകളുടെ ക്ഷാമം സൗകര്യമുള്ള തൊഴുത്ത് നിർമ്മിക്കാൻ സ്ഥലമില്ല തുടങ്ങിയ കാര്യങ്ങൾ കൊണ്ട് കാലിവളർത്തൽ ഇന്ന് ലാഭകരമല്ലാതാകുകയാണ്. പഞ്ചായത്തിലെ മൃഗങ്ങളുടെയും പക്ഷികളുടെയും എണ്ണം ഇനം തിരിച്ച് (പട്ടിക 2-1,2-2) ൽ കൊടുത്തിരിക്കുന്നു.

കാർഷിക രംഗത്തെ യന്ത്രവത്കരണവും നെൽകൃഷികുറഞ്ഞതും ഉഴവ് കാളകളുടെ എണ്ണം കുറയുന്നതിന് കാരണമായിട്ടുണ്ട്. കാലിത്തീറ്റയുടെ അമിതമായ വിലവർദ്ധനവ് കർഷകർക്ക് താങ്ങാവുന്നതിൽ അധികമാണ്. പാൽ വിതരണത്തിന് പഞ്ചായത്തിലുള്ള സൗകര്യങ്ങൾ തീർത്തും അപര്യാപ്തമാണ്. 4 പാൽസൊസൈറ്റികൾ മാത്രമാണ് നിലവിലുള്ളത്. (പട്ടിക 2-3) ഈ സൊസൈറ്റികളിൽ കൂടി ഒരു ദിവസം 1120 ലിറ്റർ പാൽ സംഭരിക്കുകയും അതിൽ തന്നെ 790 ലിറ്റർ പാൽ മിൽമക്ക് നൽകുകയും ചെയ്യുന്നു. പുൽകൃഷി ചെയ്യുന്നവർ പഞ്ചായത്തിൽ അത്യപൂർവ്വമാണ്.

പഞ്ചായത്തിലെ ഏക മൃഗാശുപത്രി മുടപുരത്താണ് സ്ഥിതി ചെയ്യുന്നത്. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ഉള്ളവർക്ക് ഈ ആശുപത്രിയുടെ സേവനം പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല. മൃഗാശുപത്രിയിലെ ചികിത്സാ സൗകര്യങ്ങൾ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. അകിടുവീക്കം, കുളമ്പ്രോഗം, ചുഴലി, കുരളടപ്പൻ, മുടന്തൻ പനി, ചുമ, വാതം, തൂക്ക് സംബന്ധമായവ തുടങ്ങിവയാണ് കാലികകൾക്ക് ഉണ്ടാകുന്ന പ്രധാനമായ രോഗങ്ങൾ (ഗ്രാമ സഭയിൽ നിന്ന് ലഭിച്ച വിവരം) കാലികൾക്ക് ഉണ്ടാകുന്ന രോഗങ്ങളെ സംബന്ധിച്ച് മൃഗാശുപത്രിയിൽനിന്ന് ലഭിച്ച വിവരങ്ങൾ പട്ടിക 2-4 ൽ കൊടുത്തിരി

ക്കുന്നു. രോഗപ്രതിരോധത്തെ സംബന്ധിച്ചും , ശുചിത്വത്തെ സംബന്ധിച്ചും ജനങ്ങൾക്കുള്ള അറിവില്ലായ്മയാണ് മൃഗങ്ങളിൽ രോഗബാധ വ്യാപകമാകാനുള്ള പ്രധാനകാരണം.

കൃഷിക്കാവശ്യമായ സുപ്രധാനമായ ജൈവവളമാണ് ചാണകം. കന്നുകാലി വളർത്തൽ വ്യാപകമായി ഉണ്ടെങ്കിലും ജൈവവളമായ ചാണകത്തിന്റെ ഉപയോഗം പഞ്ചായത്തിലെ കൃഷിയിടങ്ങളിൽ കാര്യക്ഷമമായി നടക്കുന്നില്ല. ചാണകം കൃഷിയിടങ്ങളിൽ എത്തിക്കുന്നതിനെക്കാൾ അന്യദേശങ്ങളിൽ നിന്ന് വരുന്നവർക്ക് മൊത്തമായി വിൽക്കുന്നതിലാണ് കാലിവളർത്തുന്ന പലരും താൽപര്യം കാണിക്കുന്നത്. ജൈവവളം കൃഷിയിടങ്ങളിൽ എത്തിക്കുന്നതിനുള്ള അമിതമായ കൂലിയും മൊത്തമായി വിൽക്കുന്നതുമൂലമുള്ള വമ്പിച്ച ലാഭവുമാണ് ഈ പ്രവണതക്ക് കാരണം. പഞ്ചായത്തിലൊട്ടാകെ 20 ഗോബർ ഗ്യാസ് പ്ലാൻറുകൾ ഉണ്ട്. ഇവ വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്നാണ് പൊതുവെയുള്ള അഭിപ്രായം. ഇത്തരം പ്ലാന്റുകളുടെ മേന്മയെകുറുച്ചോ, അവ സ്ഥാപിക്കുന്നതിലുള്ള സബ്സിഡിയെകുറിച്ചോ, അതിന്റെ സാങ്കേതിക വശങ്ങളെകുറിച്ചോ ഉള്ള വിവരങ്ങൾ ജനങ്ങളിൽ എത്തുന്നില്ല എന്നതാണ് ഗോബർ ഗ്യാസ് പ്ലാന്റുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകാത്തത്തിനുള്ള കാരണം.

പഞ്ചായത്തിലെ നല്ലൊരു ശതമാനം വീടുകളിൽ കോഴി വളർത്തൽ നിലവിലുണ്ടെങ്കിലും വൻ തോതിൽ മുട്ട ഉത്പാദനം നടത്തി വിതരണം ചെയ്യുന്ന സംവിധാനം എങ്ങും നിലവിലില്ല. ഇറച്ചികോഴി ഉത്പാദന കേന്ദ്രങ്ങൾ 5 എണ്ണം ഉണ്ടായിരുന്നത് 2 എണ്ണമായി ചുരുങ്ങിയിരിക്കുന്നു.

പഞ്ചായത്തിലെ നല്ലൊരു ശതമാനം വീടുകളിൽ വളർത്തുപട്ടിയുണ്ട്. അതെസമയം അലഞ്ഞ് തിരിയുന്ന പട്ടികൾ ഒരു സാമൂഹ്യപ്രശ്നമായി മാറിയിരിക്കുന്നു. 1330 വളർത്തു പട്ടകൾ ഉള്ളപ്പോൾ അലഞ്ഞ് തിരിയുന്ന പട്ടികൾ 435 എണ്ണമുള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. പേവിഷബാധ പരത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നത് അലഞ്ഞ്തിരിയുന്ന പട്ടികളാണ്. മനുഷ്യർക്ക് മാത്രമല്ല വളർത്തു മൃഗങ്ങൾക്കും ഇതൊരു പ്രശ്നമാണ്. പേവിഷബാധക്കെതിരെ മൃഗങ്ങൾക്ക് പ്രതിരോധകുത്തിവെയ്പ് നിലവിലുണ്ട്. ഇതിനെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 2-5 ൽ കൊടുത്തിരിക്കുന്നു.

അത്യുൽപാദനശേഷിയുള്ള സങ്കരയിനം പശുക്കളുടെ എണ്ണം വർദ്ധിച്ച് വരുന്നതായും, നാടൻ പശുക്കളുടെ എണ്ണം വളരെ കുറഞ്ഞ് വരുന്നതായാണ് കാണപ്പെടുന്നത്. സങ്കരയിനം പശുക്കൾക്ക് രോഗാതുരത നാടൻ പശുക്കളെക്കാൾ വളരെ കൂടുതലാണെന്നാണ് കർഷകരുടെ അഭിപ്രായം. സങ്കരയിനങ്ങളുടെ പരിചരണ ചെലവും വളരെ കൂടുതലാണ്. കൃത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യം മൃഗാശുപത്രിയിൽ മാത്രമെയുള്ളു. അതിനെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 2-6 ൽ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിൽ എങ്ങും തന്നെ വ്യാപകമായ താറാവ് വളർത്തൽ നിലവിലില്ല. അന്യപ്രദേശങ്ങളിൽ നിന്നും താറാവുകളെ കൂട്ടത്തോടെ ഈ പ്രദേശത്ത്കൊണ്ട്വന്ന്വിൽക്കുന്ന സമ്പ്രദായം തുടർന്നുവരുന്നു. 1,2,5 വാർഡുകളിൽ താറാവ് കൃഷിക്ക് അനുയോജ്യമായ സാഹചര്യങ്ങൾ നിലവിലുണ്ട്.

മത്സ്യകൃഷി ഗ്രാമവാസികൾ ആരും തന്നെ കാര്യമായി എടുത്തിട്ടില്ല. ശുദ്ധജല മത്സ്യകൃഷിക്ക് പഞ്ചായത്തിൽ ചിലസാധ്യതകൾ ഉണ്ട്. പറയത്തുകോണം, വാളകം കുളങ്ങളിൽ മത്സ്യകൃഷി ആരംഭിക്കണമെന്ന് ഗ്രാമസഭകളിൽ നിന്ന് നിർദ്ദേശമുണ്ടായിട്ടുണ്ട്. മത്സ്യം വളർത്തുന്നതിനും അവ വിപണനം നടത്തുന്ന

തിനും വേണ്ടി പഞ്ചായത്ത് തലത്തിൽ ഒരു സഹകരണ സ്ഥാപനം ഉണ്ടാകേണ്ടാതാണെന്ന ആവശ്യം ഗ്രാമസഭയിൽ നിന്ന് ഉയർന്ന് വന്നിട്ടുണ്ട്.

പ്രശ്നങ്ങൾ

1. മൃഗാശുപത്രിയുടെ പ്രയോജനം പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും ലഭ്യമാകുന്നില്ല.

2. കാലിത്തീറ്റക്ക് താങ്ങാനാവാത്ത വിലയാണുള്ളത്. പുല്ല്, വൈയ്ക്കോൽ എന്നിവ ആവശ്യത്തിന് ലഭ്യമാകുന്നില്ല.

3. എല്ലാവാർഡുകളിലും പാൽസൊസൈറ്റികൾ ഇല്ല. ഉള്ളവയിൽ തന്നെ പലതിന്റെയും പ്രവർത്തനം തൃപ്തികരമല്ല.

4. ഗോബർഗ്യാസ് പ്ളാന്റുകൾ വ്യാപകമല്ല.

5. അലഞ്ഞ് തിരിയുന്ന പട്ടികൾ വർദ്ധിച്ചുവരുന്നു.

6. മത്സ്യകൃഷി പോൽസാഹിപ്പിക്കപ്പെടുന്നില്ല.

ഗ്രാമസഭകളിൽ നിന്ന് ഉയർന്ന് വന്ന നിർദ്ദേശങ്ങൾ

1. മൃഗങ്ങളുടെ രോഗചികിത്സക്കായി വാർഡുകളിൽ തന്നെ സംവിധാനമുണ്ടാകണം.

2. പാൽ സൊസൈറ്റികൾ നിലവിലില്ലാത്ത വാർഡുകളിൽ അവ സ്ഥാപിച്ച് പാൽ വിൽപനക്ക് സൗകര്യമുണ്ടാക്കുക.

3. സൊസൈറ്റികൾ വഴിയോ, മറ്റ് സ്ഥാപനങ്ങൾ വഴിയോ ക്ഷീരകർഷകർക്ക് കുറഞ്ഞനിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുക.

4. പഞ്ചായത്തിൽ പുൽകൃഷി വ്യാപകമാക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുക.

5. നല്ലയിനം കന്നുകളെ വാങ്ങുന്നതിന് കർഷകർക്കും, തൊഴിൽ രഹിതർക്കും സഹായങ്ങൾ നൽകുക.


6. പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ വഴി കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക.

7. കന്നുകാലികളെ കുളിപ്പിക്കുന്നതിനായി പുഴയോരങ്ങളിൽ കാറ്റിൽ റാമ്പ് സ്ഥാപിക്കുക

8. ഗോബർഗ്യാസ് പ്ളാന്റുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശവും ധനസഹായവും ലഭ്യമാക്കുക.

9. തെരുവുനായ്ക്കളെ ഉൻമൂലനുംചെയ്യുന്നതിനും വളർത്തുപട്ടികൾക്ക് ലൈസൻസ് ഏർപ്പെടുത്തുന്നതിനുംവേണ്ടിയുള്ള നടപടു സ്വീകരികുക.

10. മൃഗാശുപത്രിയുടെ പ്രവർത്തനസമയം രാവിലെ മുതൽ ഉച്ചവരെ എന്നതുമാറ്റി രാവിലെയും വൈകുന്നേരവുമായി ക്രമപ്പെടുത്തുക.



വളർത്തുമൃഗസംഖ്യ

പട്ടിക 2-1

വാർഡ്	കാള		പശു				ആട്		പട്ടി		പന്നി	മുയൽ
	നാടൻ	സങ്കരം	നാടൻ	സങ്കരം	പോത്ത്	എരുമ	ആൺ	പെൺ	വളർത്തുന്നത്	അലയുന്നത്		
1	5	15	19	121	2	1	26	108	209	1	8	4
2	0	5	0	116	2	16	39	100	45	6	0	0
3	0	2	8	86	0	5	27	65	127	180	0	0
4	4	7	1	141	0	1	48	99	69	62	0	4
5	0	0	0	197	3	0	20	124	40	2	0	0
6	1	0	1	208	0	11	85	166	20	5	0	0
7	6	1	18	114	4	0	80	108	84	76	0	0
8	0	26	51	142	2	8	98	228	120	21	0	0
9	0	5	0	109	0	7	43	241	142	20	1	0
10	0	8	0	197	0	0	29	125	63	2	0	0
11	5	13	147	280	1	7	119	215	253	13	0	91
12	4	6	18	166	2	3	96	181	158	47	0	0

അവലംബം :കന്നുകാലി സെൻസസ്-95

വളർത്തുപക്ഷികൾ

പട്ടിക 2-2

വാർഡ്	പൂവൻകോഴി		പിടക്കോഴി		താറാവ്		മറ്റുള്ളവ
	നാടൻ	മേൽത്തരം	നാടൻ	മേൽത്തരം	ആൺ	പെൺ	
1	14	15	266	76	1	7	-
2	29	34	83	78	4	20	-
3	42	21	262	68	43	2	-
4	347	442	582	239	0	10	-
5	140	40	215	75	2	6	-
6	55	101	109	147	0	0	-
7	92	52	190	78	0	2	-
8	102	51	164	38	0	0	-
9	38	17	172	103	0	1	-
10	6	13	94	271	0	3	-
11	205	19	329	123	0	1	-
12	187	99	499	102	0	3	-
ആകെ	1257	904	2965	1398	50	55	-

അവലംബം :കന്നുകാലി സെൻസസ്-95

ക്ഷീരോൽപാദക സഹകരണ സംഘങ്ങളെ കുറിച്ചുള്ള വിവരങ്ങൾ

പട്ടിക 2-3

സംഘത്തിന്റെ പേര്	അംഗങ്ങളുടെ എണ്ണം	ഉത്പാദനം ഒരു ദിവസം	ക്ഷീരവിപണന വിവരം
പറയത്തുകോണം ക്ഷീരോത്പദക സഹകരണ സംഘം T.200	228	310 ലിറ്റർ	300 ലിറ്റർ ദിവസവും മിൽമക്ക് നൽകുന്നു 10 ലിറ്റർ നേരിട്ടുവിതരണം ചെയ്യുന്നു
പടനിലം ക്ഷീരോത്പദക സഹകരണ സംഘം T.254	47	250 ലിറ്റർ	240 ലിറ്റർ ദിവസവും മിൽമക്ക് നൽകുന്നു 10 ലിറ്റർ നേരിട്ടുവിതരണം ചെയ്യുന്നു
മുടപുരം ക്ഷീരോത്പദക സഹകരണ സംഘം T259	24	260 ലിറ്റർ	250 ലിറ്റർ ദിവസവും മിൽമക്ക് നൽകുന്നു 10 ലിറ്റർ നേരിട്ടുവിതരണം ചെയ്യുന്നു
കിഴുവിലം ക്ഷീരോത്പദക സഹകരണ സംഘം T.22	വിവരം ലഭ്യമല്ല	വിവരം ലഭ്യമല്ല	വിവരം ലഭ്യമല്ല

അവലംബം : ദ്വിതീയ വിവരശേഖരണം

വളർത്തുജന്തുക്കളുടെ രോഗവിവരം

പട്ടിക 2-4

ക്രമ നമ്പർ	രോഗവിവരങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	ആന	മറ്റുള്ളവ
1	ദഹനസംബന്ധമായവ	778	199	270	-	26	-	-	-	-	-
2	ശ്വാസകോശ സംബന്ധമായവ	133	12	79	-	12	110	-	-	-	-
3	ഉപാപചയ സംബന്ധമായവ	97	-	21	-	2	3	-	-	-	-
4	ധാതുലവണങ്ങളുടെ അഭാവം	90	2	7	-	15	28	-	-	-	-
5	ത്വക്ക് രോഗങ്ങൾ	330	19	34		33	1	-	-	-	-
6	പരാദരോഗങ്ങൾ	1164	112	316	-	113	180	-	-	-	-
7	പ്രത്യുൽപാദനവ്യവസ്ഥയുമായിബന്ധപ്പെട്ടവ	385	11	39	-	6	-	-	-	-	-
8	വന്ധ്യത	-	-	-	-	-	-	-	-	-	-
9	അകിടുവീക്കം	120	1	24	-	-	-	-	-	-	-
10	മുടന്തൻ പനി	137	-	-	-	-	-	-	-	-	-
11	പകർച്ചവ്യാധികൾ	-	-	-	-	-	-	-	-	-	-

അവലംബം :മൃഗാശുപത്രിയിൽ നിന്നു ലഭിച്ച വിവരങ്ങൾ

പേ-വിഷബാധ പ്രതിരോധ ചികിത്സ

4-95 മുതൽ 10-96 വരെയുള്ള വിവരം പട്ടിക 2-5

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധകുത്തിവെയ്പ് നൽകിയവയുടെ എണ്ണം	-	-	-	484	-	-
കടിയേറ്റശേഷം കുത്തിവെയ്പ് നടത്തിയവയുടെ എണ്ണം	18	-	16	22 കുത്തിവെയ്പ് നടത്തുന്നതിന് മുമ്പ് ഒരു പട്ടി ചരിച്ചു	-	-


അവലംബം :മൃഗാശുപത്രിയിൽ നിന്നു ലഭിച്ച വിവരങ്ങൾ

കൃത്രിമ ബീജസങ്കലനത്തെ കുറിച്ച് ലഭിച്ച വിവരങ്ങൾ

4-95 മുതൽ 7-96 വരെയുള്ള വിവരം പട്ടിക 2-6

വളർത്തുമൃഗം ഇനം	ആകെ എണ്ണം	കൃത്രീമബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് 2-ലധികം തവണബീജസങ്കലനം വേണ്ടിവന്നവ്
പശു	1579	1198	381
എരുമ	96	62	34

അവലംബം :മൃഗാശുപത്രിയിൽ നിന്നു ലഭിച്ച വിവരങ്ങൾ



പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

ഒരു സമൂഹം സമഗ്രപുരോഗതി നേടണമെങ്കിൽ എല്ലാ വിഭാഗം ജനങ്ങളും പുരോഗമിക്കണം. സോഷ്യലിസം അടിസ്ഥാന തത്വമാക്കിയിരിക്കുന്ന ഒരു ജനതയെ സംബന്ധിച്ചിടത്തോളം ഈ തത്വത്തിന് വളരെയേറെ പ്രാധാന്യമുണ്ട്. പിന്നോക്കം നിൽക്കുന്നവരെ കൂടി കൈപിടിച്ചുയർത്തി മുഖ്യധാരയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് നമ്മുടെ പദ്ധതികൾ രൂപപ്പെട്ട് വരേണ്ടത്. പട്ടികജാതി വിഭാഗത്തിനും ഏതുവികസന പദ്ധതികളിലും പ്രാമുഖ്യം നൽകി തയ്യാറാക്കുവാനും നാം ശ്രദ്ധിക്കേണ്ടതുണ്ട്.

അയിത്തോച്ചാടനം, വിദ്യാഭ്യാസം, പരിഷ്കരണം എന്നീ പ്രവർത്തനങ്ങളിലൂടെ നമ്മുടെ ഗ്രാമം ചരിത്രത്തിൽ അതിന്റെ സേവനം നിറവേറ്റിയിട്ടുണ്ട്. എന്നാൽ അംഗീകരിക്കേണ്ട മറ്റൊരു വസ്തുതയുണ്ട്. മുന്നോക്ക വിഭാഗത്തിൽ തന്നെ ഒരു പിടി വിദ്യാസമ്പന്നർ അയിത്തം മുതലായ അനാചാരങ്ങൾക്കെതിരെ മുന്നിട്ടിറങ്ങിവന്നു എന്നതാണ്. മറ്റ് പല നാടുകളിലും അടിച്ചമർത്തപ്പെടലുകളും, പീഡിപ്പിക്കപ്പെടലുകളും ഉണ്ടായിരുന്നെങ്കിലും നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സ്ഥിതി വ്യത്യസ്തമായിരുന്നു. ഇതിന്റെ പ്രധാനകാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത് മുന്നോക്ക വിഭാഗത്തിൽപ്പെട്ടവരിൽ ഭൂരിഭാഗം പേരും കർഷകതൊഴിലാളികൾ ആയിരുന്നു എന്നതാണ്.

ഹരിജനങ്ങളിൽ പലരുംവിദ്യാഭ്യാസത്തിലൂടെ ഉയർന്നുവന്നതും മറ്റൊരു ഉൾപ്രേരകമായിരുന്നു. ഉന്നത വിദ്യാഭ്യാസം നേടിയവരിൽ സർക്കാർ ജോലിയുള്ളവരുമായി ഒട്ടനവധി പിന്നോക്കകുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നു. പിന്നോക്ക വിഭാഗക്കാരുമായി ചില മുന്നോക്ക യുവാക്കൾ മിശ്രവിവാഹം നടത്തി എന്നത് കോളിളക്കമുണ്ടാക്കിയ മറ്റൊരു കാര്യമാണ്.

ഭരണ ഘടനയിലെ പ്രത്യേക പട്ടികയിൽപ്പെടുത്തികൊണ്ട് സമൂഹത്തിൽ പിന്നോക്കം നിന്നിരുന്ന ജനവിഭാഗത്തെ സാമൂഹ്യപുരോഗതിയിലേക്ക് നയിക്കുവാനാണ് നമ്മുടെ രാഷ്ട്രശില്പികൾ ശ്രമിച്ചത്. സ്വാതന്ത്ര്യം ലഭിച്ച് 50 വർഷം ആയിട്ടും ലക്ഷ്യ സാക്ഷാത്കരണത്തിന് ഇനിയും പടവുകളും, കടമ്പകളും ഏറെ പിന്നിടുവാൻ ഉണ്ടെന്നുള്ളതും വസ്തുതയാണ്. പട്ടിക ജാതി ആവാസ കേന്ദ്രങ്ങളിലായി 25 ഓളം കോളനികളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഗിരിജൻ കോളനികൾ ഒന്നും തന്നെ ഇവിടെയില്ല. 2000ഓളം ഹരിജൻ കുടുംബങ്ങൾ ഇവിടെയുണ്ട്. കുറക്കടയിൽ സ്ഥാപിച്ച അംബേദ്കർ ഗ്രാമം മറ്റ് പഞ്ചായത്തുകൾക്ക് മാതൃകയാണ്.

സാമൂഹ്യമായ പദവി കണക്കിലെടുക്കുമ്പോൾ ഈ വിഭാഗത്തിന്റെ ഉന്നമനം നമ്മുടെ പഞ്ചായത്തിൽ കൈവരിച്ചിട്ടുണ്ട്. നിലവിൽ രണ്ട് പഞ്ചായത്ത് മെമ്പർമാർ പട്ടികജാതി സം

വരണ വാർഡുകളെ പ്രതിനിധീകരിക്കുന്നു. പഞ്ചായത്തിൽ പട്ടിക ജാതി ക്ഷേമത്തിനായി ഒരു സഹകരണ സംഘമുണ്ട്. വിവിധ സംഘങ്ങളിൽ അവരുടെ പ്രാതിനിധ്യം ഉറപ്പാക്കിയിട്ടുണ്ട്. രാഷ്ട്രീയ, സാമൂഹ്യ സംഘടനകളിലും പ്രാതിനിധ്യമുണ്ട്. അതുപോലെതന്നെ കർഷക സംഘടനകളിലും, യുവജന സംഘടനകളിലും പ്രാതിനിധ്യമുണ്ട്. പല കോളനികളിലും ഈ വിഭാഗക്കാരുടെ ക്ഷേമകരമായ പ്രവർത്തനത്തിനായി വിവിധതരം ക്ളബ്ബുകളും പ്രവർത്തിക്കുന്നുണ്ട്.

സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും അധസ്ഥിതർ എന്ന മുദ്രകുത്തി മാറ്റി നിർത്തിയിരുന്ന ഈ വിഭാഗത്തെ കൈപിടിച്ചുയർത്താൻ കഴിഞ്ഞതുതന്നെ പുരോഗമന ആശയക്കാരുടെ ക്ഷേമകാര്യതൽപരതകൊണ്ടാണ്.

പ്രശ്നങ്ങൾ

മൊത്തം 900 ത്തോളം പട്ടിക ജാതി വിദ്യാർത്ഥികൾ പഞ്ചായത്തിലെ വിവിധ സ്കൂളുകളിലായി പഠിക്കുന്നുണ്ട്.5% വിദ്യാർത്ഥികൾ വർഷം തോറും കൊഴിഞ്ഞ് പോകുന്നതായി നിപ്പോർട്ടുകൾ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ ധാരാളം കുട്ടികൾ തോറ്റുപഠിക്കുന്നവരുടെ കൂട്ടത്തിൽ പ്പെടുന്നു എന്ന വസ്തുത വിദ്യാഭ്യാസ നിലവാരം ഉയർന്നതല്ല എന്ന് സൂചിപ്പിക്കുന്നു. സ്കൂളുകളിലെ ഹാജർ പുസ്തകത്തിൽ പേരുണ്ടെങ്കിലും മിക്കവാറും പ്രദേശത്തെ കുട്ടികൾ കൃത്യമായും സ്കൂളിൽ പോകാറില്ല എന്നാണ് ഗ്രാമസഭകളിലെ അഭിപ്രായം, സാമ്പത്തിക ബുദ്ധിമുട്ടാണ് ഇതിന് പ്രധാന കാരണമായി പറയുന്നുണ്ടെങ്കിലും രക്ഷിതാക്കളുടെ അശ്രദ്ധയാണ് മൂലകാരണമെന്നുള്ളത് മനസിലാക്കുവാൻ കഴിഞ്ഞത്. സാങ്കേതിക പരിശീലനം ലഭിച്ചവർ ഏറെയുണ്ട് ഈ വിഭാഗത്തിൽ തൊഴിലിലാത്തവരായി. നിരക്ഷരരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നസ്ഥിതിയാണുള്ളത്.

ഹരിജൻ കോളനികളിലും അവരുടെ ആവാസകേന്ദ്രങ്ങളിലും പ്രധാന പ്രശ്നം പാർപ്പിടമാണ്. ബഹുഭൂരിപക്ഷവും കുടിലുകളിലാണ് ഇപ്പോഴും താമസിക്കുന്നത്. വിവിധപദ്ധതികളുടെ കീഴിൽ പാർപ്പിടപ്രശ്നം പരിഹരിക്കുവാൻ ശ്രമമുണ്ടായിരുന്നിട്ടുകൂടി ഇപ്പോഴും ഇത് പ്രതിസന്ധിയായി നിലനിൽക്കുകയാണ്.വൈദ്യുതി രംഗത്ത് എടുത്തുപറയാവുന്ന നേട്ടങ്ങൾ ഈ മേഖലയിൽ കൈവരിച്ചിട്ടുണ്ട്. കഴിഞ്ഞ പദ്ധതിക്കാലത്ത് മാത്രം 300 ഓളം കുടുംബങ്ങൾക്ക് വൈദ്യുതി നൽകിയിട്ടുണ്ട്.കുടിവെള്ള വിതരണത്തിൽ ലക്ഷ്യം കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല.എല്ലാകോളനികളിലും പൊതുകിണർ എന്ന ആശയം മാതൃകാപരമായ പ്രവർത്തനമായി നടത്തിയിട്ടുണ്ട്. ഭൂമിയില്ലാത്ത കുടുംബങ്ങൾ ഇനിയുമുണ്ട് ഈ വിഭാഗത്തിൽ. ശുചിത്വരംഗത്ത് സാമൂഹ്യ, സാമ്പത്തിക പദ്ധതിയുടെ കീഴിൽ എല്ലാകുടുംബങ്ങൾക്കും കക്കൂസുകൾ നൽകുവാൻ ലക്ഷമിട്ടിരുന്നു എങ്കിലും അത് പൂർത്തീകരിച്ചിട്ടില്ല. പൊതു സ്മശാനങ്ങളുടെ അഭാവം ഈ മേഖലയിലെ മറ്റൊരു പ്രശ്നമാണ്. കൃത്യമായി തൊഴില്ലാത്തത് ഈ മേഖലയിൽ കുടിവരുന്നത് കാരണം ദാരിദ്ര്യം വർദ്ധിക്കുന്നു എന്നാണ് മനസിലാക്കുന്നത്. അംബേദ്കർ കോളനിയിലെ റോഡുകൾ മാറ്റി നിർത്തിയാൽ മറ്റ് കോളനികളിലെ റോഡുകളുടെ നിലവാരം സൗകര്യപ്രദമല്ല.

സാധ്യതകൾ


ജന പങ്കാളിത്തത്തോടുള്ള ഭവനരഹിതർക്ക് വീട് നിർമ്മിച്ച് കൊടുക്കുവാൻ അടിയന്തിര നടപടികൾ ഉണ്ടാകേണ്ടതാണ്. ഓരോ കോളനികളിലും ആരോഗ്യകേന്ദ്രങ്ങൾ ആത്യന്താപേക്ഷിതമാണ്. കോളനികളിലെ കിണറുകൾ സംരക്ഷിക്കുവാൻ ഉപഭോക്താക്കളുടെ സംരക്ഷണ സമിതി രൂപീകരിക്കണം. കുട്ടികളെ കൃത്യമായും സ്കൂളിലയക്കുവാനും, അവരുടെ പഠന നിലവാരം മെച്ചപ്പെടുത്തു

വാനും വേണ്ട ബോധവത്കരണം രക്ഷകർത്താക്കൾക്ക് നൽകുന്നത് നന്നായിരിക്കും. പഞ്ചായത്ത് സമഗ്രമായൊരു സാക്ഷരതാ പദ്ധതി നടപ്പിലാക്കിയാൽ ഈ മേഖലയിലെ നിരക്ഷരരുടെ എണ്ണം ഏറെ കുറക്കുവാൻ കഴിയും.ഗ്രന്ഥശാലാ പ്രവർത്തനം ഈ മേഖലയിൽ കൂടി വ്യാപിപ്പിക്കേണ്ടതാണ്.കോളനികൾ കേന്ദ്രീകരിച്ച് ചെറുകിട വ്യവസായ കേന്ദ്രങ്ങൾ ആരംഭിക്കണമെന്നുള്ള നിർദ്ദേശം സജീവമായി പരിഗണിക്കേണ്ടതാണ്. സൗജന്യമായി വൈദ്യുതി നൽകണമെന്ന ആവശ്യവും കണക്കിലെടുക്കേണ്ടതാണ്. എല്ലാ കോളനികളിലും പുകയില്ലാത്ത അടുപ്പ് എന്ന നിർദ്ദേശം സമഗ്രഊർജ്ജാസൂത്രണ പരിപാടിക്ക് മുതൽക്കൂട്ടായി തീരും കാർഷികരംഗത്തുള്ള ഈ വിഭാഗത്തിന് അർഹമായ പ്രാധാന്യം നൽകേണ്ടതാണ്. കോളനികൾ കേന്ദ്രീകരിച്ച് അംഗനവാടികൾ സ്ഥാപിക്കേണ്ടതാണ്.പഞ്ചായത്തിലെ സർക്കാർആഫീസുകളെക്കുറിച്ച് മെച്ചപ്പെട്ട ആഭിപ്രായമല്ല ഈ വിഭാഗത്തിനുള്ളത്. ഈ വിഭാഗത്തിലുള്ളവർക്ക് പെൻഷൻ പദ്ധതി മുൻഗണന നൽകേണ്ടതാണ്.

അംബേദ്കർ ഗ്രാമം അനുകരിക്കാവുന്ന മാതൃക

കിഴുവിലം പഞ്ചായത്തിലെ 9-ാം വാർഡിലുള്ള കുറക്കടകേന്ദ്രീകരിച്ച് 1989 ൽ ഉത്ഘാടനം ചെയ്ത ഡോ.അംബേദ്കർ ഗ്രാമം പട്ടിക ജാതി ക്ഷേമരംഗത്ത് മാതൃകാപരമായ ഒരു ചുവട്വയ്പ്പാണ്. ഈ പരിപാടി അനുസരിച്ച് പട്ടകജാതിക്കാർ കൂടുതലായി താമസിക്കുന്ന ഒരു കോളനി ദത്തെടുത്ത് അവിടെ വികസന പ്രവർത്തനങ്ങൾ നടത്തുകയായിരുന്നു. അതിന്റെ ഫലമായി ചിറയിൻകീഴ് താലൂക്കിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടത് കുറക്കടയായിരുന്നു. ഡോ. അംബേദ്കർ ഗ്രാമമായി പ്രഖ്യാപിക്കപ്പെട്ടതിനെ തുടർന്ന് ഇവിടെ പൊതുമരാമത്ത്, റോഡ്, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, പാർപ്പിടം തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തി. പൊതുവായ ആവശ്യങ്ങളോടൊപ്പം വ്യക്തിപരമായ പല ആവലാതികളും ഇതനുസരിച്ച് പരിഹരിക്കാൻ കഴിഞ്ഞു. വിവിധപദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഈ പ്രദേശത്തിന് മുൻഗണന നൽകണമെന്നതാണ് ഈ ഗ്രാമത്തിന്റെ മറ്റൊരു പ്രത്യേകത. ജനങ്ങളുടെ സഹകരണം കൂടി ഈ പരിപാടിയിൽ ഉൾക്കൊള്ളിക്കുവാൻ സർക്കാർ ശ്രദ്ധിച്ചിരുന്നു. പദ്ധതിക്കുവേണ്ടി ചിലവാകുന്ന ഓരോ പൈസയും അംബേദ്കർ ഗ്രാമത്തിൽ എത്തിച്ചേർന്നു എന്നതാണ് എടുത്തുപറയേണ്ടതേന്നേട്ടം

കോളനികളുടെ മുഖഛായമാറ്റുവാൻ അംബേദ്കർ ഗ്രാമം പോലുള്ള പരിപാടികൾ കൊണ്ട് സാധിക്കും എന്നതിന് തെളിവാണ്. ഇവിടെ നടന്ന വികസന പ്രവർത്തനങ്ങൾ പൂർണ്ണമായും പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടില്ലെങ്കിലും അനുഭവത്തിലൂടെ ഇത് അനുകരിക്കാവുന്ന മാതൃകയാണെന്ന് തെളിയിച്ചു. കിഴുവിലം പഞ്ചായത്തിലെ 25 ലധികം പട്ടിക ജനത ആവാസകേന്ദ്രങ്ങൾ ഉണ്ടെന്നിരിക്കേ, സമഗ്രവികസനത്തിന് അംബേദ്കർ ഗ്രാമ പദ്ധതി വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു.



വ്യവസായം

" വ്യവസായശാലകളും കൃഷി നിലങ്ങളുമാണ് യഥാർത്ഥ ആരാധനാ കേന്ദ്രങ്ങൾ"

നെഹ്രുജി

വ്യാവസായികമായി സമീപ പഞ്ചായത്തുകളെ അപേക്ഷിച്ച് പിന്നോക്കം നിൽക്കുന്ന പ്രദേശമാണ് കിഴുവിലം. തൊഴിലെടുക്കുവാൻ സന്നദ്ധതയുള്ള ആയിരക്കണക്കിനുപേരുണ്ടെങ്കിലും അതിന്റെ ചെറിയൊരംശം മാത്രമേ നാമമാത്രമായ മേഖലയിൽ പണിയെടുക്കുന്നുള്ളൂ. പരമ്പരാഗതമേഖലകേന്ദ്രീകരിച്ചുള്ള പ്രവർത്തനമാണ് നിലവിൽ ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ആധുനിക വ്യവസായരംഗത്തു ചൂണ്ടിക്കാണിക്കാവുന്ന ഏക സ്ഥാപനമായ റ്റി.വി. അസംബ്ലിംങ് യൂണിറ്റു വിവിധ കാരണങ്ങളാൽ പ്രവർത്തനക്ഷമമല്ലാത്ത നിലയിലാണ്. കിഴുവിലത്തിന്റെ പ്രധാന തൊഴിൽദായകമേഖലയായിരുന്ന കൈത്തറി, കയർ തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖല വലിയ പ്രതിസന്ധിയെ അഭിമുഖീകരിക്കുന്ന ചിത്രമാണ് ഇവിടെയുള്ളത്. ജനങ്ങൾക്കുള്ള വ്യാവസായിക ആഭിമുഖ്യവും അനുകൂലമായ വ്യവസായിക അന്തരീക്ഷവും കണക്കിലെടുക്കുമ്പോൾ പുതിയ വികസനതുറ ഇവിടെ കണ്ടെത്തുവാൻ കഴിയും.

കേന്ദ്രീകൃത വ്യവസായ യൂണിറ്റുകൾ എന്നു പറയാവുന്ന രണ്ടു സ്ഥാപനങ്ങളാണ് പഞ്ചായത്തിലുള്ളത്. സംഗമം മേഖലയിലുള്ള റ്റി.വി. അസംബ്ലിങ് യൂണിറ്റും (5-ാം വാർഡിൽ) സ്വകാര്യമേഖലയിലുള്ള കുറക്കടകശുവണ്ടി ഫാക്റ്ററിയും (9-ാം വാർഡ്) ആണ് അവ.

പട്ടിക ഒന്ന്

തൊഴിലെടുക്കുന്നവരുടെ എണ്ണം

വിഭാഗം	തൊഴിലാളികളുടെ എണ്ണം	ശതമാനം
കൈത്തറി	562	42.16
കയർ	120	9.00
ഇഷ്ടിക	256	19.20
വെട്ടുകല്ല്	35	2.62
ബീഡി	30	2.25
റിപ്പയർ ഷോപ്പുകൾ കുടിൽ	80	6.00
വ്യവസായങ്ങൾ (ചല്ലി, അഗർബത്തി, പാൽ സംസ്കരണം, സോപ്പ്, പാചകപ്പൊടി, പർപ്പടകം)	75	5.62
ഫാക്ടറികൾ (കശുവണ്ടി + റ്റി.വി. യൂണിറ്റ്)	125	9.37
മറ്റു വ്യവസായം	50	3.75
ആകെ	1333	99.97

നമ്മുടെ വ്യാവസായിക ചരിത്രം അത്ര സമ്പന്നമല്ല. 18-ാം നൂറ്റാണ്ടിന്റെ അവസാന വർഷങ്ങളിൽ ബി.എസ് വാർഡ് എന്ന ഇംഗ്ലീഷുകാരൻ നടത്തിയ സർവ്വേ അനുസരിച്ച്

ഇന്നത്തെ കിഴുവിലം കൂടി ഉൾപ്പെടുന്ന അന്നത്തെ കൂന്തള്ളൂർ ആദിഗ്രാമത്തിൽ ഒറ്റ വ്യവസായ സംരംഭം പോലുമില്ലായിരുന്നു. എന്നാൽ തൊട്ടടുത്ത ആദിഗ്രാമങ്ങളിൽ ധാരാളം വ്യവസായശൃംഖലകൾ ഉണ്ടായിരുന്നു. കാർഷിക രംഗത്ത് സ്വയം പര്യാപ്തതയിലായിരുന്നത് മൂലമായിരിക്കാം വ്യവസായികമായി ഇത്തരമൊരു അവസ്ഥ വന്നത് 1970 കളിൽ സ്ഥാപിച്ച കുറക്കടകശുവണ്ടിഫാക്ടറിയാണ് ഈ രംഗത്തെ ആദ്യ കാൽവെയ്പ്. പിന്നോക്ക വിഭാഗത്തിലുള്ള ജനങ്ങൾ തിങ്ങിപാർക്കുന്ന ഒരു മേഖലയിൽ തൊഴിൽ ലഭ്യത കൂടി മുന്നിൽ കണ്ടാണ് ഇത് സ്ഥാപിച്ചത് എന്നു കൂടി മനസ്സിലാക്കണം.

കൈത്തറി മേഖല

പഞ്ചായത്തിലെ ഭൂരിപക്ഷം പ്രദേശത്തും പരമ്പരാഗതമായി കൈത്തറി വ്യവസായം നടന്നു വന്നിരുന്നത് അസംസ്കൃത പദാർത്ഥമായ നൂലിന്റെ ലഭ്യതയിലുള്ള കുറവ്, വിലവർദ്ധനവ്, കുറഞ്ഞ വേതനം തുടങ്ങിയ കാരണങ്ങളാൽ വളരെ കുറഞ്ഞുപോയിട്ടുണ്ട്. പവ്വർലൂമിൽ നിന്നുല്പാദിപ്പിക്കുന്ന തുണിത്തരങ്ങൾ കൈത്തറിയെക്കാളും വില കുറച്ചു ലഭിക്കുന്നത് ഈ മേഖലക്ക് ക്ഷതം സംഭവിക്കുവാൻ കാരണമായിട്ടുണ്ട്. ഇക്കാരണങ്ങളാൽ ധാരാളം തൊഴിലാളികളും സംരംഭകരും ഈ മേഖല ഉപേക്ഷിച്ച് മറ്റു മേഖലകളിലേക്ക് മാറിപ്പോകുന്ന അവസ്ഥയാണുള്ളത്. തോർത്തും കൈലിയുംമാത്രം ഉല്പാദിപ്പിക്കുന്നതു കാരണം ആധുനിക മേഖലയുടെ കടന്നുകയറ്റത്തെ ചെറുത്തുനിൽക്കുവാൻ കഴിയില്ല. ഏതാണ്ട് 400-ഓളം തറികളാണ് പഞ്ചായത്തിലുള്ള ഏക കൈത്തറി സംഘമായ മുടപുരത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഈ മേഖലയിലെ തൊഴിലാളികൾക്ക് ക്യത്യമായി ജോലിചെയ്യുന്നതിലുള്ള നൂലും മതിയായ വേതനവും ലഭിക്കുന്നില്ല. സർക്കാരിൽ നിന്നുള്ള റിബേറ്റ്കൂലി വിതരണവുമായി ബന്ധപ്പെട്ട് കിടക്കുന്നു. നൂൽ ചായം പിടിപ്പിക്കുന്നതിനുള്ള രണ്ട്സ്വകാര്യ ഡൈയിംഗ് സെന്റർ ഒന്നാം വാർഡിൽ പ്രവർത്തിക്കുന്നുണ്ട്. ചായം പിടിപ്പിക്കുന്നതിനുള്ള രാസ പദാർത്ഥങ്ങളുടെ ഭീമമായ വിലവർദ്ധനവ് ഈ മേഖലയെ കാര്യമായി ബാധിച്ചിട്ടുണ്ട്.

കൈത്തറി രംഗത്ത് കിഴുവിലം പഞ്ചായത്ത് ഏതാണ്ട് 12 വർഷങ്ങൾക്ക് മുമ്പ് വളരെ ഉന്നത നിലവാരം പുലർത്തിയിരുന്നു. ഏകദേശം 950 ഓളം കുടുംബങ്ങൾ ഈ മേഖലകൊണ്ട് ഉപജീവനം നടത്തിയിരുന്ന സ്ഥാനത്ത് ഇന്നത് മൂന്നിൽ ഒന്നായി ചുരുങ്ങിയതിന്റെ കാരണങ്ങൾ വിശകലനം ചെയ്യുമ്പോൾ സംസ്ഥാനത്താകെത്തന്നെ കൈത്തറി മേഖലയിലുണ്ടായ തകർച്ചയുടെ കാരണങ്ങളിലേക്ക് തന്നെയാണ് വിരൽ ചൂണ്ടുന്നത്. 57-ഓളം അപേക്ഷകർ വളരെ കാലമായി അപേക്ഷനൽകി കാത്തിരിക്കുകയാണ്. സർക്കാർ നടപടിക്രമം പൂർത്തീകരിക്കുന്നതിലുള്ള കാലതാമസമാണ് പ്രധാനപ്രശ്നം. നിലവിലുള്ള സംഘത്തെ വിപുലീകരിച്ചോ, ആവശ്യാർത്ഥം ഒരു സംഘം കൂടി രൂപീകരിച്ചോ, ഈ മേഖലയെ പരിപോഷിപ്പിക്കാൻ കഴിയും. നൂൽ ബാങ്ക് പോലുള്ള സംവിധാനം ഡൈയിംഗ് & പ്രിന്റിംഗ് സെന്റർ വായ്പാസംവിധാനം തൊഴിൽ പരിശീലനകേന്ദ്രം, വിദേശമലയാളികൾ മുഖാന്തിരമുള്ള വിപണനം, റിബേറ്റ് കുടിശിക ലഭിക്കുവാനുള്ള രാഷ്ട്രീയ സാമൂഹ്യ സമ്മർദ്ദങ്ങൾ ഈ മേഖലയുടെ വികസന സാക്ഷാത്കാരത്തിന് പ്രേരക ശക്തികളാണ്. ഈ മേഖലയിലെ തൊഴിലാളിക്കുള്ള വേതന ഘടനയിലും ക്ഷേമ പ്രവർത്തനത്തിലും കാതലായ മാറ്റം അനിവാര്യമാണ്. കൈത്തറിസംഘത്തിലെ ദിവസ കൂലിക്കാരുടെ ശമ്പളം വളരെ കുറഞ്ഞതാകയാൽ വർദ്ധനവിനർഹതയുണ്ട്.

കൈത്തറിപോലെ തന്നെ തിരുവിതാംകൂറിന്റെ വികസനമുദ്രയായിരുന്ന കയർമേഖലയിൽ നിന്നും ധാരാളം പേർ മറ്റ് മേഖലകളിലേക്ക് വഴിമാറിപോകുന്നത് നമ്മുടെ പരമ്പരാഗതവ്യവസായത്തിലുള്ള മറ്റൊരു തിരിച്ചടിയാണ്. ഈ മേഖലയിൽ പണിയെടുത്തിരുന്ന 400-ഓളം കുടുംബങ്ങൾ ജോലിക്കുറവും, കുറഞ്ഞകൂലിയും ക്ഷേമപ്രവർത്തനങ്ങളുടെ കുറവുംകാരണം ഈ മേഖലയോട് വിടപറഞ്ഞ സ്ഥിതിയാണുള്ളത്. കയറുൽപന്നങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചുയെങ്കിലും ഈ മേഖലയിൽ സംരംഭകരുടെയും തൊഴിലാളികളുടെയും എണ്ണം കുറയുന്ന വൈരുദ്ധ്യമായ സ്ഥിതി വിശേഷം സൂക്ഷ്മമായി വിശകലനം ചെയ്യേണ്ടതുണ്ട്

സമീപ പഞ്ചായത്തുകളെ അപേക്ഷിച്ച് തൊണ്ടഴുക്കുവാനുള്ള അസൗകര്യം ഈ പഞ്ചായത്തിലെ കയർ മേഖലയെ വിശിഷ്യാ ബാധിച്ചു. കയർ വിപണിയിലുണ്ടായിരുന്ന പ്രതിസന്ധി മൂലം സംരംഭകരുടെ എണ്ണത്തിലും മെച്ചമല്ലാത്ത തൊഴിൽ സാഹചര്യവും, കുറഞ്ഞ വേതനനയവും കൊണ്ട് തൊഴിലാളികളുടെ എണ്ണത്തിലും സാരമായ കുറവുണ്ടായിട്ടുണ്ട്. പഞ്ചായത്തിൽ കേന്ദ്രീകൃതമായ ഒരു കയർ സംസ്കരണയൂണിറ്റില്ലാത്തതും മറ്റൊരു പ്രശ്നമാണ്. ഒരു കയർ സഹകരണ സംഘം 12-ാം വാർഡിൽ രജിസ്റ്റർ ചെയ്തതായി വളരെ അടുത്തകാലത്ത് അറിയുവാൻ കഴിഞ്ഞിട്ടുണ്ട്. വിശദവിവരം ഒന്നും തന്നെ ലഭ്യമില്ലാ എന്നാണ് ഗ്രാമസഭാറിപ്പോർട്ട്. ദൂരെ പോയി ഈ തൊഴിൽ ചെയ്യുന്നതിലുള്ള താല്പര്യമില്ലായ്മയും ഉണ്ട്. ഏതാനം റാട്ടുകൾ പഞ്ചായത്തിന്റെ വിവധ ഭാഗങ്ങളിൽ കുടിൽ വ്യവസായമായി പ്രവർത്തിക്കുന്ന തൊഴിച്ചാൽ ഈ പഞ്ചായത്തിൽ കയർ മേഖലയുമായി ബന്ധപ്പെട്ട് ഒരു സംരംഭവും നിലവിലില്ല.

പച്ചതൊണ്ട് സംസ്കരിച്ച് കയർ ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന ഒരു യൂണിറ്റ് സഹകരണ അടിസ്ഥാനത്തിലുണ്ടാക്കിയാൽ അത് ഈ മേഖലക്ക് പ്രയോജനപ്രദമായിരിക്കും. സംസ്കരണ വിപണനഘട്ടങ്ങളിൽ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകി ഈ പരമ്പരാഗത മേഖലയെ പുനരുദ്ധരിക്കുവാൻ കയർ ഫെഡ് പോലുള്ള സ്ഥാപനങ്ങൾക്ക് നേതൃത്വപരമായ പങ്കുവഹിക്കുവാൻ കഴിയും. സാമ്പത്തിക സ്ഥാപനങ്ങളുടെ സഹകരണം ഈ യൂണിറ്റുകൾക്ക് അടിസ്ഥാന ഘടകമാണ്.

അച്ചടി മേഖലയിൽ പരിശീലനം ലഭിച്ചവരെയും കൂടി ഉൾപ്പെടുത്തി ഒരു അച്ചടിശാല, അഗർബത്തി, സോപ്പ്, മെഴുകുതിരി, ഡിസ്പോസിബിൾ ഐറ്റംസ് തുടങ്ങിയവ ഏകോപിപ്പിച്ച് കൊണ്ടുള്ള യൂണിറ്റുകൾ അച്ചാർ മുതലായ ഭക്ഷ്യവസ്തുക്കൾ നിർമ്മിക്കാനുള്ള വ്യവസായ സംരംഭം, മെറ്റൽ, തുടങ്ങിയ കെട്ടിട നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുവാനുള്ള യൂണിറ്റുകൾ തുടങ്ങിയ ഗ്രാമസഭാ നിർദ്ദേശങ്ങൾ ഈ പഞ്ചായത്തിന് തികച്ചും അനുയോജ്യമായവയാണ്. കുടിൽ വ്യവസായമായും ഇത്തരം യൂണിറ്റുകളെ പരിഗണിക്കാവുന്നതാണ്. ഈവിധത്തിൽ സംഘടിപ്പിക്കുന്ന യൂണിറ്റുകളെ സംയോജിപ്പിച്ചുകൊണ്ട് വ്യവസായ എസ്റ്റേറ്റ് എന്ന ലക്ഷ്യത്തിൽ എത്തിച്ചേരുവാൻ കഴിയുന്നതാണ്. ഫർണിച്ചർ, പ്ളാസ്റ്റിക് ,ചൂരൽ, ആട് വളർത്തൽ, താവുക്ക് നിർമ്മാണം, മെഴുകുതിരി നിർമ്മാണം ഇറച്ചി സംസ്കരണം, ഓയിൽമിൽ, തുടങ്ങിയ മേഖലവഴി സ്വയം തൊഴിൽ കണ്ടെത്തി കുടുംബജീവിതം ഭദ്രമാക്കുവാൻ തല്പരരായി മുന്നോട്ട് വന്നിട്ടുള്ളവർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കിയാൽ വികസന തുറക്ക് ഒരു മുൽക്കൂട്ടായിരിക്കും. മറ്റൊരു സാദ്ധ്യതയുള്ള മേഖലയാണ് നാളീകേര സംസ്കരണ വിപണനകേന്ദ്രം. വിപണിയാണ് നാം അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്നം.

ഒരു കേന്ദ്രീകൃത സംവിധാനമുണ്ടായാൽ ആ പ്രശ്നവും പരിഹരിക്കപ്പെടുമെന്ന നിർദ്ദേശവും ഉണ്ട്.

വ്യവസായ യൂണിറ്റുകൾ

അഭ്യസ്ഥവിദ്യരും, തൊഴിൽ രഹിതരുമായ ആയിരക്കണക്കിന് വനിതകൾ തൊഴിൽ സന്നദ്ധരായി ഇവിടെയുണ്ട്. ഈ തൊഴിൽ സേനയെ സംഘടിപ്പിച്ച് വ്യവസായ സംരംഭങ്ങളുടെ ഭാഗമാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. വിവധ ഗ്രാമസഭകളിൽ ചർച്ചാവിഷയമായ വസ്തുതകൾ പരിശോധിച്ചാൽ ഈ നിഗമനത്തിന്റെ പ്രാധാന്യം വ്യക്തമാകും. ഒട്ടേറെ പദ്ധതികൾ നിർദ്ദേശിക്കപ്പെട്ടുയെങ്കിലും സാമ്പത്തിക ലഭ്യത ഇല്ലായ്മയും സാങ്കേതിക സഹായത്തിന്റെ അഭാവവും ഈ മേഖലക്ക് വിലങ്ങുതടിയാണ്. പരിശീലനം ലഭിച്ച (പ്രിന്റിംഗ് മേഖല) വർ ഉണ്ടായിട്ടും അവരെ വേണ്ടവിധം ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് പോരായ്മകൾക്ക് ഉദാഹരണമാണ്.

ഏറെ പ്രധാന്യമുള്ള ഒരു മേഖലയാണ് റെഡിമെയ്ഡ് വസ്ത്രനിർമ്മാണം. നൂറുകണക്കിന് തയ്യൽ എംബ്രോയിഡറി തുടങ്ങിയ മേഖലകളിൽ പരിശീലനം ലഭിച്ചവർ ഉള്ളത് ഈ മേഖലക്ക് കരുത്തേകുന്നു. പക്ഷേ ഇവരെ സംഘടിപ്പിച്ച് പഞ്ചായത്ത് തലത്തിൽ ഒരു യൂണിറ്റോ, ഒന്നിലധികം യൂണിറ്റുകളോ രൂപീകരിച്ച് പ്രവർത്തിച്ചാൽ മാത്രമേ ഈ രംഗത്ത് വിജയ സാദ്ധ്യതയുള്ളൂ. അയൽ സംസ്ഥാനത്തിലെ മില്ലുകളിൽ നിന്നും കട്പീസ് ശേഖരിച്ചാൽ ഈ യൂണിറ്റിനുള്ള പ്രധാന അസംസ്കൃത പദാർത്ഥം ലഭിക്കും

റബ്ബർ കൊണ്ടുള്ള ചെരുപ്പ് നിർമ്മാണം തുടങ്ങുന്നതിനും, പാക്കിംഗ്കീസ് ഉണ്ടാക്കുന്നതിനുമുള്ള യൂണിറ്റുകൾ തുടങ്ങുന്നതിന് സഹകരണ അടിസ്ഥാനത്തിൽ ഉള്ള സംരംഭങ്ങൾ തുടങ്ങുവാൻ 9-10 വാർഡുകളിലുള്ള ധാരാളം പേർ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്.

പട്ടിക ഒന്ന് പരിശോധിച്ചാൽ ബഹുഭൂരിപക്ഷം പേരും തൊഴിൽ എടുക്കുന്നത് പരമ്പരാഗത മേഖലയിലാണെന്ന് വ്യക്തമാണ് ഓരോ വർഷം കഴിയുന്തോറും ഈ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം കുറയുന്നത് ഗൗരവമായി ഇതുവരെ കണ്ടിട്ടില്ല. നവീന വ്യവസായവുമായി ബന്ധപ്പെട്ട് വളരെ കുറച്ച് പേർ മാത്രമേ പണിയെടുക്കുന്നുള്ളൂ. പ്രവർത്തനം നിലച്ചുപോയ റ്റി.വി. അസംബ്ളിംഗ് യൂണിറ്റ് പുനരുദ്ധരിക്കേണ്ടിയിരിക്കുന്നു. തദ്ദേശവാസികൾക്ക് തൊഴിൽ ലഭ്യത ഈ സ്ഥാപനത്തിൽ ഉറപ്പ് വരുത്തേണ്ടതാണ്.

തടിമില്ല്, സ്വർണ്ണാഭരണ നിർമ്മാണം എന്നീ മേഖലകളിൽ ജോലിചെയ്യുന്ന തൊഴിലാളികളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഫർണിച്ചർ വ്യവസായവുമായി ബന്ധപ്പെട്ടാണ് തടിമില്ലുകൾ പ്രവർത്തിക്കുന്നത്. ഈരംഗത്തേക്ക് കൂടുതൽ ചെറുപ്പക്കാർ കടന്നുവന്നാൽ നല്ല തൊഴിൽ സാദ്ധ്യതയുണ്ട്.

സ്വകാര്യമേഖലയിലുള്ള പ്രമുഖ വ്യവസായ സ്ഥാപനമാണ് കുറക്കട കശുവണ്ടി ഫാക്ടറി. 70 കളുടെ മദ്ധ്യത്തിലാണ് ഇത് സ്ഥാപിച്ചത്. അടഞ്ഞ് കിടന്നിരുന്ന ഈ സ്ഥാപനം ഭാഗികമായി സമീപകാലത്ത് പ്രവർത്തനം തുടങ്ങിയതായി മനസിലാക്കുന്നു. ധാരാളം പേർക്ക് തൊഴിൽ സാധ്യതയുള്ളതും വിദേശ നാണ്യലഭ്യതയുമുള്ള മേഖലയാണ് കശുവണ്ടിവ്യവസായം. പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ വൻതോതിൽ കശുമാവിൻ തോട്ടങ്ങൾ നിലവിലിരുന്നത് കാലക്രമേണ അപ്രത്യക്ഷമായി ഇന്ന് കശുവണ്ടി പുറത്തു നിന്നും ശേഖരിക്കേണ്ട സാഹചര്യമാണുള്ളത്. എങ്കിൽ പോലും ഒരു വിജയകരമായ സ്വകാര്യ വ്യവസായമായി ഇതിനെ നിലനിർത്തുവാൻ കഴിയും

കൃഷിബന്ധവ്യവസായം


പഞ്ചായത്തിലെ സ്ഥിതി വിവര കണക്കുകൾ പരിശോധിക്കുമ്പോൾ കൃഷിബന്ധവ്യവസായമാണ് രൂപപ്പെട്ട് വരേണ്ടത്. തെങ്ങ്, നെല്ല്, പറങ്കിമാവ്, റബ്ബർ എന്നിവ ഇടതൂർന്ന ഭൂപ്രകൃതിയാണ് നമുക്കുള്ളത്. കാർഷിക വിളയായ തെങ്ങിനെ മുൻനിർത്തി ഒരു നാളികേരസംസ്കരണ വിപണന മേഖല കെട്ടിപ്പടുത്താൽ സംസ്ഥാനത്തിന് തന്നെ മാതൃകയായേക്കാം. പഞ്ചായത്തിന് തൊട്ടടുത്ത് കിടക്കുന്ന മാമം നാളികേരകോംപ്ലക്സിൽ ജോലിചെയ്തിരുന്ന തൊഴിലാളികളുടെ സാങ്കേതിക സേവനം ഒരു മുതൽ കൂട്ടായി തീരും. അസംസ്കൃത വസ്തുവും, വിപണിയും ഇവിടെത്തന്നെ ലഭ്യമാണെന്നിരിക്കെ ഈ മേഖലയുടെ സാധ്യത വളരെ വലുതാണ്.


പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലെ പ്രധാന കാർഷിക വിളയായ കശുമാവ് കൃഷിയെ സംരക്ഷിച്ച് പ്രാദേശികമായി തന്നെ കശുവണ്ടി വ്യവസായവുമായി ബന്ധപ്പെടുത്താവുന്നതാണ്. അങ്ങനെ വരുമ്പോൾ ഈ മേഖലയെ പരിപോഷിപ്പിക്കാൻ കഴിയും.

തെങ്ങിനെയും കശുമാവിനെയും ഒരു പോലെ പിൻതള്ളിക്കൊണ്ട് റബ്ബർ കൃഷി മുന്നേറുന്നത് കണക്കിലെടുക്കേണ്ടതുണ്ട്. റബ്ബർ സംസ്കരണവും ഉത്പന്ന നിർമ്മാണവും നമുക്ക് അസാധ്യമായ മേഖലയല്ല.

കൃഷിബന്ധവ്യവസായം ഒരു വികസന തുറയായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ അംഗീകരിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ നമുക്ക് അതിന്റെ ചുവട് പിടിച്ചുകൊണ്ട് മുന്നേറുവാൻ കഴിയും.

വികസനത്തിന്റെ വാതിൽ തുറക്കപ്പെടുന്നത് വ്യവസായത്തിലൂടെയാണെന്ന ചൊല്ല് അന്വർത്ഥമാണെന്ന് അംഗീകരിക്കുകയും നമ്മുടെ വ്യവസായ മേഖല പീഡിതമല്ലെന്ന് പ്രഖ്യാപിക്കുകയും വ്യാവസായിക അടിത്തറ ഉണ്ടാക്കാൻ ഒരുമിച്ച് ശ്രമിക്കുകയുമാണ് ജനതയുടെ അടിയന്തിര ചുമതല.





വിദ്യാഭ്യാസം

ഒരു വ്യക്തിയിൽ അന്തർലീനമായിരിക്കുന്ന ശാരീരികവും മാനസികവും ആത്മീയവുമായ ഉത്തമാംശങ്ങൾ എല്ലാം വിദ്യാഭ്യാസത്തിലൂടെ ആവിഷ്കരിക്കപെടേണ്ടാതാണ് എന്ന് ഗാന്ധിജി അഭിപ്രായപ്പെട്ടിട്ടുണ്ട്. മനുഷ്യൻ സമൂഹ ജീവിയായതുകൊണ്ടുതന്നെ വിദ്യാഭ്യാസം സാമൂഹ്യപ്രക്രിയ ആവേണ്ടത് അനിവാര്യമാണ്. ഓരോ പ്രദേശത്തിന്റെയും വിദ്യാഭ്യാസ ചരിത്രം അവിടെത്തെ സാമൂഹ്യ സാംസ്കാരിക പശ്ചാത്തലവുമായി ബന്ധപ്പെട്ട് കിടക്കുന്നു.

സ്വാതന്ത്ര്യലബ്ധിക്ക് മുമ്പുള്ള കാലയളവിൽ ഗ്രാമത്തിന്റെ വിദ്യാഭ്യാസ നിലവാരം ആശാവഹമായിരുന്നില്ല. ആറ്റിങ്ങലിലാണ് അക്കാലത്ത് ഒരു ഹൈസ്കൂൾ ഉണ്ടായിരുന്നത്. സാമ്പത്തിക ശേഷിയുള്ള കുടുംബങ്ങളിലെ ധാരാളം പേർ പ്രസ്തുത സ്കൂളിൽ ചേർന്ന് പഠിച്ചിരുന്നു. കഴിഞ്ഞ നൂറ്റാണ്ടിൽ തന്നെ മുടപുരത്ത് ഒരു കുടിപ്പള്ളിക്കൂടം ഉണ്ടായിരുന്നു. ഇന്ന് മുടപുരം ഗവ:യു.പി.സ്കൂൾ സ്ഥിതിചെയ്യുന്നതിന് സമീപം തന്നെയായിരുന്നു പ്രസ്തുത സ്ഥാപനത്തിന് 125 വർഷമെങ്കിലും പഴക്കമുണ്ടാകുമെന്ന് പഴമക്കാർ പറയുന്നു.

1891 ൽ കൂന്തള്ളൂരിൽ പരേതനായ കിടാരക്കുഴി അഹമ്മദ് പിള്ള ലബ്ബ മുസ്ലിം കുട്ടികൾക്ക് ഓത്തു പഠിക്കുന്നതിനായി സ്ഥാപിച്ച ഓത്തുപുര 1906 ൽ സർക്കാർ ഗ്രാൻറ് കിട്ടിതുടങ്ങിയതോടെ 3-ാം തരം വരെയുള്ള കൊടിക്കകം മുസ്ലിംസ്കൂളായി മാറി. 1945 ൽ സർക്കാർ പ്രൈമറി സ്കൂൾ ആകുകയും ആദ്യം ലഭിച്ച ഗ്രാൻറുതുകയായ 181/2 പണം കൊണ്ട് സ്കൂൾ തറ സിമന്റ് ഇടുകയും ചെയ്തതായി രേഖകൾ സൂചിപ്പിക്കുന്നു.പുരവൂരിലെ പാച്ചുപിള്ള സാർ ആയിരുന്നു സ്കൂളിന്റെ ആദ്യത്തെ ഹെഡ്മാസ്റ്റർ. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ പ്രസ്തുത സ്കൂൾ ഹൈസ്കൂൾ ആക്കി ഉയർത്തുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. അതിലെക്കായി 50000 രൂപ സർക്കാരിലേക്ക് കെട്ടിവയ്ക്കേണ്ടിവന്നു. 25000 രൂപ ഗ്രാമവാസികൾ സമാഹരിച്ചപ്പോൾ ബാക്കിതുക സംഭാവന ചെയ്തത് മഹാനായ ശ്രീ. പ്രേംനസീറായിരുന്നു. അങ്ങനെയാണ് 1969 ൽ ഗ്രാമത്തിലെ ഏക ഹൈസ്കൂളായ കൂന്തള്ളൂർ ഗവ: ഹൈസ്കൂൾ രൂപം കൊണ്ടത്. പ്രേംനസീർ ചരമമടഞ്ഞതിനെ തുടർന്ന് 1989ൽ

സ്കൂളിന്റെ പേര് പ്രേംനസീർ മെമ്മോറിയൽ ഗവ:ഹൈസ്കൂൾ എന്ന് പുനർനാമകരണം ചെയ്തു.

പാവൂർകോണത്ത് 1922 ൽ ഒരു ഓല പ്പുരയിൽ, സർക്കാർ ഗ്രാന്റോട് കൂടി തന്നെ ആരംഭിച്ച പള്ളിക്കൂടമാണ് കിഴുവിലം ഗവ :യു.പി.എസ്. ആയി വളർന്നത്. പുരവൂർ ഗവ :യു.പി.എസ്. സ്ഥിതിചെയ്യുന്ന സ്ഥാനത്തു ണ്ടായിരുന്ന മനേജ്മെന്റ് സ്കൂൾ 60 കളിൽ സർക്കാരിനെ ഏൽപ്പിക്കുകയായിരുന്നു. ഇന്നത്തെ പഞ്ചായത്ത് സാംസ്കാരിക കേന്ദ്ര ത്തിന്റെ സ്ഥാനത്തുണ്ടായിരുന്ന ചെറിയ സർ ക്കാർ സ്കൂളുകൂടി സംയോജിപ്പിച്ച്കൊണ്ടാണ് 1967 ൽ എസ്. വി.യു.പി.എസ്. പുരവൂർ സ്ഥാപിതമായത്. മുടപുരം, അണ്ടൂർ എന്നി വിടങ്ങളിലും പിൽക്കാലത്ത് സ്ഥലവാസികളുടെ ശ്രമഫലമായി സ്കൂളുകൾ ആരംഭിച്ചു. ഇവയെല്ലാം ഇന്ന് സർക്കാർ സ്കൂളുകളാണ്. മുടപുരത്തെ എൽ. പി.എസ്. 1980 ലാണ് അപ്ഗ്രെഡ് ചെയ്ത് UPS ആക്കി ഉയർത്തിയത്. പഞ്ചായത്തിലുള്ള ഏക എയിഡഡ് സ്കൂളായ ഗോദവർമ്മ രാജ മെമ്മോറിയൽ UPS സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലാണ് സ്ഥാപിതമായത്. വിദ്യാഭ്യാസത്തിലൂടെ സമൂ ഹ്യപരിഷ്കരണമായിരുന്നു ഈ വിദ്യാലയങ്ങ ൾക്ക് പിന്നിൽ പ്രവർത്തിച്ച മഹത്വ്യക്തിക ളുടെ ലക്ഷ്യം എന്നത് ഈ സന്ദർഭത്തിൽ സ്മരണീയമാണ്. വളരെ അടുത്ത കാലത്ത് പ്രവർത്തനം ആരംഭിച്ച രണ്ട് അൺ-എയി ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളും പഞ്ചാ യത്തിലുണ്ട്. ഇടയ്ക്ക് പഠനം നിർത്തുന്ന വിദ്യാർത്ഥികൾ പഞ്ചായത്തിലെ ആകെ വിദ്യാ ർത്ഥികളുടെ 5% ത്തോളം വരുമെന്ന് കണക്കു കൾ സൂചിപ്പിക്കുന്നു. സാമ്പത്തികവും, സാമൂ ഹ്യവുമായ കാരണങ്ങളാണ് വിദ്യാർത്ഥികൾ പഠനം നിർത്താൻ ഇടയാകുന്നത്. കൊഴിഞ്ഞ് പോകുന്നവരിൽ അധികവും പട്ടികജാതിക്കാ രായ വിദ്യാർത്ഥികളാണ്

പഞ്ചായത്തിലെ സർക്കാർ എയിഡഡ് സ്കൂളുകളിൽ വർഷം തോറും കുട്ടികൾ കുറഞ്ഞ് വരുന്ന പ്രവണതയാണ് കാണുന്നത്. അൺ-എയിഡഡ് സ്കൂളുകളിൽ വിദ്യാർത്ഥി കളുടെ എണ്ണം കൂടിവരുകയും ചെയ്യുന്നു. പഞ്ചായത്തിലുള്ള രണ്ട് അൺ-എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലായി മൂന്നു റോളും കുട്ടികൾ പഠിക്കുന്നു. 150 ഓളം കുട്ടി കൾ പഞ്ചായത്തിന് പുറത്തുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിക്കുന്നു. സാമ്പ ത്തികമായി പിന്നോക്കാവസ്ഥയുള്ളവർ പോലും ക്ലേശങ്ങൾ സഹിച്ച് കുട്ടികളെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ അയക്കുന്ന പ്രവണതയുണ്ട്.

ഉന്നത വിദ്യാഭ്യാസവും സാങ്കേതിക വിദ്യാഭ്യാസവും നൽകുന്ന ഒരു സ്ഥാപനവും ഈ പഞ്ചായത്തിലില്ല. SSLC വിജയിക്കുന്ന കുട്ടികൾ ഉന്നത വിദ്യാഭ്യാസത്തിന് വേണ്ടി തിരുവനന്തപുരം, കൊല്ലം, വർക്കല, നിലമേ ൽ, ആറ്റിങ്ങൽ എന്നിവിടങ്ങളിലെ കേളേജു കളിലേക്കാണ് പോകുന്നത്.ആറ്റിങ്ങലിലെ സമാന്തര കോളേജുകളിൽ ചേർന്ന് പഠിക്കു ന്നവരുടെ എണ്ണവും ഒട്ടും കുറവല്ല. ആറ്റിങ്ങൽ കോളേജിൽ പ്രീഡിഗ്രിക്ക് സയൻസ് ഗ്രൂപ്പു കൾ ആരംഭിക്കാത്തതുമൂലം ശാസ്ത്രവിഷയ ങ്ങൾ പഠിക്കൻ താല്പര്യമുള്ള കുട്ടികൾക്ക് വളരെ ദൂരം യാത്രചെയ്യേണ്ടതുണ്ട്.MBBS എൻജിനീയറിംഗ് എന്നീ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം കിട്ടുന്നവർ പൊതുവെ കുറഞ്ഞുവരുന്നു. പ്രൊഫഷണൽ കോഴ്സുകൾക്ക് അന്യസംസ്ഥാനങ്ങളിൽ പോയിപ്പഠിക്കുന്ന ഏതാനം വിദ്യാർത്ഥിക ളുണ്ട്. 3 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് കളി ലായി 100 ഓളം പേർ പഠിക്കുന്നു. 3 തയ്യൽ പരിശീലന കേന്ദ്രങ്ങളും ഒരു DTP പരിശീല നകേന്ദ്രവും ഉണ്ട്. മറ്റ് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ഒന്നും ഇവിടെയില്ല. PNMGHS ൽ VHSC ആരംഭിക്കണമെന്ന



എല്ലാവരുടെയും അത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ ആരുടെയും ദുരയെ തൃപ്തിപ്പെടുത്താൻ വിഭവങ്ങളില്ല താനും''

മഹാത്മാഗാന്ധി

DTP Layout by Screen DTP Center Pulimoodu, Chirayinkeezhu
Printed at Saritha Chirayinkeezhu. Pin : 696 304, Phone : 640089